www.malankaralibrary.com

Kerala Catholic Bishops' Council's
Commission for Social Harmony and Vigilance

# KCBC JAGRATHA

## കെസിബിസി ജാഗ്രതന്യൂസ്

Issue 286 2022 JUNE

# കാണാമറയത്തെ പ്രണയച്ചതികൾ

- സഭയ്ക്കും സ്ഥാപനങ്ങൾക്കും എതിരായ ആസൂത്രിത നീക്കങ്ങൾ
- ഒരു ഇലക്ഷനും കുറെ കോലാഹലങ്ങളും
- സന്യസ്തർ നേരിടുന്ന അവഹേളനങ്ങളും നീതിനിഷേധവും
- നൈജീരിയ: ഉണരാത്ത ലോക മനഃസാക്ഷി
- ആത്മഹത്യയുടെ സ്വന്തം നാട് - കേരളം

കേരളസഭാ നവീകരണം 2022 -2025

FOR PRIVATE CIRCULATION

www.malankaralibrary.com

## മുഖമൊഴി

കയറ്റിറക്കങ്ങളിലൂടെ മാനവസമൂഹം യാത്ര തുടരുകയാണ്. ശാന്തിയും സമാധാനവും നഷ്ടപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. മൗലികവാദങ്ങൾ ഭരണം നടത്തുന്ന കലാപ കലുഷിതമായ ഒരു അന്തരീക്ഷം അനേകർ തിരിച്ചറിയുന്നു. മാത്സര്യവും, വിദ്വേഷവും, അവിശ്വാസവും നിറയുന്ന മനസുകളുടെ എണ്ണം കൂടുന്നു. മതവിശ്വാസങ്ങൾ രാഷ്ട്രീയ താൽപര്യങ്ങളുമായി ബന്ധിക്കപ്പെടുമ്പോൾ മതേതരത്വം ബലികഴിക്കപ്പെടുന്ന കാഴ്ചയും നാം കണ്ടുകൊണ്ടിരിക്കുന്നു. ഇക്കാലഘട്ടത്തിൽ സാമൂഹികവും സാമുദായികവുമായി നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വിവിധ പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാകേണ്ടതുണ്ട്. എന്നാൽ, കൂടുതൽ വലിയ പ്രതിസന്ധികളിലേയ്ക്കും അസമാധാനത്തിലേയ്ക്കും നയിക്കുന്ന വഴികളിലൂടെ പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നത് വിവേകശൂന്യതയാണ്. ശിലായുഗം മുതൽ പ്രാകൃത മനുഷ്യൻ ശീലിച്ചുപോന്ന യുദ്ധമുറകളല്ല, ആധുനിക മനുഷ്യന്റെ ബുദ്ധിയും വിവേകവുമാണ് ഇവിടെ ആവശ്യം. പ്രതിസന്ധികളും വെല്ലുവിളികളുമില്ലാത്ത കാലഘട്ടങ്ങളില്ല. എല്ലാത്തിനെയും അതിജീവിച്ചാണ് മനുഷ്യന്റെ യാത്ര ഇരുപത്തൊന്നാം നൂറ്റാണ്ടിൽ എത്തിനിൽക്കുന്നത്. ആഗോള മാനവികതയുടെ വളർച്ചയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. മാനവിക അടിത്തറയിലുറച്ച പ്രത്യയശാസ്ത്രങ്ങൾക്കേ വിവിധ സമൂഹങ്ങളെ തമ്മിൽ അടുപ്പിക്കാൻ കഴിയൂ. ഭിന്നിപ്പിക്കുന്ന ആത്മാവിനെയല്ല, ഒന്നിപ്പിക്കുന്ന ആത്മാവിനെയാണ് നമുക്ക് ആവശ്യം. പന്തക്കുസ്ത നൽകുന്ന സന്ദേശമാണ് അത്.

KCBC
JAGRATHA
കെസിബിസി ജാഗ്രതന്യൂസ്

**JUNE 2022 | Issue 286**

Pastoral Orientation Centre
Palarivattom, Kochi - 25
Phone: 0484 280 6262

**PATRON**
Rt. Rev. Dr. Joseph Kariyil

**CHIEF EDITOR**
Rev. Dr. Michael Pulickal CMI

**CONSULTANT EDITOR**
Rev. Dr. Joshy Mayyattil

**EDITOR**
Vinod Nellackal

**DESIGN & LAYOUT**
Lithin Mahew

**OFFICE & DTP**
Vimala Shaji

www.malankaralibrary.com

# ഉള്ളടക്കം














| | |
|---|---|
| കത്തോലിക്കാ സഭയ്ക്കും സഭാ സ്ഥാപനങ്ങൾക്കും എതിരായ ആസൂത്രിത നീക്കങ്ങൾ | 07 |
| നൈജീരിയ: ഉണരാത്ത ലോക മനഃസാക്ഷി | 12 |
| കേരളസഭാ നവീകരണം 2022 2025 | 17 |
| സഭാപ്രബോധനങ്ങളിൽ വ്യക്തതയില്ലാത്തവർ ക്ലബ് ഹൗസ് ചർച്ചക്കാരാകുമ്പോൾ... | 26 |
| സന്യസ്തർ നേരിടുന്ന അവഹേളനങ്ങളും നീതിനിഷേധവും | 30 |
| ആത്മഹത്യയുടെ സ്വന്തം നാട് – കേരളം | 34 |
| കൊലവിളി മുദ്രാവാക്യങ്ങളുടെ റിപ്പബ്ലിക്കുകൾ പണിതുയർത്തുന്നവർ | 46 |
| പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ മാധ്യമ ദിന സന്ദേശം – 2022 | 49 |
| കോവിഡിനൊപ്പം യുദ്ധവും! ലോകം നേരിടുന്ന വെല്ലുവിളികളും കേരളത്തിന്റെ സാധ്യതകളും | 54 |


**അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാനും**
**കെസിബിസി ജാഗ്രതാ ന്യൂസ് കോപ്പികൾ ലഭിക്കാനും:**

Secretary, KCBC Commission for Social Harmony and Vigilance
POC, Palarivattom, Kochi - 25
Whatsapp: +917594900555, E-mail: kcbcshvc@gmail.com

www.malankaralibrary.com

## എഡിറ്റോറിയൽ

# നമുക്കൊരുമിക്കാം, ഒരുമയോടെയായിരിക്കാൻ

**സാ**മൂഹിക ഐക്യം ഒരു ഉട്ടോപ്പിയൻ ആശയമല്ല, അത് വളർച്ചയെത്തിയ ഒരു സംസ്കാരത്തിന്റെയും, കാഴ്ചപ്പാടുകളാലും ദർശനങ്ങളാലും സമ്പന്നമായ ഒരു ജനതയുടെയും പ്രതിഫലനമാണ്. ആഴമാർന്ന ആദ്ധ്യാത്മികതയിലേക്കും മൂല്യാധിഷ്ഠിതമായ പെരുമാറ്റരീതികളിലേക്കും ഒരു ജനത പ്രവേശിച്ചിരിക്കുന്നു എന്നതിന്റെ ബാഹ്യമായ തെളിവാണ് പരസ്പരമുള്ള ആദരവും സ്നേഹവും. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കാനാകുമെന്ന യോഹന്നാൻ ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. മറ്റുള്ളവരിലേക്ക് ചേർന്ന് നിൽക്കുന്ന മനോഭാവവും സമീപനവുമാണ് ശരിയായ അർത്ഥത്തിൽ സാമൂഹിക ഐക്യമെന്ന് സാരം.

നിർഭാഗ്യവശാൽ, നമുക്കിടയിൽ പണിത്തുയർത്തപ്പെടുന്ന വിഭജനത്തിന്റെ മതിൽകെട്ടുകൾ മുദ്രാവാക്യങ്ങളായി ശക്തിയുക്തം പ്രഘോഷിക്കപ്പെട്ടിരിക്കുന്നു. കേവലം ഒരു ബാലന്റെ കുട്ടികളിയായി നിസ്സാരവത്കരിക്കാവുന്ന ഒന്നല്ല അത്. തങ്ങൾക്കൊപ്പമില്ലാത്തവരെ നരകമായും തിന്മയായും കാണുന്ന ചിന്താധാരകൾ മതത്തിന്റെയോ, രാഷ്ട്രീയത്തിന്റെയോ, പ്രസ്ഥാനങ്ങളുടെയോ പേരിൽ ഇവിടെ കുട്ടികളിലേക്ക് പോലും വേരുകൾ ആഴ്ത്തിയിരിക്കുന്നു എന്നതിന്റെ തെളിവാണത്. നിതാന്ത ജാഗ്രതയോടെ നമുക്കിനി സഞ്ചരിക്കേണ്ടിയിരിക്കുന്നു; ഇനിയുമൊരു വിഭാഗീയതയുടെ മുദ്രാവാക്യങ്ങളും പ്രസംഗങ്ങളും ആവർത്തിക്കാതിരിക്കാൻ.

വ്യത്യസ്ഥ മതവിശ്വാസങ്ങളും രാഷ്ട്രീയ നിലപാടുകളും ചിന്താധാരകളുമാണ് ഒരു ബഹുസ്വര സമൂഹത്തിന്റെ അടയാളം. അവിടെ സ്വയം കേന്ദ്രീകൃത നിലപാടുകൾ സൃഷ്ടിക്കുന്ന അപചയങ്ങളെക്കുറിച്ച് നാം കൂടുതൽ ബോധ്യമുള്ളവരാകേണ്ടിയിരിക്കുന്നു. സ്നേഹിക്കാനും നന്മ ചെയ്യാനും കരുതലോടെ പരസ്പരസംരക്ഷകരാകാനുമുള്ള ജീവിത നിയോഗം മതങ്ങളാൽ പരിപോഷിക്കപ്പെടുന്നില്ല എങ്കിൽ അത് കൂടുതൽ ശ്രദ്ധയും ഊർജവും ആവശ്യമുള്ള അടിയന്തര വിഷയം തന്നെയാണ്. ശത്രുതയെയും വിഭജനത്തെയും അക്രമത്തെയും പ്രോത്സാഹിപ്പിക്കുന്ന തീവ്രവാദ നിലപാടുകൾ അത് ഏത് മതത്തിലായാലും നിസംശയം അപലപിക്കപ്പെടേണ്ടതാണ്, പൊതുസമൂഹം അത്തരം ശ്രമങ്ങളെ നിർബാധം തള്ളിപ്പറയേണ്ടതാണ്.

രാഷ്ട്രീയ ലക്ഷ്യങ്ങളോടെ ഹിന്ദുത്വവാദികളും ഇസ്ലാമിസ്റ്റുകളും പോലെയുള്ള വിവിധ മതങ്ങളിലെ തീവ്ര ചിന്താഗതിക്കാർ നമ്മുടെ രാജ്യത്തിന് വരുത്തുന്ന അപചയങ്ങളെ ഇനിയെങ്കിലും സത്യസന്ധമായി നാം വിലയിരുത്തേണ്ടിയിരിക്കുന്നു. വർഗീയ വംശീയ തീവ്രനിലപാടുകളാൽ ഇവിടെ സംഭവിച്ചിട്ടുള്ള/സംഭവിച്ചുകൊണ്ടിരിക്കുന്ന കലാപങ്ങളും, കൊലപാതകങ്ങളും, അടിച്ചമർത്തലുകളും, ഭരണഘടനാപരമായ അവകാശങ്ങളുടെ നിഷേധങ്ങളും, ചൂഷണങ്ങളും മറച്ചു വയ്ക്കുന്നതുകൊണ്ടോ, കണ്ടില്ലെന്ന് നടിക്കുന്നതുകൊണ്ടോ അവ ഇല്ലാതാകുന്നില്ല. മറിച്ച് അത്തരം കിരാതശ്രമങ്ങൾ പൊതുസമൂഹം ചർച്ച ചെയ്യണം, വിഭാഗീയതയുടെ വക്താക്കളെയും പ്രസ്ഥാനങ്ങളെയും സമൂഹം തിരിച്ചറിയണം, തള്ളിപ്പറയണം.

എല്ലാ മതങ്ങളോടും ആദരവും മനസുതുറന്നുള്ള സംഭാഷണവുമാണ് കത്തോലിക്കാസഭയുടെ പ്രബോധനം. എല്ലാ വ്യത്യസ്ഥതകൾക്കും ഉപരിയായിട്ടുള്ള ഒരു സ്നേഹസമീപനമാണത്. വഴിവക്കിലെ അപരിചിതനായ മുറിവേറ്റവനെ ശുശ്രൂഷിക്കുന്ന നല്ല സമരിയാക്കാരനിലേക്കുള്ള വളർച്ചയാണത്. അതുകൊണ്ടുതന്നെ വിഭാഗീയതയുടെ വേരുകൾ നമ്മിൽ വളരാൻ നാം ഒരിക്കലും അനുവദിക്കരുത്. ന്യായമായ അവകാശങ്ങൾക്കു വേണ്ടി നാം ശ്രമിക്കുമ്പോഴും, വർഗീയതയ്ക്കും വിഭാഗീയതയ്ക്കും എതിരായി പ്രവർത്തിക്കുമ്പോഴും നാം ക്രിസ്തു പകർന്നു തന്ന മഹത് മൂല്യങ്ങൾ വിസ്മരിക്കരുത്.

ജാഗ്രതയോടെ വിഭാഗീയതയുടെ ആട്ടഹാസങ്ങളെ നമ്മുക്ക് ചെറുക്കാം. ദുർബലമായിക്കൊണ്ടിരിക്കുന്ന നമ്മുടെ പരസ്പരവിശ്വാസവും ആദരവും ഐക്യവും വളർത്തിയെടുക്കാൻ നമുക്ക് ഒന്നുചേരാം.

www.malankaralibrary.com

# കത്തോലിക്കാ സഭയ്ക്കും സഭാ സ്ഥാപനങ്ങൾക്കും എതിരായ ആസൂത്രിത നീക്കങ്ങൾ

**ഡോ. മൈക്കിൾ പുളിക്കൽ**
*സെക്രട്ടറി,*
*കെസിബിസി ഐക്യ-ജാഗ്രതാ കമ്മീഷൻ*




**ക്രൈ**സ്തവസ്ഥാപനങ്ങൾ പതിവില്ലാത്തവിധത്തിൽ ആരോപണങ്ങളെ നേരിടുകയും വിവാദങ്ങളിൽ അകപ്പെടുകയും ചെയ്യുന്ന കാഴ്ചകളാണ് സമീപദിവസങ്ങളായി കണ്ടുകൊണ്ടിരിക്കുന്നത്. ഈ നാളുകളിൽ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സാമൂഹികവും രാഷ്ട്രീയവുമായ ഒട്ടേറെ ഗുരുതര വിഷയങ്ങൾക്കിടയിൽ അവയെക്കാൾ പ്രാധാന്യത്തോടെ മാധ്യമങ്ങൾ ഇത്തരം വിഷയങ്ങൾ ചർച്ചചെയ്യാൻ മുന്നോട്ടുവരുന്ന കാഴ്ച ദുരൂഹമാണ്.

പ്രധാനപ്പെട്ട ചില വിഷയങ്ങൾ ചർച്ചചെയ്യപ്പെടുന്നതിന് അനുബന്ധമായി ഏതെങ്കിലും കത്തോലിക്കാ സ്ഥാപനങ്ങളുടെ പേര് ഉയരുന്നപക്ഷം വിഷയത്തിൽനിന്നു വഴിമാറി വീണ്ടും സഭയെ വിവാദത്തിലേക്കു വലിച്ചിഴയ്ക്കാൻ ചിലർ തത്രപ്പെടുന്നതുകാണുമ്പോൾ ഓർമവരുന്നത്, പരീക്ഷയിൽ പശുവിനെക്കുറിച്ച്എഴുതാൻ ആവശ്യപ്പെട്ടപ്പോൾ പശുവിനെ കെട്ടിയ തെങ്ങിനെക്കുറിച്ച് എഴുതിയ കുട്ടിയുടെ കഥയാണ്.

### വിവാദങ്ങളെ തിരിച്ചുവിടാനും സഭ

ചില വിവാദങ്ങളെ വഴിതിരിച്ചുവിടാൻ സഭയും സഭയുടെ സ്ഥാപനങ്ങളും ടാർജറ്റ് ചെയ്യപ്പെടുന്നുണ്ട് എന്നുള്ളതിൻറെ ഏറ്റവും അടുത്തകാലത്തെ ഉദാഹരണം മലപ്പുറം സെൻറ് ജെമ്മാസ് സ്കൂളിനെ വിവാദത്തിലേക്കു വലിച്ചിഴച്ച സംഭവംതന്നെയാണ്. സ്കൂളിൽനിന്നു വിരമിച്ച ഭരണകക്ഷി രാഷ്ട്രീയക്കാരനായ അധ്യാപകനെതിരേ വ്യക്തിപരമായ ആരോപണങ്ങൾ ഉയർന്നപ്പോൾ ഒരു വിഭാഗം മാധ്യമങ്ങൾ ലക്ഷ്യമിട്ടതും പ്രതിക്കൂട്ടിൽ നിർത്തിയതും സ്കൂൾ മാനേജ്മെൻറിനെയായിരുന്നു. മാനേജ്മെൻറ് നല്കിയ വിശദീകരണത്തെ മറച്ചുവച്ചാണ് ഒട്ടേറെ ചർച്ചകൾ സംഘടിപ്പിക്കപ്പെട്ടതും.

അപമാനിതയാക്കപ്പെട്ട സ്കൂൾ വിദ്യാർഥിനിയെചൊല്ലിയുള്ള വിവാദങ്ങൾ സമസ്തയുടെ നേതാക്കൾക്കും അവരുടെ നയങ്ങൾക്കുംനേരേ വിരൽചൂണ്ടിയപ്പോൾ അതിനെ മറികടക്കാനുള്ള എളുപ്പവഴിയായാണ് സെൻറ് ജെമ്മാസ് സ്കൂളുമായി ബന്ധപ്പെട്ട വിവാദത്തെ ഒരു വിഭാഗംപേർ കണ്ടത് എന്നു വ്യക്തം. കത്തോലിക്കാ സ്ഥാപനങ്ങൾക്കെതിരേയും കത്തോലിക്കാ സഭ പ്രതിക്കൂട്ടിൽ നിർത്തപ്പെടുന്ന സാഹചര്യങ്ങളിലും മാത്രം പ്ലക്കാർഡ് പിടിക്കുന്ന ചില 'പ്രബുദ്ധ' സംഘടനകളുടെ വക്താക്കൾ ആരോപണവിധേയനായ അധ്യാപകൻറെ വസതിക്കോ അദ്ദേഹം അംഗമായ പാർട്ടി ഓഫീസിലോ നിയമം നടപ്പാക്കേണ്ട പോലീസ് സ്റ്റേഷനു മുന്നിലോ



www.malankaralibrary.com

പ്രതിഷേധിക്കാൻ തയാറാകാതെ മുമ്പ് അദ്ദേഹം അധ്യാപകനായിരുന്നു എന്ന ഒറ്റക്കാരണത്താൽ സ്കൂളിനു മുന്നിൽ പ്രതിഷേധത്തിനെത്തിയത് കുറെപ്പേർക്കെങ്കിലും തിരിച്ചറിവ് നല്കിയിട്ടുണ്ടാകും.

പ്രശ്നപരിഹാരമോ കുറ്റാരോപിതനെതിരായ നടപടികളോ എന്നുള്ളതിനപ്പുറം സഭയെ ഒന്നടങ്കം പ്രതിക്കൂട്ടിൽ നിർത്തി തത്കാലം തടിയൂരാനുള്ള കുതന്ത്രം മാത്രമാണ് അവിടെ കണ്ടത്. ഒരു വരയ്ക്കു സമീപം കൂടുതൽ വലുതൊന്ന് വരച്ച് ആദ്യത്തേതിനെ ചെറുതാക്കി കാണിക്കാനുള്ള പഴയ വിദ്യ!

**നഴ്സിംഗ് കൗൺസിൽ വേട്ടക്കാരനാകുമ്പോൾ**

കേരളത്തിൻറെ ആതുരസേവന-വിദ്യാഭ്യാസ മേഖലകൾക്ക് ഊടുംപാവും നൽകി ഇന്നത്തെ അവസ്ഥയിലേക്ക് എത്തിച്ചതിനു പിന്നിൽ കത്തോലിക്കാ സഭയും മറ്റു ക്രൈസ്തവ സമൂഹങ്ങളും നൽകിയ മഹത്തായ സംഭാവനകൾ ആർക്കാണറിയാത്തത്? ഇക്കാലഘട്ടത്തിലും ആരോഗ്യരംഗത്തെ കത്തോലിക്കാ സഭയുടെ ഇടപെടലുകൾ ചെറുതല്ല.

നൂറുകണക്കിനു ചെറുതും വലുതുമായ ആശുപത്രികൾക്കു പുറമേ, പതിറ്റാണ്ടുകൾ പഴക്കമുള്ളതും പ്രവർത്തനത്തിൻറെ കാര്യത്തിൽ മുൻനിരയിൽ തുടരുന്നതുമായ നിരവധി നഴ്സിംഗ് കോളജുകളും കത്തോലിക്കാ സഭയുടേതായി ഇന്ന് കേരളത്തിലുണ്ട്. ഇതിനകം കേരളത്തിൽനിന്ന് വിവിധ വിദേശരാജ്യങ്ങളിൽ പോയി സേവനം ചെയ്യുന്ന പതിനായിരക്കണക്കിന് നഴ്സുമാരിൽ നല്ലൊരുപങ്ക് അത്തരം സ്ഥാപനങ്ങളിൽനിന്നാണു പഠിച്ചിറങ്ങിയിട്ടുള്ളത്. മികച്ച പഠന നിലവാരവും അച്ചടക്കവും പുലർത്തുന്ന ക്രൈസ്തവ മാനേജ്മെൻറുകളുടെ നഴ്സിംഗ് കോളജുകൾ തങ്ങളുടെ കരിയറിലേക്കു എത്രമാത്രം വലിയ സംഭാവനകളാണ് നൽകിയിട്ടുള്ളതെന്ന് അനേകായിരം പേരുടെ സാക്ഷ്യങ്ങളിൽനിന്നു വ്യക്തമാണ്.

വിട്ടുവീഴ്ചകളില്ലാതെ പഠനമികവിലും സേവനത്തിൻറെ മഹനീയതയിലും നിഷ്കർഷ പുലർത്തുന്ന, മൂല്യാധിഷ്ഠിതവും ധാർമികാടിത്തറ ഉറപ്പുവരുത്തുന്നതുമായ വിദ്യാഭ്യാസ സംസ്കാരമാണ് കത്തോലിക്കാ മാനേജ്മെൻറുകൾ എക്കാലവും ഉറപ്പുവരുത്തുന്നത്. ഇക്കാരണത്താൽ തന്നെയാണ് അത്തരം സ്ഥാപനങ്ങളിൽ തങ്ങളുടെ മക്കളെ പരിശീലനത്തിനായി അയയ്ക്കാൻ ബഹുഭൂരിപക്ഷം മാതാപിതാക്കളും സന്നദ്ധരാകുന്നതും.

എന്നാൽ, കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി ചേർത്തല എസ്എച്ച് നഴ്സിംഗ് കോളജുമായി ഉയരുന്ന വിവാദങ്ങൾ വിചിത്രമാണ്. നാല് പതിറ്റാണ്ടായി കേരളത്തിലെ നഴ്സിംഗ് വിദ്യാഭ്യാസരംഗത്തിന് അഭിമാനമായി നിലകൊള്ളുന്നതും, മികച്ച പത്ത് നഴ്സിംഗ് കോളജുകളിൽ ഒന്നുമായ ആ കോളജിനെതിരേ ചിലർ ഉയർത്തിയ ആരോപണങ്ങൾ ഏതാനും മാധ്യമങ്ങളുടെയും സംഘടനകളുടെയും സഹായത്തോടെ പർവതീകരിച്ച് അസത്യങ്ങളും അർധസത്യങ്ങളും സമൂഹത്തിൽ പ്രചരിപ്പിക്കാൻ ചില തത്പരകക്ഷികൾക്കു കഴിഞ്ഞിരിക്കുന്നു. കോളജിൻറെ കെഎൻഎംസി (കേരള നഴ്സിംഗ് ആൻഡ് മിഡ്വൈഫറി കൗൺസിൽ) രജിസ്ട്രേഷനും വൈസ് പ്രിൻസിപ്പലിൻറെ നഴ്സിംഗ് രജിസ്ട്രേഷനും റദ്ദാക്കി എന്നീ വ്യാജവാർത്തകളാണ് മുഖ്യധാരാ മാധ്യമങ്ങളിലൂടെപോലും വ്യാപകമായി പ്രചരിച്ചത്.

ഇതുവരെയും വ്യക്തമായ യാതൊരുവിധ വിവരങ്ങളും കെഎൻഎംസി കോളജ് മാനേജ്മെൻറിന് നല്കിയിട്ടില്ലാത്ത സാഹചര്യത്തിലാണ് മാധ്യമങ്ങളിലൂടെ ഇത്തരം വാർത്തകൾ പ്രചരിപ്പിച്ചത് എന്നുള്ളത് ദുഷ്പ്രചാരണങ്ങളുടെ ആസൂത്രിത സ്വഭാവം വ്യക്തമാക്കുന്നു. തങ്ങളുടെ ചില വാക്കുകൾ മാധ്യമപ്രവർത്തകർ വളച്ചൊടിക്കുകയായിരുന്നു എന്ന് കെഎൻഎംസി അധികൃതർ തന്നെ പിന്നീടു വ്യക്തമാക്കിയിട്ടുണ്ട്.

എസ്എച്ച് നഴ്സിംഗ് കോളജുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ കൂടുതൽ ശ്രദ്ധേയമായ ചിലതുണ്ട്. കെഎൻഎംസി അധികൃതർ കോളജിൽ പരിശോധന നടത്തിയതിനെ തുടർന്ന് വിശദമായ ഫേസ്ബുക്ക് പോസ്റ്റുകൾ ചില സംഘടനകളുടെ ഫേസ്ബുക്ക് പേജുകളിലൂടെയും മറ്റും പ്രചരിച്ചിരുന്നു. കടുത്ത വർഗീയ വിദ്വേഷവും വെറുപ്പും നിഴലിച്ചിരുന്ന പ്രസ്തുത കുറിപ്പുകളിൽ, തങ്ങളുടെ കുതന്ത്രങ്ങൾ വിജയിച്ചു എന്ന അവകാശവാദമാണ് മുഴച്ചുനിന്നിരുന്നത്.

www.malankaralibrary.com

ഒരു പ്രമുഖ ചാനലിൻറെ റിപ്പോർട്ടർ പറഞ്ഞതിൻപ്രകാരം ചെയ്തതിനാലാണ് ഇതെല്ലാം വിവാദമായതെന്നും തുടർന്ന് തങ്ങൾ ടാർജറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയിൽ സൂചിപ്പിച്ചിരുന്നു. ചില ഗൂഢശക്തികളുടെ ഇടപെടലുകൾ ചേർത്തല നഴ്സിംഗ് കോളേജ് വിഷയത്തിൽ ആദ്യന്തം ഉണ്ടായിരുന്നു എന്നു വ്യക്തം. ഏതൊരു സംഘടനയുടെയോ പ്രസ്ഥാനത്തിൻറെയോ അറിയിപ്പുകൾ രേഖാമൂലം ലഭിക്കാത്തപക്ഷം പത്രങ്ങളിൽ അച്ചടിക്കാത്ത ഈ നാട്ടിൽ യാതൊരു വിധ വ്യക്തതയുമില്ലാത്ത ദുരാരോപണങ്ങൾ ചില ഫേസ്ബുക്ക് പോസ്റ്റുകളുടെ മാത്രം പിൻബലത്തിൽ ഏതാണ്ടെല്ലാ മാധ്യമങ്ങളും വലിയ വാർത്തകളായി നൽകിയത് മാധ്യമ സ്ഥാപനങ്ങളിൽ ഇത്തരക്കാർക്കുള്ള സ്വാധീനത്തിന് തെളിവാണ്.

മാത്രവുമല്ല, കെഎൻഎംസി നേതൃത്വം തങ്ങളോടു വെളിപ്പെടുത്തി എന്ന രീതിയിലും ഇത്തരം വാർത്തകൾ ചില മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. തത്പരകക്ഷികളുടെ സ്വാധീനമുള്ള നഴ്സിംഗ് സംഘടനകളുടെ കളിപ്പാവയായി കെഎൻഎംസി പോലുള്ള സർക്കാർ സംവിധാനവും മാറിയിരിക്കുന്നു എന്നു സ്വാഭാവികമായും സംശയിക്കാം. ഏതെങ്കിലും നഴ്സിംഗ് സംഘടനയുടെ രാഷ്ട്രീയം തെളിയിക്കാനും പ്രചരിപ്പിക്കാനുമുള്ള വേദിയായി ഉത്തരവാദിത്വപ്പെട്ട ഒരു സംവിധാനം മാറുന്നത് അപലപനീയമാണ്.

കേരളത്തിൽ ഏറ്റവും മാതൃകാപരമായി പ്രവർത്തിച്ചുവരുന്ന ക്രൈസ്തവ മാനേജ്മെൻറുകൾക്ക് കീഴിലെ സ്ഥാപനങ്ങളിൽ മാത്രമാണ് ഇത്തരം പ്രഹസനങ്ങൾ എന്നതാണു വിചിത്രം. പരിശീലനത്തിൻറെ ഭാഗമായ നിഷ്കർഷകളും അച്ചടക്കത്തിൻറെ ഭാഗമായ നിബന്ധനകളും എന്നതിനപ്പുറമുള്ള ആരോപണങ്ങളല്ല ഇത്തരം സ്ഥാപനങ്ങൾക്കെതിരേ ഉയർന്നിട്ടുമുള്ളത്. ആരോഗ്യവകുപ്പ് അനുശാസിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാത്ത പരിശീലന കേന്ദ്രങ്ങളും വൃത്തിയുള്ള മൂത്രപ്പുരകൾ പോലുമില്ലാത്ത ഹോസ്പിറ്റലുകളും കേരളത്തിൽ സർക്കാർ വകയായിപ്പോലും ഒട്ടേറെയുണ്ട്. അത്തരം അപര്യാപ്തതകളോടും കൃത്യവിലോപങ്ങളോടുമുള്ള അധികൃതരുടെ നിലപാടുകൾ പരിശോധിക്കപ്പെടേണ്ടതാണ്.

കെഎൻഎംസി പോലുള്ള ഔദ്യോഗിക സംവിധാനങ്ങൾ രാഷ്ട്രീയ, വർഗീയ സ്വാധീനങ്ങൾക്കപ്പുറം നിലപാടുകൾ സ്വീകരിച്ചു മുന്നോട്ടുപോകേണ്ടതു കേരളത്തിലെ പൊതുസമൂഹത്തിൻറെ സുസ്ഥിതിക്ക് അനിവാര്യമാണ്. രാഷ്ട്രീയത്തിനും മതത്തിനും അതീതമായ ഒരു പൊതുജനശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടത് അടിയന്തര ആവശ്യമാണ്. ഇത്തരം വിഷയങ്ങളിൽ സത്വരമായ സർക്കാർ ഇടപെടലുകളും ഉണ്ടാകണം.

**പണവുമായി പിന്നാലെ**

കത്തോലിക്കാ സഭയുമായി ബന്ധപ്പെട്ട വിവാദങ്ങൾ സൃഷ്ടിക്കപ്പെടാൻ സാധ്യതയുള്ള സാഹചര്യങ്ങളിൽ ചാടിവീഴുന്ന ചിലർ നമുക്കിടയിലുണ്ട്. അനാവശ്യമായി ഉയരുന്ന വിവിധ വിവാദങ്ങൾക്കു പിന്നിലെ ശക്തികൾക്കു സംഘടിത സ്വഭാവമുണ്ട് എന്നതിൻറെ സൂചനയാണ് ഇത്തരക്കാർ തരുന്നത്.

സന്യസ്തർക്കു നീതി നേടിക്കൊടുക്കുന്നവർ എന്നു സ്വയം വിശേഷിപ്പിക്കുന്ന ഒരു സംഘടനയുടെ പ്രതിനിധികൾ, ഈ അടുത്ത നാളുകളിൽ മരണപ്പെട്ട ഒരു സന്ന്യാസിനിയുടെ മാതാപിതാക്കളെ സമീപിച്ച് മരണത്തിൽ ദുരൂഹത ആരോപിക്കാൻ അവരെ പ്രേരിപ്പിക്കുകയുണ്ടായി. മകളുടെ മരണത്തിൽ മാനസികമായി വ്യഥയനുഭവിക്കുന്ന മാതാപിതാക്കളോടും കുടുംബാംഗങ്ങളോടും തങ്ങളുടെ കൂടെ നിന്നാൽ ലഭ്യമാകുന്ന സാമ്പത്തിക



www.malankaralibrary.com

നേട്ടത്തെക്കുറിച്ചുപോലും അവർ സംസാരിച്ചു വത്രേ. തങ്ങളുടെ പ്രലോഭനങ്ങൾക്ക് ആരും വഴങ്ങുന്നില്ല എന്നു കണ്ടപ്പോൾ മരിച്ച വ്യക്തിയെ അപമാനിച്ചുകൊണ്ട് ഫേസ്ബുക്ക് പോസ്റ്റും ലേഖനങ്ങളും അവർ പ്രസിദ്ധീകരിക്കുകയാണുണ്ടായത്. മുമ്പുണ്ടായിട്ടുള്ള പല വിവാദങ്ങളിലും ഇത്തരക്കാരുടെ സമാനമായ ഇടപെടലുകൾ ദൃശ്യമായിട്ടുണ്ട്. ഈ നാട്ടിലെ നിയമ സംവിധാനങ്ങളെപ്പോലും വെല്ലുവിളിക്കുന്ന ഇത്തരക്കാരാണ് നീതിയെ മറയാക്കി തങ്ങളുടെ കത്തോലിക്കാ സഭാവിരോധം വില്പന നടത്തി ജീവിക്കുന്ന ദുരൂഹതയുടെ വക്താക്കൾ.

### സഭയുടെ സ്ഥാനാർഥി

തൃക്കാക്കര ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉയർന്ന ഏറ്റവും വലിയ വിവാദമായിരുന്നു, സഭയുടെ സ്ഥാനാർഥി എന്ന ആരോപണത്തെ തുടർന്നുണ്ടായത്. വിവാദം ഇപ്പോൾ കുറച്ചൊക്കെ ശമിച്ചു കഴിഞ്ഞു, എങ്കിലും ആ വിവാദവും അതിനു പിന്നിൽ പ്രവർത്തിച്ചവരും ചില ചിത്രങ്ങൾ വരച്ചിടുന്നുണ്ട്. പലതും മറയ്ക്കാനും ഒളിപ്പിക്കാനും മാത്രമല്ല, വോട്ടുകൾ ചിതറിക്കാനും സ്വരൂപിപ്പിക്കാനും കത്തോലിക്കാ സഭയുടെ പേരിൽ വിവാദം ഉണ്ടാക്കിയാൽ മതിയെന്ന ചിലരുടെ ധാരണകളായിരുന്നു ആ വിവാദത്തിനു പിന്നിൽ.

യഥാർഥത്തിൽ സമൂഹം ചർച്ചചെയ്യേണ്ട എത്രയെത്ര വിഷയങ്ങളാണ് ഈ ഉപതെരഞ്ഞെടുപ്പിൽ ഉയർന്നുവരേണ്ടിയിരുന്നത്. കേരളസമൂഹത്തിൻറെ മുന്നോട്ടുള്ള യാത്രയ്ക്ക് വിഘാതവും വെല്ലുവിളിയും ഉയർത്തിയിരിക്കുന്ന ഗുരുതരമായ വിഷയങ്ങളും സാമ്പത്തിക, സാമൂഹിക വിഷയങ്ങളും എണ്ണമറ്റതാണ്. അഴിമതിയും വർഗീയ ധ്രുവീകരണവും പരിധിവിട്ടുകഴിഞ്ഞിരിക്കുന്നു.

ഈ കാലഘട്ടത്തിൽ ഏറ്റവുമധികം ആശങ്കയായിരിക്കുന്ന തീവ്രവാദ വിഷയങ്ങളിൽപ്പോലും മൃദുസമീപനം സ്വീകരിക്കുന്ന രാഷ്ട്രീയക്കാരുടെ നിലപാടുകൾ പ്രതിഷേധാർഹമാണ്. പുതിയതായി മുന്നോട്ടുവരുന്നവരും മുൻഗാമികളുടെ പാത പിന്തുടരുന്നു എന്നതിൻറെ ഉദാഹരണമാണ്, തൃക്കാക്കര സ്ഥാനാർഥിപ്രഖ്യാപനത്തിനു തൊട്ടു പിന്നാലെ, കേരളത്തിൽ പ്രണയക്കെണികൾ എന്നൊന്നില്ല എന്ന് ഒരു സ്ഥാനാർഥി പ്രഖ്യാപിച്ചത്.

എന്തിനും ഏതിനും കത്തോലിക്കാ സഭയുടെമേൽ പഴിചാരിയും വിവാദം സൃഷ്ടിച്ചും ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടും മുന്നോട്ടുപോകാമെന്ന ചിന്ത അപകടകരമാണ്. വാസ്തവങ്ങൾ തിരിച്ചറിഞ്ഞു പ്രതികരിക്കാൻ കേരളസമൂഹം മുന്നോട്ടുവരണം.



www.malankaralibrary.com

# കാർഷിക സംസ്കൃതിയെ തകർക്കുന്ന മദ്യനയം

ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്



പ്രബുദ്ധ കേരളമെന്നാണ് നമ്മൾ അഭിമാനത്തോടെ വിശേഷിപ്പിക്കാറുള്ളത്. വലിപ്പം അടിസ്ഥാനമാക്കിയാൽ കൊച്ചു സംസ്ഥാനമാണ് നമ്മുടേതെങ്കിലും നവോത്ഥാനനായകന്മാർ അടിത്തറയിട്ട ഭൂമികയിൽ നിന്നു നമ്മൾ പടുത്തയുർത്തിയത് ഒട്ടും ചെറുതല്ലാത്ത നേട്ടങ്ങളാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും ഒരു പക്ഷേ വികസ്വര രാജ്യങ്ങൾക്കുമൊക്കെമാതൃകയാവുന്ന തരത്തിലുള്ളതാണ് പൊതുവിദ്യാഭ്യാസരംഗത്തും പൊതുജനാരോഗ്യരംഗത്തുമൊക്കെ നമ്മൾ കരഗതമാക്കിയ നേട്ടങ്ങൾ.

മാനവവികസന സൂചികയിൽ മുന്തിയ സ്ഥാനമാണു കേരളത്തിനുള്ളത്. ഉത്ബുദ്ധമായ സാമൂഹിക, രാഷട്രീയ ബോധമുള്ളവരാണു മലയാളികൾ. സാമൂഹികവും ജാതീയവുമായ അസമത്വങ്ങൾക്കെതിരാണു മലയാളിയുടെ പൊതുമനസ്. എന്നാൽ നമ്മുടെ സാമൂഹിക സുസ്ഥിതിയെയും പൊതുജനാരോഗ്യത്തെയും ഉത്പാദനക്ഷമതയെയും സാമ്പത്തിക വളർച്ചയൊമൊക്കെ ബാധിക്കുന്ന തരത്തിൽ വലിയവെല്ലുവിളി ഉയർത്തുകയാണ് മലയാളിയുടെ മദ്യപാനശീലം.

ഇന്ത്യയിലെ ആളോഹരി മദ്യപാനം 3.5 ലിറ്റർ ആണെന്നിരിക്കെ കേരളത്തിലിത് 6.7 ലിറ്ററാണ്. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്. മുഖ്യഭക്ഷ്യധാന്യമായ അരി വാങ്ങാൻ ചെലവിടുന്നതിൻറെ മുന്നിരട്ടിയിലേറെ തുക മദ്യം വാങ്ങാൻ മലയാളി വർഷം തോറും ചെലവിടുന്നുണ്ട്, ഇന്ത്യയിൽ ആകെ ജനസംഖ്യയുടെ മൂന്നു ശതമാനത്തിൽ താഴെ വരുന്ന കേരളത്തിലാണ് ഇന്ത്യയിൽ ആകെ ഉത്പാദിപ്പിക്കുന്ന ഇന്ത്യൻ നിർമിത വിദേശമദ്യത്തിൻറെ 14 ശതമാനം ഉപഭോഗം നടക്കുന്നത്. മദ്യപിക്കുന്ന പുരുഷന്മാരുടെ അനുപാതം പരിശോധിക്കുമ്പോൾ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് മലയാളി.



ദൈവത്തിൻറെ സ്വന്തം നാട് ഇന്നു മദ്യത്തിൻറെ ഉന്മാദലഹരിയിലാണ്. സാക്ഷരകേരളം രാക്ഷസ കേരളമായിമാറുകയാണ്. കുരുന്നുകളും മുതിർന്നവരും അതിവേഗം മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കും അടിമകളാകുന്നു. കുടുംബഭദ്രത തകരുകയാണ്.

കേരളത്തിൽ മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലകശക്തിയായി പ്രവർത്തിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരുകളെയും മറ്റു സംസ്ഥാനങ്ങളെയും പ്രേരിപ്പിക്കുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ കേരളസഭയ്ക്കും കെസിബിസി മദ്യവിരുദ്ധ സമിതിക്കും സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്.

ജനാധിപത്യ സംവിധാനത്തിൽ ജനതയുടെ ക്ഷേമത്തിനാണു ഭരണാധികാരികൾ പ്രാധാന്യം നൽകേണ്ട്. രാജ്യത്തിൻറെ ധാർമിക നിലവാരം കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിനാണ്. ജനങ്ങളുടെ ആരോഗ്യവും ജീവിതനിലവാരവും സംരക്ഷിക്കുവാൻ ജാഗ്രതയുണ്ടാകേണ്ട രാഷ്ട്രീയ നേതൃത്വവും ഭരണാധികാരികളും മദ്യനയത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കണം. ജനാധിപത്യം ഒരു ആട്ടിൻകൂട്ടത്തിൻറെ നിസംഗമായ അനുസരണമല്ല എന്ന ഗാന്ധിയൻ സിദ്ധാന്തം എത്ര സുന്ദരമാണ്.

മദ്യലഭ്യതയാണ് മദ്യാസക്തിയുടെ പ്രേരകഘടകം അതിനാൽ മദ്യലഭ്യത കുറച്ചു കൊണ്ടുവരാൻ സർക്കാർ ആത്മാർഥമായി ശ്രമിക്കണം. ചാരായനിരോധനവും ബാറുകളുടെ നിരോധനവുമെല്ലാം

www.malankaralibrary.com

മദ്യലഭ്യത കുറയ്ക്കുന്നതിനു സഹായിച്ചിട്ടുണ്ട്. ദേശീയ സംസ്ഥാന പാതയോരങ്ങളിൽ നിന്നു മദ്യശാലകൾ ഒഴിവാക്കണമെന്ന 2015 ഡിസംബർ 15ലെ സുപ്രീംകോടതി വിധിയും മദ്യലഭ്യത കുറയ്ക്കാൻ സഹായകമാണ്. കിട്ടാനുള്ള എളുപ്പമാണ് കുടിക്കുവാനുള്ള പ്രേരണ നൽകുന്നത്. സുപ്രീംകോടതി വിധിയുടെ അന്ത:സത്ത ഉൾക്കൊണ്ട് മദ്യശാലകൾ മാറ്റി സ്ഥാപിക്കാതെ അവ അടച്ചു പൂട്ടാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്. ഒരാൾ മദ്യത്തിനായി ക്യൂ നിൽക്കുമ്പോൾ അഞ്ചിരട്ടി ജനങ്ങൾ അസ്വസ്ഥരായ മനസോടെ വീടുകളിൽ ഇരിപ്പുണ്ട് എന്നു സർക്കാർ മനസിലാക്കണം.

### പുതിയ മദ്യനയം

കോവിഡ് മഹാമാരി മൂലം തകർന്നു ക്ഷീണിച്ച നമ്മുടെ സമൂഹത്തെ വിവിധ മേഖലകളിൽ ഉയർത്തിക്കൊണ്ടു വരേണ്ട സമയത്താണ് ഇടിത്തീപോലെ പുതിയ മദ്യനയവുമായി സർക്കാർ രംഗത്തുവന്നിരിക്കുന്നത്. സംസ്ഥാനത്ത് മദ്യലഭ്യത കുറവായത് സംസ്ഥാനത്തിൻറെ അഭിമാനത്തിനു ക്ഷതമേറ്റപോലെ നമ്മുടെ ഭരണകർത്താക്കൾ കാണുന്നു. വർധിച്ചുവരുന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ, അനുദിനമെന്നോണം സംഭവിക്കുന്ന വിലക്കയറ്റം, അനിയന്ത്രിതമായി വർധിച്ചുവരുന്ന ഇന്ധനവിലക്കയറ്റം, ആളോഹരി വരുമാനത്തിൻറെ കുറവ് എന്നിവയുടെയെല്ലാം നടുവിലാണ് അടിയന്തര പ്രാധാന്യമുള്ള കാര്യം പോലെ ഏപ്രിൽ ഒന്നിനു തന്നെ നിലവിൽ വരത്തക്കവിധം പുതിയ മദ്യനയം പ്രഖ്യാപിച്ചിരിക്കുന്നത്.

*സർക്കാർ കണ്ടുപിടിച്ച അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങൾ*

*1. സംസ്ഥാനത്തെ ഐടി പർക്കുകളിൽ മദ്യം ലഭിക്കാതെ ഉദ്യോഗസ്ഥർ വലയുന്നു. ഇൻഫോപാർക്ക്, ടെക്നോപാർക്ക് തുടങ്ങിയ ഐടി പാർക്കുകളിൽ പ്രത്യേക മദ്യശാലകൾ ഉടൻ തുറക്കാൻ ക്ലബ് മാതൃകയിലുള്ള ലൈസൻസ് നൽകും.*

*2. മദ്യശാലകളിലെ തിരക്കുകാരണം പൂട്ടിപ്പോയ ഷോപ്പുകൾ അടക്കം പ്രീമിയം ഷോപ്പുകൾ പുനരാരംഭിക്കും.*

*3. ആവശ്യമായ ഇന്ത്യൻ നിർമിത വിദേശമദ്യമോ ബീയറോ ഇവിടെ ഉത്പാദിപ്പിക്കാൻ കഴിയുന്നില്ലെന്ന പ്രശ്നത്തിനു നിലവിലുള്ള ഉത്പാദനം വർധിപ്പിക്കാനും പുതിയ യൂണിറ്റുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കും.*

*4.സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനു പുതിയ ഷാപ്പുകൾക്ക് ലൈസൻസ് നൽകേണ്ടത് ആവശ്യമായിരിക്കുന്നുപോലും! ആയതിനാൽ ട്രാവൻകൂർ ഷുഗേഴ്സിലെ ജവാൻ റം ഉത്പാദനം കൂട്ടാനും മലബാർ ഡിസ്റ്റ്ലറിയിൽ മദ്യോത്പാദനം കൂട്ടാനും ആരംഭിക്കാനും നടപടി സ്വീകരിക്കും.*

*5. എട്ടു താലൂക്കുകളിൽ എക്സൈസ് സർക്കാർ ഓഫീസുകളും കൂടുതൽ വാഹനങ്ങളും 100 പിസ്റ്റളുകളും വാങ്ങും.*

*6. കള്ളുചെത്തു വ്യവസായ വികസന ബോർഡ് ഉടൻ പ്രവർത്തനം തുടങ്ങും.*

*7. വിദേശമദ്യ വില്പന പ്രോത്സാഹിപ്പിക്കാൻ കംപ്യൂട്ടർവത്കരണം ഉടൻനടപ്പാക്കും.*

*8. ബിവറേജസ് വില്പനകേന്ദ്രങ്ങളിലെ നീണ്ട ക്യൂ അവസാനിപ്പിക്കും.*

### പുതിയ ബാറുകൾ തുറക്കും

മദ്യ ഉപയോഗം ഘട്ടംഘട്ടമായി കുറച്ചു കൊണ്ടുവരുമെന്ന പ്രഖ്യാപനവുമായി അധികാരത്തിലെത്തിയ ഒന്നാം പിണറായി സർക്കാർ, രണ്ടാം ഊഴമായപ്പോഴേക്കും മദ്യലോബികളുടെ പിടിയിൽ അമരുകയാണ്. ഒന്നാം പിണറായി സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിലുണ്ടായിരുന്നത് 258 ഇന്ത്യൻ നിർമിത വിദേശമദ്യ വല്പനകേന്ദ്രങ്ങളും 34 ബാർ ഹോട്ടലുകളുമായിരുന്നു. എന്നാൽ ഇന്ന് ബാറുകളുടെ എണ്ണം 699 ആണ്. ബിയർ, വൈൻ പാർലറുകൾ 296, ഇന്ത്യൻ നിർമിതവിദേശ മദ്യ വില്പനശാലകൾ 306. പുതിയ ആറുബാറുകൾക്കുള്ള അപക്ഷയും പൂട്ടിപ്പോയ 29 വിദേശമദ്യ വിൽപ്പനശാലകളെ സ്റ്റാർ മാർക്കറ്റുകളാക്കുന്നതും പരിഗണിക്കുന്നു. കൂടാതെ 43 ക്ലബുകളും. നാലായിരത്തിനടുത്തു കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്ന നമ്മുടെ കൊച്ചു കേരളത്തിൽ ആവശ്യത്തിന് മദ്യം വാങ്ങാൻ സാധിക്കുന്നില്ല എന്നത് വലയൊരു വിരോധാഭാസമാണ്.

മദ്യലഭ്യത കുറച്ചുകൊണ്ടു വരുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പാക്കാതെ മദ്യലഭ്യത വളർത്താനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നത് ജനദ്രോഹ സമീപനംതന്നെയാണ്. പാവപ്പെട്ടവരുടെ ദൗർബല്യങ്ങളെ മുതലെടുത്ത് മദ്യത്തിൻറെ ഉപഭോഗം വർധിപ്പിക്കാനുള്ള നീക്കമല്ലേ മരച്ചീനി, കശു



www.malankaralibrary.com

മാങ്ങ, ചക്ക, കൈതച്ചക്ക, വാഴപ്പഴം, ജാതിത്തൊണ്ട് തുടങ്ങിയവയിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കൽ. എക്സൈസ് നിയമത്തിൽ ഭേദഗതി പോലും അവശ്യമില്ലെന്ന എക്സൈസ് മന്ത്രിയുടെ അഭിപ്രായത്തിൽ നിഴലിക്കുന്നത്. 29%ത്തിൽ താഴെ മാത്രം മദ്യത്തിൻറെ അംശമുള്ള ഉത്പന്നങ്ങൾ സാധാരണരീതിയിൽ ഉത്പാദിപ്പിക്കാമെന്ന ഔദാര്യവും മന്ത്രി നൽകുന്നു. കൂടാതെ ഈ പദ്ധതി നടപ്പിലാക്കിയാൽ മരച്ചീനി കൃഷിക്കാർക്ക് വലിയ അനുഗ്രഹമായിരിക്കുമെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. മരച്ചീനിയിൽ നിന്നു മദ്യനിർമാണത്തിനാവശ്യമായ എഥനോൾ ഉത്പാദിപ്പിക്കാൻ സംസ്ഥാന ബജറ്റിൽ രണ്ടു കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

മറ്റൊരു വാദം വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിച്ചാൽ വീര്യംകൂടിയ മദ്യത്തിൻറെ ഉപയോഗം കുറയ്ക്കാം എന്നതത്രേ. രണ്ടും കൂടുതലായി വിൽക്കാനും കുടിക്കാനും മാത്രമേ ഇത്തരം അന്ധഗജദർശനവാദങ്ങൾ ഉപകാരപ്പെടൂ.

കേരളത്തിൽ ഏറെ സമാധാനം നിറഞ്ഞ, മാന്യമായ ജീവിതം നയിക്കുന്നവരാണ് യുവത്വം നിറഞ്ഞ നമ്മുടെ ഐടി മേഖലയിലുള്ളത്. അവരാരും തന്നെ ബാറുകളോ മദ്യശാലകളോ തങ്ങളുടെ സ്ഥാപനത്തിനടുത്ത് വേണമെന്ന മുറവിളി ഉയർത്തുന്നതായി കേരളക്കരയിൽ കേട്ടിട്ടില്ല. മദ്യം വിളമ്പുന്നതിന് വനിതകളെ നിയോഗിക്കൽ, കെഎസ്ആർടിസി ഡിപ്പോകളിൽ മദ്യശാല തടങ്ങിയത് എന്നീ കാര്യങ്ങളെല്ലാം പൊതു സമൂഹത്തിൻറെ ആവശ്യങ്ങളേയല്ല. പക്ഷേ അവിടെ ഇരയാക്കപ്പെടുന്നത് സാധാരണക്കാരായ പൊതുജനങ്ങളാണ്. സർക്കാർ വഴിവിട്ട രീതിയിലൂടെ പണം സമ്പാദിക്കുകയാണ്. അവയ്ക്കെതിരേ ശബ്ദിക്കുന്നവരുടെ വായ് മൂടിക്കെട്ടാനുള്ള നീക്കം വലിയ ദുരന്തം വിതയ്ക്കുക തന്നെ ചെയ്യും. മദ്യദുരന്തം പലപ്പോഴും നേരിടുന്ന നാടാണ് കേരളം.

ടൂറിസം വളരണം എന്നതു ശരിതന്നെ. പക്ഷെ മദ്യം ലഭ്യമാക്കിയാലേ ടൂറിസം വളരൂ എന്നത് മിഥ്യാധാരണയാണ്. ഐടി മേഖലയുടെ വികസനത്തിന് ആവശ്യമായ നൂതന ആശയങ്ങളും മാർഗങ്ങളും കണ്ടെത്താൻ യുവ പ്രഫഷണലുകളെ പ്രോത്സാഹിപ്പിക്കാനും അവരുടെ ജീവിത സാഹചര്യങ്ങൾ ഉയർത്താനും കൂടുതൽ കോഴ്സുകൾ തുടങ്ങാനും വിദേശ സഹായം തേടാനും ശ്രമിക്കുക എന്നതാണ് ആവശ്യം. കൂലിപ്പണിക്കാർ അടക്കമുള്ള താഴ്ന്നവരുമാനക്കാരുടെ കുടുംബങ്ങളെയാണ് മദ്യശാലകളുടെ എണ്ണം പെരുകുന്നത് ബാധിക്കുക. അതുപോലെ കാർഷികോത്പന്നങ്ങളിൽ നിന്നു വീര്യംകുറഞ്ഞ മദ്യം എന്ന ആശയം തന്നെ കാർഷികസംസ്കൃതിയുടെ തകർച്ചയ്ക്കും തളർച്ചയ്ക്കും കാരണമാകും. തൊഴിൽ ചെയ്തു ജീവിക്കുന്ന അവരെ മദ്യപാനാസക്തിയിലേക്കു നയിക്കാനേ തീരുമാനം പ്രയോജനം ചെയ്യുകയുള്ളൂ. സാമൂഹിക തിന്മകളുടെ എല്ലാം പിന്നിൽ മദ്യമുണ്ട്. ഒരു സമൂഹത്തെ മുഴുവൻ മദ്യാസക്തിയിലേക്കുകൊണ്ടുവരുന്നതു മരണസംസ്കാരമാണ്. ഗൗരവതരമായിട്ടുള്ള ഇക്കാര്യം സർക്കാർ പുന:പരിശോധിക്കേണ്ടതാണ്. അങ്ങനെ സർക്കാർ ജനങ്ങളുടേതാകട്ടെ. സാധാരണക്കാരുടെ ജീവനോനോപാധിയായിരിക്കുന്ന കപ്പയിന്മേൽ കൈവയ്ക്കരുതേ. നിലവിലുള്ള മദ്യനയത്തിൽ കാതലായ യാതൊരു മാറ്റങ്ങളും വരുത്താതെ കാർഷിക മേഖലയെക്കൂടി ഇതിലേക്കു വലിച്ചിഴച്ച് സാധാരണമനുഷ്യരെ കബളിപ്പിക്കാനുള്ള ഒരു നീക്കമാണ് പുതിയത് എന്ന് വിളിക്കപ്പെടുന്ന ഈ മദ്യനയം.



www.malankaralibrary.com


# നൈജീരിയയിലെ ക്രൈസ്തവ വംശഹത്യ ഉണരാത്ത ലോക മനഃസാക്ഷി

ദിനംപ്രതി വർധിക്കുന്ന ക്രിസ്തീയ വംശഹത്യയുടെ അവസാന ഉദാഹരണമാണ് ഞായറാഴ്ച പന്തക്കുസ്താ തിരുനാൾ ദിനത്തിൽ നൈജീരിയയിലെ ഓവോ നഗരത്തിലെ സെൻറ് ഫ്രാൻസിസ് ദേവാലയത്തിൽ ഇസ്ലാമിക തീവ്രവാദികൾ നടത്തിയ ആക്രമണത്തിൽ അമ്പതിലധികം വിശ്വാസികൾ ദാരുണമായി കൊലചെയ്യപ്പെട്ട സംഭവം. ക്രൈസ്തവരാണെന്നതിൻറെ പേരിൽ മാത്രം രക്തസാക്ഷികളാകേണ്ടി വന്നവരാണ് അവർ. നൈജീരിയയിലെ ആദ്യ സംഭവമല്ല ഇത്. വർഷങ്ങളായി അവിടെ ക്രൈസ്തവരെ തെരഞ്ഞുപിടിച്ച് ഇസ്ലാമിക തീവ്രവാദികൾ കൂട്ടക്കൊല ചെയ്യുന്നു. ഇത്തരം സംഭവങ്ങളെ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ ഇനിയും മുഖ്യധാരാ മാധ്യമങ്ങൾ വേണ്ടവിധം ശ്രമിച്ചിട്ടില്ല. ഇതുപോലുള്ള കിരാത സംഭവങ്ങളോട് ഇനിയും ലോകമനഃസാക്ഷി വേണ്ട രീതിയിൽ ഉണരുകയോ പ്രതികരിക്കുകയോ ചെയ്തിട്ടില്ല എന്നതു പരിതാപകരമാണ്.

**നൈജീരിയയിലെ രക്തസാക്ഷികൾ**

2015 ഫെബ്രുവരിയിൽ ലിബിയയിൽ 21 ഈജിപ്ഷ്യൻ കോപ്റ്റിക് ക്രിസ്ത്യാനികൾ കഴുത്തറുത്തു കൊല്ലപ്പെട്ട വീഡിയോ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർ പുറത്തുവിട്ടപ്പോഴാണ് ആധുനികലോകം ഇസ്ലാമിക ഭീകരതയുടെ ക്രൂരമുഖം കണ്ടു നടുങ്ങിയത്. തങ്ങളുടെ വിശ്വാസം തള്ളിപ്പറയാൻ തയാറാകാതിരുന്ന അവരുടെ കഴുത്തു മുറിച്ചു മാറ്റി രക്തം മെഡിറ്ററേനിയൻ കടലിൽ കലർത്തിയാണ് അന്നു ഭീകരർ തങ്ങളുടെ കൊലവിളി ലോകത്തിനു മുമ്പിൽ പ്രദർശിപ്പിച്ചത്. ആ കിരാത സംഭവം നടന്നു വർഷങ്ങൾ കഴിയുമ്പോഴും നൈജീരിയയിൽ സമാനമായ കൂട്ടക്കൊല ആവർത്തിക്കുന്നതു ലോകം കാണുകയാണ്.

**സഹപാഠികളും കൊലയാളികൾ ആകുമ്പോൾ**

ഒരു പെൺകുട്ടിയെ സഹപാഠികൾ കല്ലെറിഞ്ഞും മർദിച്ചും തീയിൽ ചുട്ടെരിച്ചും മതമുദ്രാ വാക്യങ്ങൾ വിളിച്ചുകൊണ്ടു നിഷ്ഠുരമായി കൊലചെയ്യുന്ന വീഡിയോ സാമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചതാണ്. നൈജീരിയയുടെ വടക്കു പടിഞ്ഞാറുള്ള സോകോറ്റോയിൽ ഡബോറ സാമുവൽ എന്ന വിദ്യാർഥിനിയാണ് മതനിന്ദ ആരോപിക്കപ്പെട്ട് ദാരുണമായി കൊലചെയ്യപ്പെട്ടത്.

ഈ കൊല നടത്തിയത് ഇസ്ലാമി



www.malankaralibrary.com

ക തീവ്രവാദ സംഘടനയിൽപ്പെട്ടവരായിരുന്നില്ല, മറിച്ച് മുസ്ലിംകളായ സഹപാഠികളായിരുന്നു. അതുവരെ കരുതിയിരുന്നത് നൈജീരിയയിലെ ക്രൈസ്തവഹത്യകൾ ചെയ്തിരുന്നത് ഇസ്ലാമിക തീവ്രവാദികളാണെന്നാണ്. പ്രധാനമായും ഇസ്ലാമിക് സ്റ്റേറ്റ്, ബോക്കോ ഹറാം, ഫുലാനി തുടങ്ങിയ തീവ്ര ഇസ്ലാമിക ഭീകര ഗ്രൂപ്പുകളിൽപ്പെട്ടവരാണ് സാധാരണക്കാരും സമാധാനകാംക്ഷികളുമായ ക്രിസ്ത്യാനിക്കളെ കൊന്നൊടുക്കുന്നത് എന്നായിരുന്നു പൊതുവെയുള്ള ധാരണ. എന്നാൽ, ആ ധാരണ തെറ്റാണെന്നും സാധാരണക്കാരായ മുസ്ലിം വിശ്വാസികളിൽ, വിശിഷ്യാ, യുവാക്കളിലും വിദ്യാർഥികളിലും പോലും തീവ്രവാദം കുത്തിവയ്ക്കുന്നതിൽ തീവ്രവാദികൾ വിജയിച്ചിരിക്കുന്നു എന്നുമുള്ള വസ്തുത ഡാബോറ സാമുവലിൻറെ നിഷ്ഠുര കൊലപാതകം ലോകത്തിനു മുമ്പിൽ അനാവൃതമാക്കി.

**ക്രൈസ്തവർ കൊല ചെയ്യപ്പെടുമ്പോൾ അത് ഒറ്റപ്പെട്ട സംഭവമാക്കാനും നിസാരവത്കരിക്കാനും വിവിധ ലോകരാഷ്ട്രങ്ങളും മുഖ്യധാരാ മാധ്യമങ്ങളും നിരന്തരം ശ്രമിക്കുന്നതായിട്ടാണു കണ്ടുവരുന്നത്.**

### ക്രിസ്തീയ വംശഹത്യയിൽ ഒന്നാമത്

അടുത്ത ചില വർഷങ്ങളിൽ ലോകത്ത് ഏറ്റവുമധികം ക്രൈസ്തവർ അവരുടെ വിശ്വാസത്തെ പ്രതി വധിക്കപ്പെടുന്നത് നൈജീരിയയിലാണ്. 2021ൽ ആറായിരത്തോളം ക്രൈസ്തവർ വിശ്വാസത്തെപ്രതി മാത്രം കൊല്ലപ്പെട്ടിട്ടുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്. അതിൽ എൺപത് ശതമാനത്തോളം പേർ കൊല്ലപ്പെട്ടത് ഇസ്ലാമിക ഭീകരരാൽ നൈജീരിയയിലാണ്. 2009 മുതലുള്ള കണക്കുകളനുസരിച്ച് 40,000ത്തോളം ക്രൈസ്തവർ ബൊക്കോ ഹറാമിൻറെ ആക്രമണങ്ങളിൽ മാത്രം കൊല്ലപ്പെട്ടിട്ടുണ്ട്. വർഷംതോറും ആക്രമണങ്ങൾ വർധിച്ചുവരികയാണ്. 2022 ജനുവരിക്കും മാർച്ചിനും ഇടയിൽ മാത്രം 531 ക്രൈസ്തവരാണ് ഇത്തരത്തിൽ ഇസ്ലാമിക ഭീകരരുടെ ഇരകളായിത്തീർന്നത്.

### എന്തുകൊണ്ട് ഈ ആക്രമണങ്ങൾ?

ഈ ആക്രമണങ്ങൾക്കെല്ലാം ഒരേയൊരു കാരണമേയുള്ളൂ; അതു സമ്പൂർണ ഇസ്ലാമിക രാഷ്ട്രത്തിൻറെ നിർമിതിയുടെ ഭാഗമാണ്. ലോകം മുഴുവൻ ഒറ്റ ഇസ്ലാമിക രാഷ്ട്രമാക്കുക എന്ന ലക്ഷ്യം ഇത്തരം തീവ്രസംഘടനകൾ പലപ്പോഴും പരസ്യമായി പ്രസ്താവിച്ചിട്ടുള്ളതാണ്. മാത്രവുമല്ല, ഓരോ കൊലപാതകത്തിലൂടെയും ക്രൂരകൃത്യത്തിലൂടെയും പൊതുസമൂഹത്തെ ഭയചകിതരാക്കാനും മനോവീര്യം തകർക്കാനും അവർ ലക്ഷ്യമിടുന്നു. ഇസ്ലാമിസ്റ്റുകൾ വിഭാവനം ചെയ്യുന്നത് ഇസ്ലാം മതം മാത്രമുള്ള ലോകമാണ്, ആ വിശ്വാസമനുസരിച്ചുള്ള ലോകക്രമമാണ്. അതിനായി അവിശ്വാസിക്കള മുഴുവൻ കൊന്നൊടുക്കണം എന്ന ആശയമാണ് ഇസ്ലാമിസ്റ്റുകളും ജിഹാദികളും പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്.

### തീവ്രവാദികൾ പിടിമുറുക്കുന്ന മതം അസമാധാനത്തിൻന്റേത്

തീവ്രവാദചിന്തകളിൽ പെടാത്ത, മിതവാദികളായ മുസ്ലിം വിശ്വാസികളും നൈജീരിയയിൽ ഇസ്ലാമിക മതതീവ്രവാദികളാൽ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നുണ്ട്. അതായത്, അവരുടെ രീതികളോടും വിശ്വാസനിയമ വാഖ്യാനങ്ങളോടും സമരസപ്പെടാത്തവരെല്ലാം തുടച്ചുനീക്കപ്പെടേണ്ടതാണ് എന്ന ആശയമാണ് ഇവരുടേതെന്ന് സാരം. അസമാധാനം ബോധപൂർവം ഇവിടെ നിർമിച്ചെടുത്തുകൊണ്ട് സമാധാനത്തിന്റെ മതം വളർത്താമെന്നു കരുതുന്ന ഈ വൈരുദ്ധ്യം പൊതുസമൂഹം ഇനിയും തിരിച്ചറിയേണ്ടതുണ്ട്.

### കണ്ണടച്ച് ഇരുട്ടാക്കുന്നവർ

ക്രൈസ്തവർ കൊല ചെയ്യപ്പെടുമ്പോൾ അത് ഒറ്റപ്പെട്ട സംഭവമാക്കാനും നിസാരവത്കരിക്കാനും വിവിധ ലോകരാഷ്ട്രങ്ങളും മുഖ്യധാരാ മാധ്യമങ്ങളും നിരന്തരം ശ്രമിക്കുന്നതായിട്ടാണു കണ്ടുവരുന്നത്. ചില മാധ്യമങ്ങൾക്ക് ഈ കൊലപാതകങ്ങൾ വെറും ഭീകര ആക്രമണങ്ങളും കൊലപാതകികൾ ഐഡൻറിറ്റിയില്ലാത്ത ഭീകരരുമാണ്.

ലോകത്തിൽ പലയിടത്തും നടന്നുകൊണ്ടിരിക്കുന്ന ക്രൈസ്തവപീഡനങ്ങളും ക്രിസ്തീയ വംശഹത്യകളും യാദൃച്ഛിക സംഭവങ്ങളായി കാണുന്ന റിപ്പോർട്ടുകൾക്കപ്പുറം ആർജവമുള്ള സത്യസന്ധമായ പഠനങ്ങളും നിലപാടുകളും സ്വീകരിക്കാൻ ആധുനിക സമൂഹം കൂടുതൽ ശ്ര

www.malankaralibrary.com

ദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ, തിരികെ ഇരുണ്ട യുഗങ്ങളിലേക്കുള്ള പ്രവേശന കവാടങ്ങൾ നാംതന്നെ നിർമിച്ചെടുക്കുകയാണ് എന്നു പറയേണ്ടിവരും.

**കേരളത്തിലും തീവ്രവാദം പിടിമുറുക്കുന്നുവോ?**

ഒരു കുട്ടിയുടെ കൊലവിളിമുദ്രാവാക്യം കേരളം കേട്ടിട്ട് ദിവസങ്ങളേ ആയിട്ടുള്ളൂ. ഉറങ്ങിയും ഉണർന്നുമൊക്കെയുള്ള തീവ്രവാദികളുടെ സാന്നിധ്യമുള്ള നാടാണ് ഇവിടമെന്ന് ഐക്യരാഷ്ട്രസഭയും പോലീസ് മേധാവികളും വിവിധ അന്വേഷണ ഏജൻസികളും വെളിപ്പെടുത്തിയിട്ടുണ്ട്. എന്തിനേറെ, ഇവിടെ ഡിറാഡിക്കലൈസേഷൻ പ്രക്രിയകൾക്ക് ഗവൺമെൻറ് തന്നെ നേതൃത്വം കൊടുക്കുന്നു എന്നു മുഖ്യമന്ത്രിയും വെളിപ്പെടുത്തിയിട്ടുണ്ട്.
പക്ഷേ, റാഡിക്കൽ സംഘടനകളും പ്രസ്ഥാനങ്ങളും ഇവിടെ പുഷ്ടിപ്പെടുകയാണോ എന്ന സംശയം ബലപ്പെടുന്ന രീതിയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. ഭാരതം മുഴുവൻ ഇസ്ലാമിക രാജ്യമാക്കും എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒട്ടനവധി സംഘടനകൾ നമ്മുടെ രാജ്യത്തു പ്രവർത്തിക്കുന്നു എന്നതു വ്യക്തമാണ്. രാഷ്ട്രീയ നേട്ടങ്ങൾക്കപ്പുറം ഈ നാട്ടിൽ ഐക്യവും സമാധാനവും നഷ്ടപ്പെടുത്തുന്ന എല്ലാറ്റിനോടും സന്ധിയില്ലാത്ത നിലപാട് ഭരണകൂടങ്ങൾ സ്വീകരിച്ചേ മതിയാകൂ.

നൂറ്റാണ്ടുകളായി സാമൂഹികവും സാംസ്കാരികവുമായ ക്രിയാത്മക ഇടപെടലുകൾ നടത്തി, രാഷ്ട്ര പുനർനിർമാണത്തിനു സർക്കാരുകൾക്കൊപ്പം നിന്നും, സമാധാനവും സന്തോഷവും നിലനിൽക്കുന്ന ഒരു സമൂഹത്തെ പടുത്തുയർത്താൻ പ്രതിജ്ഞാബദ്ധമായ ഒരു സമൂഹമാണ് കേരളത്തിലെ ക്രൈസ്തവർ.

ഇരുണ്ട യുഗങ്ങളുടെ തെറ്റുകളെ തിരുത്തിയും ഏറ്റുപറഞ്ഞും, സമാനതകളില്ലാത്ത കരുതലും മാനവിക സ്നേഹവും ലോകത്തു വളർത്തിയെടുക്കാനുള്ള നയമാണ് ക്രൈസ്തവസമൂഹം ഒന്നടങ്കം പിൻചെല്ലുന്നത്. ഈ ആധുനിക ലോകത്തിൽ, മാനവികതയിൽ അടിയുറച്ച ഒരു സമൂഹനിർമിതി മുന്നിൽ കാണുന്ന ക്രൈസ്തവരെയും കത്തോലിക്കാ സഭയെയുമാണ് ഇന്നു മതമൗലികവാദികൾ ശത്രുക്കളായി കാണുന്നത് എന്നുള്ളത് ഒരു വൈരുദ്ധ്യമാണ്.

ഇത്തരം വൈരുദ്ധ്യങ്ങൾ മൂലം രൂപപ്പെടുന്ന ആശയക്കുഴപ്പങ്ങൾ ഈ കാലഘട്ടത്തിൽ കൂടുതൽ പ്രതിസന്ധികൾക്കു വഴിയൊരുക്കുന്നു. മതമൗലികവാദവും തീവ്രവാദ പ്രവണതകളും ഏതു പ്രത്യയശാസ്ത്രത്തിൻറെ മറവിൽ രൂപംകൊള്ളുന്നതായാലും ചെറുക്കപ്പെടേണ്ടതുതന്നെ യാണ്. മാനവികതയ്ക്കാണ് ഇവിടെ പ്രാമുഖ്യം ലഭിക്കേണ്ടത്.

മതേതര സമൂഹം ഒരേ മനസോടെ ഐക്യത്തിനും സഹവർത്തിത്വത്തിനുമായി മുന്നോട്ടുവരുകയും എല്ലാവിധ മൗലികവാദങ്ങളെയും അകറ്റിനിർത്തുകയുമാണ് ഈ കാലഘട്ടത്തിലെ സങ്കീർണ പ്രശ്നങ്ങൾക്കും തീവ്രവാദ ഭീഷണികൾക്കുമുള്ള പ്രതിവിധി. ഈ ലക്ഷ്യം മുന്നിൽക്കണ്ട് ഭരണകൂടങ്ങൾ നിലപാടുകൾ സ്വീകരിക്കുന്നതോടൊപ്പം ഓരോ സമുദായവും വ്യക്തമായ നയരൂപീകരണങ്ങൾ നടത്തി തങ്ങൾക്കൊപ്പമുള്ളവരെ ബോധവത്കരിക്കാനും തയാറാകണം. അല്ലാത്തപക്ഷം, ഈ കാലഘട്ടത്തിലെ നൈജീരിയയായി നാളത്തെ കേരളം മാറിയേക്കാം.

> *മതമൗലികവാദവും തീവ്രവാദ പ്രവണതകളും ഏതു പ്രത്യയശാസ്ത്രത്തിൻറെ മറവിൽ രൂപംകൊള്ളുന്നതായാലും ചെറുക്കപ്പെടേണ്ടതു തന്നെയാണ്. മാനവികതയ്ക്കാണ് ഇവിടെ പ്രാമുഖ്യം ലഭിക്കേണ്ടത്.*



www.malankaralibrary.com



## ക്രൈസ്തവർക്കെതിരെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭീകരാക്രമണങ്ങൾ ലോകമനഃസാക്ഷി ഉണരണം: കെസിബിസി

കൊച്ചി: നൈജീരിയയിൽ ക്രൈസ്തവർ ഇസ്‌ലാമിക ഭീകരരാൽ കൂട്ടക്കൊല ചെയ്യപ്പെടുന്നത് തുടരുകയാണ്. ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഇരുപതോളം പേരെ ഐഎസ് ഭീകരർ കഴുത്തറുത്ത് കൊല്ലുന്ന കാഴ്ച ലോകം വലിയ നടുക്കത്തോടെയാണ് കണ്ടത്. കഴിഞ്ഞ മാസങ്ങളിലായി ഒട്ടേറെപ്പേർ വിവിധ ഇടങ്ങളിൽ വച്ച് നിഷ്ഠൂരമായി കൊലചെയ്യപ്പെട്ടതിന് പുറമെ, കഴിഞ്ഞ ദിവസം പെന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് ദൈവാലയത്തിലായിരുന്ന അമ്പതിലേറെപ്പേരാണ് ക്രൂരമായി കൊല ചെയ്യപ്പെട്ടത്. നിരപരാധികളായ അനേകർ ക്രൈസ്തവവിശ്വാസികളായതിനാൽ മാത്രം കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്ന കാഴ്ച അത്യന്തം വേദനാജകമാണ്. അനുദിനമെന്നോണം ഇസ്‌ലാമിക ഭീകരാക്രമണങ്ങൾ ലോകമെമ്പാടും വർദ്ധിച്ചു കൊണ്ടിരിക്കുന്നത് ലോകരാജ്യങ്ങൾ അതീവ ഗൗരവമായെടുക്കേണ്ട വിഷയമാണ്. ഇത്തരം ഭീഷണികളിൽനിന്ന് നമ്മുടെ നാടും വിമുക്തമല്ല എന്ന സൂചനയാണ് ചില സമീപകാല സംഭവങ്ങൾ നൽകുന്നത്. ഇത്തരം ഭീകര പ്രവർത്തനങ്ങൾ ഈ രാജ്യത്തെ സമാധാനകാംഷികളായ പൗരസമൂഹത്തെ ആശങ്കപ്പെടുത്തുന്നു. കേന്ദ്രസംസ്ഥാന സർക്കാരുകൾ മാതൃകാപരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിഷയം അർഹിക്കുന്ന പ്രാധാന്യത്തോടെ ചർച്ചചെയ്യാനുള്ള ആർജ്ജവം മാധ്യമങ്ങൾക്ക് ഉണ്ടാകണം. പീഡിപ്പിക്കപ്പെടുന്നവരും വധിക്കപ്പെടുന്നവരുമായ ദുർബ്ബലരോട് പക്ഷം ചേരുവാനും, മതമൗലിക വാദത്തെയും ഭീകരപ്രവർത്തനങ്ങളെയും തുടച്ചുനീക്കുവാനും വേണ്ട നടപടികൾ കൈക്കൊള്ളാൻ ഭരണകർത്താക്കളെ പ്രേരിപ്പിക്കേണ്ടതിന് മാധ്യമങ്ങളുടെ ഇടപെടൽ അത്യന്താപേക്ഷിതമാണ്. ലോക വ്യാപകമായി നടത്തപ്പെടുന്ന ഭീകരപ്രവർത്തനങ്ങളെ നേരിടുവാൻ ലോക രാഷ്ട്രങ്ങൾ ഒരുമിക്കണം.

---

## കെസിബിസി സമ്മേളനം ജൂൺ 7,8,9 തീയതികളിൽ പിഒസിയിൽ കേരള സഭാനവീകരണ കാലം 2022 - 2025 ഉദ്ഘാടനം

കൊച്ചി: കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ വർഷകാല സമ്മേളനം ജൂൺ 7,8,9 തീയതികളിലായി കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സിയിൽ നടക്കും. 7ന് രാവിലെ 10 മണിക്ക് സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുടെയും കെസിബിസിയുടെയും സംയുക്തയോഗം കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും. കെസിബിസി റിലീജിയസ് കമ്മീഷൻ ചെയർമാൻ ബിഷപ് വർഗീസ് ചക്കാലക്കൽ അധ്യക്ഷത വഹിക്കും. "കേരള കത്തോലിക്കാ സഭയുടെ നവീകരണവും സമർപ്പിതജീവിതവും" എന്ന വിഷയത്തെക്കുറിച്ച് ഡേ!ക്രൈനൽ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി ക്ലാസ് നയിക്കും. ഉച്ചയ്ക്കുശേഷം പൊന്തിഫിക്കൽ ദിവ്യബലിയും തുടർന്ന് കേരള സഭാനവീകരണ ഉദ്ഘാടനവും നടക്കും. വൈകിട്ട് 6ന് കെസിബിസി സമ്മേളനം ആരംഭിക്കും.

8,9 തീയതികളിൽ കേരളസഭയിലെ നവീകരണത്തെക്കുറിച്ചും സഭയും സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സ്വീകരിക്കേണ്ട നിലപാടുകളെയും നടപടികളെയും സംബന്ധിച്ചും കേരള കത്തോലിക്കാ മെത്രാൻ സമിതി ചർച്ച ചെയ്യും.

കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളുടെയും മെത്രാന്മാർ സമ്മേളനത്തിൽ പങ്കെടുക്കും.

www.malankaralibrary.com

# അഡ്മിഷൻ ആരംഭിച്ചു

പാലാരിവട്ടം, പിഒസി (POC, Pastoral Orientation Centre)യിലെ പാസ്റ്ററൽ ട്രെയ്നിങ് ഇൻസ്റ്റിട്യൂട്ട് (PTI) നടത്തുന്ന ഗവണ്മെന്റ് അംഗീകൃത ഒരു വർഷ കൗൺസിലിംഗ് സൈക്കോളജി ഡിപ്ലോമ, ആറു മാസ കൗൺസിലിംഗ് സൈക്കോളജി സർട്ടിഫിക്കേറ്റ് എന്നീ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. ഈ കോഴ്സുകൾ  പാസ്സാകുന്നവർക്ക് കൗൺസിലിംഗ്  നൽകാനുള്ള അംഗീകാരം ലഭിക്കുന്നതാണ്. വിവിധ ജോലികൾക്ക് ശ്രമിക്കുന്നവർക്ക് ഈ കോഴ്സ് സർട്ടിഫിക്കറ്റ് വളരെയധികം ഉപകാരം ചെയ്യും.

ഒരു വർഷ ഡിപ്ലോമയുടെ ഫീസ് 17,500/ രൂപയും ആറു മാസ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഫീസ് 9,500/ രൂപയും ആണ്. ഡിപ്ലോമ കോഴ്സിന് ചേരുന്നവർക്ക് ഫീസ് രണ്ടു ഗഡുക്കളായി അടയ്ക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

വീട്ടിലിരുന്നു കൊണ്ട് തന്നെ പഠിച്ചു പാസ്സാകാവുന്ന ഈ കോഴ്സുകളിൽ ക്ലാസുകൾ നയിക്കുന്നത് പ്രഗത്ഭരായ അധ്യാപകരാണ്. കോഴ്സിൽ ജോയിൻ ചെയ്യാൻ ആവശ്യമായ രേഖകൾ: ആപ്ലിക്കേഷൻ ഫോം, പ്ലസ് ടു സർട്ടിഫിക്കേറ്റ് കോപ്പി(സർട്ടിഫിക്കേറ്റ് കോഴ്സ്), ഡിഗ്രി സർട്ടിഫിക്കേറ്റ് കോപ്പി (ഡിപ്ലോമ കോഴ്സ്), ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുടെ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവയാണ്. ഫീസൊടുകൂടി അപ്ലിക്കേഷൻ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 15 ആണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഫാ. ടോണി കോഴിമണ്ണിൽ, ഡീൻ ഓഫ് സ്റ്റഡീസ്, പിടിഐ:  +919447441109; സി. സോളി DCPB, സെക്രട്ടറി, പിടിഐ: +918113876979

## യുദ്ധത്തിന്റെ അന്ത്യത്തിനു വേണ്ടിയുള്ള പ്രാർത്ഥന അവസാനിപ്പിക്കരുതേ: അഭ്യർത്ഥനയുമായി കീവ് മെത്രാൻ

കീവ്: യുക്രൈന്റെ മേലുള്ള റഷ്യൻ അധിനിവേശം നൂറു ദിവസങ്ങൾ പിന്നിട്ട സാഹചര്യത്തിൽ സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥന അവസാനിപ്പിക്കരുതെന്ന അഭ്യർത്ഥനയുമായി കീവിലെ മെത്രാൻ വിറ്റാലി ക്രിവിറ്റ്സ്കി. നൂറു ദിവസം നീണ്ട യുദ്ധത്തിനിടയിൽ യുക്രൈൻ മാത്രമല്ല മുഴുവൻ അന്താരാഷ്ട്ര സമൂഹവും പരസ്പര ബന്ധത്തിന്റേതായ ഒരു രൂപാന്തരീകരണത്തിലൂടെ കടന്നുപോയെന്നും ഇക്കഴിഞ്ഞ ജൂൺ 1ന് നൽകിയ ടെലിഫോൺ അഭിമുഖത്തിലൂടെ ബിഷപ്പ് വിറ്റാലി പറഞ്ഞു.

'നമ്മൾ ആഗ്രഹിക്കാത്ത ഈ യുദ്ധം നമ്മളെ കുറച്ചുകൂടി പക്വതയുള്ളവരാക്കി. പല കാര്യങ്ങളേയും പുതിയ കണ്ണിലൂടെ നോക്കുവാൻ യുദ്ധം നമ്മെ പഠിപ്പിച്ചു. നമ്മൾ അറിയാതെ നമുക്ക് ചുറ്റും ജീവിച്ചിരുന്നവർ ഒരു രാത്രികൊണ്ട് നമ്മുടെ സുഹൃത്തുക്കൾ ആയി'. വളരെക്കാലമായി ജനങ്ങൾ സമാധാനത്തേക്കുറിച്ച് മാത്രമാണ് സംസാരിക്കുന്നത്. വിജയത്തെക്കുറിച്ച് മാത്രമാണ് ആളുകൾ സംസാരിക്കുന്നത്. സമാധാനത്തിന്റെ പേരിൽ യുക്രൈന്റെ ഒരു ഭാഗം വിട്ടുനൽകുന്നത് കൊണ്ട് പ്രശ്നത്തിന് പരിഹാരമാവില്ല. അത് യുദ്ധത്തെ നീട്ടിവെക്കുകമാത്രമാണ് ചെയ്യുകയെന്ന് ബിഷപ്പ് പറഞ്ഞു.

റഷ്യയുടെ സൈനീകനടപടിയെ ഫ്രാൻസിസ് പാപ്പയും, വത്തിക്കാനും കൂടുതൽ ശക്തമായ ഭാഷയിൽ അപലപിച്ചില്ലെന്ന വിമർശനാത്മകമായ ചോദ്യത്തിന്, യുക്രൈൻ ജനതയോട് വത്തിക്കാൻ കാണിക്കുന്ന സ്നേഹം താൻ കണ്ടുവെന്നും, ദുരിതത്തിൽ കഴിയുന്ന യുക്രൈൻ ജനതക്ക് വേണ്ടി പാപ്പ പ്രത്യേകം പ്രാർത്ഥിച്ച കാര്യവും ചൂണ്ടിക്കാട്ടി. ഫെബ്രുവരി 24ന് ആരംഭിച്ച റഷ്യയുക്രൈൻ യുദ്ധം ഇക്കഴിഞ്ഞ ജൂൺ 3നാണ് 100 ദിവസം പിന്നിട്ടത്. യുക്രൈനിലെ പതിനായിരകണക്കിന് സാധാരണക്കാർ യുദ്ധത്തിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്നു പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി ഇക്കഴിഞ്ഞ വ്യാഴാഴ്ച പറഞ്ഞിരിന്നു. നിരന്തരമായ പ്രാർത്ഥനയാണ് ഇപ്പോൾ ഏറ്റവും ആവശ്യമുള്ളതെന്ൻ പറഞ്ഞ മെത്രാൻ, അത്, അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഒരു ഉപകരണമാണെന്നും പറഞ്ഞുകൊണ്ടാണ് തന്റെ അഭിമുഖം അവസാനിപ്പിച്ചത്.

www.malankaralibrary.com

# കേരളസഭാ നവീകരണം 2022 -2025

*ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി*
*ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെസിബിസി*



കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയാറാവുകയാണ്. കഴിഞ്ഞ പെന്തക്കുസ്താദിനത്തിരുന്നാളിലാണ് കേരളസഭാനവീകരണ കാലഘട്ടം ആരംഭിച്ചത്. ഇതിന്റെ ഉദ്ഘാടനം കെസിബിസിയുടെ മൺസൂൺകാല സമ്മേളനത്തോടനുബന്ധിച്ച് ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് പാലാരിവട്ടം പിഒസിയിൽ നടത്തുന്ന പൊന്തിഫിക്കൽ ദിവ്യബലിയോടെ ആയിരിക്കും. 2025 ജൂൺ എട്ടിന് പെന്തക്കുസ്താത്തിരുനാൾവരെയാണ് നവീകരണകാലഘട്ടം.

### അനിവാര്യമായ നവീകരണം

'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്നതാണ് നവീകരണയജ്ഞത്തിൻറെ ആപ്തവാക്യം. ആഗോള കത്തോലിക്കാസഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാത്മകതയ്ക്കുവേണ്ടിയുള്ള സിനഡിൻറെ പശ്ചാത്തലത്തിൽ കൂടിയാണ് കേരള സഭാനവീകരണം നടക്കുന്നത്. 2025ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലിവർഷത്തിലേക്കു 'പ്രത്യാശയുടെ തീർഥാടകർ' എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തുകഴിഞ്ഞു. അതോടൊപ്പം, 2033 ാമാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർഥപൂർണമാകുന്നത്. കേരള സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

### നവീകരണ മേഖലകൾ

കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ മേൽനോട്ടത്തിൽ കേരളസഭാ നവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.

### കൂട്ടായ്മയിലേക്കുള്ള മാനസാന്തരം

കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കളുടെ കടമയാണ്.

### പ്രാർഥനാജീവിതം

ക്രൈസ്തവ ആത്മീയ മേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധകുർബാന എന്നീ അടിസ്ഥാനവിഷയങ്ങളിൽ സഭാ പ്രേഷിതത്വം ഊന്നൽ നല്കണം.

### വിശ്വാസപരിശീലനം

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസ പരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം.

### അനുരഞ്ജന മേഖലകൾ

മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോ

www.malankaralibrary.com

കാനാവില്ല. സഭകൾക്കിടയിലും ഇടവകത ലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം.

**പ്രേഷിത മാനസാന്തരം**

സ്വഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം.

**വൈദികസന്ന്യസ്ത പ്രേഷിതത്വം**

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടുതട്ടുകളിലല്ല. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിത രൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വൈദികസന്ന്യസ്തഅല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

**കുടുംബ പ്രേഷിത ശുശ്രൂഷ**

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം.

കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം.

**അല്മായ പ്രേഷിതത്വവും പങ്കാളിത്തവും**

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്വത്തിനും യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം. ക്രിസ്തുവിൻറെ പുരോഹിതപ്രവാചകരാജകീയ ധർമങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായ വിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിൻറെയും ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.

**ദരിദ്രരുടെ സഭ**

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏൽക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധമാകും.

**യുവജനശുശ്രൂഷ**

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജനശുശ്രൂഷാ മേഖലകൾ നവീകരിക്കപ്പെടണം.

**പരിസ്ഥിതിപരമായ മാനസാന്തരം**

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെപേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം.

**സംവാദത്തിന്റെ മേഖലകൾ**

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറി

www.malankaralibrary.com

ച്ചു പഠിക്കാനും സമൂഹത്തിൻറെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

**കേരളസഭാ നവീകരണ നടപടികൾ**

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. സംസ്ഥാനരൂപതഇടവകകുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറാൾമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ തയാറാക്കിയിട്ടുണ്ട്.

സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാഇടവകതല നവീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. രൂപതാതലത്തിലുള്ള ഉദ്ഘാടനം ജൂൺ 26ന് ദിവ്യബലിയോടെ സംഘടിപ്പിക്കണമെന്നു നിർദേശിച്ചിട്ടുണ്ട്. രൂപതാതലപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം ലഭ്യമാക്കും.

സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാഇടവകതലങ്ങളിലും നവീകരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതികൾ രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. അതതുരൂപതകളുടെ വികാരി ജനറാൾമാരുടെ നേതൃത്വത്തിലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ പ്രസ്തുത സമിതിയുടെ നേതൃത്വത്തിലാണ് സംഘടിപ്പിക്കേണ്ടത്.

ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള ക്രൈസ്തവരുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണകാലം സഹായകരമാകും.



www.malankaralibrary.com

# പന്തക്കുസ്താ തിരുനാൾ ദിവ്യബലിമധ്യേ നൈജീരിയയിലെ കത്തോലിക്കാ ദൈവാലയത്തിൽ മുസ്ലീം തീവ്രവാദികൾ നടത്തിയ വെടിവെപ്പിൽ 50 ൽപ്പരം പേർ കൊല്ലപ്പെട്ടു:

അബൂജ: പന്തക്കുസ്താ തിരുനാൾ ദിവ്യബലിമധ്യേ നൈജീരിയയിലെ കത്തോലിക്കാ ദൈവാലയത്തിൽ തീവ്രവാദികൾ നടത്തിയ വെടിവെപ്പിൽ 50ൽപ്പരം പേർ കൊല്ലപ്പെട്ടെന്നും നിരവധി പേർ ബന്ധികളാക്കപ്പെട്ടെന്നും സ്ഥിരീകരിച്ച റിപ്പോർട്ടുകൾ. നൈജീരിയയുടെ തെക്ക് പടിഞ്ഞാറൻ മേഖലയിലെ ഓവോയിൽ സ്ഥിതിചെയ്യുന്ന സെന്റ് ഫ്രാൻസിസ് ദൈവാലയത്തിലാണ് ആയുധധാരികൾ അക്രമം അഴിച്ചുവിട്ടത്. കൊല്ലപ്പെട്ടവരിൽ നിരവധി കുഞ്ഞുങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

പന്തക്കുസ്താ തിരുനാൾ ദിനത്തിലെ ശുശ്രൂഷാമധ്യേ ദൈവാലയത്തിൽ അതിക്രമിച്ച് കയറിയ ആയുധധാരികൾ വിശ്വാസികൾക്ക് നേരെ വെടിയുതിർക്കുകയായിരുന്നുവെന്ന് പ്രാദേശിക മാധ്യമങ്ങളെ ഉദ്ധരിച്ച് ബി.ബി.സി, റോയിട്ടേഴ്സ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഒരു വൈദികനെയും ഏതാനും വിശ്വാസികളെയും തട്ടിക്കൊണ്ടുപോയിട്ടുണ്ടെന്നും റിപ്പോർട്ടുകളുണ്ട്. നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

ദൈവാലയ വളപ്പിൽ കുറഞ്ഞത് അഞ്ച് തോക്കുധാരികളെ കണ്ടതായുള്ള ദൃക്സാക്ഷി വിവരണങ്ങളും പുറത്തുവന്നിട്ടുണ്ട്. ദൈവാലയത്തിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചുവെന്നും റിപ്പോർട്ടുണ്ട്. കൊല്ലപ്പെട്ടവരുടെ എണ്ണം ഇപ്പോഴും തിട്ടപ്പെടുത്താനായിട്ടില്ല. അൻപതിനടുത്ത് മൃതദേഹങ്ങൾ ഓവോയിലെ 'ഫെഡറൽ മെഡിക്കൽ സെന്ററി'ലേക്കും സെന്റ് ലൂയിസ് കാത്തലിക് ഹോസ്പിറ്റലിലേക്കും മാറ്റിയിട്ടുണ്ട്.



ദൈവാലയത്തിന്റെ തറയിൽ രക്തത്തിൽ കുളിച്ചുകിടക്കുന്ന വിശ്വാസികളുടെ വീഡിയോ പുറത്തുവന്നിട്ടുണ്ട്. ആക്രമണത്തിന്റെ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ല. ആക്രമണത്തെ അപലപിച്ച ഫ്രാൻസിസ് പാപ്പ, ഇരകളാക്കപ്പെട്ടവരെ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായി വത്തിക്കാൻ പുറപ്പെടുവിച്ച പ്രസ്താവന വ്യക്തമാക്കി. നിരപരാധികൾക്ക് നേരെ നടന്നത് 'നീചവും പൈശാചികവുമായ ആക്രമണ'മാണെന്ന് വ്യക്തമാക്കിയ ഒൻഡോ സംസ്ഥാന ഗവർണർ റൊട്ടിമി അകെരെഡോലു, ജനങ്ങളോട് ശാന്തത പാലിക്കാൻ അഭ്യർത്ഥിച്ചു.

പശ്ചിമാഫ്രിക്കൻ രാജ്യമായ നൈജീരിയയിൽ 2009 മുതൽ ക്രൈസ്തവ സഭകളെയും സഭാവിശ്വാസികളെയും ലക്ഷ്യംവെച്ച് നടത്തുന്ന വ്യാപകമായ ആക്രമണ പരമ്പരയിലെ ഏറ്റവും പുതിയ സംഭവമാണിത്. ഇസ്ലാമിക തീവ്രവാദ സംഘടനയായ ബൊക്കോ ഹറാം മേഖലയിൽ സാന്നിധ്യം ഉറപ്പിച്ച 2009 മുതൽ ഇതുവരെയുള്ള 13 വർഷത്തിനിടെ 45,644 ക്രൈസ്തവർ കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ. ബൊക്കോ ഹറാം, ഫുലാനി ഹെഡ്സ്മാൻ, ഐസിസ് വെസ്റ്റ് ആഫ്രിക്കൻ പ്രൊവിൻസ് എന്നീ ഇസ്ലാമിക തീവ്രവാദികളാണ് നൈജീരിയയിലും സമീപ പ്രദേശങ്ങളിലും വെല്ലുവിളി ഉയർത്തുന്നത്.

നൈജീരിയയിൽ 2021 ജനുവരി ഒന്നു മുതൽ 2022 മാർച്ച് വരെയുള്ള 15 മാസത്തിനിടെമാത്രം ക്രിസ്തുവിശ്വാസത്തെപ്രതി 6006 പേർ കൊല്ലപ്പെട്ടെന്ന നടുക്കുന്ന റിപ്പോർട്ട് 'ദ ഇന്റർനാഷണൽ സിവിൽ ലിബർട്ടീസ് ആൻഡ് റൂൾ ഓഫ് ലോ' (ഇന്റർ സൊസൈറ്റി) എന്ന സന്നദ്ധ സംഘടന ഈയിടെ പുറത്തുവിട്ടിരുന്നു. ഇസ്ലാമിക തീവ്രവാദികളാലും ജിഹാദി അനുകൂലികളായ സുരക്ഷാ സേനാംഗങ്ങളുടെ അതിക്രമങ്ങളിലുമാണ് ഇവരെല്ലാം കൊല്ലപ്പെട്ടതെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. നൈജീരിയൻ ക്രൈസ്തവർ നേരിടുന്ന മതപീഡനങ്ങളെ കുറിച്ച് പഠനം നടത്തുന്ന സന്നദ്ധ സംഘടനയാണ് 'ഇന്റർ സൊസൈറ്റി'.

www.malankaralibrary.com



# ഒരു ഇലക്ഷനും കുറെ കോലാഹലങ്ങളും

**കേ**രളത്തിൽ ഇതുവരെ കാണാത്ത ഒരു മാമാങ്കമാണ് തൃക്കാക്കര ഉപതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് നടന്നത്. പ്രധാനമായും, ഭരണകക്ഷിയായ ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് തങ്ങളുടെ ശക്തി തെളിയിക്കാൻ കിണഞ്ഞു പരിശ്രമിച്ചത്. നിയമസഭയിൽ 99 സീറ്റുകളുമായി അനിഷേധ്യ ഭൂരിപക്ഷത്തോടെ അധികാരത്തിലിരിക്കുന്ന എൽഡിഎഫിന് കേവലം 40 സീറ്റുകൾ മാത്രമുള്ള യുഡിഎഫിനോട് മത്സരിക്കേണ്ട യാതൊരു കാര്യവുമില്ല എന്ന് അവർക്കുതന്നെ അറിയാം. നിയോജകമണ്ഡലത്തിന്റെ ആരംഭം മുതൽ കോൺഗ്രസ് ആർക്കും വിട്ടുകൊടുക്കാത്തതും കോൺഗ്രസിന്റെ കോട്ട എന്ന് അറിയപ്പെടുന്നതുമായ തൃക്കാക്കര മണ്ഡലത്തിലെ സീറ്റ് വളരെ അധ്വാനിച്ച് പിടിച്ചെടുത്താൽ തന്നെ അതുകൊണ്ട് എൽഡിഎഫിന് വലിയ നേട്ടമൊന്നും വാസ്തവത്തിലില്ല. പിന്നെ എന്തുകൊണ്ടാണ് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും എംപിമാരും അമ്പതോളം എംഎൽഎമാരും ആഴ്ചകളോളം മറ്റെല്ലാ തിരക്കുകളും മാറ്റിവച്ച് ഈ ഒരു ഇലക്ഷനുവേണ്ടി ചെലവഴിച്ചത് എന്ന ചോദ്യം വളരെ പ്രസക്തമാണ്.

കേരളം ഇതുവരെ കാണാത്ത വിധത്തിലുള്ള പ്രചാരണ യുദ്ധത്തിനൊടുവിൽ എൽഡിഎഫിന് നേടാനായത് മൂവായിരത്തിനടുത്ത് അധിക വോട്ടുകളാണ്. എൽഡിഎഫിനേക്കാൾ വളരെ കുറഞ്ഞ ഫണ്ട് ചെലവഴിച്ച് താരതമ്യേന ഒതുക്കത്തിൽ പ്രചരണ പരിപാടികൾ പൂർത്തിയാക്കിയ യുഡിഎഫിന് ആകട്ടെ പതിനാലായിരത്തോളം അധിക വോട്ടുകൾ കിട്ടി. ഇലക്ഷനിൽ എൽഡിഎഫ് കഴിഞ്ഞാൽ കൂടുതൽ അധ്വാനിച്ച പാർട്ടി ബിജെപി ആണ്. വർഗ്ഗീയതയും തീവ്രവാദവും മുഖ്യ വിഷയങ്ങളാക്കുകയും, പല തന്ത്രങ്ങളും പയറ്റുകയും, ചരിത്രത്തിൽ ഏറ്റവുമധികം അധ്വാനിക്കുകയും, പ്രതീക്ഷകൾ വച്ചുപുലർത്തുകയും ചെയ്തിട്ടും കഴിഞ്ഞ വർഷത്തെ ഇലക്ഷനിൽ കിട്ടിയതിനേക്കാൾ രണ്ടായിരത്തിൽപ്പരം വോട്ടുകൾ കുറവാണ് ബിജെപി സ്ഥാനാർത്ഥിക്ക് കിട്ടിയത്. 2021 ഇലക്ഷനിൽ നാലാം സ്ഥാനത്തുണ്ടായിരുന്ന 20 20 സ്ഥാനാർത്ഥിയുടെ അസാന്നിദ്ധ്യവും ഈ ഉപതെരഞ്ഞെടുപ്പിൽ പ്രധാനമായൊരു ഘടകമായിരുന്നു.

തൃക്കാക്കര ഇലക്ഷനിൽ എൽഡിഎഫിന്റെ തോൽവി ഏറെക്കുറെ സുനിശ്ചിതമായിരുന്നു. വലിയ അത്ഭുതങ്ങളൊന്നും സംഭവിച്ചില്ലെങ്കിൽ കോൺഗ്രസിന്റെ സ്വന്തമായിത്തന്നെ ആ മണ്ഡലം തുടരും എന്നുള്ളത് എല്ലാ സ്വതന്ത്ര നിരീക്ഷകരുടെയും വിലയിരുത്തലായിരുന്നു. എന്നാൽ, കോൺഗ്രസിന്റെ ഭൂരിപക്ഷം കുറയുമെന്നായിരുന്നു ഏതാണ്ടെല്ലാവരും, കോൺഗ്രസ് നേതൃത്വം ഉൾപ്പെടെ കരുതിയിരുന്നത്. പക്ഷെ എല്ലാവ



www.malankaralibrary.com

രെയും ഞെട്ടിച്ചുകൊണ്ട് തൃക്കാക്കരയിലെ ആദ്യ എംഎൽഎ ആയിരുന്ന ബെന്നി ബെഹനാന് ലഭിച്ചതിനേക്കാൾ വലിയ ഭൂരിപക്ഷം മുൻ എംഎൽഎ പി.ടി തോമസിന്റെ ഭാര്യ ഉമ തോമസിന് ലഭിച്ചു. തികച്ചും ഒരു ഏകപക്ഷീയ വിജയമാണ് അവർക്ക് ലഭിച്ചത്. ഒരു സാധാരണ തോൽവിയിൽ പതറുമായിരുന്നില്ലാത്ത എൽഡിഎഫ് നേതൃത്വവും കമ്മ്യൂണിസ്റ്റ് പാർട്ടിയും മണിക്കൂറുകളോളം നിശ്ശബ്ദരായിപ്പോയി. വാസ്തവത്തിൽ സിപിഐ എം അടിസ്ഥാന ലക്ഷ്യമായി കണ്ടിരുന്ന ഒന്ന് നേടാൻ കഴിഞ്ഞിട്ടും, കോൺഗ്രസിന്റെ അപ്രതീക്ഷിതമായ വലിയ നേട്ടം അവരുടെ ആത്മവിശ്വാസത്തെ തകർത്തുകളഞ്ഞു.

### സിപിഎമ്മിന്റെ ലക്ഷ്യവും കോൺഗ്രസിന്റെ നേട്ടവും

തൃക്കാക്കരയിലെ ഉപതെരഞ്ഞെടുപ്പിൽ 2021 ഇലക്ഷനിലെ വോട്ട് വിഹിതമെങ്കിലും നിലനിർത്തുകയായിരുന്നു ഇടതുപക്ഷത്തിന്റെ പ്രധാന ലക്ഷ്യം. രണ്ടാംതവണ നിഷ്പ്രയാസം അധികാരത്തിൽ കയറി കേവലം ഒരു വർഷത്തിനുള്ളിൽ ജനങ്ങളുടെ അപ്രീതി ആവോളം വാരിക്കൂട്ടിയിട്ടും, പ്രതിയോഗികളെയും വിമർശകരെയും വെല്ലുവിളിച്ചു നിന്നിരുന്ന ഇടതുപക്ഷ സർക്കാരിനെ സംബന്ധിച്ച്, ഈ ഒരു ഇലക്ഷൻ വളരെ നിർണ്ണായകമായി മാറിയത് സ്വാഭാവികം. തൃക്കാക്കരയിലെ ഇലക്ഷൻ റിസൾട്ടിൽ എൽഡിഎഫിന്റെ ഗ്രാഫ് താഴോട്ടുപോയാൽ, കെ റെയിൽ വിവാദം, കെഎസ്ആർടിസി പ്രതിസന്ധി, രാഷ്ട്രീയ കൊലപാതകങ്ങൾ, സാമ്പത്തിക പ്രതിസന്ധി തുടങ്ങിയ ഒട്ടേറെ വിഷയങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ജനങ്ങൾ മറിച്ചു ചിന്തിച്ചു തുടങ്ങി എന്ന ഭാഷ്യം പ്രബലപ്പെടുകയും അത് തിരിച്ചടിയാവുകയും ചെയ്യും. അതിനാൽത്തന്നെ, ജയിക്കുക എന്നതിനേക്കാൾ വോട്ട് വിഹിതം കുറയാതിരിക്കുക എന്നതായിരുന്നിരിക്കണം ഇടതുമുന്നണിയുടെ ലക്ഷ്യം. വാസ്തവത്തിൽ ആ ലക്ഷ്യം കഠിന പരിശ്രമത്തിലൂടെ അവർ നേടിയെടുക്കുകതന്നെ ചെയ്തു. മൂവായിരത്തോളം വോട്ടുകൾ അധികമായി അവർ നേടി. അതേസമയം, കോൺഗ്രസിന് ലഭിച്ച വലിയ നേട്ടം ഇടതുപക്ഷത്തിന്റെ നേട്ടത്തെ വളരെ ചെറുതാക്കിക്കളഞ്ഞു.

ഒട്ടും പ്രതീക്ഷിക്കാത്ത ഒരു വിജയം തങ്ങളെ തേടിയെത്തിയത് കോൺഗ്രസ് പ്രവർത്തകരെ സ്തബ്ധരാക്കുകയാണുണ്ടായത്. ആ നേട്ടത്തെ എങ്ങനെ വിവരിക്കണമെന്ന് പലർക്കും വ്യക്തത കിട്ടിയില്ല. പലവിധ വ്യാഖ്യാനങ്ങളാണ് ആ വിജയത്തിന് നല്കപ്പെട്ടിട്ടുള്ളത്. ചിലർ വി.ഡി സതീശൻ. കെ. സുധാകരൻ സഖ്യത്തിന്റെ വിജയമായി അതിനെ വാഴ്ത്തിയപ്പോൾ മറ്റു ചിലർ പി. ടി. തോമസിന്റെ ആദർശത്തിന്റെയും വ്യക്തിപ്രഭാവത്തിന്റെയും വിജയമായും, വേറെ ചിലർ സഹതാപ തരംഗത്തിൽ ലഭിച്ച വിജയമായും വിലയിരുത്തി. വേറെ ചിലരുടെ നിഗമനം, 2020 ക്ക് തൃക്കാക്കര മണ്ഡലത്തിലുണ്ടായിരുന്ന വോട്ട് അപ്പാടെ കോൺഗ്രസിന് ലഭിച്ചതാണ് ഈ നേട്ടത്തിന് കാരണമെന്നാണ്. ശ്രീമതി ഉമ തോമസിനെ മികച്ച ഒരു രാഷ്ട്രീയക്കാരിയായി വിലയിരുത്തിയവരുമുണ്ട്. എന്നാൽ, മറുവാദങ്ങൾക്കിടെ വേണ്ടത്ര പ്രാധാന്യം കിട്ടാതെ മുങ്ങിക്കിടക്കുന്ന ഒരു കാരണം കൂടിയുണ്ട്. ഇടതുപക്ഷം ഭയന്നതെന്തോ അതുതന്നെ. ഭരണത്തോടുള്ള ജനത്തിന്റെ കടുത്ത അതൃപ്തി!

ഇടതുപക്ഷ സ്ഥാനാർത്ഥിയായിരുന്ന ഡോ. ജോ ജോസഫ് 2021 ലെ സ്ഥാനാർത്ഥിയായിരുന്ന ഡോ. ജെ ജേക്കബിനെക്കാൾ മൂവായിരത്തോളം വോട്ട് കൂടുതൽ നേടി എന്നുള്ളത് വാസ്തവത്തിൽ ചെറിയ കാര്യമല്ല. തങ്ങൾ പരാജയപ്പെട്ടിട്ടില്ല എന്ന് സ്ഥാപിക്കാൻ കമ്മ്യൂണിസ്റ്റ് നേതൃത്വവും അണികളും ആവർത്തിക്കുന്നത് ഇതേ കാര്യമാണ്. മന്ത്രിസഭ തങ്ങളുടേതായിരിക്കും എന്ന് ഏറെക്കുറെ ഉറപ്പുണ്ടായിരുന്നിട്ടും തൃക്കാക്കരയിൽ ജയിക്കില്ല എന്ന് വ്യക്തമായി അറിയാമായിരുന്നതിനാൽ, സ്വതന്ത്ര സ്ഥാനാർത്ഥിയെ നിർത്തുകയും പ്രചരണങ്ങളിൽ പോലും കാര്യമായി ശ്രദ്ധിക്കാതിരിക്കുകയും ചെയ്ത 2021ലെ പ്രധാന ഇലക്ഷൻ കഴിഞ്ഞ് കേവലം ഒരു വർഷത്തിന് ശേഷം വന്ന ഉപതെരഞ്ഞെടുപ്പിൽ ഇത്രമാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ എന്താണ് കാരണം എന്നുള്ളതിന്റെ ഉത്തരം വളരെ വ്യക്തമാണ്. തങ്ങളുടെ നിലപാടുകളും തീരുമാനങ്ങളുമെല്ലാം ശരിയാണെന്ന് സ്ഥാപിക്കാൻ ഇടതുപക്ഷത്തിന് ലഭിച്ച അസുലഭാവസരം തന്നെയായിരുന്നു ഈ ഉപതെരഞ്ഞെടുപ്പ്.




മാസങ്ങൾക്ക് മുമ്പേ തുടങ്ങിയ ആലോചനകളും, പദ്ധതി

www.malankaralibrary.com

കളും, അതീവ സൂക്ഷ്മതയോടെയുള്ള ഇടപെടലുകളും ഇതുവരെ കാണാത്ത കഠിനാധ്വാനവുമെല്ലാം ഈ ഇലക്ഷന്റെ ഭാഗമായുണ്ടായിരുന്നു. സ്വതന്ത്ര സ്ഥാനാർത്ഥിയുടെ സ്ഥാനത്ത് സ്വന്തം ചിഹ്നത്തിൽ സ്ഥാനാർത്ഥിയെ നിർത്തി. അവസാന സ്ഥാനാർത്ഥി പ്രഖ്യാപിക്കപ്പെടുന്നതിന് മുമ്പ് തന്നെ ഔദ്യോഗികവും അനൗദ്യോഗികവുമായി പല പേരുകൾ ഉയരുകയും ചർച്ചയാവുകയും ചെയ്തു. ഒടുവിൽ ഒരു ചികിത്സകൻ എന്ന നിലയിൽ അനേകരുമായി ബന്ധമുള്ളയാൾ, ക്രൈസ്തവൻ എന്ന നിലയിൽ ക്രൈസ്തവ സമൂഹത്തെ ആകർഷിക്കാൻ കഴിഞ്ഞേക്കാവുന്നയാൾ, സജീവ പാർട്ടി പ്രവർത്തകനല്ലെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹയാത്രികൻ എന്നീ ഗുണഗണങ്ങളോടു കൂടിയ ഒരു സ്ഥാനാർത്ഥി നിയോഗിക്കപ്പെട്ടു! ആഴ്ചകൾ നീണ്ട ശക്തമായ പ്രചാരണ പരിപാടികൾ, മിക്കവാറും എല്ലാ വീടുകളിലും വിവിഐപികൾ നേരിട്ടെത്തി വോട്ട് ചോദിക്കുന്നു, അമേരിക്കയിൽ ചികിത്സയ്ക്ക് പോയ മുഖ്യമന്ത്രി ഇലക്ഷൻ അർജൻസിയിൽ തിരിച്ചെത്തി പ്രചാരണപരിപാടികളിൽ പങ്കെടുക്കുന്നു, കോടികൾ മുടക്കി എല്ലാ പത്രങ്ങൾക്കും പലതവണ മുഴുവൻ പേജ് പരസ്യങ്ങൾ നൽകി അവരെ കൂടെ നിർത്തുന്നു... അങ്ങനെ ചെയ്യാവുന്ന മുഴുവൻ രീതികളിലും ഇലക്ഷൻ പ്രചരണം പൂർത്തിയാക്കിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരുവശത്ത്.

കാര്യമായി പണം പോലും മുടക്കാനില്ലാത്ത, വിഐപികളെ പോലും രംഗത്തിറക്കാനില്ലാത്ത യുഡിഎഫ് ആകട്ടെ, കുറച്ചു വണ്ടികൾ കുറെ ദിവസം മണ്ഡലത്തിലൂടെ ഓടിച്ചതാണ് പ്രധാനമായി ചെയ്ത ഇലക്ഷൻ പ്രചരണം. 'ചന്ദ്രകളഭം ചാർത്തിയുറങ്ങും തീര'മായിരുന്നു അവരുടെ പ്രധാന പ്രചാരണായുധം. കാശും കയ്യൂക്കുമുള്ളവർ കുറെ വോട്ടും കൊണ്ടുപോകുമെന്ന് കോൺഗ്രസ് പ്രവർത്തകർ തീർച്ചയായും കരുതിയിരുന്നു. എന്നാൽ, സംഭവിച്ചത് മറിച്ചാണ്. കോൺഗ്രസിന്റെ വോട്ടുകളൊന്നും മറിഞ്ഞില്ലെന്ന് മാത്രമല്ല, ഒരിക്കലും കോൺഗ്രസിന് വോട്ട് ചെയ്തിട്ടില്ലാത്തവരും ഇക്കുറി ചെയ്തു. അതേസമയം, തങ്ങൾക്ക് വോട്ട് ഏറെക്കുറെ ഉറപ്പുള്ള സകലരെയും തെരഞ്ഞുപിടിച്ച് വോട്ടു ചെയ്യിക്കാൻ സിപിഎം പ്രവർത്തകർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിനായി ഇലക്ഷൻ ദിവസം ഒട്ടേറെ വാഹനങ്ങൾ തൃക്കാക്കര മണ്ഡലത്തിൽ ഓടി നടന്നു. ഒരു വോട്ട് പോലും നഷ്ടപ്പെടുത്താതിരിക്കാൻ പ്രവർത്തകർ കാണിച്ച സൂക്ഷ്മതയായിരിക്കാം ഇലക്ഷനിൽ അവർക്ക് ഏറ്റവും ഗുണം ചെയ്തത്. എന്തുതന്നെയായാലും, പറഞ്ഞുനിൽക്കാൻ ഒരു പിടിവള്ളി എന്നതിനപ്പുറം സിപിഎമ്മിന് മറ്റൊന്നും ഈ ഇലക്ഷനിൽനിന്ന് ലഭിച്ചിട്ടില്ല എന്ന് നിശ്ചയം.



എന്നാൽ, അതിവൈകാരികതയിൽ സ്വയം മറന്നു നിൽക്കുന്ന കോൺഗ്രസ് പ്രവർത്തകരുടെ ആഹ്ലാദത്തിന് ഏതാനും ദിവസങ്ങളിൽ കൂടുതൽ ആയുസ് ഉണ്ടാകാനിടയില്ല. കാരണം, ഈ വിജയം യഥാർത്ഥത്തിൽ അവർ അർഹിച്ചതല്ല എന്നത് തന്നെ. തീരെയും കെട്ടുറപ്പില്ലാത്ത, ബലക്ഷയം സംഭവിച്ച, ജരാനരകൾ ബാധിച്ച, സ്വന്തം കാലിൽ നിവർന്ന് നിൽക്കാൻ കഴിയാത്ത ഒരു സംവിധാനമായി മാറിക്കഴിഞ്ഞ ആ പാർട്ടി സ്വന്തം കഴിവും ആത്മവിശ്വാസവുംകൊണ്ട് ഇത്തരമൊരു നേട്ടം കരസ്ഥമാക്കാൻ കഴിയാത്ത ഒന്നായി തീർന്നിരിക്കുന്നു. സ്വതന്ത്രമായി നിരീക്ഷിക്കുന്നവർ പലപ്പോഴും പറയാറുള്ളതുപോലെ, ഒന്നല്ലെങ്കിൽ മറ്റൊന്ന് എന്നതല്ലാതെ വേറൊരു ഓപ്ഷൻ കേരളത്തിലെ വോട്ടർമാർക്ക് ഇല്ല എന്നതാണ് പ്രധാന കാരണം. അപൂർവ്വം ചില അപവാദങ്ങൾ ഒഴിച്ചാൽ മിക്കപ്പോഴും ഭരണകക്ഷികൾ മാറിക്കൊണ്ടിരിക്കുന്നതിന്റെ കാരണവും അതു തന്നെയാണ്. ഒരു കൂട്ടർ മാറി അടുത്തകൂട്ടർ വരുന്നതിന്റെ പ്രധാന കാരണം, രണ്ടാമത് തെരഞ്ഞെടുക്കപ്പെടുന്ന കക്ഷി കൂടുതൽ മികച്ചതായതുകൊണ്ടല്ല, ആദ്യത്തെ കക്ഷി കൂടുതൽ മോശമാണെന്ന് അനേകർ കരുതുന്നതുകൊണ്ടാണ്. വീണ്ടുമൊരു അഞ്ചുവർഷംകൊണ്ട് ആ ധാരണ വീണ്ടും മാറിമറിയുകയും ചെയ്യും. കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ യുഡിഎഫിലെയും കോൺഗ്രസ്സിലെയും അപചയം കൂടുതൽ രൂക്ഷമായതോടെ നിഷ്പക്ഷമതികളായ വോട്ടർമാരും അവരെ കൈവിട്ടു തുടങ്ങി. മറ്റൊരു ഓപ്ഷൻ ഇല്ലാത്ത അവസ്ഥ, അത് കേരളത്തിൽ പ്രധാനമാണ്.

**വർഗ്ഗീയതയെ വോട്ട് ആക്കി മാറ്റാമോ?**

വർഗ്ഗീയ പ്രചാരണങ്ങളിലും, വർഗ്ഗീയ വിഷയങ്ങൾ ഉയർത്തിക്കാണിച്ചുള്ള പ്രഭാഷണങ്ങളിലും

www.malankaralibrary.com

മലയാളികൾ വീഴില്ല എന്നതിന്റെ പ്രധാന സൂചനകൂടിയാണ് തൃക്കാക്കര തെരഞ്ഞെടുപ്പ് ഫലം. കൂടുതൽ അധ്വാനിക്കുകയും, പലരും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തിട്ടും, പതിനെട്ടടവും പയറ്റിയിട്ടും ബിജെപി സ്ഥാനാർത്ഥിയുടെ വോട്ട് വിഹിതം വീണ്ടും കുറഞ്ഞത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. ഇടതുപക്ഷം ചിന്തിച്ചതിന് സമാനമായി കൂടുതൽ ശക്തമായി ഇലക്ഷനെ നേരിടാൻ തീരുമാനിക്കുകയും, അതിനായി കണക്കില്ലാത്ത പണവും അധ്വാനവും സമയവും ചെലവഴിക്കുകയും ചെയ്ത പാർട്ടിയാണ് ബിജെപി. കൂടുതൽ ജനസമ്മതനായ സ്ഥാനാർത്ഥിയെ നിർത്തുക മാത്രമല്ല, ഇലക്ഷന് മുന്നോടിയായി കേന്ദ്ര മന്ത്രിമാർ പലരും എറണാകുളം സന്ദർശിക്കുകയും പലവിധ കൂടിക്കാഴ്ചകൾ നടത്തുകയുമുണ്ടായിരുന്നു. സംസ്ഥാനത്തെ മുതിർന്ന ബിജെപി നേതാക്കളെല്ലാം തൃക്കാക്കര ഇലക്ഷനുവേണ്ടി ഊണും ഉറക്കവും കളഞ്ഞവരാണ്.

ഒടുവിൽ പി.സി. ജോർജുമായി ബന്ധപ്പെട്ട വിവാദം ഉയർന്നപ്പോൾ അതിനെ രാഷ്ട്രീയമായി മുതലെടുക്കാനും അത് വോട്ടാക്കി മാറ്റാനും ബിജെപി നേതൃത്വം ശ്രമിക്കുകയുണ്ടായി. ബിജെപിയുടെ തെരഞ്ഞെടുപ്പ് പരിപാടികളിൽ പലതവണ നിറസാന്നിധ്യമായിരുന്നു പി.സി. പി.സിക്ക് പുറമെ സ്വാധീനശേഷിയുള്ള ചില അനൗദ്യോഗിക സംഘടനകളും മറ്റു ചില വ്യക്തികളും ബിജെപി സ്ഥാനാർത്ഥിക്ക് പരസ്യ പിന്തുണ പ്രഖ്യാപിക്കുകയും മുന്നിട്ടിറങ്ങി പ്രവർത്തിക്കുകയും ചെയ്തിരുന്നു. എന്നാൽ, കാര്യമായ പ്രചാരണ പരിപാടികളൊന്നും കൂടാതെ മുൻ സ്ഥാനാർത്ഥി നേടിയ വോട്ടുപോലും ഇത്തവണ നേടാൻ കഴിഞ്ഞില്ലെങ്കിൽ എന്താണ് അത് നൽകുന്ന സൂചന? കേരളത്തിൽ വർഗ്ഗീയതയെ വോട്ടാക്കിമാറ്റാൻ ഇനിയും കഴിയില്ല എന്നതല്ലാതെ മറ്റൊന്നുമല്ല.

വർഗ്ഗീയ ധ്രുവീകരണവും, തീവ്രവർഗ്ഗീയ സംഘടനകളുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ പ്രതിസന്ധികളും, തീവ്രവാദ പ്രവർത്തനങ്ങളുമൊന്നും കേരളത്തിൽ കെട്ടുകഥയല്ല എന്നുള്ളതിന് സമീപകാലത്തെ ചില പത്രവാർത്തകൾക്കപ്പുറം വേറെ തെളിവുകളൊന്നും വേണ്ട. കൂടുതൽ ബോധ്യപ്പെടേണ്ടവർക്ക് എണ്ണമറ്റ തെളിവുകളും സാക്ഷ്യങ്ങളും രേഖകളും ലഭ്യമായുണ്ടുതാനും. എന്നാൽ, ബിജെപിയുടെയും സംഘപരിവാർ സംഘടനകളുടെയും ഈ രംഗത്തെ ഉദ്ദേശ്യശുദ്ധി മലയാളികൾക്ക് ഇനിയും വ്യക്തമായിട്ടില്ല എന്നതാണ് വാസ്തവം. കേരളത്തിൽ മത തീവ്രവാദത്തിനെതിരെ ശക്തമായ നിലപാടെടുത്ത് പൊരുതുന്ന ഈ പ്രസ്ഥാനങ്ങളുടെ കേരളത്തിന് പുറത്തെ രൂപഭാവങ്ങൾ തികച്ചും വ്യത്യസ്ഥവും വിപരീതവുമാണ്. സംരക്ഷകർ തന്നെ വേട്ടക്കാരാകുന്ന അവസ്ഥ! കേരളത്തിൽ ക്രൈസ്തവരുടെയും സംരക്ഷകരായി നിലകൊള്ളാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർ മറ്റ് സംസ്ഥാനങ്ങളിലെ സമാന സംഭവങ്ങളിലോ പീഡനങ്ങളിലോ പ്രതികരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നത് മാത്രമല്ല, അവരാലുള്ള പ്രതിസന്ധികൾ അനുദിനം വർദ്ധിച്ചുവരികയും ചെയ്യുന്നു.

ഇരട്ടത്താപ്പ് നയം നിരന്തരമായി പുലർത്തുന്നവരോടുള്ള സ്വാഭാവികമായ അകൽച്ച മാത്രമേ കേരളത്തിലെ ജനങ്ങൾ പ്രകടിപ്പിച്ചുവരുന്നുള്ളൂ. വാസ്തവത്തിൽ സംഘപരിവാറിന്റെ രാഷ്ട്രീയ മുതലെടുപ്പുകളും അതിനായുള്ള വ്യഗ്രതയുമാണ് കേരളത്തിലെ



www.malankaralibrary.com

യഥാർത്ഥ തീവ്രവാദ മതമൗലികവാദ വിഷയങ്ങൾപോലും ഭൂരിപക്ഷവും അവഗണിക്കാനുള്ള പ്രധാന കാരണം. അങ്ങനെയൊന്നില്ല എന്ന് സ്ഥാപിക്കാൻ പ്രയത്നിക്കുന്നവർക്ക് ഏറ്റവും സഹായകമാകുന്നതും ഈ ശൈലിയാണ്. ഈ പ്രതിഭാസം തീർച്ചയായും തൃക്കാക്കര ഇലക്ഷനിൽ തിരിച്ചടിച്ചിട്ടുണ്ട് എന്ന് കരുതുന്നതിൽ തെറ്റില്ല. എന്നെങ്കിലും ഒരുപക്ഷെ വർഗ്ഗീയ പാർട്ടി എന്ന പ്രതിച്ഛായ അഖിലേന്ത്യ തലത്തിൽ ബിജെപിക്ക് മാറ്റിയെടുക്കാൻ കഴിയുന്ന പക്ഷം കേരളത്തിലെ ജനങ്ങൾ ബിജെപിയെ സ്വീകരിക്കാൻ തയ്യാറായേക്കും.

തീവ്രവാദ വിഷയങ്ങളെക്കുറിച്ച് പതിവായി പറയുകയും, അത്തരം വിഷയങ്ങളെ രാഷ്ട്രീയമായി ഉപയോഗിച്ച് പ്രതിയോഗികളെ നേരിടുകയും ചെയ്യുന്നെങ്കിലും ഇത്തരം വിഷയങ്ങളിലുള്ള ബിജെപിയുടെയും സംഘപരിവാറിന്റെയും ആത്മാർത്ഥത പൊതുവെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. വർഗ്ഗീയ പ്രതിസന്ധികൾ പരിഹരിക്കപ്പെടുകയല്ല ബിജെപിയുടെ ലക്ഷ്യം എന്നതാണ് പ്രാഥമിക നിരീക്ഷണം. കൂടുതൽ പ്രശ്നങ്ങളിലേക്ക് സംസ്ഥാനം എത്തിച്ചേരുകയും കലാപങ്ങൾ പോലും സൃഷ്ടിക്കപ്പെടുകയും ചെയ്യുകയും, കാര്യങ്ങൾ നിയന്ത്രണാതീതമാം വിധം രൂക്ഷമാവുകയും ചെയ്യുന്ന പക്ഷം, പരിഹാരം ബിജെപി മാത്രം എന്ന മുദ്രാവാക്യം ഉയർന്നേക്കാം. അത്തരത്തിൽ ഒരു നിർബ്ബന്ധിത സ്വീകാര്യത സൃഷ്ടിക്കപ്പെടാത്ത പക്ഷം ബിജെപി മുന്നോട്ടുവയ്ക്കുന്ന, ആർഎസ്എസ് സ്പോൺസേർഡ് ഹിന്ദുത്വ പ്രത്യയശാസ്ത്രം കേരളത്തിന്റെ പടിക്ക് പുറത്ത് തന്നെ തുടരും. ഇത്തരമൊരു സാഹചര്യം സൃഷ്ടിക്കപ്പെടുന്നതിനുവേണ്ടി ക്രൈസ്തവരെയും ചില സംഘടനകളെയും മുന്നിൽ നിർത്തി കലാപങ്ങൾ സൃഷ്ടിക്കാൻ പോലും സംഘപരിവാറിന് പദ്ധതിയുണ്ടെന്നുള്ള സൂചനകളുണ്ട്. അതിനാൽ, ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി വ്യക്തമായും രാഷ്ട്രീയ ലക്ഷ്യങ്ങളുള്ള സംഘപരിവാറിനോട് പക്ഷം ചേരുന്നത് യുക്തമല്ല എന്നുള്ളതാണ് വാസ്തവം.

അതേസമയം, ഇപ്പോൾ മുന്നോട്ടുവരുന്ന രാഷ്ട്രീയ സമവാക്യങ്ങളെ എത്രമാത്രം വിശ്വസിക്കാമെന്നുള്ള ചോദ്യവും അവശേഷിക്കുകയാണ്. കോൺഗ്രസിന്റെ തൃക്കാക്കരയിലെ വിജയം കോൺഗ്രസിന്റെ നേട്ടമായി കണക്കുകൂട്ടാനാവില്ല എന്നതിനാൽ തന്നെ, കോൺഗ്രസിന്റെ ഭാവി ഇപ്പോഴും അനിശ്ചിതത്വത്തിലാണ്. അധികരിച്ചുകൊണ്ടിരിക്കുന്ന വലതുപക്ഷ വർഗ്ഗീയശക്തികളുടെ സ്വാധീനവും, അനുദിനം വളർന്നുകൊണ്ടിരിക്കുന്ന അപചയങ്ങളും നേതൃത്വമില്ലായ്മയും തുടങ്ങി പലവിധ വെല്ലുവിളികളാൽ യുഡിഎഫിന്റെ ഭാവി ശുഭകരമല്ല. ഇത്തരം കുറവുകളെ നികത്തി മുന്നോട്ടുവരാൻ കഴിയുന്ന പക്ഷം സാവകാശമെങ്കിലും പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചെത്താൻ കോൺഗ്രസിനും യുഡിഎഫിനും കഴിഞ്ഞേക്കും. കാരണം, കോൺഗ്രസ് ഒഴിച്ചിട്ടിരിക്കുന്ന കസേര ഇവിടെ ഒഴിഞ്ഞു തന്നെ കിടക്കുകയാണ്.

എൽഡിഎഫിനും വലിയ മുന്നറിയിപ്പ് തന്നെയാണ് ഈ ഇലക്ഷൻ നൽകുന്നത്. കഠിന പ്രയത്നം നടത്തി നേടിയെടുത്ത തിളക്കമില്ലാത്ത 'വിജയം' എൽഡിഎഫിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും തേരോട്ടത്തിൽ വലിയ പ്രതിബന്ധം സൃഷ്ടിക്കുമെന്ന് തീർച്ച. ജനങ്ങളുടെ ആവശ്യങ്ങളെയും അവരുടെ വികാരങ്ങളെയും ഉൾക്കൊണ്ടുകൊണ്ടുള്ള നിലപാടുകൾ സ്വീകരിക്കാത്ത പക്ഷം ജനം കൈവിടുമെന്നതിന് ഇതിലും നല്ലൊരു സൂചന അവർക്ക് ലഭിക്കാനില്ല. തീവ്ര വർഗ്ഗീയശക്തികളോട് ചങ്ങാത്തം കൂടാനുള്ള മടിയില്ലായ്മയും പ്രീണനങ്ങളും യുഡിഎഫിന് സമാനമായി അക്കൂട്ടർക്ക് സുരക്ഷിത താവളമാക്കി എൽഡിഎഫിനെയും മാറ്റിയിരിക്കുന്നതും ഭാവിയിൽ തിരിച്ചടിയാകുമെന്ന് നിശ്ചയം. മാറ്റങ്ങൾക്കായി തിരുത്തലുകൾ വരുത്താനുണ്ടെന്ന ബോധ്യമുണ്ടെങ്കിൽ ഇരുപക്ഷത്തിനും ക്രിയാത്മകമായി ചിന്തിക്കുകയും അതിനുള്ള വഴി തെരഞ്ഞെടുക്കുകയുമാകാം. അല്ലാത്ത പക്ഷം, ആശ്വസിക്കാനുള്ള കാരണങ്ങൾ കണ്ടെത്തി പരസ്പരം പഴിചാരി ഇതുപോലെ തന്നെ തുടരുകയും അനിവാര്യമായ തകർച്ചയിൽ അവസാനിപ്പിക്കുകയുമാവാം.



www.malankaralibrary.com

# സഭാപ്രബോധനങ്ങളിൽ വ്യക്തതയില്ലാത്തവർ ക്ലബ് ഹൗസ് ചർച്ചക്കാരാകുമ്പോൾ...

*ഫാ. ജോഷി മയ്യാറ്റിൽ*



**ഈ**യിടെ ഒരു ക്ലബ് ഹൗസ് ചർച്ച നടന്നു. ഇസ്ലാമിനെക്കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാട് അവിടെ ഏറെ വിമർശിക്കപ്പെട്ടു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മറ്റു മതങ്ങളെക്കുറിച്ചുള്ള ഡിക്രിയിലെ (NA: നോസ്ത്ര ഏതാതേ) മൂന്നാം നമ്പറും തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിലെ (LG: ലൂമൻ ജെൻസിയും) പതിനാറാം നമ്പറും കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) 841ാം നമ്പറും തനി വില്ലൻ പരിവേഷത്തിലാണ് അവതരിപ്പിക്കപ്പെട്ടത്. താഴെപ്പറയുന്ന ചോദ്യങ്ങളാണ് മുഖ്യമായും ഉയർന്നത്:

*1. രക്ഷാപദ്ധതിയിൽ മുസ്ലീങ്ങൾക്കും സ്ഥാനമോ?*

ദൈവത്തിന്റെ രക്ഷാപദ്ധതി (cf. ഉത്പ 3,15) എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണെന്നതിൽ ആർക്കും സംശയമുണ്ടാകില്ലല്ലോ. യേശുക്രിസ്തു ലോകത്തിലേക്കു വന്നത് എല്ലാവരെയും രക്ഷിക്കാൻ വേണ്ടിയാണെന്നും രക്ഷ ക്രിസ്തുവിലൂടെ മാത്രമുള്ളതാണെന്നും നമുക്കറിയാം. LG 16 ാം ഖണ്ഡിക ആരംഭിക്കുന്നത് "ഇതുവരെ സുവിശേഷം സ്വീകരിക്കാത്തവർ ദൈവജനത്തോട് വിവിധ തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നു" എന്ന ഭാവാത്മകമായ വാക്യത്തോടെയാണ്. തുടർന്ന് യഹൂദരെ 'ദൈവത്തിന് ഏറ്റവും ഇഷ്ടഭാജനമായ ജനത' എന്നു വിശേഷിപ്പിച്ചതിനു ശേഷം മുസ്ലീങ്ങളെക്കുറിച്ചു പരാമർശിക്കുന്നിടത്ത് "രക്ഷയുടെ പദ്ധതി സ്രഷ്ടാവിനെ അംഗീകരിക്കുന്നവരെക്കൂടി ഉൾക്കൊള്ളുന്ന ഒന്നാണ്" എന്നു വ്യക്തമാക്കിക്കൊണ്ട് മുസിൽമാന്മാരെയും യേശുവിലൂടെയുള്ള പരിത്രാണപദ്ധതി ആശ്ലേഷിക്കുന്നു എന്നു വ്യക്തമാക്കിയിരിക്കുന്നു.

ക്രിസ്തുവിനും 600 വർഷങ്ങൾക്കു ശേഷം ക്രിസ്തുവിലൂടെയുള്ള രക്ഷാപദ്ധതിയെ പൂർണമായി തള്ളിക്കളഞ്ഞവർ എങ്ങനെയാണ് രക്ഷാപദ്ധതിയിൽ ഉൾപ്പെടുന്നത് എന്നതാണ് ഇവിടെ ചിലരുടെ ചോദ്യം.

കൗൺസിൽ രേഖയുടെ തുടർന്നുള്ള ഭാഗം വായിച്ചാൽ, തത്സംബന്ധിയായി ഉയരുന്ന അത്തരം ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കും: "എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നാണ് രക്ഷകൻ ആഗ്രഹിക്കുന്നത് (1 തിമോ 2,4). അതുകൊണ്ട് മിശിഹായുടെ സുവിശേഷത്തെയും അവിടത്തെ സഭയെയും



www.malankaralibrary.com

സ്വന്തം കുറ്റം കൊണ്ടല്ലാതെ അറിയാതെയിരിക്കുകയും എന്നാൽ, ആത്മാർത്ഥഹൃദയത്തോടെ ദൈവത്തെ തേടുകയും അവിടത്തെ ഇഷ്ടം മനസ്സാക്ഷിയുടെ പ്രേരണയ്ക്കനുസൃതമായി പ്രവൃത്തികളാൽ പൂർത്തീകരിക്കുന്നതിന് പ്രസാദവരത്തിന്റെ പ്രചോദനത്താൽ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ പ്രാപിക്കാൻ കഴിയും. സ്വന്തം കുറ്റത്താലല്ലാതെ ദൈവത്തെ ഇനിയും സ്പഷ്ടമായി അംഗീകരിക്കാതിരിക്കുകയും ദൈവവരപ്രസാദത്തോടുകൂടിത്തന്നെ ശരിയായ ജീവിതം നയിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് ദൈവപരിപാലനം രക്ഷയ്ക്കാവശ്യകമായ സഹായങ്ങൾ നിഷേധിക്കുകയില്ല. നന്മയായിട്ടോ, സത്യമായിട്ടോ അവരിൽ കണ്ടെത്തുന്നവയെല്ലാംതന്നെ സുവിശേഷ സ്വീകരണത്തിനു വേണ്ടിയുള്ള ഒരുക്കമായിട്ടാണ് സഭ കണക്കിലെടുക്കുന്നത്."

'സുവിശേഷ സ്വീകരണത്തിനു വേണ്ടിയുള്ള ഒരുക്കം' (Praeparatio Evangelica) എന്ന ഭാവാത്മകപ്രയോഗം നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കേസറിയായിലെ എവുസേബിയൂസിന്റേതാണ്. വചനത്തിലൂടെയാണ് എല്ലാം സൃഷ്ടിക്കപ്പെട്ടതെന്ന യാഥാർത്ഥ്യവും (cf. യോഹ 1,3) 'താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നു' എന്ന ദൈവത്തിന്റെ സൃഷ്ടികർമാനന്തര ആസ്വാദനവും (ഉത്പ 1,31)
വെറും സൃഷ്ടവസ്തുക്കൾ പോലും ദൈവത്തെ പ്രഘോഷിക്കുകയും അനുസരിക്കുകയും ചെയ്യുന്നു എന്ന 19-ാം സങ്കീർത്തന കർത്താവിന്റെയും വി. പൗലോസിന്റെയും (cf. റോമാ 1,20) നിലപാടുകളുമാണ് 'Praeparatio Evangelica' എന്ന ഭാവാത്മക വീക്ഷണത്തിന്റെ നിലപാടുതറയായി നിലകൊള്ളുന്നത്. സൃഷ്ടവസ്തുക്കളെപ്പോലെതന്നെ എല്ലാ മതങ്ങളെയും സംസ്കാരങ്ങളെയും സഭ വീക്ഷിക്കുന്നത് സുവിശേഷത്തിനുള്ള ഒരുക്കമായിട്ടാണ്. അതിനാലാണ് അവയിലെല്ലാം 'സത്യത്തിന്റെ രശ്മി'യും (NA 2) 'വചനത്തിന്റെ വിത്തും' (AG 11) കാണാൻ ക്രിസ്തുവിന്റെ സഭയ്ക്ക് കഴിയുന്നത്. ഖുറാൻ വായിച്ച് അതിൽ ഒളിഞ്ഞു കിടക്കുന്ന 'വചന'പ്രാധാന്യം തിരിച്ചറിഞ്ഞ് ക്രിസ്തുവിൽ എത്തിച്ചേർന്ന അനേകമനേകം ഇസ്ലാമിക വ്യക്തിത്വങ്ങൾ സഭയുടെ ഈ വീക്ഷണത്തിന് കൈയൊപ്പു ചാർത്തുന്ന സാക്ഷ്യങ്ങളാണ്. നബീൽ ഖുറേഷിയുടെ Seeking Allah, Finding Jesus എന്ന ഗ്രന്ഥം ഒന്നു വായിക്കുന്നതു നല്ലതാണ്.



ഭാവാത്മകമായ സമീപനത്തിലൂടെ മാത്രമേ സ്ഥായിയായ ക്രൈസ്തവ സുവിശേഷവത്കരണം സാധ്യമാകൂ എന്നാണ് സഭയുടെ പ്രേഷിത പ്രവർത്തനത്തെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിലിന്റെ രേഖ വ്യക്തമാക്കുന്നത്: 'മിശിഹാതന്നെയും മനുഷ്യഹൃദയങ്ങളെ പരിശോധിക്കുകയും അവരോട് ശരിയായ മാനുഷിക സംവാദം വഴി ദൈവികമായ വെളിച്ചത്തിലേക്ക് അവരെ ആനയിക്കുകയും ചെയ്തതുപോലെ, അവിടുത്തെ ശിഷ്യന്മാരും മിശിഹായുടെ ആത്മാവിനാൽ അവഗാഢം പൂരിതരായി അവർ സഹവസിക്കുന്ന ജനങ്ങളെ മനസ്സിലാക്കുകയും അവരോട് ഇടപഴകുകയും, അങ്ങനെ ആത്മാർത്ഥവും ക്ഷമാപൂർവകവും ആയ സംവാദം വഴി ഔദാര്യനിധിയായ ദൈവം ജനപദങ്ങൾക്കു ചൊരിഞ്ഞിരിക്കുന്ന സമ്പത്തുകളെ അറിയുകയും ചെയ്യണം. അതോടൊപ്പം ഈ സമ്പത്തുകളെ സുവിശേഷ വെളിച്ചത്താൽ പ്രകാശിതമാക്കാനും സ്വതന്ത്രമാക്കാനും ദിവ്യരക്ഷകനായ ദൈവത്തിന്റെ ഭരണസീമയിൽ കൊണ്ടുവരാനും പരിശ്രമിക്കണം' (NA 11).

എന്തെല്ലാം കുറവുകളും തിന്മകളും ഉള്ള ഒരു മതസംവിധാനമാണെങ്കിലും അതിലും സത്യത്തിന്റെ രശ്മികളും വചനത്തിന്റെ വിത്തുകളും ദർശിക്കാനാകും. കുറവുകളുടെയും തെറ്റുകളുടെയും അധാർമികതകളുടെയും കൂമ്പാരങ്ങളിൽ പോലും സുവിശേഷത്തിലേക്കു നയിക്കുന്ന സത്യരശ്മിയും ക്രിസ്തുവിലേക്കു നയിക്കുന്ന വചനവിത്തും ഉണ്ട്. ഖുറാനിലെ തെറ്റുകളും കുറവുകളും അധാർമികതയും കണ്ടെത്തി അതിനെ പിശാചിന്റെ ഗ്രന്ഥം എന്നോ മുഹമ്മദിന്റെ ജീവിതത്തിലെ ധാർമിക വീഴ്ചകളുടെ നീണ്ട ലിസ്റ്റ് കണ്ടെത്തി അദ്ദേഹത്തെ പിശാചെന്നോ അള്ളാഹു വിന്റെ ഗോത്രദൈവ പശ്ചാത്തലം കണ്ടെത്തി ആ സങ്കല്പത്തെ പൈശാചികം എന്നോ മുദ്രകുത്താൻ സഭാത്മകമായ മനസ്സുള്ളവർക്ക് സാധിക്കുകയില്ല. എന്നാൽ, ഇവയെ അങ്ങനെ തന്നെ സ്വീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്യേണ്ട ആവശ്യവും ക്രൈസ്തവർക്കില്ല. സത്യദൈവവും സത്യമനുഷ്യനുമായ യേശുക്രിസ്തുവിന്റെയും സ്നേഹത്തിന്റെ യുക്തിഭദ്രത പേറുന്ന ത്രിയേക ദൈവത്തിന്റെയും ക്രമാനുഗതവും ആത്യന്തികവുമായ വെളിപ്പെടുത്തൽ അടങ്ങുന്ന വിശുദ്ധ ഗ്രന്ഥത്തിന്റെയും മുന്നിൽ മറ്റുള്ളവയ്ക്കെല്ലാം നിഴലുകളുടെ സ്ഥാനമേയുള്ളൂ എന്നു നമു

www.malankaralibrary.com

ക്കു വ്യക്തമാണല്ലോ. പക്ഷേ, ആ നിഴലുകളെ ഭാവാത്മകമായി സമീപിച്ചു കൊണ്ടു വേണം ക്രിസ്തുവിന്റെ പ്രഭാപൂരം അവയിലെല്ലാം പരത്താൻ.


*2. മുസ്ലീങ്ങൾക്കും ക്രൈസ്തവർക്കും ഒരേ ദൈവമോ?*

"അവർ കരുണാനിധിയും അന്ത്യദിനത്തിൽ മനുഷ്യരെ വിധിക്കാനിരിക്കുന്നവനുമായ ഏകദൈവത്തെ നമ്മോടൊത്ത് ആരാധിക്കുന്നു" എന്ന പ്രസ്താവന പലരെയും ആശയക്കുഴപ്പത്തിലാക്കിയിട്ടുണ്ട്. യേശുക്രിസ്തുവിനെ പ്രവാചകനായി തരംതാഴ്ത്തിയ ഇസ്ലാമിന്റെ അള്ളാഹുവാണോ ക്രിസ്ത്യാനിയുടെ ദൈവം എന്നാണ് അവർ ചോദിക്കുന്നത്.

മുസ്ലീങ്ങൾ ഏകനും കരുണാർദ്രനും മനുഷ്യകുലത്തിന്റെ വിധിയാളനുമായ ദൈവത്തെ ആരാധിക്കുന്നു എന്ന പ്രസ്താവന വി. ഗ്രിഗറി ഏഴാമൻ പാപ്പാ 1076-ൽ മൗറത്താനിയായിലെ (ഇന്നത്തെ അൾജീരിയ) മുസ്ലീം രാജാവായ അൽ നാസീറിന് എഴുതിയ കത്തിലെ പരാമർശമാണ് എന്നത് പലരും ശ്രദ്ധിച്ചിട്ടില്ല. അദ്ദേഹം എഴുതി: "നിങ്ങളും ഞങ്ങളും ഒരു ദൈവത്തിൽ വിശ്വസിക്കുകയും സ്വാഭാവികമായി, വ്യത്യസ്ത രീതികളിൽ അവിടത്തെ ഏറ്റുപറയുകയും ചെയ്യുന്നു". ഇവിടെ 'ഒരു ദൈവം' എന്നാണ് കുറിച്ചിരിക്കുന്നത്, 'ഒരേ ദൈവം' എന്നല്ല. ഇംഗ്ലീഷിൽ the one God എന്നു പരിഭാഷപ്പെടുത്തിക്കാണാറുണ്ട്. ലത്തീനിൽ ആർട്ടിക്കിൾ ഇല്ല എന്നതു പ്രത്യേകം ശ്രദ്ധിക്കണം. മൂലഭാഷയിൽ ഉദ്ദേശിക്കാത്ത the same എന്ന അർത്ഥം ഇംഗ്ലീഷ് പരിഭാഷയിലെ the പ്രയോഗം ഉളവാക്കുന്നുണ്ടെന്ന് ചിലർക്കെങ്കിലും തോന്നുന്നുണ്ട്. തീർച്ചയായും, തെറ്റിദ്ധാരണാജനകമായ പരിഭാഷകൾ ഒഴിവാക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. കാരുണ്യവാനും അന്ത്യവിധിയാളനുമായ ഏകദൈവത്തിലുള്ള വിശ്വാസം രണ്ടു മതങ്ങളിലുമുണ്ട്, ശരി തന്നെ. എന്നാൽ, ഏക ദൈവത്തെ നമ്മോടൊപ്പം ആരാധിക്കുകയെന്നാൽ അർത്ഥം ഒരേ ദൈവത്തെ ആരാധിക്കുകയെന്നോ ഒന്നിച്ച് ആരാധന നടത്തുക എന്നോ അല്ല. 'വ്യത്യസ്ത രീതികളിൽ' എന്ന് വി. ഗ്രിഗറി പാപ്പ കൂട്ടിച്ചേർത്തിട്ടുള്ളത് ഇവിടെ ശ്രദ്ധേയമാണ്.

ഇരുകൂട്ടരുടെയും ദൈവസങ്കല്പങ്ങൾ ഒന്നാണെന്നു കരുതുന്നത് യുക്തിക്കു നിരക്കുന്നതല്ലെന്നതു സുവിദിതമാണല്ലോ. ഏകദൈവവിശ്വാസികളാണ് മുസ്ലീങ്ങളും ക്രൈസ്തവരുമെങ്കിലും ഇരുവരുടെയും ദൈവസങ്കല്പങ്ങൾ തികച്ചും വ്യത്യസ്തമാണ്. കേവല ഏകാകിത്വമാണ് (Absolute Singularity) ഇസ്ലാമിന്റേതെങ്കിൽ, ത്രിത്വമാണ് (Trinity) ക്രൈസ്തവരുടേത്. ഈ രണ്ടു ദൈവസങ്കല്പങ്ങളും സമ്മാനിക്കുന്ന ലോകദർശനവും തികച്ചും വ്യത്യസ്തമാണ്. കേവല ഏകത്വത്തിന്റെ മുഖ്യപദം 'മാത്രം' (only) എന്നതാകയാൽ എക്സ്ക്ലൂസിവിസമായിരിക്കും ആ വിശ്വാസത്തിന്റെ മുഖ്യധാര. ഏകത്വത്തിലെ കൂട്ടായ്മയാണ് ത്രിത്വത്തിന്റെ ഉന്നൽ എന്നതിനാൽ സ്നേഹത്തിലൂന്നിയ ഇൻക്ലൂസിവിസമായിരിക്കും ആ വിശ്വാസത്തിന്റെ മുഖ്യധാര. ത്രിത്വവിശ്വാസം ആഴപ്പെട്ടിട്ടുള്ളയിടങ്ങളിൽ വ്യക്തിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും വ്യക്തി-സമൂഹ പാരസ്പര്യവും സ്ത്രീ-പുരുഷ സമത്വവും ഏതു തൊഴിലിന്റെയും മാന്യതയും സാരവത്തായ ജനാധിപത്യവും നിലനില്ക്കുന്നതിന്റെ കാരണം മറ്റെങ്ങും തേടേണ്ടതില്ല.

മാത്രമല്ല, യേശുക്രിസ്തുവിനെ ദൈവമായി കാണാൻ ഇസ്ലാമിന് ആവില്ല. യേശുക്രിസ്തു പഠിപ്പിച്ച ത്രിയേക ദൈവസങ്കല്പത്തെ സ്വീകരിക്കാൻ അവർക്കു കഴിയാത്തതിന് അത് ഒരു കാരണവുമാണ്. ഖുറാനിൽ അവിടന്ന് വെറും പ്രവാചകനാണ്. അവിടത്തെ കുരിശുമരണവും ഉത്ഥാനവുമൊന്നും അവർ അംഗീകരിക്കുന്നില്ല. അങ്ങനെ നോക്കിയാൽ, ഒരു കാര്യം വ്യക്തമാണ് - ബൈബിളിലെ യേശുക്രിസ്തുവല്ല ഖുറാനിലെ ഈസാ നബി. യേശുവിനും ആറു നൂറ്റാണ്ടുകൾക്കുശേഷം ആര്യൻ-നെസ്റ്റോറിയൻ പാഷണ്ഡികളിൽ നിന്നു മുഹമ്മദിനു കൈമാറിക്കിട്ടിയ ഈസായ്ക്ക് ബൈബിളിലെ യേശുക്രിസ്തുവുമായി ഒരു ബന്ധവുമില്ല എന്നതാണ് സത്യം. ഇക്കാര്യങ്ങളെക്കുറിച്ച് എട്ടാം നൂറ്റാണ്ടിൽത്തന്നെ സഭാപിതാവായ വി. ജോൺ ഡമഷീൻ (675749) തന്റെ 'ഇസ്മായേല്യ പാഷണ്ഡത', 'ഒരു ക്രിസ്ത്യാനിയും സരസേനനും തമ്മിലുള്ള



www.malankaralibrary.com

തർക്കം' എന്നീ ഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

*3. മുസ്ലീങ്ങൾക്ക് അബ്രാഹത്തിന്റെ വിശ്വാസമോ?*

ക്ലബ് ഹൗസ് ചർച്ചയിൽ പങ്കെടുത്ത പലരും സഭാരേഖകൾ ഇസ്ലാമിനെ അബ്രഹാമിക മതമായി അംഗീകരിക്കുന്നു എന്ന് കുറ്റപ്പെടുത്തുകയുണ്ടായി. എന്നാൽ, സത്യം എന്താണ്? "അബ്രാഹത്തിന്റെ വിശ്വാസം മുറുകെപ്പിടിക്കുന്നുവെന്ന് ഏറ്റുപറയുന്ന" മുസൽമാന്മാർ എന്ന LG 16ഉം "അവർ സസന്തോഷം സ്വയം ബന്ധപ്പെടുത്തുന്ന അബ്രാഹം" എന്ന NA 3ഉം 'These (Moslems) profess to hold the faith of Abraham' എന്ന CCC 841ഉം വ്യക്തമാക്കുന്നത് മുസ്ലീങ്ങൾ അങ്ങനെ അവകാശപ്പെടുന്നു എന്നു മാത്രമാണ്. അബ്രാഹത്തിന്റെ വിശ്വാസം മുസ്ലീങ്ങൾ മനസ്സിലാക്കിയതിൽ എത്രമാത്രം കൃത്യതയുണ്ടെന്ന് പരിശോധിക്കേണ്ട ഒന്നായിരുന്നില്ല രണ്ടാം വത്തിക്കാൻ കൗൺസിൽ. 'നോസ്ത്ര ഏതാത്തേ' അവയ്ക്കുള്ള രേഖയുമല്ല. ഒരു എക്യുമേനിക്കൽ കൗൺസിൽ എന്ന നിലയിൽ, ഒന്നിപ്പിക്കാവുന്ന ഘടകങ്ങൾക്കാണ്, ഭിന്നിപ്പിക്കാവുന്നവയ്ക്കല്ല രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഊന്നൽ നല്കിയത്. അതിനാൽ, ഇസ്ലാമിനെ ഒരു അബ്രഹാമിക മതമായി കൗൺസിൽ പ്രഖ്യാപിച്ചു എന്ന വാദം ബാലിശമാണ്.

അബ്രാഹത്തിന്റെ സന്തതിയായ ഇസഹാക്കിലൂടെയാണ് ദൈവവുമായുള്ള ഉടമ്പടി മുന്നോട്ടു പോയതെന്ന് (cf. ഉത്പ 17,21) വി. ഗ്രന്ഥം വായിക്കുന്ന എല്ലാവർക്കും അറിയാം. വി. മത്തായിയുടെ സുവിശേഷത്തിലെത്തുമ്പോൾ യേശുവിന്റെ വംശാവലി ആരംഭിക്കുന്നതുതന്നെ അബ്രാഹത്തിലാണെന്നതു പ്രത്യേകം ശ്രദ്ധേയമാണ്.

ബൈബിളിലെ ഇസ്മായേലിന്റെ പിന്തുടർച്ചയാണ് ഇസ്ലാം എന്ന് മുസ്ലീങ്ങൾ അവകാശപ്പെടുന്നുണ്ടെങ്കിലും അതിന് രേഖാപരമായ ഒരു തെളിവും - ഒരു വംശാവലി പോലും - അവർക്കില്ല. ബൈബിളിലെ ഇസ്മായേല്യർക്ക് ഇസ്ലാമിക ചരിത്രം ഉയർത്തിക്കാണിക്കുന്ന ഖുറേഷി ഗോത്രവുമായോ മക്കയിൽ അധിവസിച്ചിരുന്ന മറ്റേതെങ്കിലും ഗോത്രവുമായോ ചരിത്രപരമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നെന്നു തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല.

ഇസ്മായേലിനെക്കുറിച്ചുള്ള ബൈബിൾ കാഴ്ചപ്പാടാകട്ടെ, ഉത്പ 16,1.12; 17,20.21; 21,20.21; 25,12-18; സങ്കീ 83,6-8.17; ഗലാ 4,22-31 എന്നിവയിൽ വ്യക്തമാണുതാനും. "സാറായിൽ നിന്ന് അടുത്ത വർഷം ഈ സമയത്ത് നിനക്കു ജനിക്കാൻ പോകുന്ന ഇസഹാക്കുമായിട്ടാണ് എന്റെ ഉടമ്പടി ഞാൻ സ്ഥാപിക്കുക" എന്ന് തിരുവചനം അസന്ദിഗ്ധമായി പ്രസ്താവിക്കുന്നു (ഉത്പ 17,21).

യഹൂദർക്കു മാത്രമുണ്ടായിരുന്ന ഒരു പാരമ്പര്യം (ഉത്പ 16,1-16; 17,15-21; 21,9-21) ഏകപക്ഷീയമായി കടംകൊണ്ടതല്ലാതെ, മുഹമ്മദു നബിക്ക് 2500 വർഷങ്ങൾക്കു മുമ്പ് അബ്രാഹത്തിന്റെയും ഹാഗാറിന്റെയും പുത്രനായി ജനിച്ച ഇസ്മായേലുമായുള്ള ബന്ധം തെളിയിക്കാൻ ആർക്ക് എങ്ങനെയാണ് സാധിക്കുന്നത്?

**എക്യുമെനിസവും അജപാലനവും വിശ്വാസസമർത്ഥനവും**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മറ്റു മതങ്ങളോടുള്ള നിലപാട് ഐക്യ പ്രധാനമായ സംവാദമാണെന്നതു ശരിതന്നെ. എല്ലാ കത്തോലിക്കാ വിശ്വാസികളും ഈ നിലപാട് പ്രായോഗിക ജീവിതത്തിൽ പുലർത്തേണ്ടതുണ്ട്. എന്നാൽ, ക്രൈസ്തവ വിശ്വാസത്തിന്റെ അനന്യത പണയം വച്ചുകൊണ്ടായിരിക്കരുത് ഈ ഡയലോഗ്. സംവാദവും പ്രഘോഷണവും ഒരുമിച്ചു പോകേണ്ടതുണ്ട് (Dialogue and Proclamation, 19 May 1991).

പ്രത്യേകിച്ച്, അജപാലനപരമായ പ്രതിസന്ധികൾ ഉളവാകുന്ന അവസരങ്ങളിൽ, വിശ്വാസ സമർത്ഥനത്തിന്റെ ആവശ്യം നേരിടുന്ന സാഹചര്യങ്ങളിൽ, ക്രൈസ്തവരുടെ ദൈവസങ്കല്പത്തിന് മറ്റുള്ളവരുടേതിൽ നിന്നുള്ള വ്യത്യാസവും സവിശേഷതയും അതുല്യതയും ബോധ്യപ്പെടുത്താൻ അജപാലകർക്കും വിശ്വാസ പരിശീലകർക്കും കുടുംബങ്ങൾക്കും കഴിയണം. പക്ഷേ, അതും സ്നേഹത്തോടെയും ശാന്തതയോടെയും ആദരത്തോടെയും പ്രതിപക്ഷ ബഹുമാനത്തോടെയും ചെയ്യാൻ കഴിയും, കഴിയണം (cf. 1പത്രോ 3,15.16). ക്രിസ്തുവിനെയും അവിടത്തെ മൂല്യങ്ങളെയും തള്ളിപ്പറഞ്ഞുകൊണ്ടല്ലല്ലോ ക്രൈസ്തവവിശ്വാസ സമർത്ഥനം നടത്തേണ്ടത്!

www.malankaralibrary.com

# സന്യസ്തർ നേരിടുന്ന അവഹേളനങ്ങളും നീതിനിഷേധവും

**അഡ്വ. സി. ജോസിയ SD**
എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം,
വോയ്സ് ഓഫ് നൺസ്



**ക**ത്തോലിക്കാ സന്യസ്തർക്ക് നേരെയുള്ള അവഹേളനശ്രമങ്ങൾ പുതുമയല്ലാതായിരിക്കുന്നു. സഭയ്ക്കും സന്യാസിനിമാർക്കും എതിരെ ഒറ്റപ്പെട്ടും കൂട്ടായും നടക്കുന്ന അവാസ്തവും അവഹേളനപരവുമായ മാധ്യമവേട്ട, വിശിഷ്യാ സോഷ്യൽമീഡിയ അതിക്രമങ്ങൾ കഴിഞ്ഞ ചില മാസങ്ങൾക്കിടെ പലപ്പോഴായി വാർത്തകളും ചർച്ചകളുമായിട്ടുണ്ട്. എങ്കിലും ചില അസഹനീയമായ സാഹചര്യങ്ങളിൽ മാത്രമാണ് നിയമ നടപടികൾ സ്വീകരിക്കാൻ സന്യസ്തർ മുന്നോട്ടുവന്നിട്ടുള്ളത്. നൂറിലേറെ പരാതികൾ പോലീസിലും കൂടാതെ, മനുഷ്യാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ തുടങ്ങിയവയ്ക്കും കൊടുക്കാൻ സന്യസ്തർ നിർബ്ബന്ധിതരായ ചില സാഹചര്യങ്ങൾ ഉടലെടുത്തിട്ടുണ്ട്. ചില കേസുകൾ കോടതിയിൽ എത്തുകയുണ്ടായിട്ടുണ്ട്. എന്നാൽ, അത്തരമൊരു ഘട്ടത്തിൽപ്പോലും അവസരോചിതമായി ഇടപെടാനും അവർക്കുവേണ്ടി ആത്മാർത്ഥതയോടെ നീതിയുടെ പക്ഷത്ത് നിലകൊള്ളാനും അധികാരികൾ തയ്യാറായിട്ടില്ല. ഏതുവിധേനയും കേസ് രജിസ്റ്റർ ചെയ്യാതിരിക്കാൻ ശ്രമിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരെയാണ് പരാതിയുമായി പോകുന്ന സന്യാസിനിമാർ ഏറെയും കണ്ടിട്ടുള്ളത്.



### കത്തോലിക്കാ സന്യസ്തർ നേരിട്ടുകൊണ്ടിരിക്കുന്ന അതിക്രമങ്ങൾ

നാൽപ്പത്തിനായിരത്തില്പരം സന്യാസിനിമാരാണ് കേരളത്തിൽ നിന്നും ഇപ്പോഴുള്ളത്. അവരിൽ ഏറെപ്പേരും പ്രവർത്തനനിരതരായിരിക്കുന്നത് കേരളത്തിൽത്തന്നെയാണ്. ആയിരക്കണക്കിന് പേർ മറ്റ് വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലും വിവിധ രാജ്യങ്ങളിലുമായി സേവനം ചെയ്യുന്നു. അവരിൽ ബഹുഭൂരിപക്ഷവും സുരക്ഷിതമായ സാഹചര്യങ്ങളിലല്ല ജീവിക്കുന്നതും പ്രവർത്തിക്കുന്നതും. ആഭ്യന്തരകലാപം നടക്കുന്നതും തീവ്രവാദ ഭീഷണികളുള്ളതുമായ ഒട്ടേറെയിടങ്ങളിൽ മലയാളികളായ സന്യാസിനിമാരുടെ സാന്നിധ്യമുണ്ട്. രോഗികളും പരിക്കേറ്റവരും വൃദ്ധരുമായ അനേകായിരങ്ങളെപ്രതിയാണ് തങ്ങളുടെ ജീവൻ പണയപ്പെടുത്തിയും അത്തരം ഇടങ്ങളിൽ അവർ ആയിരിക്കുന്നത്. ഇപ്പോൾ യുദ്ധം നടന്നുകൊണ്ടിരിക്കുന്ന ഉക്രൈനിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സന്യാസിനിമാർ ഉദാഹരണം മാത്രമാണ്. തങ്ങളുടെ ജീവൻ രക്ഷിക്കാനായി നാടുവിടാനുള്ള അവസരങ്ങളെയെല്ലാം തള്ളിക്കളഞ്ഞാണ് അവിടെ അവർ ഇപ്പോഴും തുടരുന്നത്.

ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്തങ്ങൾ മൂലം പലവിധ അതിക്രമങ്ങൾ സന്യസ്തർ നേരിട്ടേക്കാം. തീവ്രവാദ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടിട്ടുള്ളവരും പരിക്കേറ്റിട്ടുള്ളവരുമായ സന്യാസിനിമാർ അനേകമുണ്ട്. യെമെനിൽ വധിക്കപ്പെട്ട മിഷനറീസ് ഓഫ് ചാരിറ്റി സന്യാസിനിമാരും, ഉത്തരേന്ത്യയിൽ കൊല്ലപ്പെട്ട സി. റാണിമരിയയും ഉദാഹരണങ്ങളാണ്. എന്നാൽ, വധഭീഷണികളോ സുരക്ഷാ പ്രതിസന്ധികളോ ഒന്നുംതന്നെ അവ എത്ര ആസൂത്രിതമായാലും ഒരു സന്യാസിനിയും

www.malankaralibrary.com

തങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങളായി കണ്ട് പരാതികൾ ഉന്നയിക്കില്ല. കാരുണ്യത്തിന്റെ സേവനങ്ങൾക്കായി ഏത് വെല്ലുവിളികളെയും ഏറ്റെടുക്കാനായി അവർ മടികാണിക്കുകയുമില്ല. വ്യക്തിപരമായ അവഹേളനങ്ങളും അപ്രകാരംതന്നെയാണ്. കേരളത്തിലായാലും ലോകത്തിന്റെ മറ്റേത് കോണിലായാലും അതായിരിക്കും കത്തോലിക്കാ സന്യസ്തർ.

എന്നാൽ, തങ്ങളുടെ സമർപ്പണ ജീവിതത്തേയും പ്രവർത്തനങ്ങളെയും ലക്ഷ്യങ്ങളെയും അടച്ചാക്ഷേപിക്കുകയും, പൊതുസമൂഹത്തിന് മുന്നിൽ തെറ്റായ ചിത്രം നൽകിക്കൊണ്ടേയിരിക്കുകയും ചെയ്യുന്ന പ്രവൃത്തികളെ അവർക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. കാരണം, അത്തരം പ്രവർത്തനങ്ങൾ ചില താത്വിക-രാഷ്ട്രീയ-വർഗീയ അജണ്ടകളുടെയും ഗൂഢശ്രമങ്ങളുടെയും ഭാഗമാണെന്നും, കത്തോലിക്കാ സഭയ്ക്കും ക്രൈസ്തവ വിശ്വാസത്തിനും നേരെയുള്ള അതിക്രമങ്ങളുടെ തുടർച്ചയാണ് തങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നതെന്നും അവർ തിരിച്ചറിയുന്നു. ഇത്തരത്തിൽ സന്യസ്തരുടെ പ്രവർത്തനങ്ങളെയും അവരുടെ ജീവിതത്തെത്തന്നെയും അപകീർത്തിപ്പെടുത്താനും സമൂഹത്തിൽ വികലമായ ഒരു ചിത്രം അവരെക്കുറിച്ച് അവതരിപ്പിക്കാനും, വിവിധ രീതികളിൽ നിരന്തരമെന്നോണം ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായേ സമൂഹമാധ്യമങ്ങളിൽ മുതൽ, സിനിമയിലും കലയിലും സാഹിത്യത്തിലും വരെ സന്യാസിനിമാരെ തരംതാഴ്ത്തി അവതരിപ്പിക്കുന്നതിനെ വിലയിരുത്താൻ കഴിയൂ.

ഉള്ളടക്കത്തിന്റെ വികലത മൂലം ഒരു പതിറ്റാണ്ടോളമായി തടയപ്പെട്ടു കിടന്നിട്ടും രാഷ്ട്രീയ സ്വാധീനങ്ങൾ ഉപയോഗിച്ച് സമീപകാലത്ത് പ്രദർശനത്തിനെത്തിച്ച "അക്വേറിയം" എന്ന സിനിമയും, സന്യാസിനിമാരെ കേന്ദ്ര കഥാപാത്രങ്ങളായി അവതരിപ്പിച്ച് കടുത്ത അവഹേളനശ്രമങ്ങൾ നടത്തിയ സിനിമകളും പ്രദർശനത്തിന് ഒരുങ്ങുന്ന മറ്റുചില സിനിമകളും ചലച്ചിത്ര മേഖലയിൽ സന്യസ്തർക്കെതിരെ നടക്കുന്ന ആസൂത്രിതമായ അതിക്രമങ്ങളുടെ ഉദാഹരണങ്ങളാണ്. ജാതിമതഭേദമില്ലാതെയുള്ള എല്ലാ സേവനങ്ങളെയും തമസ്കരിച്ച് സമർപ്പിതരെ അക്വേറിയത്തിലെ കാഴ്ചമീനുകളായി ചിത്രീകരിക്കാൻ വെമ്പുന്നവരുടെ ശ്രമങ്ങൾ പ്രബുദ്ധകേരളം തിരിച്ചറിഞ്ഞ് പ്രതികരിക്കേണ്ടതാണ്.

**അപനിർമ്മിതിക്കായുള്ള അദ്ധ്വാനങ്ങൾ**

കത്തോലിക്കാസഭയുടെയും സന്യസ്തരുടെയും ആത്മീയബോധ്യങ്ങളിലും സാമൂഹിക ഇടപെടലുകളിലും മാറ്റങ്ങൾ വന്നിട്ടില്ല. സഭയുടെ അടിത്തറയ്ക്ക് ബലക്ഷയം വന്നിട്ടില്ല, സന്യാസ സമൂഹങ്ങളുടെ ലക്ഷ്യബോധത്തിനോ സന്യസ്തരുടെ ഇച്ഛാശക്തിക്കോ പരിണാമം സംഭവിച്ചിട്ടില്ല. വിരലിലെണ്ണാവുന്ന ചില വ്യക്തികളുടെ താളംതെറ്റലുകളോ, അപൂർവ്വം ചില സംഭവങ്ങളുമായി ബന്ധപ്പെട്ട വിവാദങ്ങളോ സന്യാസജീവിതത്തിന്റെ പ്രതിഫലനങ്ങളല്ല. തങ്ങളെക്കുറിച്ച് പ്രചരിപ്പിക്കപ്പെടുന്ന വ്യാജവാർത്തകളും, കെട്ടുകഥകളും കേൾക്കാനോ അതേക്കുറിച്ച് ചിന്തിക്കാനോ പോലും സമയം പാഴാക്കാൻ തയ്യാറല്ലാത്തവരാണ് ബഹുഭൂരിപക്ഷം സന്യസ്തരും. വ്യാജവാർത്തകളെയും അപഹാസ്യമായ അനുകരണങ്ങളെയും പൂർണ്ണമായി അവഗണിച്ചുകൊണ്ട്, ഇത്തരം കാര്യങ്ങളിൽ പ്രതികരണമേ ആവശ്യമില്ല എന്ന നിലപാടായിരുന്നു പൊതുവെ സന്യസ്തർ മുൻ വർഷങ്ങളിൽ സ്വീകരിച്ചിരുന്നത്. എന്നാൽ, ക്രമേണ സോഷ്യൽമീഡിയയിലൂടെയും സിനിമയിലൂടെയും മറ്റുമുള്ള അവഹേളനശ്രമങ്ങളും വ്യാജപ്രചാരണങ്ങളും, ചില സംഭവങ്ങളെ അനാവശ്യ പ്രാധാന്യം നൽകി വലിയ വിവാദങ്ങളാക്കാനുള്ള മാധ്യമശ്രമങ്ങളും സ്ഥിരം കാഴ്ചകളായപ്പോൾ അവയ്ക്ക് പിന്നിൽ ചില സ്ഥാപിതതാല്പര്യങ്ങളുണ്ട് എന്ന വാസ്തവം മറനീക്കി വെളിയിൽ വന്നു.

മുൻകാലങ്ങളിൽ സിനിമകളിലും സാഹിത്യകൃതികളിലും, മറ്റു കലാസൃഷ്ടികളിലും പൗരോഹിത്യവും സന്യാസവും ക്രൈസ്തവ വിശ്വാസവും തുടങ്ങിയ വിഷയങ്ങൾ തെറ്റിദ്ധാരണാജനകമായ വിധത്തിൽ അവതരിപ്പിക്കപ്പെട്ടിരുന്നെങ്കിലും അവയുടെ നല്ലവശങ്ങൾ പരാമർശിക്കപ്പെട്ടിട്ടുള്ള സന്ദർഭങ്ങളും പലപ്പോഴും ദൃശ്യമായിരുന്നു. പക്ഷെ സമീപകാലങ്ങളിലെ ചലച്ചിത്രങ്ങളും സാഹിത്യ കൃതികളും ആനുകാലിക പ്രസിദ്ധീകരണങ്ങളും നിരീക്ഷിച്ചാൽ അവഹേളനപരവും തെറ്റിദ്ധാരണാജനകവുമായ അവതരണങ്ങൾ മാത്രമാണ് മിക്കപ്പോഴും കാണാനുള്ളത്. ബൗദ്ധിക സാഹിത്യത്തിന്റെ മുഖംമൂടിയുള്ള ചില പ്രസിദ്ധീകരണങ്ങളുടെ



www.malankaralibrary.com

എല്ലാ ലക്കങ്ങളിലും തന്നെ ഇത്തരമൊരു ലേഖനമെങ്കിലും കാണാം. സിനിമകളിൽ വിലകുറഞ്ഞ തമാശകൾ സൃഷ്ടിക്കാൻ സന്യാസ - വൈദിക വേഷധാരികളായ കഥാപാത്രങ്ങളെ ഉപയോഗിക്കുകയും, അത്തരം കഥാപാത്രങ്ങളെ വില്ലൻ പരിവേഷം നൽകി അവതരിപ്പിക്കുകയും ചെയ്യുന്നത് പതിവായിരിക്കുന്നു.

### സമൂഹത്തിൽ സംഭവിക്കുന്നത്

എല്ലാ ദേശങ്ങളിലും ഇത്തരത്തിലുള്ള സിനിമകളും കലാസൃഷ്ടികളുമൊക്കെ ഉണ്ട്. ഇതൊക്കെ അത്ര കാര്യമാക്കാനുണ്ടോ എന്നാണ് പ്രധാനമായി ഉയരുന്ന ഒരു ചോദ്യം. മറ്റു പല സംസ്കാരങ്ങളും ഒഴുക്കുള്ള നദികൾ പോലെയാണെങ്കിൽ, പ്രകൃതംകൊണ്ടും സ്വഭാവം കൊണ്ടും പൊതുവിൽ കേരളം കെട്ടിനിൽക്കുന്ന ഒരു ജലാശയം പോലെയാണ്. ഇവിടെ സൃഷ്ടിക്കപ്പെടുന്നതും പ്രചരിപ്പിക്കപ്പെടുന്നതും എക്കാലവും ഇവിടെത്തന്നെ തുടരുകയും, മനസുകളെ മലിനമാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. കെട്ടിച്ചമയ്ക്കപ്പെട്ടതും അർദ്ധസത്യങ്ങളുമായ ദുഷ്പ്രചാരണങ്ങളൊന്നും കേരളസമൂഹത്തിന്റെ പൊതുബോധത്തിൽനിന്ന് ഒരിക്കലും മാഞ്ഞുപോകുന്നില്ല. ഒട്ടനവധി ഉദാഹരണങ്ങൾ ഈ പ്രതിഭാസത്തിന് നമുക്ക് കണ്ടെത്താൻ കഴിയും. മതേതരത്വ ചിന്തകൾക്കും സാമൂഹിക സൗഹാർദ്ദത്തിനും അപ്പുറം എക്കാലവും ചില സ്ഥാപിതതാല്പര്യങ്ങൾ ഇവിടെ മുഴച്ചുനിന്നിരുന്നു എന്നതാവാം കാരണം.

നിഷേധാത്മകമായ പ്രചാരണങ്ങൾക്കും അപകീർത്തികരമായ ആഖ്യാനങ്ങൾക്കും വളക്കൂറുള്ള മണ്ണാണ് കേരളം. തങ്ങളുടെ ഗൂഢലക്ഷ്യങ്ങൾക്കും സ്ഥാപിത താൽപ്പര്യങ്ങൾക്കുമായി ഈ സാധ്യതയെ ഉപയോഗിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന അനേകരും, എളുപ്പത്തിൽ പ്രചാരം നേടുന്നതിനായി ഇത്തരം വാർത്തകൾ സൃഷ്ടിച്ച് പ്രചരിപ്പിക്കുന്ന മാധ്യമ സംവിധാനങ്ങളും ഓൺലൈൻ മാധ്യമങ്ങളും പലതുണ്ട്. കഴിഞ്ഞ ചില വർഷങ്ങളിലായി ഇതൊരു ട്രെൻഡ് തന്നെയായി മാറിയിരിക്കുന്നു. പരദൂഷണത്തിന് മറ്റൊരിടത്തുമില്ലാത്ത സ്വീകാര്യത സോഷ്യൽമീഡിയയിലുണ്ട് എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. പ്രചരിക്കപ്പെടുന്ന അപവാദങ്ങൾ കത്തോലിക്കാ സഭയെക്കുറിച്ചോ സന്യസ്തരെക്കുറിച്ചോ ആകുമ്പോൾ പറയത്തക്കതായ പ്രതിഷേധങ്ങളോ പ്രതികരണങ്ങളോ ഇല്ലാതെ ഫോളോവേഴ്സിനെ തൃപ്തിപ്പെടുത്താനാകും എന്ന ഗുണവുമുണ്ട്.

ഒരു വൈദികനെക്കുറിച്ചുള്ള കഥകൾ വീണ്ടുംവീണ്ടും ആവർത്തിച്ച് പൗരോഹിത്യത്തെ സംശയമുനയിൽ നിർത്തുന്നതിലൂടെയും, ചില മുൻ സന്യാസിനിമാരുടെ വികലമായ കാഴ്ചപ്പാടുകൾക്കും മനോവിഭ്രാന്തിക്കും അമിതപ്രാധാന്യംകൊടുത്ത് ചർച്ചകൾ പരമ്പരകളാക്കുന്നതിലൂടെയും പൊതുസമൂഹത്തിനിടയിൽ ആശയക്കുഴപ്പങ്ങൾ വളർത്തിയെടുക്കാൻ ചിലർക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കുറച്ച് പതിറ്റാണ്ടുകൾക്കിടയിലെ ദൗർഭാഗ്യകരമായ ചില സംഭവങ്ങളുടെ കണക്കുകൾ നിരത്തിയും, ലഭിക്കുന്ന അവസരങ്ങളിലെല്ലാം ആവർത്തിച്ചും സഭയെ പ്രതിക്കൂട്ടിൽ നിർത്താനും വിശ്വാസ്യത തകർക്കാനും ചില ഗൂഢശക്തികൾ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇടവേളകളില്ലാതെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഇത്തരം പ്രചാരണങ്ങൾ സമൂഹത്തിൽ വലിയ തെറ്റിദ്ധാരണകൾ വളർത്താൻ കാരണമായിട്ടുണ്ട്. സഭയെയും സഭാ സ്ഥാപനങ്ങളെയും, സന്യാസ സമൂഹങ്ങളെയും സന്യസ്തരെയും കുറിച്ചെല്ലാം വികലമായ ഒരു ചിത്രം പൊതുബോധത്തിൽ രൂപപ്പെടുത്തുക എന്ന നിഗൂഢലക്ഷ്യം ഒരു പരിധിവരെ ഫലപ്രാപ്തിയിലെത്തിക്കുവാൻ ചിലർക്ക് സാധിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്.

### വാസ്തവങ്ങൾ വിസ്മരിക്കപ്പെടുന്നു

കഴിവും പ്രഗൽഭ്യവും കൊണ്ട് ശ്രദ്ധേയയായ ഒരു യുവസന്യാസിനി ഏതാനും മാസങ്ങൾക്ക് മുമ്പ് ഒരു ചാനൽ പ്രോഗ്രാമിലേയ്ക്ക് ക്ഷണിക്കപ്പെടുകയും അവളുടെ വാക്കുകൾ സോഷ്യൽമീഡിയയിൽ വൈറലാവുകയും ചെയ്തിരുന്നു. പ്രശസ്ത സിനിമാതാരം കൂടിയായ അവതാരകൻ പ്രാരംഭത്തിൽ സന്യാസിനിയോട് ചോദിക്കുന്നത്, “മാതാപിതാക്കളുടെ നേർച്ച മൂലമാണോ സിസ്റ്ററാകാൻ പോയത്” എന്നാണ്. ചെറുപ്പം മുതലുള്ള തന്റെ താൽപ്പര്യംകൊണ്ടാണ് ഈ ജീവിതം തെരഞ്ഞെടുത്തത് എന്ന് അവൾ മറുപടി പറയുന്നുണ്ട്. സന്യാസത്തെക്കുറിച്ചോ കത്തോലിക്കാ വിശ്വാസത്തെക്കുറിച്ചോ കാര്യമായൊന്നും മനസിലാക്കിയിട്ടില്ലാത്ത ഒരുകൂട്ടർ നടത്തിവരുന്ന പ്രചരണം എത്രമാത്രം ഈ സമൂഹത്തെ സ്വാധീനിച്ചിട്ടുണ്ട് എന്നുള്ളതിന്റെ തെളിവുകൂടിയാണ് ആ ചാനൽ അവതാരകന്റെ ചോദ്യം.



www.malankaralibrary.com

വാസ്തവവിരുദ്ധമായ ചില ആശയങ്ങൾ ഉയർത്തിക്കാണിച്ച് ചാനൽചർച്ചകൾ നടത്തുകയും സിനിമകൾ നിർമ്മിക്കുകയും നോവലുകളും ലേഖനങ്ങളും എഴുതുകയും ചെയ്ത് വലിയ ഒരു സമൂഹത്തെ മുഴുവനോടെ തെറ്റിദ്ധാരണയിൽ അകപ്പെടുത്തിയിരിക്കുന്ന സങ്കീർണ്ണമായ ഒരു സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത് എന്നുള്ളതിന് നിരവധി ഉദാഹരണങ്ങൾ കാണാം.

സാധാരണയായി ഒരാൾ സന്യാസ ജീവിതം തെരഞ്ഞെടുക്കുന്നത് ആരുടെയെങ്കിലും നിർബ്ബന്ധം മൂലമോ, വീട്ടിലെ ദാരിദ്ര്യംകൊണ്ടോ അല്ലെന്നും, ആത്മാർത്ഥമായ താൽപ്പര്യവും മറ്റുള്ളവർക്കുവേണ്ടി എല്ലാം ത്യജിക്കാനുള്ള മനസുമാണ് ബഹുഭൂരിപക്ഷം സന്യസ്തർക്കും ഉള്ളതെന്നും ഇനിയെങ്കിലും കേരളസമൂഹം തിരിച്ചറിയേണ്ടതുണ്ട്. ഒരു വ്യക്തിക്ക് ഇഷ്ടമുള്ള ഏതു ജീവിതാന്തസ്സും തിരഞ്ഞെടുക്കാനും, അതിൽ തുടരണോ വേണ്ടയോ എന്ന് തീരുമാനിക്കാനും അവകാശമുള്ള ഈ നാട്ടിൽ, 21 വയസും അതിൽ കൂടുതലും പ്രായം വരെ സമയമെടുത്ത് ആലോചിച്ചും, പ്രാർത്ഥിച്ചും വിശകലനം ചെയ്തും ഒക്കെ ഒരാൾ സ്വീകരിക്കുന്ന ഒരു ജീവിതാന്തസ്സിനെ ആണ് യാതൊരു മടിയുംകൂടാതെ ചിലർ വളരെ മോശമായും വികലമായും സമൂഹത്തിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

സമൂഹത്തിൽ ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള അവകാശം ഗർഭാവസ്ഥയിൽ ആയിരിക്കുമ്പോൾ മുതൽ മരണംവരെ ഒരു മനുഷ്യന് ഉണ്ടാകണം എന്ന് നമ്മുടെ ഭരണഘടന നിഷ്കർഷിക്കുമ്പോൾ, സമർപ്പിതരായവരെ വിശിഷ്യാ സന്ന്യാസിനികളെ കേട്ടാൽ അറയ്ക്കുന്ന ഭാഷയിൽ വിമർശിക്കാനും ആവിഷ്ക്കാര സ്വാതന്ത്ര്യം ദുരുപയോഗിച്ച് നിരന്തരം അവരെ പീഡിപ്പിക്കാനും തങ്ങൾക്ക് അവകാശമുണ്ട് എന്നുള്ള കേരളത്തിലെ ഒരു വിഭാഗം ആൾക്കാരുടെ കാഴ്ചപ്പാടിന് മാറ്റമുണ്ടാകേണ്ടതുണ്ട്. കാപട്യത്തിന്റെയും സ്ഥാപിത താല്പര്യങ്ങളുടെയും ഫിൽട്ടറുകൾ ഊരിയെറിഞ്ഞ് യാഥാർത്ഥ്യത്തിന്റെ പക്ഷത്തുനിന്ന് സന്യസ്തർക്ക് നേരെ ക്യാമറ തിരിക്കാൻ ഏതെങ്കിലും ന്യൂസ് ചാനലുകൾക്ക് ആർജ്ജവമുണ്ടോ എന്നുള്ളതാണ് സന്യസ്തരുടെ ഇന്നത്തെ ചോദ്യം.



**കണ്ണടയ്ക്കുന്ന നീതിന്യായ വ്യവസ്ഥിതികൾ**

രാഷ്ട്രീയ - വർഗ്ഗീയ താൽപ്പര്യങ്ങൾക്ക് നീതിന്യായ വ്യവസ്ഥിതിയിലും സർക്കാരിലുമുള്ള സ്വാധീനത്തിന്റെ ഇരകളാണ് സന്യസ്തർ. സമൂഹമധ്യത്തിൽ അവഹേളിക്കപ്പെടുന്ന സാഹചര്യങ്ങളിൽ സ്ത്രീ എന്ന പരിഗണന പോലും ലഭിക്കാതെപോകുമ്പോൾ അവർക്കായി ചെറുവിരൽ പോലും അനക്കാൻ മടികാണിക്കുന്നവരാണ് ബഹുഭൂരിപക്ഷം വരുന്ന ഉദ്യോഗസ്ഥരും, മറ്റ് അധികാരികളും. പലപ്പോഴും ഗൗരവമുള്ള വിഷയങ്ങളിൽ സംസ്ഥാന വനിതാ കമ്മീഷനെ സമീപിച്ചിട്ടുണ്ടെങ്കിലും ഒരിക്കൽപോലും സന്യസ്തരുടെ പ്രശ്നങ്ങൾ പഠിക്കാനോ അതിൽ ഇടപെടാനോ അവർ തയ്യാറായിട്ടില്ല. മുമ്പൊരിക്കൽ ഒരു സിനിമ നടി ഒരു ഷോപ്പിംഗ് മാളിൽവച്ച് അവഹേളിക്കപ്പെട്ടു എന്ന വാർത്ത മാധ്യമങ്ങളിൽകൂടി അറിഞ്ഞപ്പോൾ സ്വമേധയാ കേസെടുത്ത അതേ വനിതാ കമ്മീഷനാണ് സന്യാസിനിമാർ പലപ്പോഴായി കൊടുത്ത ഒട്ടേറെ പരാതികളിൽ ഒന്നിൽപോലും നടപടി സ്വീകരിക്കാൻ തയ്യാറാകാതിരുന്നിട്ടുള്ളത്. മനുഷ്യാവകാശ കമ്മീഷന്റെ നിലപാടുകളും ഇക്കാര്യത്തിൽ വ്യത്യസ്തമായിരുന്നില്ല.

സമൂഹമാധ്യമങ്ങളിൽ അടച്ചാക്ഷേപിക്കപ്പെടുന്ന അനുഭവങ്ങൾ ഒരു വ്യക്തിയിൽ നിന്നുതന്നെ പലതായപ്പോൾ സന്യാസിനിമാർ കേസുകൾ ഫയൽ ചെയ്യുകയും ഒടുവിൽ കോടതികളിൽവരെ കേസ് എത്തുകയുമുണ്ടായി. എന്നാൽ, ഒരു മാസത്തിനിടെ നടപടി സ്വീകരിക്കണമെന്ന പോലീസിനുള്ള കോടതി നിർദ്ദേശം പോലും നിരവധി മാസങ്ങൾക്കിപ്പുറവും പാലിക്കപ്പെടാതെ കിടക്കുകയാണ്. എങ്കിലും സന്യസ്തർ ഇക്കാര്യത്തിൽ പിന്നോട്ടില്ല എന്ന് ഉറപ്പിച്ചിരിക്കുന്നു. ഏതുവിധത്തിലുള്ള നിന്ദനങ്ങളെയും പീഡനങ്ങളെയും മരണത്തെവരെയും ഏറ്റെടുക്കാൻ തയ്യാറാണ് സന്യസ്തർ. എന്നാൽ, ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ആസൂത്രിതമായ വ്യാജപ്രചാരണങ്ങളും ഗൂഢനീക്കങ്ങളും സഭയ്ക്കും സന്യസ്തർക്കും മാത്രമല്ല, ഈ പൊതുസമൂഹത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്കും നന്മയ്ക്കും വെല്ലുവിളിയാണ് എന്നതിനാൽ ഇത്തരം പ്രവർത്തനങ്ങളെ എല്ലാവിധത്തിലും ചെറുക്കുകതന്നെ ചെയ്യും. നന്മയുടെ ദീപങ്ങളെ കെടുത്തുന്നതിലൂടെ ധാർമികവും സേവനപരവുമായ അരാജകത്വം ഇവിടെ നിർമ്മിച്ചെടുക്കാം എന്ന് കണക്കുകൂട്ടുന്ന ശവംതീനികളുടെ ഗൂഢാലോചനകൾ വിജയിക്കുകയില്ല എന്നത് നിശ്ചയമാണ്.

www.malankaralibrary.com

# ആത്മഹത്യയുടെ സ്വന്തം നാട് കേരളം

*വിനോദ് നെല്ലയ്ക്കൽ*

ആത്മഹത്യകളും ആത്മഹത്യകളുടെ ഭാഗമായ കൊലപാതകങ്ങളും ഭീതിജനകമായ രീതിയിൽ കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ഒരു യാഥാർഥ്യമാണ്. മുൻവർഷങ്ങളിലും ആത്മഹത്യകളുടെ കാര്യത്തിൽ കേരളം മുൻപന്തിയിൽത്തന്നെയാണ്. രണ്ടുപതിറ്റാണ്ടുകൾക്ക് മുമ്പ് മുതൽ കേരളത്തിലെ കർഷക ആത്മഹത്യകൾ ലോകശ്രദ്ധ നേടിയതാണ്. മലയോര ജില്ലകൾ ഉൾപ്പെടുന്ന കുടിയേറ്റ മേഖലകളിലെ ഒട്ടേറെ കർഷക കുടുംബങ്ങളിൽ കടബാധ്യതകൾ മൂലമുള്ള കർഷക ആത്മഹത്യകൾ ഉണ്ടായിട്ടുണ്ട്. 2005 – 2006 വർഷങ്ങളിൽ നിത്യവും ഒന്നിലേറെ കർഷക ആത്മഹത്യകൾ പത്രങ്ങൾ റിപ്പാർട്ട് ചെയ്തിരുന്ന കാലത്ത് ഏറ്റവുമധികം ആത്മഹത്യകൾ നടന്നിട്ടുള്ള പ്രദേശം വയനാട് ജില്ലയിലെ പാടിച്ചിറ വില്ലേജ് ആണ്. അക്കാലത്ത് കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്യപ്പെടുന്ന കുടുംബങ്ങൾക്ക് സർക്കാർ 50000 രൂപ ഉടനടി ധനസഹായം നൽകിയിരുന്നു. എങ്കിലും, അക്കാലം മുതൽ ഇന്നോളവും കേരളത്തിന്റെ സവിശേഷമായ സാചര്യങ്ങളിൽ നടക്കുന്ന ആത്മഹത്യകളെക്കുറിച്ച് ശരിയായ രീതിയിലുള്ള പഠനമോ വിശകലനമോ നടത്താൻ ആരുംതന്നെ (മാധ്യമങ്ങൾപ്പോലും) തയ്യാറായിട്ടുണ്ടെന്ന് തോന്നുന്നില്ല.

2005 – 2006 വർഷങ്ങളിൽ കർഷക ആത്മഹത്യകൾ പരമ്പരകളായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന കാലത്ത് വയനാട്ടിലെ ഒരു പത്രപ്രവർത്തകൻ പറഞ്ഞതോർക്കുന്നു. "ഞങ്ങൾ റിപ്പോർട്ട് ചെയ്യുന്ന കർഷക ആത്മഹത്യകളെല്ലാം യഥാർത്ഥ കർഷക ആത്മഹത്യകൾ അല്ലെന്ന് ഞങ്ങൾക്കറിയാം. അങ്ങനെയെങ്കിലും ആ കുടുംബത്തിന് ഒരു ധനസഹായം ലഭിച്ചോട്ടെ എന്നുകരുതിയാണ് പലപ്പോഴും കർഷക ആത്മഹത്യ എന്ന തലക്കെട്ട് കൊടുക്കുന്നത്" എന്നായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. ചില ആത്മഹത്യകൾ പ്രത്യേകമായി പഠിക്കുകയും, പോലീസ് സ്റ്റേഷനുകളിൽനിന്ന് ഉൾപ്പടെയുള്ള കണക്കുകൾ ശേഖരിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ, എല്ലാ ആത്മഹത്യാ കേസുകളെയും വെറും ആത്മഹത്യയായി കാണാൻ കഴിയില്ല എന്ന് നിശ്ചയം. അക്കൂട്ടത്തിൽ കൊലപാതകങ്ങൾ പോലും ഉണ്ടായിരുന്നിരിക്കാം. സാമ്പത്തിക സഹായം എന്ന "പ്രോത്സാഹനം" ഉണ്ടായിരുന്നതിനാൽ, പ്രേരിത ആത്മഹത്യകൾ പലത് നടന്നിരിക്കും എന്നുള്ളതും തീർച്ചയാണ്. കൂടാതെ, ആത്മഹത്യകൾ ചുറ്റുപാടും പലത് നടക്കുന്നതും മാധ്യമങ്ങൾ വീരപരിവേഷം ചാർത്തി റിപ്പോർട്ട് ചെയ്യുന്നതും ആത്മഹത്യ ചെയ്ത പലർക്കും ഉൾപ്രേരണ നല്കിയിട്ടുണ്ടാകാം എന്നുള്ളത് മനഃശാസ്ത്രപരമായ ഒരു സാധ്യതയുമാണ്.



**പുതിയ ട്രെൻഡുകൾ!**

പിന്നീട് ആത്മഹത്യാ തരംഗങ്ങൾ കേരളത്തിൽ പലത് പിന്നിട്ടു. ഒടുവിൽ നാം കണ്ടത് കോവിഡ് കാലത്തെ ആത്മഹത്യകളാണ്. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെയും ലോകാരോഗ്യ സംഘടനയുടെയും മറ്റും റിപ്പോർട്ടുകൾ പ്രകാരം, ഇന്ത്യയും വിശിഷ്യാ കേരളവും ആത്മഹത്യകളുടെ കാര്യത്തിൽ വളരെ മുന്നിലാണ്. കഴിഞ്ഞ വർഷം ഏറ്റവും കൂടിയ ആത്മഹത്യാ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന സംസ്ഥാനം കേരളവും, ജില്ല കൊല്ലവുമാണ്. സംസ്ഥാനത്തിന്റെ ആത്മഹത്യ നിരക്ക് 24.3 (ഒരു ലക്ഷത്തിൽ) ആണെങ്കിൽ കൊല്ലം ജില്ലയിൽ അത് 44 ആണ്. 2020ൽ 8500 ആത്മഹത്യകളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. അതിൽ 6570 പേർ (77 %) പുരുഷന്മാരാണ്. പലവിധ കോവിഡ് പ്രതിസന്ധികളാണ് കഴിഞ്ഞ രണ്ടുവർഷങ്ങൾക്കിടയിലെ ആത്മഹത്യകളിൽ ഏറിയ പങ്കിന് പിന്നിലും ആരോപിക്കപ്പെട്ടത്. എന്നാൽ, കോവിഡ് പ്രതിസന്ധി ഏറെക്കുറെ അരങ്ങൊഴിഞ്ഞിട്ടും ആത്മഹത്യകളുടെ എണ്ണവും നിരക്കും കുറയുകയല്ല, ആത്മഹത്യകൾ പുതിയ കാരണങ്ങൾ

www.malankaralibrary.com

തേടുകയാണ് എന്നാണ് ഒട്ടേറെ സമീപകാല സംഭവങ്ങളിൽനിന്ന് വ്യക്തമാകുന്നത്.

അടുത്തകാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ആത്മഹത്യകളിൽ വലിയൊരു വിഭാഗം ഏറ്റവും വേദനാജനകമായ കൂട്ട ആത്മഹത്യകളാണ്. കൂട്ട ആത്മഹത്യകൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നുണ്ടെങ്കിലും അതിൽ ഒന്നുമാത്രമായിരിക്കും ആത്മഹത്യ. മറ്റുള്ളത് കൊലപാതങ്ങളായിരിക്കും. പ്രത്യേകിച്ച് പിഞ്ചു കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള കുട്ടികൾക്കൂടി മരണങ്ങളിൽ ഉൾപ്പെടുമ്പോൾ. ഭാര്യാഭർത്താക്കന്മാർ ആത്മഹത്യ ചെയ്യാൻ തീരുമാനമെടുക്കുന്ന സാഹചര്യങ്ങളിൽ മിക്കപ്പോഴും കുട്ടികളെക്കൂടി കൊല്ലാൻ അവർ തീരുമാനമെടുക്കുന്നത് നമ്മിൽ പലപ്പോഴും നടുക്കം സൃഷ്ടിക്കാറുണ്ട്. പക്ഷെ അത്തരം നടുക്കങ്ങളുടെ ഗ്രാവിറ്റി ഇക്കാലത്ത് ഗണ്യമായി കുറഞ്ഞിരിക്കുന്നു എന്നുള്ളതാണ് വാസ്തവം. സമീപകാലത്ത് എറണാകുളത്ത് വൃദ്ധ മാതാവും മകളും മകളുടെ ഭർത്താവും ആത്മഹത്യ ചെയ്ത ഒരു സംഭവമുണ്ടായിരുന്നു. ആറും പതിനൊന്നും വയസുള്ള കുട്ടികളെ അവർ ജീവിക്കാൻ അനുവദിച്ചു എന്നുള്ളത് വലിയകാര്യം. എന്നാൽ, ചില സ്വകാര്യ സംഭാഷണങ്ങൾക്കിടയിൽ ചിലരുടെ അഭിപ്രായ പ്രകടനങ്ങൾ നടുക്കമുളവാക്കി. അവർക്ക് ആ കുഞ്ഞുങ്ങളെക്കൂടി കൊണ്ടുപോയിക്കൂടായിരുന്നോ എന്നതായിരുന്നു അവരുടെ "ദുഃഖം".

ആത്മഹത്യകൾക്ക് വിചിത്രവും ദുരൂഹവുമായ കാരണങ്ങൾ ഏറിവരുന്നു എന്നുള്ളതാണ് സമീപകാലത്ത് കണ്ടുവരുന്ന മറ്റൊരു പ്രതിഭാസം. കുടുംബജീവിതവുമായി ബന്ധപ്പെട്ട് പ്രതികാര ചിന്തകൾ വർദ്ധിക്കുന്നതായി നിരീക്ഷണങ്ങളിൽ വ്യക്തമാണ്. ചെറിയ കുടുംബപ്രശ്നങ്ങൾ പോലും വിചിത്രമായ പ്രതികാര ചിന്തകളിലേയ്ക്കും കുട്ടികളെയും കൊന്നുകൊണ്ടുള്ള ആത്മഹത്യകളിലേയ്ക്കും നയിക്കുന്നു. സാമ്പത്തിക പ്രശ്നങ്ങൾ കാരണങ്ങളിൽ പ്രധാനപ്പെട്ടതായി പലപ്പോഴും ഉയർത്തിക്കാണിക്കപ്പെടുന്നുണ്ടെങ്കിലും അതിനപ്പുറമുള്ള കുടുംബപ്രശ്നങ്ങളും മനഃശാസ്ത്രപരമായ മറ്റു പ്രശ്നങ്ങളുമാണ് യഥാർത്ഥ കാരണങ്ങളെന്ന് പല സംഭവങ്ങളിലും വ്യക്തമാണ്. ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളിൽ പലതും നഷ്ടപ്പെടുന്ന സാഹചര്യം അനേകരിൽ ഉടലെടുക്കുന്നുണ്ട് എന്നുള്ളത് തീർച്ചയാണ്. ബന്ധങ്ങളും ബന്ധങ്ങളുടെ ആഴങ്ങളും കുറയുന്നതും, മറ്റുള്ളവരുടെ പ്രതിസന്ധികളിൽ താങ്ങാകുവാനും താൽപ്പര്യം കാണിക്കുവാനുമുള്ള സന്മനസ് ഇല്ലാതായിക്കൊണ്ടിരിക്കുന്നതും, മനസുകളിൽ ദുരഭിമാനത്തിന്റെ അളവ് വർദ്ധിക്കുന്നതും കുടുംബ ആത്മഹത്യകൾക്ക് പിന്നിലെ പ്രധാന ഘടകങ്ങളായി മാറുന്നു. ആവശ്യമെങ്കിൽ മനഃശാസ്ത്ര വിദഗ്ധരെ കാണാനോ, സുഹൃത്തുക്കളോടുപോലും പ്രതിസന്ധികൾ തുറന്നുപറയാനോ കഴിയാതെ വരുന്നത് വലിയൊരു പങ്ക് ആത്മഹത്യകൾക്കും പിന്നിലുള്ള യഥാർത്ഥ കാരണമാണ്.



സ്കൂൾ വിദ്യാർത്ഥികളുടെ ആത്മഹത്യകൾ വലിയ തോതിൽ വർദ്ധിക്കുന്നതാണ് സമീപകാലത്തെ മറ്റൊരു ആശങ്ക. പണ്ട് പരീക്ഷാ റിസൾട്ടുകളുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ കണ്ടുവന്നിരുന്ന ആത്മഹത്യകളേക്കാൾ, കാരണങ്ങൾ തിരിച്ചറിയാതെ പോകുന്ന ആത്മഹത്യകൾ എത്രയോ അധികം ഇന്ന് നടക്കുന്നു! കുട്ടികളുടെ മനസികാവസ്ഥകളിൽ സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ആഴമുള്ള പഠനങ്ങൾ അനിവാര്യമായിരിക്കുന്നു. കഴിഞ്ഞ രണ്ടുവർഷങ്ങൾക്കിടയിൽ അശാസ്ത്രീയമായി നടപ്പാക്കിയ ഓൺലൈൻ വിദ്യാഭ്യാസ രീതികൾ ഏതൊക്കെ വിധത്തിലാണ് കുട്ടികളെ ബാധിച്ചിട്ടുള്ളത് എന്നുള്ളത് വ്യക്തമല്ല. ഭൂരിപക്ഷം കുട്ടികളും ഓൺലൈൻ പഠനത്തിനായി ആശ്രയിച്ചത് മൊബൈൽ ഫോണുകളാണ്. സ്വതന്ത്രമായി ലഭിക്കുന്ന മൊബൈൽ ഫോണുകളും ഡാറ്റയും ഒട്ടേറെ കുട്ടികളിൽ ഗെയിം, അശ്ളീല വീഡിയോ, സോഷ്യൽ മീഡിയ അഡിക്ഷനുകൾക്ക് വഴിവച്ചിട്ടുണ്ട്. ഒട്ടേറെ ലൈംഗിക ചൂഷണങ്ങൾക്ക് ഇത്തരം സാഹചര്യങ്ങൾ വഴിവച്ചിട്ടുണ്ടാകാനിടയുണ്ട്. വാസ്തവത്തിൽ ഈ കാലഘട്ടം ബാക്കിവച്ചിരിക്കുന്ന ദൂഷ്യഫലങ്ങൾ ഇനിയും നാം കാണാൻ ബാക്കിയുണ്ടാവാം.

കുടുംബങ്ങളിലും കുട്ടികളിലും മാത്രമല്ല, യുവജനങ്ങൾക്കിടയിലും ആത്മഹത്യാപ്രവണതകൾ വർദ്ധിക്കുകയാണ്. ജീവിത പരാജയത്തോടുള്ള ഭയവും നിരാശയും യുവതലമുറയിൽ വർദ്ധിച്ചുവരുന്നതും, ലഹരിയുടെ ഉപയോഗവും, മറ്റു മാനസിക പ്രതിസന്ധികളും വിവിധ സമ്മർദ്ദങ്ങളും ആത്മഹത്യാ കാരണങ്ങളാണെങ്കിലും, പ്രണയ നൈരാശ്യം പ്രധാന കാരണമായി തുടരുകയാണ്. പ്രണയിതാവിനെ അപായപ്പെടുത്തിയതിന് ശേഷമുള്ള ആത്മഹത്യകൾ വർദ്ധിക്കുന്നത് വലിയ അപകടസൂചനയാണ്.

www.malankaralibrary.com

പ്രണയത്തെ തുടർന്ന് ഒരുമിച്ചുള്ള ആത്മഹത്യകൾ സമീപകാലത്ത് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നതും, യുവജനങ്ങൾക്കിടയിൽ മറ്റു വിവിധ രീതികളിലുള്ള ആത്മഹത്യാ പ്രവണതകൾ വർദ്ധിച്ചുവരുന്നതും അന്വേഷണ വിധേയമാകേണ്ടതുണ്ട്. ആത്മവിശ്വാസത്തോടെ ജീവിതത്തെ നേരിടാനുള്ള കരുത്ത് യുവജനങ്ങൾക്ക് നൽകുക എന്ന ദൗത്യത്തിന് കൂടുതൽ ഊന്നൽ നൽകുവാൻ ഭരണകൂടം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്.

വിവാഹജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽ ആത്മഹത്യ തെരഞ്ഞെടുക്കുന്ന പെൺകുട്ടികളുടെ എണ്ണം സമീപകാലത്ത് വലിയതോതിൽ വർദ്ധിച്ചിരിക്കുന്നത് മറ്റൊരു പ്രധാന ചിന്താവിഷയമാകേണ്ടതുണ്ട്. കഴിഞ്ഞ ചില മാസങ്ങൾക്കിടയിൽ അത്തരം ഒട്ടേറെ ആത്മഹത്യകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അത്യാവശ്യ പഠനങ്ങൾക്ക് ശേഷം ചെറിയ പ്രായത്തിൽത്തന്നെ വിവാഹിതരാകുന്ന പെൺകുട്ടികളാണ് അത്തരത്തിൽ ജീവൻ ഒടുക്കുന്നവരിൽ ഏറെയും. സ്വന്തമായൊരു ജോലി ഉണ്ടായിരുന്നെങ്കിൽ അവൾ ഇപ്രകാരം ചെയ്യുമായിരുന്നില്ല എന്ന പരാമർശം ഇത്തരം സംഭവങ്ങളെ തുടർന്ന് ചിലപ്പോഴെങ്കിലും കേൾക്കാറുണ്ടെങ്കിലും അത്തരം ആത്മഹത്യകൾക്ക് പ്രധാന കാരണം മറ്റു ചിലതാണെന്ന് അനുമാനിക്കേണ്ടതുണ്ട്. കാരണം, വിവാഹത്തിന് മുമ്പ് തന്നെ ജോലി ഉള്ളവരും, വിവാഹത്തിന് ശേഷം വൈകാതെ തന്നെ ജോലി നേടിയവരുമായ യുവതികളും സമീപകാലത്തെ ആത്മഹത്യാ പട്ടികയിൽ ഇടംനേടിയിട്ടുണ്ട്. കുടുംബജീവിതത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ, സാമ്പത്തിക പ്രശ്നങ്ങൾക്കപ്പുറം മറ്റുചില പ്രതിസന്ധികൾ ആ കുടുംബങ്ങളിൽ രൂപംകൊള്ളുന്നെങ്കിൽ ആ വിഷയം വ്യക്തമായ പഠനങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇടുങ്ങിയ വഴികളിലൂടെ കടന്നുവരുന്ന ഇക്കാലത്തെ യുവതീയുവാക്കളിൽ ഒരു വിഭാഗം കൂടുതൽ സങ്കുചിത മനസ്കരും പരസ്പരം ഉൾക്കൊള്ളാൻ വിസമ്മതിക്കുന്നവരും സാങ്കൽപ്പിക ലോകത്തെ ഉള്ളിൽ സൂക്ഷിക്കുന്നവരും ആയിരിക്കാനിടയുണ്ട്. ഇത്തരം കേസുകളിൽ ഭർതൃപീഡനം പലപ്പോഴും ഒരു സമാനഘടകമായി കാണപ്പെടാറുമുണ്ട്. മേൽപറഞ്ഞതുപോലെ, നമുക്കിടയിലെ യുവതീയുവാക്കളുടെ മനസികാരോഗ്യത്തെക്കുറിച്ചുള്ള കൂടുതൽ വിശകലനങ്ങളും ശാസ്ത്രീയമായ ഇടപെടലും ഇന്ന് ആവശ്യമാണ്.



കേരളത്തിൽ എല്ലായ്പ്പോഴും നിലനിൽക്കുന്ന ആത്മഹത്യാ തരംഗങ്ങളിൽനിന്ന് ഒരു ജീവിത സാഹചര്യങ്ങളിലുള്ളവരും വിമുക്തരല്ല എന്നുള്ളത് ശ്രദ്ധേയമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ സന്യാസാർത്ഥിനികളായ പെൺകുട്ടികൾ ആത്മഹത്യ ചെയ്ത സംഭവങ്ങൾ വിവാദങ്ങളായവയാണ്. ഇന്നത്തെ സാമൂഹ്യാന്തരീക്ഷത്തിൽ നിന്ന് സന്യാസജീവിതം തെരഞ്ഞെടുത്ത് മുന്നോട്ടുവരുന്ന പെൺകുട്ടികളിലും ഇത്തരത്തിൽ അപൂർവ്വമായെങ്കിലും ആത്മഹത്യാ പ്രവണതയും അതിലേയ്ക്ക് നയിക്കുന്ന മാനസിക പ്രതിസന്ധികളും പ്രകടമാണ്. മാനസിക സമ്മർദ്ദങ്ങളെ അതിജീവിക്കുന്നതിനുള്ള വഴികൾ തിരയുന്നതിന് പകരം അവരെപ്പോലുള്ളവരും നിരാശയിൽ നിപതിക്കുകയും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നു എന്നുള്ളത് ദൗർഭാഗ്യകരമാണ്. തങ്ങൾക്ക് ചുറ്റുമുള്ള ലോകത്തിലെ ചിന്താധാരകളും സമ്മർദ്ദങ്ങളും ഓരോരുത്തരെയും ചെറിയ അളവിലെങ്കിലും സ്വാധീനിക്കുന്നു എന്നുള്ളതാണ് വാസ്തവം.

അരക്ഷിതാവസ്ഥകളിലേയ്ക്കും മനോദൗർബ്ബല്യങ്ങളിലേയ്ക്കും പാഞ്ഞടുക്കുന്ന ഒരു ആൾക്കൂട്ടമായി മലയാളികൾ മാറുന്നതിന് പിന്നിൽ ഒട്ടേറെ കാരണങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും കണ്ടെത്താൻ നമുക്ക് കഴിഞ്ഞേക്കും. ഈ വെല്ലുവിളിയെ ഒരു കൂട്ടുത്തരവാദിത്തമായി ഏറ്റെടുക്കാനുള്ള ആർജ്ജവം ഇവിടുത്തെ ബൗദ്ധിക സമൂഹവും നേതൃനിരകളിലുള്ളവരും പ്രകടിപ്പിക്കണം. ആത്മഹത്യകളെയും അനുബന്ധ ദാരുണ സംഭവങ്ങളെയും എല്ലായ്പ്പോഴും ലൈംലൈറ്റിൽ നിർത്തുന്ന മാധ്യമങ്ങളുടെ ശൈലിക്ക് മാറ്റം ആവശ്യമാണ്. അപരനെക്കുറിച്ച് കൂടുതൽ കരുതലുള്ളവരാകുന്നതിലൂടെ അവരവർ തന്നെ സുരക്ഷിതരാവുന്നു എന്ന ബോധ്യത്തിലേയ്ക്ക് സാധാരണക്കാരും കടന്നുവരേണ്ടതുണ്ട്. എല്ലാം മറച്ചുവച്ച് തങ്ങളിൽ തന്നെ ഒതുങ്ങികൂടുന്നവരാകാതെ തുറന്ന് ചിന്തിക്കുന്നവരും തുറന്ന് സംസാരിക്കുന്നവരുമായി മാറാൻ എല്ലാവർക്കും കഴിയേണ്ടതുണ്ട്. ലോകത്തിന്റെ ആത്മഹത്യാമുനമ്പായി ഈ അറബിക്കടലിന്റെ തീരം വിശേഷിപ്പിക്കപ്പെടുന്ന അപമാനകരമായ അവസ്ഥയ്ക്ക് മാറ്റം അനിവാര്യമാണ്.

www.malankaralibrary.com



# കാണാമറയത്തെ പ്രണയച്ചതികൾ

അപൂർവ്വമായി മാത്രമാണ് ലൗജിഹാദ് എന്ന പേരിൽ വിശേഷിപ്പിക്കപ്പെടാറുള്ള പ്രണയക്കെണികൾ എന്ന പ്രതിഭാസത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ കേരളത്തിൽ പൊതുവായ ചർച്ചകൾക്കിടയിൽ കടന്നുവരാറുള്ളത്. അത്തരം സന്ദർഭങ്ങളിൽ അതിശക്തമായി അതിനെ നിരാകരിക്കാൻ ചിലർ വിവിധ തുറകളിൽനിന്ന് മുന്നോട്ടുവരാറുണ്ട്. വർഷങ്ങളോളമായി ചിലരും, സമീപകാലങ്ങളായി പലരും മുന്നോട്ടുവയ്ക്കുന്ന ചില ആശങ്കകളെ മുഖവിലയ്ക്കെടുക്കാൻ അധികാരികൾ എല്ലായ്പ്പോഴും വിസമ്മതിക്കുകയാണുണ്ടായിട്ടുള്ളത്. ചില അവസരങ്ങളിൽ പ്രത്യേകമായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ള പ്രണയവിവാഹങ്ങൾ ഈ വിഭാഗത്തിൽ പെട്ടതാണോ എന്ന് തീർത്തുപറയുക എളുപ്പമല്ല. എന്നാൽ കേരളത്തിൽ ഇത്തരം പ്രണയക്കെണികൾ ഉണ്ടോ ഇല്ലയോ എന്ന ചോദ്യത്തിന് ഒരു ഉത്തരം പറയുക വളരെ എളുപ്പമാണ്. ആ ഉത്തരം ഇല്ല എന്നല്ല, ഉണ്ട് എന്നാണ്. മുൻ ഡിജിപിമാർ ഉൾപ്പെടെയുള്ള റിട്ടയേർഡ് പോലീസ് ഓഫീസർമാർ മുതൽ, ഇത്തരമൊരു വിഷയത്തെ യുക്തിപരമായി സമീപിക്കുകയും അന്വേഷിക്കുകയും ചെയ്തിട്ടുള്ള ഒട്ടേറെപ്പേർ യാതൊരു സംശയവുമില്ലാതെ ഈ ചോദ്യത്തിന് ഇതേ ഉത്തരംതന്നെ പറഞ്ഞിട്ടുണ്ട്.



ഇങ്ങനെയൊന്നില്ല എന്ന് സ്ഥാപിക്കാൻ ഒരേയൊരു ദുർബലമായ ആശയമാണ് അഥവാ, ആ ആശയത്തിൽ ഊന്നിയുള്ള വാദഗതികളാണ് പതിവായി തൽപരകക്ഷികൾ ഉയർത്താറുള്ളത്. അതിനപ്പുറം അത്തരക്കാർക്ക് മറ്റൊന്നും പറയാനില്ലതാനും. 'ലൗ ജിഹാദ്' എന്നൊരു ജിഹാദ് ഇല്ല എന്നതാണ് അത്. ജിഹാദ് എന്നൊന്ന് മതപരമായി ഉണ്ടെന്നും, അതിന് വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും ഉണ്ടെന്നുമിരിക്കെ അവിടെയൊന്നും ഇങ്ങനെ ഒരു ജിഹാദ് പരാമർശിക്കപ്പെട്ടിട്ടില്ല എന്നതാണ് സാങ്കേതികമായ ആ വിശദീകരണം. ഒരുപക്ഷെ അത് ശരിയായിരിക്കാം. എന്നിരുന്നാലും പ്രണയ കെണികൾ ഒരുക്കി പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന തന്ത്രം കെട്ടുകഥയാകുന്നില്ല.

പെൺകുട്ടികളെ തട്ടിയെടുക്കാനുള്ള കുതന്ത്രങ്ങൾ പുതിയതോ കേരളത്തിൽ മാത്രം ഒതുങ്ങുന്നതോ അല്ല. രീതികൾ പലയിടങ്ങളിലും വ്യത്യസ്തമായിരിക്കും എന്നുള്ളതാണ് മാറ്റം. കയ്യൂക്കിലും ആയുധങ്ങളുടെ ബലത്തിലും കാര്യം നേടാൻ സാഹചര്യമുള്ള രാജ്യങ്ങളിൽ 'ലൗ ജിഹാദ്' എന്നൊന്നിന് പ്രസക്തിയേയില്ല. മറ്റുമതസ്ഥരായ പെൺകുട്ടികളെ ഇഷ്ടപ്പെട്ടാൽ തട്ടിക്കൊണ്ടുപോയിട്ടുള്ള സംഭവങ്ങൾക്ക് നൂറ്റാണ്ടുകൾക്ക് മുമ്പ് മുതൽ ഈ കാലഘട്ടം വരെയും എണ്ണമറ്റ ഉദാഹരണങ്ങളുണ്ട്. പാക്കിസ്ഥാനിൽ സംഭവിക്കുന്നവ തന്നെയാണ് ഇക്കാലത്തെ പ്രധാന ഉദാഹരണം. അത്തരം ചില ബലപ്രയോഗ ശ്രമങ്ങൾ കേരളത്തിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, അന്യനാടുകളിൽ പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി മതംമാറ്റി വിവാഹം കഴിക്കുന്നതിനെ ഇതുവരെ ആരും ജിഹാദ് എന്ന് വിശേഷിപ്പിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ആ രീതിയിൽ ചിന്തിച്ചാൽ 'ലൗ ജിഹാദ്' ഇല്ല എന്ന് ചിലർ പറയാൻ നിർബ്ബന്ധിതരാകുന്നതിലും കാര്യമുണ്ട്.

എന്നാൽ, കേരളത്തിന്റെ പശ്ചാത്തലത്തിൽ ലൗജിഹാദ് എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നത് മറ്റൊരു വിധത്തിലാണ്. മുസ്‌ലിം മതഗ്രന്ഥങ്ങൾ നൽകുന്ന നിർവ്വചനമല്ല അതിനുള്ളത്. മറിച്ച്, ഇസ്‌ലാമിസ്റ്റുകളുടെ തന്ത്രങ്ങളും പ്രവർത്തന രീതികളും തിരിച്ചറിഞ്ഞവരും, അത്തരം തീവ്രവാദ പ്രവർത്തനങ്ങളാൽ സഹികെട്ടവരും കൊടുത്ത നിർവ്വചനമാണ് അതിനുള്ളത്. അത്തരമൊരു സാങ്കേതിക പ്രശ്നം മാത്രമാണ് ഈ വിഷയത്തിൽ ആശയക്കുഴപ്പമായുള്ളത്. മറ്റുള്ളവരെ ഇല്ലാതാക്കാനും തോൽപ്പിക്കാനും തകർക്കാനും മറ്റുള്ളവർക്കുള്ളതെല്ലാം പിടിച്ചെടുക്കാനും ഇസ്‌ലാമിസ്റ്റുകൾ നടത്തുന്നതെല്ലാം സാധാരണ മനുഷ്യരുടെ കണ്ണിൽ ജിഹാദാണ്. തോക്കും ബോംബും വാളും ഉപയോഗിച്ച് അമുസ്‌ലീങ്ങളെ കൊന്നൊടുക്കി ദേശങ്ങൾ പിടിച്ചെടുക്കുന്നതും, കുതന്ത്രങ്ങൾ മെനഞ്ഞ്

www.malankaralibrary.com

ബിസിനസുകൾ പിടിച്ചെടുക്കുന്നതും, കള്ളപ്പണം ഒഴുക്കി ഭൂമി കയ്യടക്കുന്നതും, മയക്കുമരുന്ന് സുലഭമാക്കി യുവജനങ്ങളെ മുഴുവൻ അടിമകളാക്കി തകർക്കാൻ നോക്കുന്നതും മാത്രമല്ല, പറഞ്ഞു മയക്കിയും കെണികളിൽ പെടുത്തിയും ഭീഷണിപ്പെടുത്തിയും പെൺകുട്ടികളെ വശത്താക്കുന്നതിനെയും ജിഹാദ് എന്നുതന്നെ മലയാളികൾ വിളിക്കും. ബിസിനസ് ജിഹാദ് ഇല്ല, നാർക്കോട്ടിക് ജിഹാദില്ല, ലൗ ജിഹാദില്ല എന്നൊക്കെ വീണ്ടും വീണ്ടും ഇസ്‌ലാമിസ്റ്റുകളും അവരുടെ കുഴലൂത്തുകാരും ആവർത്തിച്ചുകൊണ്ടിരുന്നാലും അൽപ്പം ബോധമുള്ളവർക്ക് ഇതൊക്കെ മനസിലാകും എന്ന് തീർച്ച.

ലൗജിഹാദ് എന്ന പദമല്ല ഇവിടെ പ്രശ്നം എന്ന് സർക്കാരും ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലുള്ളവരും പൊതുസമൂഹവും മനസിലാക്കണം. പ്രണയക്കെണികൾ ഇവിടെ ഒരുക്കപ്പെടുന്നുണ്ടോ എന്നുള്ളതാണ് ചോദ്യം. സംഘടിതമായിത്തന്നെ അങ്ങനൊന്ന് സംഭവിക്കുന്നുണ്ട് എന്നതിന് ഒട്ടേറെ തെളിവുകൾ കണ്ടെത്താൻ കഴിയും എന്നതിനാൽ ഈ ആശങ്ക അടിസ്ഥാനരഹിതമല്ല. വളരെ ഗൗരവമായിത്തന്നെ സർക്കാരും അന്വേഷണ ഏജൻസികളും ഇടപെടേണ്ട ഒരു വിഷയമാണിത്. തെറ്റിദ്ധരിപ്പിച്ചും വശീകരിച്ചും കെണികൾ ഒരുക്കിയും പെൺകുട്ടികളെ വലയിൽ അകപെടുത്തുന്നുണ്ട് എന്ന കാലങ്ങളായുള്ള ആരോപണങ്ങളും ആശങ്കകളും തള്ളിക്കളയേണ്ടവയല്ല.

**സ്വാഭാവിക പ്രണയങ്ങളില്ലേ?**

ഇതൊക്കെ സ്വാഭാവിക പ്രണയങ്ങളല്ലേ, അതിനെ എതിർക്കുന്നത് എന്തിനാണ് എന്ന ചോദ്യമാണ് പലപ്പോഴും ചിലരെ ഉത്തരം മുട്ടിക്കുന്നത്. കോടതിക്ക് മുന്നിലുള്ള ചോദ്യവും അതുതന്നെയാണ്. പ്രായപൂർത്തിയായ ഒരു സ്ത്രീയും പുരുഷനും വിവാഹിതരായി ഒരുമിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നു എന്ന് കോടതിക്ക് മുന്നിൽ പറയുന്ന പക്ഷം അവരെ അതിന് അനുവദിക്കുക എന്നതല്ലാതെ മറ്റൊന്നും കോടതിക്ക് ചെയ്യാനില്ല. സ്വാഭാവിക പ്രണയമോ അസ്വാഭാവിക പ്രണയമോ എന്ന ചോദ്യം അവിടെ പ്രസക്തമല്ല. എന്നാൽ, എന്താണ് സ്വാഭാവികതയും അസ്വാഭാവികതയും എന്നുള്ള ചോദ്യം വളരെ സങ്കീർണ്ണവും ആഴമുള്ള വിശകലനം ആവശ്യമുള്ളതുമാണ്.

ചതിയിൽ പെടുത്തിയും, കബളിപ്പിച്ചും മതം മാറ്റി വിവാഹം കഴിക്കുന്നതും, വിവാഹത്തിന് ശേഷം മയക്കുമരുന്ന് കടത്തലിനും തീവ്രവാദത്തിനും ഉപയോഗിക്കുന്നതുമാണ് ലവ് ജിഹാദ് എന്ന ധാരണ ഉള്ളവരുണ്ട്. ഇത്തരത്തിൽ സംഭവിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നത് മുസ്‌ളീം യുവാക്കളെ പ്രണയിച്ച് വിവാഹം ചെയ്യുന്ന മറ്റുമതസ്ഥരായ പെൺകുട്ടികളുടെ ആകെ എണ്ണത്തെ അപേക്ഷിച്ച് വളരെ കുറവായതിനാൽ ഇത്തരം പ്രണയ വിവാഹങ്ങൾ ഭൂരിപക്ഷവും സ്വാഭാവിക പ്രണയങ്ങളാണെന്ന വാദമുണ്ട്. വാസ്തവത്തിൽ ലൗ ജിഹാദിനെ വ്യക്തമായി വിശദീകരിക്കാനോ, മനസ്സിലാക്കാനോ കഴിയാതെ പോയതിനാലാണ് ഇത്തരം വാദങ്ങൾ ഇപ്പോഴും ഉയരുന്നത്.

ഇത്തരം പ്രണയവിവാഹങ്ങളിൽ തീർച്ചയായും ഒരു വിഭാഗം സ്വാഭാവിക പ്രണയങ്ങൾ തന്നെയായിരിക്കും എന്നുള്ളതിൽ സംശയമില്ല. എന്നാൽ, എന്താണ് സ്വാഭാവിക പ്രണയം? അഥവാ എന്താണ് പ്രണയത്തിലെ സ്വാഭാവികത? യുക്തിപരമായി ചിന്തിച്ചാൽ വിവിധ മതവിഭാഗങ്ങൾ ഇടകലർന്ന് ജീവിക്കുന്ന ഒരു സമൂഹത്തിൽ പ്രണയ വിവാഹങ്ങൾക്ക് ഒരു അനുപാതമുണ്ടായിരിക്കും. ഈ മതേതര സമൂഹത്തിന്റെ ഇന്നത്തെ നിലപാടുകളും കാഴ്ചപ്പാടുകളും അനുസരിച്ചും, പൊതുവെ യുവജനങ്ങളുടെ സ്വഭാവരീതികളും സംസ്കാരവും അനുസരിച്ചും ഏറെക്കുറെ ഒരേ അനുപാതത്തിലായിരിക്കണം മതാന്തര വിവാഹങ്ങൾ നടക്കേണ്ടത്. പത്ത് ക്രിസ്ത്യൻ പെൺകുട്ടികൾ ഹിന്ദു പയ്യന്മാരെ വിവാഹം കഴിക്കുന്നു എന്നിരിക്കട്ടെ. തിരിച്ചും അതേ അനുപാതത്തിൽ വിവാഹങ്ങൾ നടക്കുന്നുണ്ടെങ്കിൽ അതിലൊരു സ്വാഭാവികതയുണ്ട് (ജനസംഖ്യാനുപാതം തല്ക്കാലം മാറ്റി നിർത്താം). എന്നാൽ, ക്രിസ്ത്യൻ, ഹിന്ദു വിഭാഗങ്ങളിലെ പെൺകുട്ടികൾ എല്ലാ അനുപാതങ്ങളും തെറ്റിക്കും വിധം കൂടിയ എണ്ണംപേർ മുസ്‌ലിം യുവാക്കളെ വിവാഹം കഴിക്കുകയും, അതേസമയം വളരെ ചുരുങ്ങിയ എണ്ണം മുസ്‌ലിം പെൺകുട്ടികൾ മാത്രം മറ്റു മതസ്ഥരെ വിവാഹം കഴിക്കുകയും ചെയ്യുന്നെങ്കിൽ അതിൽ അസ്വാഭാവികതയുണ്ട്. കേരളത്തിലെ ഏത് രജിസ്ട്രാർ ഓഫീസുകളിലെ രേഖകൾ പരിശോധിച്ചാലും ഇത്തരമൊരു ആസ്വാഭാവികത വ്യക്തമാകും.

ഒറ്റനോട്ടത്തിൽ സ്വാഭാവികം എന്ന് കരുതിയാലും പരോക്ഷമായ ഒരു അസ്വാഭാവികത ഈ സംഭവങ്ങളിൽ ഉണ്ട് എന്ന് വ്യക്തം. മുസ്‌ലിം യുവാക്കൾക്ക് മറ്റുമതസ്ഥരായ പെൺകുട്ടികളെ വിവാഹം കഴിക്കാനുള്ള



www.malankaralibrary.com

വലിയ സ്വാതന്ത്ര്യവും പ്രോത്സാഹനവും ആ മതം നൽകുന്നുണ്ട് എന്നുള്ളതാണ് അടിസ്ഥാന കാരണങ്ങളിൽ പ്രധാനം. എന്നാൽ, ആ സ്വാതന്ത്ര്യം പെൺകുട്ടികൾക്കില്ല എന്നുള്ളതാണ് അതിലെ വൈരുദ്ധ്യവും. ഈ കാരണത്താൽത്തന്നെ പ്രണയത്തോടും വിവാഹത്തോടുമുള്ള ഈ വിഭാഗത്തിന്റെ നിലപാടുകൾ മറ്റു മതസ്ഥർക്ക് ഉൾക്കൊള്ളാൻ കഴിയില്ല. വിവാഹത്തോടുള്ള ഈ സമീപനത്തിന്റെ അടിസ്ഥാനം തികച്ചും മതപരമാണ് എന്ന് നിശ്ചയം. പെൺകുട്ടികൾ വിവാഹത്തിലൂടെ തങ്ങളുടെ മതത്തിന്റെ ഭാഗമായി മാറുന്നതിന്റെ പൂർണ്ണമായും സ്വാഗതം ചെയ്യുകയും, അന്യമതസ്ഥരെ വിവാഹം ചെയ്യുന്നതിലൂടെ സ്വന്തം മതത്തിൽനിന്ന് വിട്ടുപോകുന്നതിനെ ശക്തമായി എതിർക്കുകയും ചെയ്യുകയാണ് ഇവിടെ സംഭവിക്കുന്നത്. ഇത്തരമൊരു നിലപാടിന്റെ തുടർച്ചയാണ് ഭൂരിപക്ഷം പ്രണയങ്ങളും എന്ന് നിശ്ചയം. അതിനാൽത്തന്നെ പ്രത്യക്ഷത്തിൽ അത്തരം പ്രണയങ്ങൾ സ്വാഭാവികമെന്ന് വിലയിരുത്തപ്പെട്ടാലും അസ്വാഭാവികത മറഞ്ഞുനിൽക്കുണ്ടാവാം.



**പ്രണയിക്കുന്നത് തെറ്റാണോ?**

ഏതു മതസ്ഥരായ ആരെയും പ്രണയിക്കാനും വിവാഹം ചെയ്യാനും ഏതൊരു ഇന്ത്യൻ പൗരനും അവകാശവും സ്വതന്ത്ര്യവുമുണ്ട്. അതിനാൽത്തന്നെ പ്രണയം തെറ്റാണെന്ന് പറയാനാവില്ല. അതേസമയം പ്രണയക്കെണികളെക്കുറിച്ച് സംസാരിക്കുമ്പോൾ മറ്റുചില വാസ്തവങ്ങൾകൂടി പരിഗണിക്കേണ്ടതുണ്ട്. ഇസ്‌ലാം ഒഴികെയുള്ള മറ്റേത് മതവിഭാഗങ്ങളും തങ്ങളുടെ മതവിശ്വാസിയായ ഒരാൾ മറ്റൊരു മതത്തിൽ പെട്ട വ്യക്തിയെ വിവാഹം ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കാറില്ല. മറ്റു നിവൃത്തിയൊന്നുമില്ലെങ്കിൽ വിവാഹം ചെയ്തുകൊടുക്കുക മാത്രമാണ് ചെയ്യുന്നത്. ഇസ്‌ലാമിന്റെ മതപരമായ കാഴ്ചപ്പാടിന് വിപരീതമാണ് അത്. ക്രൈസ്തവരായാലും ഹൈന്ദവരായാലും മതബദ്ധമായ ജീവിതം നയിക്കുന്ന ബഹുഭൂരിപക്ഷം പേരും വിശ്വാസപരമായ ഒരു ചട്ടക്കൂട്ടിൽ തന്നെയാണ് ഓരോ കുടുംബവും പണിതുയർത്തുന്നത്. ദൈവ വിശ്വാസത്തിലുള്ള ഐക്യം കുടുംബത്തിൽ പ്രധാനമാണ്. തങ്ങളുടെ വിശ്വാസം പൂർണ്ണമായ ബോധ്യത്തോടെ സ്വീകരിച്ചുകൊണ്ട് നല്ല മനസോടെ കടന്നുവരുന്ന ഒരാളാണെങ്കിൽ മാത്രമേ ആ കുടുംബത്തെയും മതത്തെയും ഉൾക്കൊള്ളാൻ കഴിയൂ. അല്ലാത്തപക്ഷം അത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. മറ്റൊരു വിശ്വാസ പശ്ചാത്തലത്തിലേയ്ക്ക് ഒരു പെൺകുട്ടിയെ പറഞ്ഞയക്കുമ്പോഴും മാതാപിതാക്കൾക്ക് ഇതേ ആശങ്കകളാണ് ഉണ്ടാവുക. എങ്കിലും അസ്വാഭാവികതകളില്ലാത്ത മതാന്തര പ്രണയ വിവാഹങ്ങളെ സഹിഷ്ണുതയോടെ തന്നെയാണ് ഈ കാലഘട്ടത്തിലെ ക്രിസ്ത്യൻ, ഹിന്ദു സമൂഹങ്ങൾ കാണുന്നത്.

എന്നാൽ, തങ്ങളുടേതിന് വിരുദ്ധമായ കാഴ്ചപ്പാടുകളോടെയുള്ള പ്രണയ വിവാഹ പരമ്പരകൾ ഇരു സമൂഹത്തിലും അസ്വസ്ഥതകൾ സൃഷ്ടിക്കുന്നുണ്ട്. അത് സ്വാഭാവികവുമാണ്. വാസ്തവത്തിൽ, മറ്റു മതവിഭാഗങ്ങളുടെ വിവാഹസംബന്ധമായ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ടുകൊണ്ടും അതിനെ ആദരിച്ചുകൊണ്ടും ഇത്തരം പ്രണയ വിവാഹങ്ങളെ നിരുത്സാഹപ്പെടുത്തുകയായിരുന്നു ഇസ്‌ലാം സമൂഹം ചെയ്യേണ്ടിയിരുന്നത്. ദൗർഭാഗ്യവശാൽ, നിരുത്സാഹപ്പെടുത്തുന്നതിന് പകരം കാലം കഴിയുംതോറും കൂടുതൽ പ്രോത്സാഹനം നൽകിവരുന്നതായാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. പ്രണയത്തെ തുടർന്ന് മതപഠനം നൽകുന്നതിനുള്ള അമിത താൽപ്പര്യവും തുടർന്നുള്ള മതംമാറ്റവും എല്ലാ കേസുകളിലും തന്നെ കാണുന്നതും, അത് മിക്കപ്പോഴും നിർബ്ബന്ധിതമാകുന്നതും പ്രണയക്കെണികൾ ലൗ ജിഹാദ് എന്ന് വിശേഷിപ്പിക്കപ്പെടാനും ആശങ്കയായി മാറാനുമുള്ള പ്രധാന കാരണങ്ങളാണ്. ഇത്തരം പ്രണയങ്ങളുടെ പ്രധാന പ്രേരകം മതപരമാണ് എന്ന് വിലയിരുത്തപ്പെടാനുള്ള കാരണവും അതാണ്. പ്രണയക്കുരുക്കിൽ നിന്നും, വിവാഹശേഷവും രക്ഷപെട്ടിട്ടുള്ള നിരവധി പെൺകുട്ടികളുടെ അനുഭവങ്ങൾ പരിശോധിച്ചാൽ ഇത്തരം ഘടകങ്ങളെല്ലാം സുവ്യക്തമാണ്.

**ആസൂത്രണങ്ങളും സംഘടിതസ്വഭാവവും**

സമീപകാലങ്ങളിൽ വിവാദമായി മാറിയ ചില പ്രണയവിവാഹങ്ങളിൽ ഉൾപ്പെടെ പല സംഭവങ്ങളിലും നിരവധി പേരുടെ ഇട

www.malankaralibrary.com

പെടലുകളും ആൾക്കൂട്ടത്തിന്റെ സാന്നിധ്യവും ശ്രദ്ധേയമായിരുന്നു. കോടതിവളപ്പിൽ പോലും വലിയ ആൾക്കൂട്ടം എത്തിച്ചേരുകയും കലാപാന്തരീക്ഷം സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രണയം വിവാഹത്തിൽ എത്തിച്ചേരാനായി വീട്ടുകാരിലും ബന്ധുക്കളിലും പോലും അനേകർ ചേർന്ന് സമ്മർദ്ദം ചെലുത്തിയ അനുഭവങ്ങൾ പലതുണ്ട്. ഇത്തരം ചില സംഭവങ്ങളുമായി ബന്ധപ്പെട്ട് അക്രമങ്ങൾ പോലും ഉണ്ടായിട്ടും വേണ്ടത്ര മാധ്യമശ്രദ്ധ അതിനൊന്നും ലഭിക്കാതെ പോയിട്ടുള്ളതും ദുരൂഹമാണ്.

പ്രണയവുമായി ബന്ധപ്പെട്ട് നടക്കുന്ന മതംമാറ്റങ്ങൾ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണ്. ഇത്തരം ബഹുഭൂരിപക്ഷം പ്രണയങ്ങളിലും വിവാഹത്തിന് മുമ്പ് തന്നെ മതപഠനവും, മതം മാറ്റവും നടന്നിട്ടുണ്ട്. പ്രണയത്തെക്കുറിച്ച് കുടുംബാംഗങ്ങൾ പോലും മനസിലാക്കുന്നതിന് മുമ്പേ മതവിശ്വാസവുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന പ്രകടമായ മാറ്റങ്ങൾ പെൺകുട്ടികളിൽ കാണപ്പെട്ട സംഭവങ്ങൾ പലതുണ്ട്. ഇത്തരത്തിൽ കാണപ്പെട്ട മാറ്റങ്ങളെ തുടർന്നുള്ള അന്വേഷണങ്ങളിൽനിന്ന് മുസ്ളീം യുവാവുമായി പ്രണയത്തിലാണെന്ന് മനസിലാക്കാൻ കഴിഞ്ഞ അനുഭവവുമുണ്ട്. പ്രണയത്തിൽ വിവാഹത്തെക്കാൾ പ്രധാനം മതംമാറ്റമാണ് എന്ന് തോന്നും വിധത്തിലുള്ള ഒട്ടേറെ അനുഭവങ്ങൾ മുന്നിലുള്ളതിനാൽ തന്നെ, ഒട്ടേറെ പ്രണയങ്ങൾ ലൗജിഹാദ് എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന വിധത്തിൽ മതപരമായ ലക്ഷ്യങ്ങളോടെയുള്ളതാണ് എന്ന് അനേകർ അനുമാനിക്കുന്നതിൽ തെറ്റ് പറയാനാവില്ല.

കേരളത്തിൽ പലയിടങ്ങളിലായി അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ നിരവധി ഇസ്ലാമിക മതപഠന കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളത് സ്ഥിരീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. ഇസ്ലാം മതം സ്വീകരിക്കുന്ന മറ്റുമതസ്ഥരെ ഉദ്ദേശിച്ചുള്ള സ്ഥാപനങ്ങളാണ് അവ. മുഖ്യമായും പ്രണയം മൂലം മതം മാറാൻ തയ്യാറാകുന്ന പെൺകുട്ടികളെയാണ് അത്തരം മതപഠന കേന്ദ്രങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. പ്രണയം മൂലമല്ലാതെ ഇസ്ലാം മതം സ്വീകരിക്കുന്നവർ കണക്കുകൾ പ്രകാരം വളരെ അപൂർവ്വമാണ്. അങ്ങനെയെങ്കിൽ കേരളത്തിലെമ്പാടും മതപഠന കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതിന് പ്രണയവിവാഹങ്ങളുമായി ബന്ധമുണ്ട്. വലിയ വിഭാഗം പ്രണയങ്ങളും ആസൂത്രിതമായ ലക്ഷ്യങ്ങളോട് കൂടിയതും, ചില സംഘടനാ സംവിധാനങ്ങളുമായി ഏതൊക്കെയോ വിധത്തിൽ ബന്ധപ്പെട്ടതുമാണ് എന്നതിന്റെ സൂചനയാണ് മത പരിവർത്തനത്തിനുള്ള ഇത്തരം വ്യാപക സംവിധാനങ്ങൾ നൽകുന്നത്.

മിക്കവാറും ലൗജിഹാദ് കേസുകളും കോടതികളിൽ എത്താറുണ്ട്. കോടതികളിൽ എത്തുന്ന ഇത്തരം ഭൂരിപക്ഷം കേസുകളും പെൺകുട്ടികളുടെ കുടുംബാംഗങ്ങൾക്ക് അനുകൂലമായല്ല പര്യവസാനിക്കാറുള്ളത്. തങ്ങളുടെ ഇഷ്ടപ്രകാരമാണ് വീടുവിട്ട് പോയത് എന്ന് പെൺകുട്ടികൾ മൊഴി നൽകുന്നതാണ് കാരണം. ചില കേസുകളിൽ പെൺകുട്ടികൾ ആശയക്കുഴപ്പത്തിൽ അകപ്പെടുകയോ, നിയമപരമായ മറ്റെന്തെങ്കിലും സങ്കീർണ്ണതകൾ ഉണ്ടായിരിക്കുകയോ ആകുന്ന പക്ഷം വളരെ ശക്തമായ പിന്തുണ പലരിൽനിന്നും മുസ്ളീം യുവാക്കൾക്ക് ലഭിക്കുന്നതായി കാണാറുണ്ട്. വളരെ പ്രഗത്ഭരായ വക്കീൽമാരുടെ സഹായം മുതൽ വേണ്ടിവന്നാൽ ബലപ്രയോഗത്തിലൂടെ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോകാനുള്ള സന്നാഹങ്ങൾവരെ കോടതിയിലും പുറത്തുമായി ഒരുക്കപ്പെടാറുണ്ട്. ഏതാനും മാസങ്ങൾക്ക് മുമ്പ് കോഴിക്കോട് ജില്ലയിൽ സംഭവിച്ച പ്രണയവും അനുബന്ധ വിവാദങ്ങളും കോടതിയിൽ എത്തിയപ്പോൾ വലിയ അക്രമി സംഘം തന്നെ കോടതിവളപ്പിൽ വന്നുചേർന്നിരുന്നു. ഇത്രമാത്രം സന്നാഹങ്ങൾ ഒരുക്കപ്പെട്ടിരിക്കുന്നത് ശ്രദ്ധിച്ച ജഡ്ജി പെൺകുട്ടിയെ മാതാപിതാക്കൾക്കൊപ്പം പറഞ്ഞയയ്ക്കുകയാണുണ്ടായത്.



ലൗജിഹാദുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒന്നര പതിറ്റാണ്ടോളമായി ഉയരുന്ന ആശങ്കകൾ സമീപകാലങ്ങളായി തെളിവുകൾ സഹിതം അനേകർ ഉയർത്തിക്കാണിച്ചിട്ടും, ഒരുപക്ഷെ വളരെ വ്യക്തമായി കാര്യങ്ങൾ മനസ്സിലാക്കിയിട്ടും തള്ളിപ്പറയാനും നിരാകരിക്കാനും, ആരോപണങ്ങൾ ഉന്നയിക്കുന്നവരെ ചില പ്രത്യേക രീതികളിൽ മുദ്രകുത്തി മാറ്റി നിർത്താനും ശ്രമിക്കുന്ന മുഖ്യ

www.malankaralibrary.com

ധാരാ മാധ്യമങ്ങളുടെ വ്യഗ്രതയാണ്, ഇതിന്റെ സംഘടിത സ്വഭാവത്തിന്റെ മറ്റൊരു തെളിവ്. ന്യൂനപക്ഷ ഭൂരിപക്ഷ വർഗ്ഗീയതകളുമായി ബന്ധപ്പെട്ട ചർച്ചകളുടെ ഭാഗമാക്കിമാറ്റി ഇത്തരം വിഷയങ്ങളെ നിസ്സാരവൽക്കരിക്കാനുള്ള ശ്രമങ്ങളാണ് കാലങ്ങളോളമായി നടന്നുകൊണ്ടിരിക്കുന്നത്. മാധ്യമങ്ങളിലും സിനിമകളിലും മുതൽ സാഹിത്യത്തിലൂടെവരെ ഇത്തരം അതിക്രമങ്ങളെയും നിഗൂഢമായ അജണ്ടകളെയും തമസ്കരിക്കാനും വെള്ളപൂശാനും കഠിന പ്രയത്നം നടത്തുന്ന വലിയൊരു വിഭാഗം തങ്ങളുടെ നിരന്തര പരിശ്രമത്തിന്റെ ഫലമായി ഈ വിഷയത്തിലെ ആശയക്കുഴപ്പം സമൂഹത്തിൽ നിലനിർത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. എന്നാൽ, സൂക്ഷ്മമായി ഈ രീതികൾ നിരീക്ഷിക്കാനും വിശകലനം ചെയ്യാനും തുനിയുന്നവർക്ക് വാസ്തവങ്ങൾ മനസ്സിലാക്കുക എളുപ്പമാണ്. ഇത്തരം വിഷയങ്ങളിൽ മാധ്യമലോകം നടത്തിക്കൊണ്ടിരിക്കുന്ന ഒളിച്ചുകളികൾ ചിലരുടെ ആസൂത്രണങ്ങളുടെ ഭാഗംതന്നെയാണെന്നതിൽ സംശയമില്ല.



**രഹസ്യസ്വഭാവവും ദുരൂഹതകളും**

ചെറിയ പ്രായത്തിൽ വിവാഹം നടക്കുന്ന സംഭവങ്ങൾ ഇത്തരം പ്രണയങ്ങളിൽ നല്ലൊരുശതമാനമുണ്ട്. പതിനെട്ട് വയസാകാൻ കാത്തിരുന്ന് വീട്ടിൽനിന്ന് കടത്തിക്കൊണ്ടുപോയി വിവാഹം നടത്തിയ സംഭവങ്ങൾ പലതും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തിരിച്ചറിവ് ആകുന്നതിന് മുമ്പുതന്നെ പ്രണയക്കെണിയിൽ അകപ്പെടുന്നവരാണ് അത്തരം പെൺകുട്ടികളിൽ പലരും. സ്കൂൾ വിദ്യാർത്ഥിനികൾ ആയിരിക്കുമ്പോൾ വശീകരിക്കാനുള്ള ശ്രമങ്ങൾ ചിലയിടങ്ങളിൽ വ്യാപകമായി നടക്കുന്നതായി മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രായപൂർത്തിയാകാത്ത കുട്ടികളെ ദുരുപയോഗിക്കുകയും അപകടത്തിൽ പെടുത്തുകയും ചെയ്തിട്ടുള്ള നിരവധി സംഭവങ്ങൾ സമീപകാലങ്ങളിൽത്തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

വിവാഹത്തിന്റെ രഹസ്യസ്വഭാവം ലൗജിഹാദ് കേസുകളുടെ പ്രധാന ലക്ഷണങ്ങളിൽ ഒന്നാണ്. അത് കാത്തുസൂക്ഷിക്കുന്നതിനായി മന്ത്രിസഭയെവരെ സ്വാധീനിക്കാൻ ചിലർക്ക് കഴിഞ്ഞു എന്നുള്ളതാണ് വാസ്തവം. ഇത്തരം പ്രണയവിവാഹങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കാൻ പരിമിതമായ സാദ്ധ്യതകൾ മാത്രമാണ് മുമ്പുണ്ടായിരുന്നത്. അതിലൊന്നായിരുന്നു രജിസ്ട്രാർ ഓഫീസുകൾ ഓൺലൈൻ വഴി വിവാഹ നോട്ടീസുകൾ പരസ്യപ്പെടുത്തുന്നത്. അത്തരത്തിൽ ലഭിക്കുന്ന നോട്ടീസുകളിൽനിന്ന് ലഭിക്കുന്ന വിവരങ്ങൾ ചർച്ചയായതോടെ ഓൺലൈൻ വഴി വിവാഹ നോട്ടീസ് പരസ്യപ്പെടുത്തുന്ന നടപടി പ്രത്യേക ഉത്തരവ് വഴി 2020ൽ നിർത്തിവയ്ക്കുകയാണുണ്ടായത്.

പ്രണയം പുറത്തറിയുകയും വിവാദമാവുകയും ചെയ്താൽ പെൺകുട്ടിയെ രഹസ്യകേന്ദ്രങ്ങളിലേയ്ക്ക് മാറ്റുന്നതായി പല സംഭവങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നു. കാണാതാകുന്ന സംഭവങ്ങളും ഒട്ടേറെയാണ്. കഴിഞ്ഞ പത്തുവർഷങ്ങൾക്കിടെ ആയിരത്തോളം സ്ത്രീകൾ കേരളത്തിൽനിന്ന് അപ്രത്യക്ഷരായിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ പലതിനും പ്രണയവുമായി ബന്ധമുണ്ടെന്നാണ് കരുതപ്പെടുന്നത്. കാണാതായി വർഷങ്ങൾക്ക് ശേഷം കണ്ടെത്തുന്ന സ്ത്രീകളിൽ മോശമല്ലാത്ത ഒരു വിഭാഗം ഇത്തരം പ്രണയങ്ങളിൽ പെട്ടിരുന്നതായുള്ള വെളിപ്പെടുത്തലുകളുണ്ട്. കെണികളിൽ അകപ്പെട്ടുപോവുകയും ദുരുപയോഗിക്കപ്പെടുകയും പിന്നീട് ചിലരുടെ തീവ്ര ശ്രമഫലമായി രക്ഷപെടുകയും ചെയ്ത കുറെയേറെ പെൺകുട്ടികൾ ഇന്ന് നമുക്കിടയിൽ ജീവിച്ചിരിപ്പുണ്ട്. തങ്ങൾ ചിലരുടെ ഇംഗിതങ്ങൾക്ക് വഴങ്ങാനും, കൂടെപ്പോകാനും കാരണം കടുത്ത ഭീഷണികളാണെന്ന് ചിലർ വെളിപ്പെടുത്താൻ തയ്യാറായിട്ടുണ്ട്. സമീപകാലത്ത് നടന്ന ഒരു സംഭവത്തിൽ അപ്രകാരം ഒരു പെൺകുട്ടി പറയുകയുണ്ടായിരുന്നു.

ഡ്രഗ് പെൺവാണിഭ മാഫിയകളും തീവ്രവാദ പ്രസ്ഥാനങ്ങളും ലൗജിഹാദും തമ്മിലുള്ള ബന്ധം ചില കേസുകളിൽ വളരെ വ്യക്തമാണ്. മയക്കുമരുന്നിന് അടിമകളാക്കി കെണിയിൽ അകപ്പെടുത്തുന്ന സംഭവങ്ങളും അപൂർവ്വങ്ങളല്ല. അടുത്തകാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള നിരവധി മയക്കുമരുന്ന് കേസുകളിൽ അന്യമതസ്ഥരായ പെൺകുട്ടികൾ ഉൾപ്പെട്ടിട്ടുള്ളതായി കാണാം. പെൺകുട്ടികളെ മയക്കുമരുന്ന് കടത്താൻ വ്യാപകമായി ഉപയോഗിക്കുന്നതായുള്ള റിപ്പോർട്ടുകളുമുണ്ട്. പ്രണയത്തിലൂടെ മതംമാറ്റിയ പെൺകുട്ടികളെ

www.malankaralibrary.com

തീവ്രവാദ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതായി പല വാർത്തകളും റിപ്പോർട്ടുകളും ഇതിനകം വന്നുകഴിഞ്ഞതാണ്. ഇത്തരം ചില സംഭവങ്ങളിൽ ക്രൈസ്തവ യുവതികൾ ഉൾപ്പെട്ട അനുഭവങ്ങളുമുണ്ട്. തീവ്രവാദവും പ്രണയക്കെണികളും തമ്മിലുള്ള ബന്ധത്തെ തള്ളിക്കളയാനാവില്ല എന്ന് തീർച്ചയാണ്.

ഈ അടുത്ത കാലത്ത് കോടഞ്ചേരിയിലുണ്ടായ മതാന്തര പ്രണയ വിവാഹത്തോട് ബന്ധപ്പെടുത്തി ലൗജിഹാദ് കേരളത്തിൽ ഇല്ല എന്ന് ശക്തമായി വാദിക്കുന്ന രാഷ്ട്രീയ, സാമൂഹിക മാധ്യമ പ്രവർത്തകർ നിരുത്തരവാദിത്തപരമായി സത്യത്തെ തമസ്കരിക്കുകയാണ് ചെയ്യുന്നത്. സാങ്കേതികമായി ലൗജിഹാദ് എന്ന പദത്തിന് നിലനിൽപ്പുണ്ടോ എന്ന ആശയക്കുഴപ്പത്തിനപ്പുറം, ഇത്തരം പ്രണയങ്ങളിൽ നല്ലൊരു വിഭാഗത്തിന് ആസൂത്രിത സ്വഭാവമുണ്ട് എന്ന സംശയത്തെ ഗൗരവത്തിലെടുക്കാനും അടിയന്തരമായി നിഷ്പക്ഷമായ അന്വേഷണം നടത്താനും ഭരണകർത്താക്കൾ തയ്യാറാകാണം. ഇവിടെ വളർന്നുകൊണ്ടിരിക്കുന്ന തീവ്രവാദ സാന്നിദ്ധ്യത്തെക്കുറിച്ച് വിവിധ അന്താരാഷ്ട്രദേശീയ ഏജൻസികൾ നല്കിയ റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിക്കാനും തുടർനടപടികൾ സ്വീകരിക്കാനും കാണിക്കുന്ന ആലംഭാവം ഇവിടുത്തെ സാമുദായിക സൗഹൃദത്തെയും പൊതുജനക്ഷേമത്തെയും ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു എന്നുള്ളതിനാൽ നാം അനിതരസാധാരണമായ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

ഒരു വിഭാഗം പ്രണയവിവാഹങ്ങൾ സാമുദായിക സൗഹാർദ്ദത്തെയും ക്രമാസമാധാനത്തെയും കുടുംബങ്ങളുടെ സുരക്ഷിതത്വബോധത്തെയും തകർക്കുന്ന ഒരു പ്രത്യേക സാഹചര്യമാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. നിരന്തരമായി ഉയരുന്ന ആശങ്കകൾ സർക്കാർ ഇനിയും കണ്ടില്ലെന്ന് നടിക്കരുത്. ഈ വിഷയത്തിൽ ശരിയായ പഠനങ്ങളും അന്വേഷണങ്ങളും നടത്തി നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. പ്രണയവിവാഹവുമായി ബന്ധപ്പെട്ട് പരാതികൾ ഉയരുന്ന പക്ഷം, പെൺകുട്ടികൾക്ക് ശരിയായ രീതിയിലുള്ള കൗൺസിലിംഗും മാനസിക പിന്തുണയും നിയമ പരിരക്ഷയും കൊടുക്കാൻ വ്യവസ്ഥ ഉണ്ടാകണം. കോടതികളിൽ വരുന്ന കേസുകളിൽ പെൺകുട്ടികളിൽനിന്ന് എല്ലായ്പ്പോഴും രഹസ്യമൊഴി സ്വീകരിക്കുന്ന രീതി അവലംബിക്കണം. സമ്മർദ്ദങ്ങളാലും ഭീഷണികളാലുമുള്ള വിവാഹസമ്മതങ്ങളല്ല പെൺകുട്ടികളുടേത് എന്ന് ഉറപ്പുവരുത്തണം. ഈ വിഷയത്തെക്കുറിച്ച് സമഗ്രമായും നിഷ്പക്ഷമായും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കാൻ സർക്കാർ തയ്യാറാകണം.



www.malankaralibrary.com

# പ്രണയ മതതീവ്രവാദം: മാതാപിതാക്കൾ ജാഗരൂകരാകണം

**പതിമൂന്ന് വർഷങ്ങൾക്ക് മുമ്പ് 2009ൽ കെസിബിസി ഐക്യജാഗ്രത കമ്മീഷന്റെ ന്യൂസ് ബുള്ളറ്റിനിൽ കമ്മീഷൻ മുൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ എംഎസ്റ്റി എഴുതിയ ലേഖനം**

**തീ**വ്രവാദത്തിന് പ്രണയത്തിന്റെ മുഖം നൽകി പുതിയൊരു യുദ്ധമുഖം തുറക്കുകയാണ് 'ലൗ ജിഹാദ്, റോമിയോ ജിഹാദ്' എന്നൊക്കെ അറിയപ്പെടുന്ന പ്രസ്ഥാനങ്ങൾ. (വിശുദ്ധ യുദ്ധം എന്നാണ് ജിഹാദിന് നൽകിയിരിക്കുന്ന വിശദീകരണം.) യഥാർത്ഥ മുസൽമാന് ഒരിക്കലും സഹോദരന് ദോഷകരമാകുന്ന യാതൊരു പ്രവൃത്തിയും ചെയ്യാൻ സാധിക്കില്ല. എന്നാൽ, തീവ്രവാദത്തിന്റെ പുതിയ യുദ്ധമുഖങ്ങൾ അന്വേഷിക്കുന്ന യോദ്ധാക്കളുടെ മനസ്സിലാണ് മതപരിവർത്തനത്തിലൂടെ ലോകത്ത് മുസ്ളീം ജനതയെ ഭൂരിപക്ഷത്തിലാക്കുക എന്ന യുദ്ധതന്ത്രം ഉരുത്തിരിഞ്ഞത്. ഇതിനായി പ്രണയത്തിന്റെ മേൽക്കുപ്പായം അണിഞ്ഞ് കാമ്പസിൽ പ്രണയപരാഗം പരത്തുക എന്നതായിരുന്നു ലൗജിഹാദികൾ സ്വന്തം മുദ്രാവാക്യമായി സ്വീകരിച്ചത്.

### ആസൂത്രിതമായ പ്രണയം; പ്രതികാരപൂർണ്ണമായ മതംമാറ്റം.

യഥാർത്ഥ പ്രണയം ഒരിക്കലും ആസൂത്രിതമല്ല. അത് സംഭവിച്ചുപോകുന്നതാണ്. ഇഷ്ടത്തിൽനിന്നോ, താല്പര്യങ്ങളുടെ പൊരുത്തത്തിൽനിന്നോ അഭിരുചിയിൽനിന്നോ വ്യക്തിത്വത്തോടുള്ള ആരാധനയിൽനിന്നോ സംഭവിച്ചുപോകുന്നതാണ് പ്രണയം. കണ്ണും കാതുമില്ലാത്ത പ്രണയത്തിൽ ഭൗതിക സാഹചര്യങ്ങളെല്ലാം വിസ്മരിക്കപ്പെടാറുമുണ്ട്. എന്നാൽ, ചില റിപ്പോർട്ടുകൾ പ്രകാരം 2005 മുതൽ ഇതുവരെയായി 4000 ലേറെ പെൺകുട്ടികൾ പ്രണയത്തിൽ കുടുങ്ങി മതംമാറ്റത്തിന് വിധേയമായിട്ടുണ്ടെങ്കിൽ അതിനുപിന്നിൽ ആസൂത്രിതമായ ശ്രമങ്ങളുണ്ടാകും. അത്തരം അന്വേഷണങ്ങൾ ചെന്നെത്തുന്നത് ഞെട്ടിപ്പിക്കുന്ന ചില വെളിപ്പെടുത്തലുകളിലേക്കാണ്. മംഗലാപുരത്ത് നഴ്സിംഗ് പഠനത്തിന് പോയിരുന്ന ക്രിസ്ത്യൻ ഹൈന്ദവ പെൺകുട്ടികളെ പ്രണയത്തിൽ കുരുക്കി തങ്ങളുടെ ഒപ്പം ചേർത്താണ് 'ലൗജിഹാദികൾ' തങ്ങളുടെ പ്രവർത്തനം ആരംഭിച്ചത്. കോട്ടയം, പത്തനംതിട്ട, തിരുവല്ല, ചെങ്ങന്നൂർ, പാലാ, മൂവാറ്റുപുഴ, കണ്ണൂരിന്റെ വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിൽ നിന്നെല്ലാം നഴ്സിംഗ് പഠനത്തിന് പോയ പെൺകുട്ടികൾ വ്യാപകമായ മതംമാറ്റത്തിനു ഇരയായി. ഇതിന്റെ ഫലമായി ഇവരെല്ലാം പാതിവഴിയിൽ പഠനം നിറുത്തുകയും ചെയ്തു. പതിനെട്ടു വയസു പിന്നിട്ടതിനാൽ കോടതിയിൽ ഇവരുടെ തീരുമാനങ്ങൾ ചോദ്യം ചെയ്യാനും സാധിക്കാതെയായി. വിളക്കും കെടുത്തി സ്വയം കരിഞ്ഞുവീഴുന്ന വണ്ടുകളുടെ അവസ്ഥയാണ്



www.malankaralibrary.com

'ലൗജിഹാദി'ന്റെ പിടിയിൽപ്പെട്ട പെൺകുട്ടികളുടേതെന്ന് ഇരകൾപോലും തിരിച്ചറിയുന്നില്ല. തിരിച്ചറിവു വരുമ്പോഴേയ്ക്കും ഏറെ വൈകിപ്പോയിരിക്കും.

**കൃത്രിമായി ഒരുക്കുന്ന പ്രണയക്കുരുക്ക്**

വളരെ ബോധപൂർവം പ്രണയത്തിന്റെ ഒരു കുരുക്ക് നിർമിച്ചെടുക്കുകയാണ് 'ലൗജിഹാദി'കൾ ആദ്യം ചെയ്യുന്നത്. പ്രണയത്തിന്റെ ആദ്യസമയങ്ങളിൽ മാന്യമായ പെരുമാറ്റവും, ദൂഷ്യങ്ങളൊന്നുമില്ലാത്ത സ്വഭാവവും, സമ്പന്നമായ വസ്ത്രധാരണവും, ആഡംബരങ്ങളുമെല്ലാം കണ്ട് പെൺകുട്ടികൾ പ്രലോഭനത്തിൽ വീണുപോകുകയാണ് പതിവ്. പ്രണയത്തിന്റെ അവസരത്തിലെല്ലാം പെൺകുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന ഡ്രസ് ധരിക്കുന്നതിനും സ്വാതന്ത്ര്യം അനുഭവിക്കുന്നതിനും സാഹചര്യമുണ്ട്. ഇഷ്ടപ്പെട്ട പുരുഷനോടൊത്തുള്ള ജീവിതം സ്വപ്നം കണ്ട് വീട്ടുകാരെ ഉപേക്ഷിച്ച് ഇറങ്ങിത്തിരിക്കുമ്പോഴാണ് യഥാർത്ഥത്തിൽ തങ്ങളെ കാത്തിരിക്കുന്നതെന്താണെന്ന് ഇവർ തിരിച്ചറിയുന്നത്. മതപരിവർത്തനം നടക്കുന്നതോടെ ഈ പെൺകുട്ടികൾ പർദ്ദയ്ക്കുള്ളിലേക്ക് മാറ്റപ്പെടുന്നു. ഇവർ അനുഭവിച്ചിരുന്ന എല്ലാവിധ സ്വാതന്ത്ര്യവും ഇല്ലാതാകുന്നു. പിന്നീട് ഇവർ 'നരക ജീവിത'ത്തിന് ഇരയാക്കപ്പെടുന്നു. പ്രകൃതിവിരുദ്ധ പീഡനം ഉൾപ്പെടെയുള്ള ലൈംഗിക പീഡനങ്ങൾക്ക് ഇരയാക്കപ്പെടുന്നു. ചിലരെങ്കിലും തീവ്രവാദഗ്രൂപ്പുകളിൽപ്പെട്ടവരുടെ ലൈംഗികതാത്പര്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങളായി മാറുന്നു. കാമുകന്റെ രൂപത്തിൽവന്ന് പ്രണയക്കെണി ഒരുക്കുന്നവർ ആദ്യം തന്നെ ഇവരെ ബ്ലാക്ക്മെയിൽചെയ്യുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തിയിട്ടുണ്ടാകാം എന്നതിനാൽ ഒന്നുകിൽ ആത്മഹത്യ അല്ലെങ്കിൽ അവരുടെ എല്ലാ ഇംഗിതങ്ങൾക്കും വഴിപ്പെടുക എന്നീ രണ്ടു വഴികളാണ് അത്തരത്തിൽ അകപ്പെട്ടുപോകുന്ന പെൺകുട്ടികൾക്ക് മുന്നിൽ അവശേഷിക്കുക. മതപരിവർത്തനത്തിന് വിധേയമാക്കപ്പെട്ട പെൺകുട്ടികളിൽ ബഹുഭൂരിപക്ഷവും പേരും ഇത്തരത്തിലാണ് ജീവിക്കുന്നതെന്നാണ് മനസിലാക്കാൻ കഴിയുന്നത്. ഇതിന് മറ്റൊരു കാരണംകൂടിയുണ്ട്. തങ്ങളുടെ സ്വപ്നങ്ങളെല്ലാം തല്ലിക്കൊഴിച്ച്, എല്ലാവരെയും ഉപേക്ഷിച്ച്, ഒരുദിവസം പ്രേമത്തിന്റെ പേരിൽ മതംമാറിപ്പോകുന്ന പെൺകുട്ടിയെ വീട്ടുകാർ കൈവിടുന്നു. അല്ലെങ്കിൽ കണ്ണീരൊടെയെങ്കിലും അവളെ മറക്കുന്നു. ലൗജിഹാദികൾ മതപരിവർത്തനത്തിന് വിധേയരാക്കിയ പെൺകുട്ടികളെക്കുറിച്ചറിയാൻ വീട്ടുകാർക്കും താത്പര്യമില്ലാതാകുന്നു. അതിനാൽ തങ്ങൾക്ക് വന്നുപെട്ട സങ്കടങ്ങൾ ആരുമായും പങ്കിടാൻ ഇവർക്ക് സാധിക്കാതെ പോകുന്നു. മാത്രവുമല്ല വിവാഹവും മതപരിവർത്തനവും കഴിഞ്ഞതിനുശേഷം ഈ പെൺകുട്ടികൾ എവിടെയാണെന്നതിനെക്കുറിച്ച് പലപ്പോഴും ആർക്കുമറിയില്ല. വിവിധ മുസ്ലിം ഭൂരിപക്ഷ മേഖലകളിൽ എവിടെയെങ്കിലുമായിരിക്കാം ഇവർ താമസിക്കുന്നത്.

**പ്രണയ മതതീവ്രവാദികളുടെ ലക്ഷ്യവും പ്രവർത്തന രീതിയും**

പ്രണയ മതതീവ്രവാദ പോരാളികൾക്ക് ലഭ്യമായിരിക്കുന്ന ചില നിർദേശങ്ങൾ ആരെയും ഞെട്ടിപ്പിക്കുന്നതാണ്. എളുപ്പത്തിൽ വശംവദരാകുന്ന മുസ്ലിം മതത്തിൽ പെട്ടതല്ലാത്ത പെൺകുട്ടികളെ പ്രണയിച്ച് മതം മാറ്റണം. ഇതിന് സാധിച്ചില്ലെങ്കിൽ അവരെ മൊബൈൽ ഫോൺചിത്രങ്ങളെടുത്തും മറ്റും അനാശാസ്യത്തിലേക്ക് എത്തിക്കണം. സ്കൂൾ, കോളജ് വിദ്യാർഥികൾ മുതൽ വീട്ടമ്മമാർ, പ്രഫഷണൽസ് എന്നിവരെയെല്ലാം ഇരകളായി കണക്കാക്കി ഒരോരുത്തരെയും എളുപ്പത്തിൽ വീഴിക്കുന്നതിനുള്ള മോഡസ് ഓപ്പറാണ്ടി കണ്ടെത്തണം. പ്രണയത്തിൽ ഏർപ്പെടുന്ന കോളജ് വിദ്യാർഥികൾക്ക് ബൈക്ക്, മൊബൈൽ ഫോൺ, ആഡംബര വസ്ത്രങ്ങൾ, ചെലവഴിക്കാനുള്ള പണം എന്നിവയെല്ലാം ചില സംഘടനകൾ നൽകുന്നു. ഇതിനുള്ള പണം വിദേശ രാജ്യങ്ങളിൽ നിന്നും മറ്റും സമാഹരിക്കുന്നു. പെൺകുട്ടികളെ വലയിൽ വീഴ്ത്തുന്നതിനായി പ്രധാന ആശയ വിനിമയോപാധികളെല്ലാം ഉപയോഗിക്കുന്നു.



www.malankaralibrary.com

പെൺകുട്ടികളുടെ ചെറിയ ആഗ്രഹങ്ങളും ആവശ്യങ്ങളും സാധിച്ചുകൊടുത്ത് അവരെ സ്വാധീനിക്കുന്നു. പഠനോപകരണങ്ങൾ, പരീക്ഷാഫീസ്, സമ്മാനങ്ങൾ, എന്നിവ നൽകി അവരുടെ സ്നേഹവും വിശ്വാസവും പിടിച്ചുപറ്റുന്നു. തങ്ങൾ ആഗ്രഹിക്കുന്ന പെൺകുട്ടി പ്രണയത്തിൽ വീണു എന്നുറപ്പായാൽ അവരെ വിനോദയാത്രയുടെ പേരിൽ ഹോട്ടലുകളിലും റിസോർട്ടുകളിലും എത്തിച്ച് ലൈംഗീക ബന്ധത്തിന് പ്രേരിപ്പിക്കുകയും അതെല്ലാം ചിത്രീകരിച്ച് ബ്ലാക്ക് മെയിലിംഗിന് ഉപയോഗിക്കുകയും ചെയ്യുന്നതായുള്ള അനുഭവങ്ങളുണ്ട്. വിവാഹ വാഗ്ദാനം നൽകി കൊണ്ടുപോകുന്ന പെൺകുട്ടികളെ ആദ്യം മതപഠനത്തിനും പിന്നീട് മതം മാറ്റത്തിനും അയയ്ക്കുന്നു. പൊന്നാന്നിയിലും കോഴിക്കോടും ഇത്തരം മതപരിവർത്തന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കോട്ടയത്തും കരുനാഗപ്പള്ളിയിലും കാസർഗോഡും മതപരിവർത്ത ക്രേന്ദ്രങ്ങൾ എല്ലാ സജ്ജീകരണങ്ങളോടും കൂടി പ്രവർത്തിക്കുന്നു.

പ്രണയത്തിനായി ജീവിതം ബലികഴിച്ചുകഴിഞ്ഞാലും ഇവർക്ക് ജീവിതം ലഭിക്കുന്നില്ല എന്നതാണ് ഏറ്റവും ദയനീയമായ കാര്യം. മതപരിവർത്തനവും വിവാഹവും കഴിഞ്ഞാലും മോശമല്ലാത്തൊരു വിഭാഗം എത്തിപ്പെടുന്നത് തീവ്രവാദ ബന്ധമുള്ളവരുടെ ഗ്രൂപ്പുകളിലേക്കായിരിക്കും. അവരുടെ താൽപ്പര്യങ്ങൾക്ക് വിസമ്മതിക്കുകയോ എതിർക്കുകയോ ചെയ്യുന്നവർ ക്രൂരമായി പീഡിപ്പിക്കപ്പെട്ടിട്ടുള്ള അനുഭവങ്ങളുണ്ട്. പെൺവാണിഭ സംഘങ്ങൾക്ക് എത്തിച്ചുകൊടുക്കപ്പെട്ടിട്ടുള്ളവരും, യത്തീംഖാനകളിലും മതപഠന ക്രേന്ദ്രങ്ങളിലും വേലക്കാരികളായി പണിയെടുക്കേണ്ടിവന്നിട്ടുള്ളവരുമുണ്ട്. വീട്ടുകാരെ ധിക്കരിച്ചു പോന്നതിനാൽ അവരിൽ നിന്നുള്ള യാതൊരുവിധ സഹായവും ഈ പെൺകുട്ടികൾക്കു ലഭിക്കുന്നില്ല. അതിനാൽ ആരോടും പരാതി പറയാനും ഇവർക്കു സാധിക്കുന്നില്ല. തങ്ങളുടെ അവിവേകത്തെ പഴിച്ച്, കണ്ണീരൊഴുക്കി ജീവിച്ചുതീർക്കുക മാത്രമാണ് ഇവർക്കു മുന്നിലുള്ള ഏക വഴി.

### മാതാപിതാക്കൾക്ക് ചെയ്യാനാവുന്നത്

മക്കളുടെ ഭൗതികാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതുപോലെ തന്നെ ആത്മീയ സ്വഭാവരൂപവൽക്കരണത്തിലും മാതാപിതാക്കൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്. മക്കളുടെ സുഹൃദ്ബന്ധങ്ങളെക്കുറിച്ച് മാതാപിതാക്കൾ അറിഞ്ഞിരിക്കണം. മാതാപിതാക്കളോട് എന്തും തുറന്നു പറയാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കുണ്ടാവണം. ചെറിയ വീഴ്ചകൾ പോലും മാതാപിതാക്കളോട് തുറന്നു പറയാൻ സാധിക്കുമെന്നും അതിനവർ ആകാശം ഇടിഞ്ഞ് വീഴുന്നതുപോലെ പ്രതികരിക്കില്ലെന്നും സ്നേഹപൂർവം തങ്ങളെ തിരുത്തുമെന്നുമുള്ള വിശ്വാസം കുട്ടികൾക്കുണ്ടാവണം. ഏതു മത വിശ്വാസത്തിൽ ജീവിക്കുന്നവരായാലും ആ വിശ്വാസത്തിനനുസരിച്ചുള്ള സ്വഭാവരൂപീകരണം വീടുകളിൽ നിന്നുതന്നെ ആരംഭിക്കണം. പ്രാർത്ഥനയിലും ആരാധനാലയ സന്ദർശനത്തിലും കുടുംബ പ്രാർത്ഥനയിലും മക്കളെ ഒപ്പം ചേർത്തുപിടിക്കാനുള്ള ധാർമിക ഉത്തരവാദിത്വം മാതാപിതാക്കൾ മറന്നുകളയരുത്. മക്കളുടെ ഏറ്റവും വലിയ മാതൃക മാതാപിതാക്കളാണെന്ന കാര്യം ഒരിക്കലും വിസ്മരിക്കരുത്. മക്കൾക്ക് അരുതാത്ത ചിന്താരീതികളും ജീവിതരീതികളും മക്കൾക്കായി ഒഴിവാക്കുക. ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യം മക്കളാണെന്ന കാര്യം ഒരിക്കലും മറക്കാതിരിക്കുക. മാതാപിതാക്കളെ വേദനിപ്പിക്കാത്ത, കണ്ണീരു കുടിപ്പിക്കാത്ത മക്കളെപ്പോലൊരു സമ്പാദ്യം ജീവിതത്തിൽ വേറെയില്ല എന്നു മനസിലാക്കുക.

### പില പ്രാക്ടിക്കൽ നിർദേശങ്ങൾ

കുട്ടികളുടെ മൊബൈൽ ഫോണിന്റെ ഉപയോഗം തീർച്ചയായും മാതാപിതാക്കളുടെ നിരീക്ഷണത്തിലായിരിക്കണം. കോളുകൾ രക്ഷിതാക്കൾ ശ്രദ്ധിക്കണം. ഐസ്ക്രീം പാർലർ, കൂൾബാറുകൾ ഇന്റർനെറ്റ് കഫേകൾ, ബീച്ച്, പാർക്ക് തീയറ്റർ മുതലായ സ്വകാര്യത കൂടിയ സ്ഥലങ്ങൾ സാമൂഹിക പ്രവർത്തകർ, രക്ഷിതാക്കൾ മുതലായവർ ശ്രദ്ധിക്കുകയും ആവശ്യമെങ്കിൽ ആരോഗ്യകരമായ രീതിയിൽ ചോദ്യം ചെയ്യുകയും വേണം. പെൺകുട്ടികളെ ചുറ്റിലുമുള്ള ചതിക്കുഴികളെക്കുറിച്ച് ബോധവത്കരിക്കാൻ മാതാപിതാക്കൾ, പ്രത്യേകിച്ചും അമ്മമാർ ശ്രദ്ധിക്കണം. കമ്പ്യൂട്ടർ സിസ്റ്റം പൊതു ഉപയോഗമുള്ള മുറിയിൽ സ്ഥാപിക്കുക. ഇടയ്ക്കിടയ്ക്ക് കമ്പ്യൂട്ടർ ഉപയോഗത്തിന്റെ ഹിസ്റ്ററി പരിശോധിക്കുക. അമിതമായി ഉറക്കമൊഴിയുക, സദാസമയവും മുറി അടച്ചിട്ടിരിക്കുക, കുടുംബാംഗങ്ങളിൽ നിന്ന് അകൽച്ച പാലിക്കുക എന്നിവ കൗമാരക്കാർ കാണിച്ചാൽ അവരെ കുടുതലായി ശ്രദ്ധിക്കുക. ഇങ്ങനെ നമുക്ക് നമ്മുടെ കുട്ടികളെ ചുറ്റും പതിയിരിക്കുന്ന ആപത്തുകളിൽ നിന്നും രക്ഷിക്കാം. നമ്മുടെ കുട്ടികളെ ശ്രദ്ധിക്കാൻ നമ്മൾ മാത്രമേയുള്ളൂ എന്ന കാര്യം പ്രത്യേകം ഓർമിക്കുക. നമുക്ക് ചുറ്റുമുള്ളവരൊക്കെ സംഭവിച്ച ആപത്തിൽ സഹതാപം പ്രകടിപ്പിക്കുന്നവർ മാത്രമായിരിക്കും. നമുക്ക് സംഭവിക്കുന്ന ആപത്തിൽ ആത്മാവിൽ തൊട്ട് കരയാൻ നമുക്ക് മാത്രമേ സാധിക്കൂ.


www.malankaralibrary.com

# കൊലവിളി മുദ്രാവാക്യങ്ങളുടെ റിപ്പബ്ലിക്കുകൾ പണിതുയർത്തുന്നവർ

ഫാ. മൈക്കിൾ പുളിക്കൽ

**പോ**പ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ നടത്തിയ ബഹുജന സമ്മേളനത്തോടനുബന്ധിച്ചു നടന്ന പ്രകടനത്തിൽ ഒരു പത്തുവയസുകാരൻറെ നാവിൽനിന്നു മുദ്രാവാക്യത്തിൻറെ രൂപത്തിൽ പുറത്തുവന്ന വാക്കുകൾ കേരള ജനതയെ അക്ഷരാർഥത്തിൽത്തന്നെ ഞെട്ടിച്ചു. കേരളത്തിൽ വർധിച്ചുവരുന്ന മത തീവ്രവാദത്തിൻറെയും അസഹിഷ്ണുതയുടെയും നേർചിത്രമാണ് അവിടെ കണ്ടത്. ഹൈന്ദവരെയും ക്രൈസ്തവരെയും തങ്ങൾ ഇല്ലായ്മ ചെയ്യുമെന്നുള്ള ആശയം ഇരുകൂട്ടരുടെയും മരണാനന്തര ചടങ്ങുകളെ സൂചിപ്പിക്കുന്ന പദപ്രയോഗങ്ങളിലൂടെയാണു മുദ്രാവാക്യത്തിൽ വ്യക്തമാക്കിയത്. തങ്ങൾ മറ്റുമതസ്ഥർക്ക് അന്തകരാകുമെന്നു പ്രത്യക്ഷത്തിൽ വിളിച്ചുപറയുകയും നൂറുകണക്കിനു പേർ ഏറ്റുവിളിക്കുകയും ചെയ്ത പ്രസ്തുത ദൃശ്യങ്ങൾ ആരുടെയോ മൊബൈൽ കാമറ വഴിയായി പുറംലോകത്തെത്തിയതുകൊണ്ടു മാത്രം നമുക്കിടയിലെ ചില സംഘടനകളുടെ യഥാർഥ മുഖം കുറെപ്പേർകൂടി തിരിച്ചറിഞ്ഞു.

റിപ്പബ്ലിക്കിനെയും ഭരണഘടനയെയും രക്ഷിക്കുക എന്ന ആശയപ്രചാരണം പ്രഖ്യാപിത ലക്ഷ്യമാക്കിയാണ് പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ ഈ ബഹുജനസമ്മേളനം നടത്തിയതെങ്കിലും, മുദ്രാവാക്യങ്ങൾ സൂചിപ്പിക്കുന്നത് ഒരു വിഭാഗം ആളുകളെ ഇല്ലായ്മ ചെയ്യാൻ ചിലർ അരയും തലയും മുറുക്കി തയാറായി നിൽക്കുന്നു എന്നതാണ്. മറ്റു മതങ്ങളെയും അവരുടെ വിശ്വാസങ്ങളെയും അംഗീകരിക്കാതെ ഇത്തരക്കാർ വിഭാവനം ചെയ്യുന്ന റിപ്പബ്ലിക്കും ഭരണഘടനയും എന്താണ് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. ഇതേ സംഘടന സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു നടത്തിയിരുന്ന ഫ്രീഡം മാർച്ചിനെ കേരള സർക്കാർ 2012ൽ നിരോധിത സംഘടനആയ സിമിയുടെ പുതിയ രൂപമാണെന്ന വാദമുയർത്തി തടയുകയുമുണ്ടായിരുന്നു. വർഷങ്ങൾക്കുശേഷം ഫ്രീഡത്തിൽനിന്നും റിപ്പബ്ലിക്കിലേക്കുള്ള മാറ്റവുമായി ശക്തി പ്രകടിപ്പിക്കുകയാണ് പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ.



### തീവ്രസ്വഭാവമുള്ള സംഘടനകൾ എന്നു കോടതിയും

ആർഎസ്എസ് പ്രവർത്തകനായിരുന്ന സഞ്ജിത്തിൻറെ കൊലപാതകം സിബിഐ അന്വേഷിക്കണം എന്ന പരാതിയെ തുടർന്ന് നടന്ന വാദത്തിലാണ്, ഈ മാസം 13ന് കേരള ഹൈക്കോടതി എസ്ഡിപിഐ, പോപ്പുലർ ഫ്രണ്ട് പോലുള്ള സംഘടനകൾ ആക്രമണത്തെ പ്രോത്സാഹിപ്പിക്കാൻ തക്ക തീവ്രവാദസ്വഭാവമുള്ള സംഘടനകളാണ് എന്ന് അഭിപ്രായപ്പെട്ടത്. തീവ്രസ്വഭാവമുള്ള പ്രസ്ഥാനങ്ങൾ ആയിട്ടും അവയൊന്നും നിരോധിക്കപ്പെട്ടിട്ടില്ല എന്നായിരുന്നു ജഡ്ജി കെ. ഹരിപാലിൻറെ നിരീക്ഷണം.

### അച്യുതാനന്ദനും പിണറായിയും പറഞ്ഞത്

2010 ജൂലൈയിലാണ് അന്നത്തെ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പോപ്പുലർ ഫ്രണ്ടിനെതിരേ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ച് വിമർശിച്ചത്. ഇരുപതു വർഷംകൊണ്ടു കേരളത്തെ ഒരു മുസ്ലീം ഭൂരിപക്ഷ സംസ്ഥാനം ആക്കാനാണ് പോപ്പുലർ ഫ്രണ്ട് ശ്രമിക്കുന്നതെന്നായിരുന്നു അദ്ദേഹത്തിൻറെ ആരോപണം. ചോദ്യപേപ്പർ വിവാദത്തെ തുടർന്ന് കോളജ് അധ്യാപകനായ ടി.ജെ. ജോസഫിൻറെ കൈവെട്ടിയ സംഭവത്തോടനുബന്ധിച്ചായിരുന്നു മുഖ്യമന്ത്രി ഈ പ്രസ്താവന നടത്തിയത്. സമാനമായ നിരീക്ഷണം മുഖ്യമന്ത്രിക്ക് മുമ്പ് ജൂലൈ 23 ന് സിപിഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടും നടത്തിയിരുന്നു.

2021 സെപ്റ്റംബർ 22ന് മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ വാർത്താ സമ്മേളനത്തിൽ ചെറുപ്പ

www.malankaralibrary.com

ക്കാർ മതതീവ്രനിലപാടുകളിൽ ആകൃഷ്ടരായി തീവ്രവാദ സംഘടനകളിൽ എത്താതിരിക്കാനും തെറ്റായ നിലപാടുകളിൽനിന്നു പിന്തിരിപ്പിക്കാനും സ്പെഷൽ ബ്രാഞ്ച് ഡീറാഡിക്കലൈസേഷൻ പരിപാടികൾ മഹല്ല് കമ്മറ്റികളും മദ്രസകളും കേന്ദ്രമാക്കി നടത്തുന്നു എന്നു വെളിപ്പെടുത്തിയിരുന്നു. പലപ്പോഴും കേരളത്തിൽ മതതീവ്രവാദമൊന്നും ഇല്ല എന്നു പറഞ്ഞിരുന്ന മുഖ്യമന്ത്രി നടത്തിയ ഈ വെളിപ്പെടുത്തൽ മാത്രം മതി ഇവിടെ മതത്തിൻറെ പേരിൽ തീവ്രസംഘടനകൾ പ്രവർത്തിക്കുന്നുണ്ട് എന്നതിൻറെ തെളിവ്. ഏതു സംഘടനകളാണ് റാഡിക്കലൈസേഷൻ പ്രക്രിയകളിൽ പങ്കാളികളാകുന്നതെന്ന് മുഖ്യമന്ത്രിയോ പൊലീസോ ഇതുവരെയും വെളിപ്പെടുത്തിയിട്ടില്ലെങ്കിലും, പൊതുജനത്തിന് ഇത്തരം സംഘടനകളെ മനസിലാക്കാൻ ആലപ്പുഴ സമ്മേളനം ഉപകരിച്ചു എന്നതു തീർച്ചയാണ്.

### മുന്നറിയിപ്പ് നല്കുവാൻ ഐക്യരാഷ്ട്ര സംഘടനയും

ഐക്യരാഷ്ട്ര സംഘടനയുടെ സെക്യൂരിറ്റി കൗൺസിലിൻറെ മോണിറ്ററി ടീം 2020 ജൂലൈ 23നു പ്രസിദ്ധീകരിച്ച 26മതു റിപ്പോർട്ടിൽ ഇന്ത്യയിൽ ഐഎസ് തീവ്രവാദ പ്രവർത്തനങ്ങൾക്കു നിരവധി അംഗങ്ങൾ ഉണ്ടെന്നുള്ള വെളിപ്പെടുത്തലുകൾ ഉണ്ട്. റിപ്പോർട്ടിൻറെ 68ാം നമ്പറിൽ പറയുന്നത് പ്രകാരം ഐഎസ് ഇന്ത്യ ഘടകത്തിൽ ഉള്ള ഇരുനൂറോളം പേരിൽ ഭൂരിഭാഗവും കേരളത്തിലും കർണാടകയിലും ആണെന്നാണ്.

### വെളിപ്പെടുത്തലുകളുമായി ഡിജിപിയും

വിരമിക്കുന്നതിന് രണ്ടു ദിവസം മുൻപ്, 2021 ജൂൺ 27നാണ് കേരളം ഐഎസ് റിക്രൂട്ടിംഗ് താവളമാണെന്ന് ഡിജിപി ലോക്നാഥ് ബഹ്റ തുറന്നു പറഞ്ഞത്. സംസ്ഥാനത്ത് തീവ്രവാദ ഗ്രൂപ്പുകളുടെ സ്ലീപ്പിംഗ് സെല്ലുകൾ ഉണ്ടോ എന്ന സംശയവും അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി.

### പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യക്ക് തീവ്രസ്വഭാവമോ?

1993 ലെ ബാബറി മസ്ജിദിൻറെ തകർച്ചയോടനുബന്ധിച്ച് രൂപം കൊണ്ട നാഷണൽ ഡെവലപ്മെൻറ് ഫ്രണ്ട് (എൻഡിഎഫ്) എന്ന സംഘടനയുടെ തുടർച്ചയായിട്ടാണ് 2006 ൽ ഇന്നത്തെ പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ എന്ന പ്രസ്ഥാനം രൂപമെടുക്കുന്നത്. വിവിധ സംസ്ഥാനങ്ങളിലെ മുസ്ലീം സംഘടനകളുമായി ബന്ധപ്പെട്ടുള്ളതാണ് ഇവയുടെ ദേശീയ സ്വഭാവം. ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് മുഖ്യ ലക്ഷ്യമായി ഇവർ അവകാശപ്പെടുന്നത്. രാഷ്ട്രീയ സ്വയം സേവക സംഘത്തിൻറെ അതേ മാതൃകയിലാണ് പോപ്പുലർ ഫ്രണ്ട് തങ്ങളുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. പോപ്പുലർ ഫ്രണ്ടിൻറെ രാഷ്ട്രീയ മുഖമാണ് സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യ(എസ്ഡിപിഐ).

എന്നിരുന്നാലും പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ നിരോധിത സംഘടനയായ സിമിയുടെ പുനരവതാരം ആയിട്ടാണു വീക്ഷിക്കപ്പെടുന്നത്. കാരണം സിമിയുടെ ആദ്യകാല പ്രവർത്തകരായിരുന്നു ഈ സംഘടനയുടെ പിന്നിലും പ്രവർത്തിച്ചിരുന്നത്. ഇന്ത്യയിൽ നടന്ന നിരവധി ഭീകര ആക്രമണങ്ങളുടെ പിന്നിലും, വിശിഷ്യാ 200203 കാലയളവിൽ നടന്ന മുംബൈ സ്ഫോടനങ്ങൾക്കു പിന്നിലും സിമിയുടെ പങ്ക് തെളിയിക്കപ്പെട്ടിട്ടുണ്ട്. മാറാട് കലാപത്തിലെ പ്രതികളിൽ പലരും പോപ്പുലർ



www.malankaralibrary.com

ഫ്രണ്ട് പ്രവർത്തകരായിരുന്നു എന്ന് ജസ്റ്റീസ് തോമസ് പി. ജോസഫ് കമ്മീഷൻ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്.

2014 ഫെബ്രുവരിയിൽ കേരള സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലമനുസരിച്ച് പോപ്പുലർ ഫ്രണ്ട് 27 കൊലപാതകങ്ങൾ, 86 കൊലപാതകശ്രമങ്ങൾ, 106 വർഗീയ ലഹളകൾ എന്നിവയിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്. മതപരിവർത്തനം, വർഗീയത തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളാണ് പോപ്പുലർ ഫ്രണ്ട് പുലർത്തുന്നതെന്നും ഇസ്ലാമികവത്കരണമാണ് അവരുടെ ലക്ഷ്യമെന്നും പ്രസ്തുത സത്യവാങ്മൂലം സൂചിപ്പിക്കുന്നുണ്ട്. 2010 ജൂലൈ നാലിന്, ചോദ്യപേപ്പർ വിവാദത്തിൽ പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ അധ്യാപകൻറെ കരം ഛേദിച്ചതോടെയാണ് ഈ സംഘടനയുടെ ഭീകരമുഖം സമൂഹത്തിനു മുന്നിൽ അനാവൃതമായത്.


**വേഷപ്പകർച്ചയുമായി ജനങ്ങളിലേക്ക്**

എല്ലാ തീവ്രവാദ സ്വഭാവങ്ങളെയും മറച്ചുവച്ച് കൂടുതൽ ജനകീയമാകുന്ന നയതന്ത്രമാണ് പോപ്പുലർ ഫ്രണ്ട് ഈയടുത്ത കാലത്തായി അനുവർത്തിക്കുന്നത്. ജനകീയ പ്രശ്നങ്ങളിലെല്ലാം ഇടപെടുന്നു, നന്മ മരങ്ങളായി പാർട്ടി പ്രവർത്തകരെ അവതരിപ്പിക്കുന്നു, ഒപ്പം തീവ്ര ഹിന്ദുത്വവാദത്തെ പ്രതിരോധിക്കാൻ തങ്ങളേയുള്ളൂ എന്ന പ്രതീതി സമൂഹത്തിൽ, ന്യൂനപക്ഷങ്ങൾക്കിടയിൽ നിർമ്മിച്ചെടുക്കുന്നു. കർണാടകയിലെ ക്രിസ്തീയ ദേവാലയങ്ങൾക്കെതിരേയുള്ള ആക്രമണങ്ങളിൽ പ്രതിഷേധിച്ച് കോട്ടയത്ത് എസ്ഡിപിഐ 2021 ഡിസംബർ 21ന് നടത്തിയ റാലി ഇതിന് ഒരു ഉദാഹരണമാണ്.

അതേസമയം തന്നെ ഈയടുത്ത കാലത്തായി നടന്നിട്ടുള്ള രാഷ്ട്രീയ കൊലപാതകങ്ങളിൽ പലതിലും പ്രതികൾ എസ്ഡിപിഐ പ്രവർത്തകരാണ്. തിരിച്ചടികളിൽ എസ്ഡിപിഐ പ്രവർത്തകർ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്. കേരളത്തിൻറെ സമാധാന അന്തരീക്ഷം തകർക്കാൻ തീവ്ര ഹിന്ദുമുസ്ലീം സംഘടനകൾ തമ്മിലുള്ള സംഘർഷങ്ങൾ കാരണമായിട്ടുണ്ട്. ചിലയിടങ്ങളിലെങ്കിലും ക്രിസ്തീയ സ്ഥാപനങ്ങളെ ലക്ഷ്യംവച്ച് വിവാദങ്ങൾ സൃഷ്ടിച്ചെടുക്കാൻ ഇത്തരം സംഘടനകൾ ശ്രമിച്ചിട്ടുണ്ട്.

**വോട്ടിന് വേട്ടക്കാരുടെ സംരക്ഷകരാകുന്നവർ**

ഭൂരിപക്ഷം വരുന്ന മുസ്ലീം സമൂഹത്തെ സംഘടനാപരമായും മതപരമായും സ്വാധീനിക്കാൻ ഇത്തരം തീവ്ര സംഘടനകൾക്കു കഴിയുന്നുണ്ട് എന്നതിനു തെളിവുകൾ ആവശ്യമില്ല. അരക്ഷിതാവസ്ഥ നിർമിച്ചെടുത്തു തങ്ങളുടെ ഭ്രാന്തൻ ലക്ഷ്യങ്ങൾ സാധിച്ചെടുക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നവർക്കു സംരക്ഷണം നൽകുന്നത് ഇവിടത്തെ ഭരണകൂടം തന്നെയാണ്. വോട്ടിനുവേണ്ടി സാമൂഹിക തിന്മകളെ നിഷേധിക്കുകയും ചിലപ്പോൾ ന്യായീകരിക്കുകയും ചെയ്യുന്ന പ്രവണത വർധിച്ചുവരുന്നു. വർഗീയതയും തീവ്രവാദവും പ്രസംഗിക്കുന്നവരിൽ ആരും തന്നെ ശിക്ഷിക്കപ്പെടുന്നില്ല. ഇത്തരം വിധ്വംസക പ്രവർത്തനങ്ങളെ തുറന്നുകാണിക്കുന്നവരെ ഒറ്റപ്പെടുത്തി ആക്രമിക്കുന്ന രീതി സർക്കാർപോലും തുടരുമ്പോൾ, ഭാവി കേരളം ഒരു ഭീതിയാവുകയാണ്. ഇവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങളും സൗഹാർദവും സമാധാനവും ആഗ്രഹിക്കുന്നവരാണ്. വിഭാഗീയതയും വർഗീയതയും കൊച്ചുകുട്ടികളിൽപോലും കൊലവിളിയുടെ അട്ടഹാസമാകുമ്പോൾ സർക്കാർ ഇങ്ങനെ നിഷ്ക്രിയമായി പെരുമാറാൻ പാടില്ല.



www.malankaralibrary.com

# പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ മാധ്യമ ദിന സന്ദേശം - 2022

*പ്രിയ സഹോദരീ സഹോദരന്മാരേ,*

വ്യക്തികളെ നേരിട്ടു കാണുവാനും സംഭവങ്ങളെ നേരിട്ടറിയാനും ആ അനുഭവങ്ങൾ പുനരവതരിപ്പിച്ച് സത്യാവസ്ഥ തിരിച്ചറിയാനും വേണ്ട ആവശ്യകതയായ 'വന്ന് കാണുവിൻ'- എന്ന ആശയത്തെക്കുറിച്ചാണ് കഴിഞ്ഞ വർഷം ഇതേയവസരത്തിൽ വിചിന്തനം ചെയ്തത്. ഇതേ വിചിന്തനത്തിന്റെ തുടർച്ചയായി, കളങ്കമറ്റ സംഭാഷണ സംവാദങ്ങൾക്ക് ആവശ്യമായതും ആശയവിനിമയത്തിനേറ്റവുമാവശ്യമായ വ്യാകരണങ്ങളിലൊന്നുമായ 'ശവിക്കുക'-,- 'കേൾക്കുക'- എന്ന ക്രിയയിലേക്കാണ് നിങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നതിന് ശ്രമിക്കുന്നത്.

ദൈനംദിന ബന്ധങ്ങളിലാണെങ്കിലും പൗര ജീവിതത്തിന്റെ പ്രധാന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിലാണെങ്കിലും നമുക്ക് ശ്രവിക്കുന്നതിനുള്ള ശേഷിയും ശക്തിയും പാടവവും പ്രാപ്തിയും ക്ഷയിച്ചുവരുന്നു. അതേസമയം ശ്രവണശക്തി തന്നെ ആശയവിനിമയ സമ്പർക്ക മേഖലകളിൽ പ്രധാനവും കനത്തതുമായ വികാസ പരിണാമങ്ങളിലൂടെ കടന്നുപോവുന്നു. എങ്കിലും, പോഡ്കാസ്റ്റിലൂടെയും (Podcast) മറ്റ് ശ്രവ്യോപാധികളിലൂടെയുള്ള അറിയിപ്പുകളും വിവര വൃത്താന്തങ്ങളുടെ ആധിക്യം, ശ്രവണശക്തിയുടെ ആവശ്യകത, എത്രമാത്രം മനുഷ്യന്റെ ആശയവിനിമയത്തിന് പ്രധാനപ്പെട്ടതാണെന്ന് തെളിയിക്കുന്നു.

മനുഷ്യകുലത്തിനേറ്റവും അത്യാവശ്യമുള്ളതെന്താണ് എന്ന് വളരെ പ്രശസ്തനായ ഡോക്ടറോട് ചോദിച്ചതിനുള്ള ഉത്തരമായി അദ്ദേഹം പറഞ്ഞത് "ശ്രവിക്കപ്പെടണം എന്ന അതിരുകളില്ലാത്ത അദമ്യമായ ആഗ്രഹം"- എന്നായിരുന്നു. അദ്ദേഹം മനസ്സുകളേൽക്കുന്ന മുറിവുകളുണക്കുന്നതിൽ അതിപ്രാവീണ്യമുള്ള ഒരു ഡോക്ടറായിരുന്നു. ഇത്ര അദമ്യമായ ആഗ്രഹം പലപ്പോഴും ഒളിഞ്ഞുകിടക്കുകയാണ് പതിവ്. പക്ഷേ, ഒളിഞ്ഞുകിടക്കുന്ന 'ഞാൻ ശ്രദ്ധിക്കപ്പെടണം',-- 'ഞാൻ പറയുന്നത് കേൾക്കണം'- എന്ന ആഗ്രഹം, ഭാവം പലർക്കും ഒരു വെല്ലുവിളിയാവുകയാണ്. പ്രത്യേകിച്ച് മാതാപിതാക്കൾ, അദ്ധ്യാപകർ, അജപാലകർ എന്നിങ്ങനെയുള്ള സാമൂഹികമോ രാഷ്ട്രീയപരമായോ തൊഴിൽ തുറകളിലുള്ളവർക്ക്. സാമൂഹ്യ വിനിമയ സമ്പർക്ക മേഖലകളിലുള്ളവർക്ക് പ്രത്യേകിച്ചും.

**ഹൃദയമാകുന്ന ചെവികൊണ്ടുള്ള ശ്രവണം**

വിശുദ്ധ ലിഖിതങ്ങളിൽനിന്നും നമുക്ക് മനസ്സിലാവുന്നത് ശ്രവിക്കുക എന്നുള്ളത് ശബ്ദത്തെക്കുറിച്ചുള്ള ഗ്രാഹ്യം മാത്രമല്ല, മറിച്ച് ദൈവവും മനുഷ്യകുലവും തമ്മിലുള്ള ഒരു സംഭാഷണ സംവേദനത്തിലടിസ്ഥാനമായുള്ള ഒരു ബന്ധംകൂടിയാണ്. - ഒരു ഹൃദയബന്ധം. "ശ്രവിക്കുക ഇസ്രായേലേ"- (നിയമാ. 6:4) എന്ന തോറയുടെ ആദ്യ കല്പനയുടെ തുടക്കംതന്നെ പലപ്പോഴും വി. ഗ്രന്ഥത്തിൽ ഇത് അടിവരയിടുന്നതാണ്. വി. പൗലോസ് റോമാക്കാരോട് പറയുന്നത് തന്നെ "വിശ്വാസം വരുന്നത് ശ്രവിക്കുന്നതിലൂടെ"- എന്നാണ് (റോമ. 10:17). ഇതിന് പ്രാരംഭം കുറിച്ചതും മുൻകൈ എടുത്തതും ദൈവമാണെങ്കിലും നമ്മൾ അവനെ ശ്രവിച്ച് സമുചിതമായി പ്രതികരിക്കുന്നു. ഈ ശ്രവണം എന്ന അനുഗ്രഹവും സ്രഷ്ടാവിന്റെ പ്രസാദവരത്തിൽനിന്നുതന്നെ ഉത്ഭവിക്കുന്നത് എന്ന് ഒരു നവജാതശിശു തന്റെ മാതാപിതാക്കളുടെ ശബ്ദം തിരിച്ചറിയുന്നതിലൂടെ നമുക്ക് പെട്ടെന്ന് മനസ്സിലാവും. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലേറ്റവും ശ്രേഷ്ഠമായതും, സ്രഷ്ടാവിന് പ്രിയപ്പെട്ടതും ശ്രവണശക്തിയാവണം. കാരണം, അതാണ് മനുഷ്യന് ഏറ്റവും സ്വാതന്ത്ര്യം നൽകുന്നതും, അവധാനപൂർവ്വമായതും, എതിരെ ഉള്ളവരെ കടന്നുകയറി പിടിക്കാത്തതും ആകുന്നു. ശ്രവിക്കുന്നതും ശ്രവണശക്തിയും ദൈവത്തിന്റെ വിനയ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതാണ്. സ്വതമായ സൃഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്ത് ശബ്ദിച്ചുകൊണ്ട് തന്റെ തന്നെ പ്രതിച്ഛായയിൽ മനുഷ്യനെ പുരുഷനായും സ്ത്രീയായും സൃഷ്ടിക്കുകയും അതിനുശേഷം അവരെ ശ്രവിക്കുന്നതിലൂടെ തന്റെ ആശയവിനിമയത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. മനുഷ്യകുലത്തെ സ്നേഹിക്കുന്നതിലാണ്, സൃഷ്ടാവായ ദൈവം തന്റെ വചനം അവർക്ക് നൽകുന്നതും അവരെശ്രവിക്കാനായി തന്റെ ചെവികൾ നൽകുന്നതും.

ഇതിന് കടകവിരുദ്ധമായി, മനുഷ്യൻ ഈ മധുരോദാരമായ ബന്ധത്തിൽനിന്നും ഓടിയൊളിക്കാനായി ശ്രമിക്കുന്നു. പുറംതിരിഞ്ഞ് നിൽക്കുകയും 'ചെവി കൊട്ടിയടച്ച്'- നിന്നുകൊണ്ട് ശ്രവിക്കേണ്ട ഉത്തരവാദിത്തത്തിൽനിന്നും മാറിനിൽക്കുന്നു. ശ്രവിക്കേണ്ട ഉത്തരവാദിത്തത്തിൽനിന്നുമുള്ള ഈ മാറിനിൽക്കൽ പലപ്പോഴും മറ്റുള്ളവരോടുള്ള

www.malankaralibrary.com

കയ്യേറ്റവും സമാധാന ലംഘനവും ആകുന്നു. സ്റ്റീഫൻ ഡീക്കനോട് ചെവി കൊട്ടിയടച്ച് അക്രമോൽസുകരായി ചെന്നവരെപ്പോലെ (അപ്പ. 7:57) പരസ്പര സമാധാനം ലംഘിച്ചു വർത്തിക്കുന്നു.എപ്പോഴും സൃഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്യുന്നത് കെട്ടുപാടുകളില്ലാതെ ആശയവിനിമയം നമ്മളോട് ചെയ്തിട്ടാണ്.

മനുഷ്യരോട് ശ്രവിക്കാൻ തയ്യാറാവാനും ശ്രദ്ധിക്കാനും ആഹ്വാനം ചെയ്യുന്നു. വ്യക്തമായും സ്പഷ്ടമായും നാഥൻ മനുഷ്യരായ നമ്മളോട് സ്നേഹത്തിന്റെ ഉടമ്പടിയിലേക്ക് ക്ഷണിക്കുന്നുണ്ട്. അടിസ്ഥാനപരമായി ശ്രവിക്കാനുള്ള സന്നദ്ധത സ്നേഹത്തിന്റെ അളവും മാനവും ആണ്. സ്നേഹത്തിന്റെ ഉടമ്പടിയിലേക്കുള്ള ആ ക്ഷണം അങ്ങനെ നമുക്ക് നമ്മളാവാനുള്ള സാദ്ധ്യതയാണ്, അവരവർക്കുള്ള സ്ഥാനങ്ങളും അധികാരങ്ങളും വിട്ടുകൊടുക്കുമ്പോഴാണ് നമ്മൾ, മനുഷ്യർ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാകുന്നത്. അവന്റേപോലെ ശ്രവിക്കാനും മറ്റുള്ളവരെ സ്വാഗതം ചെയ്യാനും. അതിനാലാണ് താന്താങ്ങളുടെ ശ്രവണശക്തി അളന്ന് തയ്യാറെടുക്കാനായി യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. "ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചു കൊൾവിൻ (ലൂക്കാ 8: 18). വിതക്കാരന്റെ ഉപമ വിവരിച്ചതിനുശേഷം ഇങ്ങനെ യേശുക്രിസ്തു പരസ്യമായി ആഹ്വാനം ചെയ്തത് വെറുതെ കേൾക്കുന്ന കേൾവിക്കാരനാവാനല്ല, മറിച്ച് നല്ലപോലെ ശ്രദ്ധിച്ച് ശ്രവിച്ച് മനസ്സിലാക്കാൻ വേണ്ടിക്കൂടിയാണ്. സത്യസന്ധവും നല്ലതുമായ ഹൃദയഭാവത്തോടെ വചനം സ്വീകരിക്കുന്നവർക്കേ അത് കാത്തുസൂക്ഷിക്കാനും പ്രതീക്ഷിച്ച സദ്ഫലങ്ങൾ-ജീവന്റേയും രക്ഷയുടേയും- അനുഭവിക്കാനും സാധിക്കൂ (വി. ലൂക്കാ 8:15) ആരെയാണ് നമ്മൾ ശ്രവിക്കുന്നതെന്നും എന്താണ് ശ്രവിക്കുന്നതെന്നും എങ്ങനെയാണ് ശ്രവിക്കുന്നതെന്നും നമ്മൾ ശ്രദ്ധിച്ചാലാണ് ആശയവിനിമയം എന്ന കലയിൽ നമുക്ക് അഭിവൃദ്ധി പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ഇത് ഒരു സിദ്ധാന്തമോ പരിജ്ഞാനമോ സാങ്കേതികശക്തിയോ അല്ല. മറിച്ച് വെറും "അടുപ്പം സാധ്യമാക്കുന്ന ഹൃദയങ്ങളുടെ തുറവി'-'- മാത്രമാണ് (സുവിശേഷത്തിന്റെ സന്തോഷം, 171 (2003).



നമുക്കെല്ലാവർക്കും ചെവികളുണ്ടെങ്കിൽ പോലും പലപ്പോഴും നല്ല ശ്രവണശക്തിയുള്ളവർക്കുപോലും പരസ്പരം കേൾക്കാൻ പറ്റാതാവുന്നുണ്ട്. ശാരീരികമായ ബധിരതയെക്കാൾ ഇതിനു കാരണം ഹൃദയംകൊണ്ടും മനസ്സുകൊണ്ടും കേൾക്കാനുള്ള സന്നദ്ധതയില്ലായ്മയാണ്. വെറും ശ്രവിക്കുക എന്ന ബാഹ്യ ശാരീരിക കഴിവിനേക്കാൾ കേൾക്കുക എന്നത് മുഴുവൻ മനുഷ്യനെത്തന്നെ ബന്ധപ്പെട്ടുകിടക്കുന്നതാണ്. ശ്രവിക്കുന്നതിന്റെ അടിസ്ഥാനം ഹൃദയത്തിലാണ്. സോളമൻ രാജാവ് തീരെ ചെറുപ്പമായിരുന്നു. എങ്കിൽക്കൂടി വളരെ ബുദ്ധിയോടെ നാഥനോടപേക്ഷിച്ചത് തനിക്ക് ശ്രവിക്കാൻ തയ്യാറുള്ള ഒരു ഹൃദയംനൽകണം (1 രാജ. 3:9) എന്നായിരുന്നു.അഗസ്തീനോസ് വിശുദ്ധൻ പറഞ്ഞിരുന്നത് പുറമേയുള്ള ചെവികൾകൊണ്ടല്ല അകമേയുള്ള ഹൃദയംകൊണ്ട് ശ്രവിക്കാനായിരുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസ് ആഹ്വാനം ചെയ്തത് "ചെവികളിലല്ല ഹൃദയം വേണ്ടത്, ചെവിയുള്ള ഹൃദയമാണ് വേണ്ടത്"- എന്നായിരുന്നു.ആകയാൽ സത്യസന്ധമായ ആശയവിനിമയം വീണ്ടെടുക്കേണ്ടതിന് ചെയ്യേണ്ടത് നമ്മൾ നമ്മളെത്തന്നെ ശ്രവിക്കുക എന്നതാണ്. ഏറ്റവും ആവശ്യമായ ആവശ്യങ്ങളിലേക്ക്... നമ്മുടെ ഉള്ളിന്റെ ഉള്ളിൽ എഴുതപ്പെട്ടിരിക്കുന്ന ഏറ്റവും മൗലികമായ അടിസ്ഥാനപരമായ ആവശ്യങ്ങളെ ശ്രവിക്കണം. അണുകണികകളെപ്പോലെ ജീവിക്കാൻ അല്ല- ഒന്നിച്ച് ഒരുമിച്ച് ജീവിക്കാനുള്ള ബാധ്യത നമുക്ക് ഉള്ളതിനാൽ മറ്റ് സഹോദരങ്ങളുമായും അവനുമായും ഉള്ള അടിസ്ഥാന ബന്ധത്തിനുവേണ്ടി ദാഹിക്കുന്നതാണ് നമ്മളെ-മനുഷ്യരെ - മൗലികരാക്കുന്നത്.

www.malankaralibrary.com

**നല്ല ആശയവിനിമയത്തിനുള്ള ഉപാധി– ശ്രവിക്കുക**


ശ്രവിക്കുന്നതിന്റെ നേരെ വിപരീത ഫലമുളവാക്കുന്ന തരം കേൾക്കലാണ്– ഒളിഞ്ഞുകേൾക്കുന്നത്. സത്യത്തിൽ നവമാധ്യമങ്ങളുടെ ഈ കാലത്ത്, കൂടുതലും താന്താങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾക്ക് വേണ്ടി മാത്രം മറ്റുള്ളവരെ ചൂഷണം ചെയ്യുക, ചാരപ്രവൃത്തികൾ ചെയ്യുക, ഒളിഞ്ഞിരുന്നു കേൾക്കുക, തുടങ്ങിയ പ്രവൃത്തികൾ വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. ആത്മവിശ്വാസത്തോടെയും ന്യായബോധത്തോടെയും സത്യസന്ധമായും മുൻപിലിരിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കുമ്പോഴാണ് ആശയവിനിമയം നല്ലതും പൂർണമായും മാനുഷികമാകുന്നതും.

ദൈനംദിന ജീവിതത്തിലെ കേൾവിക്കുറവുകളേക്കാൾ, പരസ്യ ജീവിതത്തിലെ വർദ്ധിക്കുന്ന പ്രവണതയായ പരസ്പരം ശ്രവിക്കുന്നതിനെക്കാൾ കൂടുതൽ സദസ്സിനോട് സംസാരിക്കുക എന്നത് വളരെ ആപത്കരമാണ്. ഇത്, നല്ലതിനേയും സത്യത്തെയും അന്വേഷിക്കുന്നതിനുപകരം അഭിപ്രായ ഐക്യത്തെ തേടുന്ന പ്രവണതയുടെ അനാരോഗ്യകരമായ പ്രതിഫലനമാണ്. ആശയ വിനിമയത്തിന്റെ നിലവാരവും മാധുര്യവും ഉയർത്തുന്നത് സത്യാവസ്ഥകളുടെ സങ്കീർണതകളും വിഷമവൃത്തങ്ങളും ഉൾക്കൊള്ളുന്ന അപരന്റെ കാരണങ്ങളും സാഹചര്യങ്ങളും സത്യസന്ധമായി മനസ്സിലാക്കി അവതരിപ്പിക്കുമ്പോഴാണ്. അല്ലാതെ പൊതുജനത്തെ ആവേശത്താലാറാടിക്കുന്ന അനാവശ്യ പ്രകടനങ്ങളോ സഹോദരനെ ഇകഴ്ത്തി കൈയ്യടി വാങ്ങുമ്പോഴോ അല്ല. കൂടുതൽ ദുഃഖകരമാകുന്നത് സഭയുടെയകത്തും ആശയപരവും പ്രത്യയശാസ്ത്രപരവുമായ കൂട്ടായ്മകൾ വളരുന്നതും അതിനാൽ ശ്രവിക്കാനുള്ള സന്നദ്ധത കുറയുന്നതും, എതിർക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള ഔൽസുക്യം വർദ്ധിക്കുന്നതുമാണ്.

വാസ്തവത്തിൽ, ഇന്ന് നടക്കുന്ന പല സംഭാഷണങ്ങളിലും നമ്മൾ സംവദിക്കുന്നേയില്ല. അപരൻ സംസാരിച്ച് കഴിഞ്ഞാൽ ഉടനെ നമ്മുടെ അഭിപ്രായം അവരിൽ അടിച്ചേൽപ്പിക്കാനാണ് കാത്തിരിക്കുന്നത്. താത്വികാചാര്യനായ Abraham Kaplan ഇതിനെ പറയുന്നത് രണ്ടുപേർ തമ്മിലുള്ള സംഭാഷണം എന്നല്ല, രണ്ട് ആത്മഗതങ്ങളാണെന്നാണ്. രണ്ട് സ്വരങ്ങളിലുള്ള ഒരേ ആത്മഗതങ്ങൾ. ശരിയായ ആശയവിനിമയങ്ങളിലും സംഭാഷണങ്ങളിൽ "ഞാനും"– "താങ്കളും"– പരസ്പരം അടുത്തെത്താനായി അവരവരുടെ സ്ഥാനങ്ങളിൽനിന്നും അപരന്റെയടുത്തേക്ക് മാറി എത്തുന്ന സാഹചര്യമാണ് വേണ്ടത്. അതിനാൽ ശ്രവിക്കുക എന്നത് സംഭാഷണങ്ങളിലെ മാറ്റിനിർത്താനാവാത്ത ഘടകമാണ്. ശ്രവിക്കുന്നത് നടന്നിട്ടില്ല എങ്കിൽ അവിടെ ആശയവിനിമയം നടന്നിട്ടില്ല. അതില്ലാതെ നല്ല പത്രപ്രവർത്തനത്തിന് അസ്തിത്വമേ ഇല്ലാതാവുന്നു. പൂർണ്ണവും സന്തുലിതവും പരിപക്വവുമായ വിവരങ്ങൾ ലഭിക്കുവാൻ ദീർഘനേരം നല്ലപോലെ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്. ഒരു സംഭവം വിവരിക്കാനോ, ഒരു സാഹചര്യം മനസ്സിലാക്കി നൽകുവാനോ, പ്രത്യേകിച്ച് വാർത്താവിതരണ മേഖലയിൽ ശ്രവിക്കേണ്ടത് എങ്ങനെയെന്നറിയേണ്ടത് അത്യാവശ്യമാണ്. ഇതിന് സ്വന്തം അനുമാനങ്ങളും അഭിപ്രായങ്ങളും മാറ്റിവെയ്ക്കുവാനും വരെ തയ്യാറാവേണ്ടതുണ്ട്.

ആത്മഗതങ്ങൾ മാറ്റിവെച്ചാൽ മാത്രമേ ശബ്ദങ്ങളുടെയും അഭിപ്രായങ്ങളുടെയും സമന്വയങ്ങൾ ഉയരുകയുള്ളൂ. കൃത്യമായ ആശയവിനിമയത്തിന്റെയും വാർത്താവിതരണത്തിന്റെയും ഉത്തരവാദിത്വങ്ങളിൽ പ്രധാനമാണത്. വിവിധ സ്രോതസ്സുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചുവേണം (ആദ്യം കാണുന്ന സത്രത്തിൽ യാത്ര അവസാനിപ്പിക്കാതെ) നമുക്ക് ലഭിക്കുന്ന വിവരങ്ങളുടെ സാംഗത്യവും വിശ്വാസ്യതയും ഉറപ്പിക്കേണ്ടതിന്– നമ്മുടെ ഭാഗത്തുനിന്നും വാർത്തകൾ ആയി ബഹിർഗമിക്കാൻ വിവേകാത്മകമായും വിവേചനാബോധത്തോടെയും പ്രവർത്തിക്കാനാവണമെങ്കിൽ, സഭയുടെ അകത്തും പല വ്യക്തികളോടും വിവിധ സ്രോതസ്സുകളോടും ആശയവിനിമയം നടത്തിയാലേ സ്വരലയങ്ങളോട് കാതോർക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

എന്തിനാണ് ശ്രവിക്കുന്നതിന് ഇത്രയും അദ്ധ്വാനിക്കേണ്ടത്? വത്തിക്കാൻ കാര്യാലയത്തിലെ സമുന്നതനായ നയതന്ത്രജ്ഞനായ Cardinal Agostino Casaroli പലപ്പോഴും 'ക്ഷമയുടെ രക്തസാക്ഷിത്വ'-ത്തെക്കുറിച്ച് സംസാരിക്കാറുണ്ട്. പരിമിത സ്വാതന്ത്ര്യങ്ങൾ



www.malankaralibrary.com

മാത്രമുള്ള ഇടങ്ങളിൽ, ഏറ്റവും കഠിനമായ മധ്യസ്ഥ ശ്രമങ്ങൾ വളരെ ക്ലേശകരമായ രീതിയിൽ മുന്നോട്ടുപോകുമ്പോൾ ശ്രദ്ധിക്കാനും ശ്രവിക്കപ്പെടാനുമുള്ള പരിശ്രമങ്ങളിൽ ക്ഷമയുടെ രക്തസാക്ഷിത്വം സംഭവിച്ചുപോവാറുണ്ട്. ഇത്തരം കഠിനമായ സാഹചര്യങ്ങളിൽ മുമ്പിലിരിക്കുന്ന മനുഷ്യനിൽനിന്നും ഭാഗികമായ സത്യങ്ങളെ ശ്രവിക്കാനേ ഭാഗ്യമുണ്ടാവുകയുള്ളൂ. എങ്കിൽപോലും, നമ്മൾ അത്ഭുതപ്പെട്ടുപോവാനുള്ള സാധ്യതകളോട് പൊരുത്തപ്പെടുകയും ക്ഷമയോടെ ശ്രവിച്ചുകൊണ്ടിരിക്കുന്നതിനുള്ള ധൈര്യം ആർജിച്ചെടുക്കുകയും വേണം. വിസ്മയത്തോടെ ആശ്ചര്യപ്പെട്ടാൽ മാത്രമേ നമുക്ക് വിജ്ഞാനം അധികം ആർജിക്കാനാവുകയുള്ളൂ. അതിരറ്റ ജിജ്ഞാസയോടെ തുറന്ന കണ്ണുകളോടെ തനിക്ക് ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്ന ഒരു പിഞ്ചു കുഞ്ഞിന്റെ ലാളിത്യത്തോടെ,വിനയത്തോടെ വേണം നമ്മൾ മറ്റുള്ളവരെ ശ്രവിക്കാൻ. മുതിർന്നവരുടെ അവബോധത്തോടെയുള്ള ഒരു പിഞ്ചുകുഞ്ഞിന്റെ ഔൽസുക്യം- അതാണിന്നിന്റെ ആവശ്യം എത്ര ചെറുതാണെങ്കിലും അപരനിൽനിന്നും എന്തെങ്കിലും എനിക്ക് പഠിക്കാനുണ്ടാവുമെന്നും അത് എന്നെങ്കിലും എന്റെ ജീവിതയാത്രയിലുപകരിക്കുമെന്നും- ഈ അവബോധത്തോടുകൂടിയുള്ള ഔത്സുക്യം ആണ് നമുക്കാവശ്യം.

വലിയ ഒരു മഹാമാരി കഴിഞ്ഞുണരുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിനെയും ഇത്തരത്തിൽ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്, കാലത്തിന്റെ ആവശ്യമാണ്. കാലാകാലങ്ങളിലൂടെ വർദ്ധിച്ചുവന്ന "ഔദ്യോഗിക അറിയിപ്പുക"-ളോടുള്ള അവജ്ഞയും വിദ്വേഷവും മൂലം കൃത്യവും അല്ലാത്തതുമായ വാർത്തകൾ വളരെ പെട്ടെന്ന് ലോകമാകെ പരക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ലോകം വിശ്വാസ്യതയ്ക്കും സുതാര്യതയ്ക്കും വേണ്ടി പരക്കംപായുകയാണ്. ശ്രവിക്കാനുള്ള നമ്മുടെ സന്നദ്ധതയുടെ ആവശ്യകത,സാമൂഹികവും സാമ്പത്തികവുമായ പല തകിടംമറിച്ചിലുകളും പലപ്പോഴും നടക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്നു- പ്രത്യേകിച്ച് ഗാഢമായി ശ്രവിക്കുന്നതിന്റെ ആവശ്യകത.നിർബന്ധിത പലായനത്തിന്റെ ബുദ്ധിമുട്ടുകൾ ഇന്നിന്റെ സത്യാവസ്ഥയാണ്- ആരുടെ പക്കലും ഇതിനൊരു പരിഹാരം ഇല്ലാത്ത സാഹചര്യത്തിൽ എല്ലാത്തരം പ്രവാസികളെയും ശ്രവിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. പ്രത്യേകിച്ച് അവരെക്കുറിച്ചുള്ള മുൻവിധികളും വിപ്രതിപത്തികളും മാറ്റിയെടുക്കുവാനും നമ്മുടെ കടുത്തുപോയ ഹൃദയങ്ങളെ കൂടുതൽ ആർദ്രമാക്കാനുമതാവശ്യമാണ്. ഓരോ പ്രവാസിക്കുമോരോരോ നാമവും കഥയും നൽകണം. പല പത്രപ്രവർത്തകരും അത് ചെയ്യുന്നുണ്ട്. സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യാൻ തയ്യാറായവരും അനേകമുണ്ട്. നമ്മൾ അവരെ ശ്രവിക്കാനും ധൈര്യപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കണം. അതുവഴി അതത് രാജ്യങ്ങൾക്കു ചേർന്ന കുടിയേറ്റ-പ്രവാസ നീതിന്യായ വ്യവസ്ഥകൾ ഉയർന്നുവരട്ടെ. പക്ഷേ, അതിന് നമ്മുടെ മുൻപിൽ കണക്കുകളോ, അക്രമണകാരികളായ അധിനിവേശക്കാരെയോ അല്ല കാണേണ്ടത്. അവരുടെ പ്രതീക്ഷകളും ആകുലതകളും കഥകളും കഷ്ടപ്പാടുകളുമാണ് - സാധാരണ മനുഷ്യരുടെ.

**സഭയ്ക്കകത്ത് പരസ്പരം ശ്രവിക്കുക**

സഭയ്ക്കകത്തും പരസ്പരം ശ്രവിക്കേണ്ടതുണ്ട്. ഏറ്റവും അമൂല്യവും ജീവസ്സുറ്റതുമായ പാരിതോഷികമാണത്. ഏറ്റവും നല്ല ശ്രോതാവിൽനിന്നും ലഭിച്ച ദൗത്യങ്ങളിൽ ഒന്നായ ശ്രവിക്കുക എന്ന മഹത്തായ ദൗത്യം ക്രിസ്ത്യാനികൾ മറന്നമട്ടാണ്. ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്നവരും സംസാരിക്കുന്നവരുമായവർക്ക്, ദൈവത്തിന്റെ ചെവികൾ കൊണ്ട് ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വമുണ്ട്. പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ ഉശലൃേശരവ ആ ീിവ ീലള ളലൃ നമ്മളെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ പ്രഥമ ദൗത്യവും കടമയും നമ്മുടെ സഹോദരരെ ശ്രവിക്കുക എന്നതാണെന്നാണ്. തന്റെ ഇഹലോകത്തിലെ സഹോദരീസഹോദരന്മാരെ ശ്രവിക്കാൻ സാധിക്കാത്തവർക്ക് ദൈവത്തെ ശ്രവിക്കാനാവില്ലതന്നെ.

ദാനധർമ്മങ്ങളിലേറ്റവും അമൂല്യമാ



www.malankaralibrary.com

യത് മറ്റുള്ളവരെ ശ്രവിക്കാൻ നമ്മുടെ സമയം നൽകുക എന്നതാണ്. അജപാലന ദൗത്യങ്ങളിലേറ്റവും പ്രധാനപ്പെട്ടത് ശ്രവിക്കുക എന്ന അപ്പസ്തോലിക കടമയാണ്. യാക്കോബ് ശ്ലീഹ ആഹ്വാനം ചെയ്യുന്നതും അതുതന്നെയാണ്. ഏത് മനുഷ്യനും കേൾക്കാൻ വേഗതയും സംസാരിക്കാൻ സാവധാനവും ഉണ്ടാവട്ടെ (വി. യാക്കോബ് 1:19).

ഒരു സിനഡിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. പരസ്പരം ശ്രവിക്കാനുള്ള നല്ലൊരവസരമാകട്ടെ അതെന്ന് നമുക്ക് പ്രാർത്ഥിക്കാം. തന്ത്രങ്ങളുടേയും പരിപാടികളുടെയും പരിണിതഫലമല്ല കൂട്ടായ്മ. മറിച്ച് പരസ്പരം ശ്രവിക്കുന്നതിലൂടെ നിർമ്മിക്കപ്പെടുന്നതാണത്. ഒരു ഗായക സംഘത്തിലെന്നപോലെ ഒത്തൊരുമയ്ക്ക്, ഐക്യരൂപമോ ഏകസ്വരതയോ അല്ല ആവശ്യം, മറിച്ച് അനേകത്വവും ബഹുസ്വരതയും വിവിധങ്ങളായ വൈവിധ്യങ്ങളുമുള്ള സ്വരങ്ങളാണ്. അതേസമയം ഒരു ഗായക സംഘം പാടുമ്പോൾ അതിലെ ഓരോ അംഗവും മറ്റുള്ളവരുടെ സ്വരങ്ങളെയും ആ സ്വരങ്ങളുടെ മൊത്തത്തിലുള്ള ലയപൊരുത്തങ്ങളെ ശ്രദ്ധിച്ചാണ് ആലപിക്കുന്നത്. ഈ ലയപൊരുത്തങ്ങളുടെ ആശയം സൃഷ്ടിച്ചത് സംഗീത സംവിധായകനാണെങ്കിലും അതിന്റെ സാക്ഷാത്കാരം സംഭവിക്കുന്നത് വിവിധങ്ങളായ ഓരോ സ്വരശബ്ദങ്ങളുടെയും ഐക്യപൂർത്തിയിലാണ്.

നമ്മളേക്കാളും വളരെ മുൻപുതന്നെ തുടങ്ങിയതും നമ്മളെ ഉൾക്കൊള്ളുന്നതുമായ ഈ കൂട്ടായ്മയിൽ നമ്മളോരോരുത്തരും ഭാഗഭാക്കാകുമ്പോൾ, നമുക്ക് നമ്മുടെ സഭയെ വീണ്ടും കണ്ടെത്താം– സ്വരലാവണ്യമുള്ള ഇമ്പമുള്ള സഭയെ പുനരവതരിപ്പിക്കാം– അതിലെ ഓരോ വിശ്വാസിക്കും അവനവന്റെ സ്വന്തം ശബ്ദത്തിൽ പാടാനവസരമുള്ള, മറ്റുള്ളവരുടെ ശബ്ദങ്ങളെ എപ്പോഴും സ്വാഗതം ചെയ്തുകൊണ്ട്– പരിശുദ്ധാരൂപിയുടെ സ്വത്വമായ ലയപൊരുത്തങ്ങളെ പ്രത്യക്ഷീകരിച്ചുകൊണ്ട് ജീവിക്കാനുള്ള പാരിതോഷികമായി കരുതി നമുക്ക് പരസ്പരം ഹൃദയംകൊണ്ട് ശ്രവിച്ച് മുന്നേറാം.

St. Francis De Sales ന്റെ സ്മരണ പുതുക്കൽ 24 Jan 2022,
റോമിലെ St. John Lateran ൽ നിന്നും

*ഫ്രാൻസിസ് പാപ്പ*



www.malankaralibrary.com

# കോവിഡിനൊപ്പം യുദ്ധവും!
## ലോകം നേരിടുന്ന വെല്ലുവിളികളും കേരളത്തിന്റെ സാധ്യതകളും

**ഫാ. ജസ്റ്റിൻ കാഞ്ഞൂത്തറ MCBS**



**If the Pandemic crippled the global supply chain, the war in Ukraine knocked it to its knees.**
*Paul J. Noble, (Forbes, May 12, 2022)*

**കോ**വിഡ് രോഗബാധയ്ക്ക് പിന്നാലെ ഫെബ്രുവരിയിൽ ആരംഭിച്ച ഉക്രൈൻ റഷ്യ യുദ്ധം മൂന്നുമാസം പിന്നിട്ടിരിക്കുകയാണ്. ഇപ്പോഴത്തെ സാഹചര്യം വിവിധ ലോക രാജ്യങ്ങളെ സംബന്ധിച്ച് സമാനതകളില്ലാത്ത പ്രതിസന്ധികൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. പ്രത്യേകമായും Global Supply-Chain മേഖലയിൽ സ്ഥിതി കൂടുതൽ രൂക്ഷമാവുകയാണ്. വാണിജ്യ വ്യവസ്ഥിതിയിൽ, ഒരു ഉപഭോക്താവിന് ഉൽപ്പന്നമോ സേവനമോ നൽകുന്നതായ കർത്തവ്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ, വ്യക്തികൾ, പ്രവർത്തനങ്ങൾ, ഇവയെക്കുറിച്ചുള്ള അറിവുകൾ, അസംസ്കൃത വസ്തുക്കളുടെ ഉറവിടങ്ങൾ എല്ലാം ഉൾപ്പെടുന്ന സംവിധാനമാണ് സപ്ലൈ ചെയിൻ ( Supply-Chain). ഈ വിതരണ ശൃംഖലയുടെ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾ പിന്നിടുമ്പോൾ പ്രകൃതി വിഭവങ്ങൾ, അസംസ്കൃത വസ്തുക്കൾ, ധാതു വിഭവങ്ങൾ എന്നിവ ഒരു പൂർണ്ണ ഉൽപ്പന്നമാക്കി മാറി അത് അന്തിമ ഉപഭോക്താവിന് കൈമാറ്റം ചെയ്യപ്പെടുന്നു..

ആഗോള തലത്തിൽ സപ്ലൈചെയിൻ സംബന്ധിക്കുന്ന വിവരങ്ങൾ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കൃത്യമായി നൽകുന്ന 'പ്രൊജക്റ്റ് 44' കുറച്ചു നാളുകളായി തുടരെ അപായ സൂചനകൾ നൽകുന്നുണ്ട്. പ്രൊജക്റ്റ് 44 ലെ സാങ്കേതിക വിദഗ്ദനായ ജോഷ് ബ്രസീൽ 2022 ഏപ്രിൽ 18 ന് വ്യക്തമായ ചില സൂചനകൾ നൽകുകയുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: റഷ്യ-യുക്രൈൻ സംഘർഷം കപ്പൽപ്പാതകളുടെ പുനർനിർണ്ണയത്തിന് കാരണമായേക്കാം. ഗോതമ്പ് കയറ്റുമതിയിൽ ആഫ്രിക്കൻ ലാറ്റിനമേരിക്കൻ, മേഖലകളും അമേരിക്കൻ ഐക്യനാടുകളും കേന്ദ്രീകരിച്ച് പുതിയ കമ്പോളങ്ങൾ രൂപപ്പെടാനുള്ള സാധ്യത രൂപപ്പെടുന്നുണ്ട്. കാരണം, 70 ശതമാനത്തോളം യുക്രൈൻ കയറ്റുമതിയുൽപ്പന്നങ്ങൾ സഞ്ചരിക്കുന്നത് കടൽ മാർഗ്ഗമാണ്. സ്റ്റീൽ, ഭക്ഷ്യധാന്യങ്ങൾ, സൂര്യകാന്തി എണ്ണ മുതലായവ യുക്രൈൻറെ കയറ്റുമതിയിനങ്ങളിൽപ്പെടുന്നു. ഗോതമ്പ്, ഫോസിൽ ഇന്ധന



www.malankaralibrary.com

ങ്ങൾ, സ്റ്റീൽ, ചെമ്പ് എന്നിവയുടെ കയറ്റുമതി സ്രോതസ്സാണ് റഷ്യ. പോൾ ജെ. നോബിൾ വിലയിരുത്തുന്നതനുസരിച്ച്, ആഗോളതലത്തിൽ 6 ലക്ഷത്തോളം കമ്പനികളാണ് റഷ്യയെയും യുക്രെനെയും ആശ്രയിച്ച് നിലനിൽക്കുന്നത്. ഇന്ധനങ്ങൾ മുതൽ ഭക്ഷ്യധാന്യങ്ങൾ വരുന്ന ശ്രേണിയിൽ ഒറ്റ രാത്രി കൊണ്ട് പരിഹാരം കണ്ടെത്തുക എന്ന ഉത്തരവാദിത്വം കമ്പനികളെ സംബന്ധിച്ച് കഠിനമാണ്.

സ്ഥിതിഗതികൾ കൂടുതൽ രൂക്ഷമാണെന്ന് തെളിയിക്കും വിധം ഇന്ത്യയിൽ നിന്നുള്ള ഗോതമ്പു കയറ്റുമതിയും നിയന്ത്രിക്കപ്പെട്ടിരിക്കുകയാണ്. ഗോതമ്പ്, ബാർലി ഇവയുടെ കയറ്റുമതിയിൽ മൂന്നിലൊന്ന് എന്ന വിധം നിയന്ത്രിക്കുന്നത് റഷ്യയും യുക്രൈനുമാണ്. ഫെബ്രുവരിയിൽ ആരംഭിച്ച യുദ്ധം ഗോതമ്പ് വിലയിലുണ്ടാക്കിയ വർദ്ധനവ് 40 ശതമാനമാണ്. ഇത് മുന്നിൽക്കണ്ട് വൻ കുതിപ്പിനാണ് ഇന്ത്യ ലക്ഷ്യമിട്ടിരുന്നത്, ഏകദേശം 100 ലക്ഷം ടൺ ഗോതമ്പ് 2022-23 കാലഘട്ടത്തിൽ കയറ്റുമതി ചെയ്യാമെന്നായിരുന്നു പദ്ധതി. എന്നാൽ, 2022 മാർച്ചിൽ ഇന്ത്യയിലുണ്ടായ ചൂടുകാറ്റ് 122 വർഷങ്ങൾക്ക് ശേഷമുള്ള അത്യുഷ്ണത്തിന് കാരണമാവുകയും വിളനാശം സംഭവിക്കുകയും ചെയ്തതിനാൽ കയറ്റുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു എന്നാണ് ലഭ്യമായ വിശദീകരണം. ഇക്കാര്യത്തിൽ കേന്ദ്രവാണിജ്യ സെക്രട്ടറി പറഞ്ഞത് ഇപ്രകാരമാണ്: ഭക്ഷണം എല്ലാവരെയും സംബന്ധിക്കുന്ന കാര്യമാണ്. അതിന്റെ ലഭ്യതക്കുറവ് ദരിദ്രനെയും സമ്പന്നനെയും ബാധിക്കും. ഇന്ത്യയുടെ നടപടി യഥാർത്ഥത്തിൽ കയറ്റുമതി നിരോധനമല്ല, ഭക്ഷ്യധാന്യങ്ങളുടെ കയറ്റുമതിക്ക് വ്യക്തമായ ദിശ നിർണ്ണയിക്കുകയാണ് ചെയ്യുന്നത്. കൃത്യമായി പാവപ്പെട്ടവരിലും ദുർബലരായ രാജ്യങ്ങളിലും ഭക്ഷ്യധാന്യം എത്തിക്കുക എന്നതാണ് ഭാരതം ലക്ഷ്യമിടുന്നത്. എന്നാൽ, ഇന്ത്യയുടെ നിലപാടിനെ എതിർത്ത് ജർമ്മൻ കൃഷി മന്ത്രി ഓറ്റ്സ്ഡെമിർ രംഗത്ത് വന്നതോടെ ലോകം നേരിടുന്ന ഭക്ഷ്യധാന്യ പ്രതിസന്ധി ചെറുതല്ല എന്ന് വ്യക്തമാവുകയാണ്. ഓരോരുത്തരും തങ്ങൾക്ക് തോന്നുന്ന വിധത്തിൽ കയറ്റുമതി നിയന്ത്രിക്കുകയും കമ്പോളങ്ങൾ അടയ്ക്കുകയും ചെയ്താൽ കാര്യങ്ങൾ കൂടുതൽ വഷളാകും എന്ന് അദ്ദേഹം പറയുകയുണ്ടായി. ജി20 അംഗമെന്ന നിലയിൽ ഇന്ത്യ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റണമെന്നും അദ്ദേഹം സ്റ്റുട്ട്ഗർട്ടിൽ നടന്ന വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. ജൂൺ മാസം നടക്കുന്ന ജി7 ഉച്ചകോടിയിൽ പ്രത്യേക ക്ഷണിതാവായി എത്തുന്ന ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോഡിയോട് ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കാനുള്ള സൂചനകൾ നൽകും എന്നും അദ്ദേഹം പറഞ്ഞു. ഭക്ഷ്യോൽപ്പാദനം ഈ കാലഘട്ടത്തിൽ എത്രമാത്രം ആവശ്യമാണെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

റഷ്യ-യുക്രൈൻ സംഘർഷങ്ങളോടൊപ്പംതന്നെ ചൈനയിൽ സ്ഥിരീകരിക്കപ്പെട്ട പുതിയ കൊറോണ തരംഗവും ചരക്കുഗതാഗതം തടസ്സപ്പെടുത്തുന്നുണ്ട്. മെയ് 9ന് ചൈനീസ് പ്രധാനമന്ത്രി ലീ കെചിയാങ് വെളിപ്പെടുത്തിയതനുസരിച്ച് തുടർന്നു വരുന്ന ദിനങ്ങളിലും അതികഠിനവും രൂക്ഷവുമായ തൊഴിൽ പ്രതിസന്ധി ചൈന അഭിമുഖീകരിക്കേണ്ടതായി വരുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കടുത്ത കോവിഡ് വ്യാപനവും ക്വാറൻറൈൻ നടപടികളും ചൈനയുടെ തുറമുഖങ്ങളിലെ തൊഴിലാളികളുടെ ലഭ്യതയെ ബാധിച്ചതും, ലോക്ഡൗൺ മൂലം റോഡ് മാർഗ്ഗമുള്ള



www.malankaralibrary.com

കണ്ടെനർ ട്രക്കുകളുടെ സഞ്ചാരം തടസ്സപ്പെടുന്നതുമാണ് ഇതിന് കാരണം.

ചൈനയിൽ നിന്നുള്ള പ്രൊജക്ട് 44 റിപ്പോർട്ടനുസരിച്ച് പ്രധാന യൂറോപ്യൻ തുറമുഖങ്ങളായ ആൻവർപ്പ്, വലൻസിയ, ഹാംബർഗ് എന്നിവിടങ്ങളിലും അമേരിക്കയിലെ വെസ്റ്റ് കോസ്റ്റ് തുറമുഖങ്ങളിലും ചൈനയുടെ കയറ്റുമതി നിലച്ചതുമൂലമുള്ള പ്രതിസന്ധി രൂക്ഷമാണ്. അതു പോലെ തന്നെ ട്രക്ക് ഗതാഗതം തടസ്സപ്പെടുന്നതു മൂലം ചരക്കു കപ്പലുകൾ കൂടുതൽ കാലം തുറമുഖത്ത് നങ്കൂരമിടേണ്ടതായി വരുന്നു. കോവിഡ് രോഗബാധ അതിവേഗത്തിലാകാൻ തുടങ്ങിയ മാർച്ച് 28 നോടടുത്ത ദിവസങ്ങളിൽ ഒരു കപ്പൽ തുറമുഖത്ത് കാത്തുകിടക്കേണ്ടിയിരുന്നത് 4/5 ദിവസങ്ങളായിരുന്നെങ്കിൽ ഏപ്രിൽ 18 ആയപ്പോഴേക്കും 12/13 ദിവസങ്ങളോളം വൈകുന്ന സ്ഥിതിയാണുള്ളത്.

ഇത്തരം നിരവധി തടസ്സങ്ങൾ മൂലം ടെസ്ല, ആപ്പിൾ തുടങ്ങിയ കമ്പനികൾ മുതൽ ദൈനംദിന ഉപയോഗവസ്തുക്കളുടെ നിർമ്മാതാക്കളായ പ്രോക്ടർ ആൻഡ് ഗാംബിൾ വരെ തങ്ങളുടെ ഫാക്ടറികൾ അടച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. കൊക്ക കോള കമ്പനി സിഇഒ ജെയിംസ് ക്വീനി പറയുന്നത്, 2020 കൊറോണ രോഗബാധക്കാലത്ത് സ്വീകരിച്ചതിനേക്കാൾ മുൻകരുതലുകൾ 2022 ൽ കമ്പനി സ്വീകരിച്ചിട്ടുണ്ടെന്നാണ്. ടെസ്ലയുടെ ഡിസ്‌പ്ലേ വിതരണക്കാരായ എ യു ഓപ്ട്രിക്സ് വെളിപ്പെടുത്തുന്ന നിഗമനമനുസരിച്ച്, ചൈനയിലെ ലോക്ഡൗൺ അടിയന്തിരമായി പിൻവലിച്ചാൽ പോലും, ഇറക്കുമതി കയറ്റുമതി പ്രതിസന്ധി കുറഞ്ഞത് മൂന്നു മാസമെങ്കിലും നീണ്ടുനിൽക്കാമെന്നാണ്. ഉടനടി ഒരു പരിഹാരം എന്നത് അസാധ്യം എന്നർത്ഥം.

ഈ രണ്ട് പ്രതിസന്ധികളും, റഷ്യ-യുക്രെൻ സംഘർഷവും, ചൈനയിലെ കൊറോണബാധയും കേരളം എന്ന സംസ്ഥാനത്തിന് മുമ്പിൽ അവശേഷിപ്പിക്കുന്നത് ഒരു മുൻകരുതലും ഒരു സാധ്യതയുമാണ്.

ഉപ്പു മുതൽ കർപ്പൂരം വരെ വിപണിയിൽ ലഭ്യമാകുന്ന ഏറ്റവും ചെറിയ വസ്തുക്കൾക്ക് പോലും അന്യസംസ്ഥാനങ്ങളെയോ രാജ്യങ്ങളെയോ ആശ്രയിക്കുന്ന കേരളം പോലുള്ള പ്രദേശങ്ങൾ എത്രമാത്രം കരുതലോടെയിരിക്കണം എന്ന് ഈ സാഹചര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഷാങ്ഹായ് പോലുള്ള പ്രമുഖ വ്യവസായ നഗരങ്ങളടക്കം ഇപ്രാവശ്യത്തെ കോവിഡ് തരംഗത്തെ നേരിടാൻ ശക്തിയില്ലാത്തതു മൂലം ഒരു ദിവസം ഒരു നേരം മാത്രം ഭക്ഷണം എന്ന കഠിന ശ്രമങ്ങളിലേക്ക് കടക്കേണ്ടതായി വന്നുവെന്നാണ് അവിടെ നിന്ന് ലഭ്യമാകുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നത്. വിളവുകളുടെ ഉത്പാദന-സംഭരണ-വിതരണ മേഖലകളിലെ ഇപ്പോഴുള്ള സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, പുതിയവ ക്രിയാത്മകമായി ആരംഭിക്കുന്നതിനുമുള്ള ആവശ്യബോധം ഉദ്യോഗസ്ഥരിലും നേതാക്കന്മാരിലും ഉണ്ടാകേണ്ടതാണ്. ഇപ്പോൾ ഏറെ കഷ്ടതയനുഭവിക്കുന്ന കർഷകർക്ക്, പ്രത്യേകമായും മലബാർ, ഹൈറേഞ്ച്, മല



www.malankaralibrary.com

യോര മേഖലകളിൽ, അടിയന്തിരമായി സഹായങ്ങൾ ലഭ്യമാക്കുക വഴി കൈവശമുള്ള ഭൂമി കർഷകർക്കും നാടിനും ഉപകാരപ്രദമാക്കും പ്രകാരം ഭക്ഷ്യ-നാണ്യ വിളകളുടെ ഉത്പാദനത്തിന് ഉപയുക്തമാക്കാനാവും. അത് സംബന്ധിക്കുന്ന കൃത്യവും ശാസ്ത്രീയവുമായ പദ്ധതികൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. എല്ലാ കുടുംബങ്ങളിലും കഴിയുംവിധമുള്ള കൃഷി പ്രോത്സാഹിപ്പിക്കപ്പെടുകയും, ഓരോ വ്യക്തിയും തനിക്കുള്ള വിഭവങ്ങൾ തനിക്കും തന്റെ പ്രിയപ്പെട്ടവർക്കും നാളേക്കായി കരുതിവയ്ക്കുന്നു എന്ന നിലപാട് മുൻകരുതലായി സ്വീകരിക്കുകയും വേണം.

ചെലവ് കുറഞ്ഞ രീതിയിൽ ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് ചൈന ആഗോളവിപണിയിൽ നടത്തിയ തേരോട്ടത്തിനു ശേഷമുള്ള കനത്ത നിശബ്ദത ഈ കാലഘട്ടത്തിൽ രൂപപ്പെടുത്തുന്നത് ആഴമുള്ള വിടവായിരിക്കും. വിപണിയെ അടിസ്ഥാനപ്പെടുത്തി സാമ്പത്തിക ലാഭം മെച്ചപ്പെടുത്താനുള്ള ഈ പ്രതിസന്ധിയെ പ്രതിരോധിക്കാനുള്ള ശ്രമങ്ങൾ വികസിത രാജ്യങ്ങളിൽ നിന്നുണ്ടാകും. കോവിഡ് രോഗബാധ കൃത്യമായ ഇടപെടലുകൾ വഴി നിയന്ത്രിക്കപ്പെടുകയും വ്യവസായസംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായ വളർച്ച ലക്ഷ്യമിടുകയും ചെയ്യുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് വികസിത രാജ്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. അതിനാൽത്തന്നെ കേരളത്തിലെ യുവജനങ്ങൾക്ക് പുതിയ നിർമ്മാണ വിതരണ വിപണന സംരംഭങ്ങൾക്കുള്ള സാധ്യത ഇവിടെ രൂപപ്പെടുന്നുണ്ട്. അസംസ്കൃത വസ്തുക്കളും കാർഷിക വിഭവങ്ങളും വർദ്ധിച്ച തോതിൽ ഉത്പാദിപ്പിക്കുന്നതിനും കയറ്റുമതി ചെയ്യുന്നതിനുമുള്ള ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. യുവാക്കൾ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും തൊഴിൽ സാധ്യതകൾ രൂപപ്പെടുത്തുന്നതിനും ഇതു വഴി സാധിക്കും. തൊഴിൽ പ്രതിസന്ധികൾ വഴി പ്രവാസികൾ മടങ്ങി വരേണ്ടതായ സ്ഥിതിവിശേഷം ഉണ്ടായാൽ പോലും ഓരോരുത്തർക്കും നിൽപ്പുറപ്പിക്കാൻ പറ്റുന്ന ഇടമൊരുക്കാൻ നമുക്ക് സാധിക്കുകയും ചെയ്യും. അതിനാൽ പുതിയ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങൾ മത സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നേതൃത്വങ്ങളിൽ നിന്നുണ്ടാകേണ്ടതുണ്ട്.

സപ്ലൈചെയ്ൻ പ്രതിസന്ധി രൂക്ഷമായ നിലയിൽ ഇനിയും തുടരും എന്നതാണ് പൊതുവെയുള്ള വിലയിരുത്തൽ. എന്നാൽ ഇതിൽ നിന്നുള്ള പാഠമുൾക്കൊണ്ട് അതിജീവനം എന്ന തലത്തിലേക്ക് ആഗോള സമൂഹം മുന്നേറുമെന്നാണ് ഏവരും കരുതുന്നത്. വാൾസ്ട്രീറ്റ് ജേർണൽ നടത്തിയ ഒരു സർവേ പ്രകാരം 45 ശതമാനത്തോളം സാമ്പത്തിക വിദഗ്ദരും 2022 രണ്ടാം പകുതിയിൽ ചെറിയ മാറ്റം പ്രതീക്ഷിക്കുന്നുണ്ട്. ഓക്സ്ഫോർഡ് ഇക്കൊണോമിക്സ് സർവ്വേ പ്രകാരം വിവിധ വ്യവസായ മേഖലകളിലെ 88 ശതമാനം സപ്ലൈ ചെയ്ൻ വിദഗ്ദരും കൃത്യമായ മിഷൻ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. ഇവരിൽ 22 ശതമാനത്തോളം പേരും പ്രാധാന്യം നൽകുന്നത് മുൻകൂട്ടി കാര്യങ്ങൾ കാണാനുള്ള കഴിവിനാണ്. ആർട്ടിഫിഷ്യൽ ഇൻറലിജൻസും, ഇൻറർനെറ്റ് ഓഫ് തിങ്സും, ഡാറ്റകളും സമ്മേളിക്കുന്ന ഒരു വ്യക്തതയുള്ള സമീപനം ഇനിയുള്ളകാലത്ത് കമ്പോളത്തിൽ വേരുപിടിച്ചേക്കും. ഇതനുസരിച്ച് എവിടെയൊക്കെ ഉൽപ്പന്നങ്ങളുണ്ടോ അവയെക്കുറിച്ചും അവയുടെ മേന്മകളെക്കുറിച്ചുമുള്ള കൃത്യമായ വിവരം ഓരോ വ്യവസായ ഉടമകളുടെയും വിരൽത്തുമ്പിലുണ്ടായിരിക്കും. കമ്പോളത്തിലുണ്ടാകുന്ന കയറ്റിറക്കങ്ങളെ അതിജീവിക്കാൻ അതുവഴി തങ്ങൾക്ക് സാധിക്കും എന്നവർ കരുതുന്നു. ഏതെങ്കിലും ഒരു ഉറവിടത്തെ കൂടുതലായി ആശ്രയിക്കുക എന്ന പതിവ് രീതി വിട്ട്, ഉൽപ്പന്നങ്ങളും അസംസ്കൃത വസ്തുക്കളും ലഭ്യമാകുന്ന എല്ലായിടങ്ങളെക്കുറിച്ചുമുള്ള അറിവ് സമ്പാദിക്കുകയും എവിടെയാണ് ലാഭവും ഗുണമേന്മയുമെന്ന് ഉറപ്പുവരുത്തി അവിടേക്ക് ചായുകയും ചെയ്യുന്ന കച്ചവടസമീപനം ആയിരിക്കും ഇനി കൂടുതൽ ഉണ്ടാവുക. വിപണി കണ്ടെത്താൻ പ്രയാസപ്പെട്ടിരുന്ന ഇന്ത്യൻ കർഷകർക്കും നിർമ്മാതാക്കൾക്കും വ്യവസായികൾക്കും യുവാക്കൾക്കും ഏറെ സഹായകമായിരിക്കും ഇത് എന്ന് വിലയിരുത്തപ്പെടുന്നു. ഉൽപ്പാദകർക്ക് വിപണി കണ്ടെത്താനുള്ള തടസ്സങ്ങൾ മാറിവരാനുള്ള സാധ്യത ഇവിടെ തെളിയുന്നുണ്ട്.

പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും ഓരോ കാലഘട്ടത്തിൻറെയും പ്രത്യേകതകളാണ്. ഇവയിൽ തളരാതിരിക്കുക എന്നതാണ് പ്രധാനം. ഓരോ തകർച്ചയും ഒരു ഉയർച്ചയുടെ സാധ്യത സൃഷ്ടിക്കുന്നുണ്ട്, ഓരോ പ്രതികൂലാവസ്ഥയും അനേകം അനുകൂലഘടകങ്ങളെ രൂപപ്പെടുത്തുന്നുണ്ട്. പ്രതീക്ഷ നഷ്ടപ്പെടുത്താതിരിക്കാം, ഉത്സാഹിക്കാം, പരിശ്രമിക്കാം.



www.malankaralibrary.com



# കേരളകത്തോലിക്കാ സഭയുടെ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്കെതിരെയുള്ള നീക്കങ്ങൾ: പൊതുസമൂഹം ജാഗ്രതയോടെ പ്രതികരിക്കണം. കെസിബിസി ഹെൽത്ത് കമ്മീഷൻ

ആതുരശുശ്രൂഷാ രംഗത്തും വിദ്യാഭ്യാസരംഗത്തും കേരളകത്തോലിക്കാ സഭ നടത്തിയിരിക്കുന്നതും ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നതുമായ സേവനങ്ങൾ സമാനതകളില്ലാത്തതാണെന്നും വിദ്യാഭ്യാസ ആതുര ശുശ്രൂഷ മേഖലകൾക്ക് കേരളത്തിൽ അടിത്തറയിട്ടത് ക്രൈസ്തവ സമൂഹങ്ങളാണെന്നും ഏവരും മനസ്സിലാക്കിയിട്ടുള്ള വസ്തുതകളാണ്. എന്നിരുന്നാലും, സമീപകാലങ്ങളിലായി ചില തൽപരകക്ഷികളുടെ നേതൃത്വത്തിൽ ക്രൈസ്തവ സ്ഥാപനങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഗൂഢ നീക്കങ്ങളും അവഹേളന ശ്രമങ്ങളും പ്രകടമാണ്. വിശിഷ്യാ Rules and Regulations ന്റെ പേരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രതിക്കൂട്ടിൽ നിർത്തി വിവാദം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ പതിവായിരിക്കുന്നു.

ആരോഗ്യവകുപ്പിന്റെ Rules and Regulations എല്ലാ സ്ഥാപനങ്ങൾക്കും ഒരുപോലെ ബാധകമാണെങ്കിലും പ്രത്യേകമായി ക്രിസ്ത്യൻ സ്ഥാപനങ്ങളെ മാത്രം ലക്ഷ്യംവച്ചുകൊണ്ടുള്ള പരിശോധനകളും, ചെറിയ പിഴവുകളെപ്പോലും പർവ്വതീകരിച്ചുകൊണ്ടുള്ള മാധ്യമ വിചാരണകളും സമീപദിവസങ്ങളിൽപ്പോലും നടന്നിട്ടുണ്ട്.

ഇപ്പോഴത്തെ പ്രത്യേകസാഹചര്യത്തിൽ കെസിബിസി ഹെൽത്ത് കമ്മീഷനും ഹോസ്പിറ്റൽസ് അസോസിയേഷനും കെസിബിസി ജാഗ്രതാ കമ്മീഷനും ക്രൈസ്തവ നഴ്സിംഗ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെ സൂക്ഷ്മമായ പഠനത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുന്നു. നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചും വിവാദങ്ങൾ സൃഷ്ടിച്ചും ക്രൈസ്തവ സ്ഥാപനങ്ങളുടെ സൽപ്പേര് നശിപ്പിക്കാനും സാമുദായിക സംഘർഷം സൃഷ്ടിക്കാനുമുള്ള തൽപരകക്ഷികളുടെ നീക്കങ്ങൾ ഇത്തരം ഇടപെടലുകൾക്ക് പിന്നിലുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

സർക്കാരിന്റെ മാനദണ്ഡങ്ങൾ ഏതെങ്കിലും സ്ഥാപനങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കെസിബിസി ഹെൽത്ത് കമ്മീഷൻ വേണ്ട നിർദ്ദേശങ്ങളും തിരുത്തലുകളും നൽകിവരുന്നുണ്ട്. അതിനാൽ, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ആക്രമണങ്ങളെ കണ്ടില്ലെന്ന് നടിക്കാനാവില്ല. അത്തരം നീക്കങ്ങളിൽനിന്ന് ബന്ധപ്പെട്ടവരും മാധ്യമ പ്രസ്ഥാനങ്ങളും പിന്മാറണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളകത്തോലിക്കാ സഭയുടെ എല്ലാ സ്ഥാപനങ്ങളും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങളനുസരിച്ചാണ് പ്രവർത്തിച്ചുവരുന്നത്. കാലാനുസൃതമായി കൂടുതലായെന്തെങ്കിലും ശ്രദ്ധിക്കേണ്ടതായുണ്ടെങ്കിൽ അത്തരം വിഷയങ്ങൾ മാനേജ്മെന്റുകളുടെ ശ്രദ്ധയിൽ പെടുത്താനുള്ള സംവിധാനങ്ങൾ സർക്കാർ കുറച്ചുകൂടി ഫലപ്രദമാക്കേണ്ടതുണ്ട്. നിയമങ്ങളും നിയന്ത്രണങ്ങളും സമാനമായ രീതിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലും മുഖംനോട്ടമില്ലാതെ നടപ്പാക്കാൻ ശ്രദ്ധിക്കണമെന്നും അധികൃതരോട് അഭ്യർത്ഥിക്കുന്നു.

അച്ചടക്കമുള്ള ജീവിതത്തിനും കരിയറിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളാണ് ഇപ്പോൾ പ്രത്യേകമായി വിമർശനവിധേയമാവുമായും അനാവശ്യവിവാദങ്ങൾക്ക് കാരണമാകുകയും ചെയ്തത്. വിദ്യാർത്ഥികൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസ സാഹചര്യം ഒരുക്കിയില്ലെങ്കിൽ അവരുടെ ഭാവിയെത്തന്നെയും, സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളെയും കുരുതി കൊടുക്കുകയാവും നാം ചെയ്യുന്നത്.ഇപ്പോഴത്തെ സാഹചര്യത്തിൽ സ്ഥാപനങ്ങളും സർക്കാരും മാതാപിതാക്കളും സംഘടനകളും സഹകരിച്ചുകൊണ്ട് തുടർവിദ്യാഭ്യാസ മേഖലകൾ നേരിടുന്ന വെല്ലുവിളികളെ യാഥാർത്ഥ്യബോധത്തോടെ അതിജീവിക്കേണ്ടതുണ്ട്.

കേരളത്തിലെ ഭാവിപൗരന്മാരുടെ സുരക്ഷിതത്വവും സമഗ്ര വളർച്ചയും മുൻനിർത്തി തൽപരകക്ഷികളുടെ ഇടപെടലുകളിൽനിന്നും നിക്ഷിപ്ത താല്പര്യങ്ങളിൽനിന്നും ആതുരവിദ്യാഭ്യാസ മേഖലയെ വിമുക്തമാക്കാൻ കേരളത്തിലെ പൊതുസമൂഹം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരം വിഷയങ്ങളിൽ കേരളകത്തോലിക്കാ സഭ ബദ്ധശ്രദ്ധമാണെന്ന് ഒരിക്കൽക്കൂടി പ്രസ്താവിക്കുന്നു.

ഡോ. സി. ലില്ലിസ എസ്.എ.ബി.എസ്
സെക്രട്ടറി, കെസിബിസി ഹെൽത്ത് കമ്മീഷൻ

www.malankaralibrary.com



## എയ്ഡഡ് മേഖല നിയമനങ്ങൾ സുതാര്യമാക്കുന്നത് സ്വാഗതാർഹം കെസിബിസി വിദ്യാഭ്യാസകമ്മീഷൻ

കൊച്ചി: കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്. സിക്കു വിടുമെന്നുള്ള സി.പി.എം. കേന്ദ്രസമിതി അംഗം ശ്രീ. എ.കെ. ബാലൻറെ പ്രസ്താവന തികച്ചും നിരുത്തവാദിത്വവും അപക്വവുമാണെന്ന് കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ് പ്രതികരിച്ചു. കേരളത്തിൻറെ പൊതു-ഉന്നത വിദ്യാഭ്യാസമേഖലകളിൽ എയ്ഡഡ് സ്ഥാപനങ്ങളുടെ പങ്ക് വിലമതിക്കുന്നതിനു പകരം അവമതിക്കുന്നത് ഉത്തരവാദിത്വപ്പെട്ട ചുമതലകൾ വഹിക്കുന്നവർക്ക് ഭൂഷണമല്ല. എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ സർക്കാരിൻറെ ഔദര്യമായിട്ടല്ല ലഭിച്ചത്. ഒരു വിമോചനസമരവും ഇതിനായി കേരളത്തിൽ നടന്നിട്ടുമില്ല. എപ്പോഴും വിമോചനസമരത്തിൻറെ പശ്ചാത്തലം ഉദ്ധരിക്കുന്നത് നിർഭാഗ്യകരമാണ്. ഇപ്പോഴുള്ള വിഷയങ്ങളിൽ നിന്നും ശ്രദ്ധ മാറ്റിയെടുക്കുവാൻ ബോധപൂർവ്വമായ ഗൂഢലക്ഷ്യത്തോടെ ഈ പ്രസ്താവന നടത്തിയതായിട്ടു മാത്രമേ കാണുവാൻ സാധിക്കുകയുള്ളു. എയ്ഡഡ് മേഖലയിലെ നിയമനങ്ങളിൽ സുതാര്യത ഇല്ലാത്ത സ്ഥാപനങ്ങളെ നിയമപരമായി കൈകാര്യം ചെയ്യുവാൻ സാധിക്കുന്ന ഭരണകൂടം ഇവ്വിധത്തിൽ പ്രസ്താവനകൾ നടത്തുന്നതിൻറെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൂടുതൽ വ്യക്തമാക്കണം. സാമൂഹ്യനീതിയും സുതാര്യതയും യോഗ്യത പരിഗണനയും മാനദണ്ഡമാക്കിയുള്ള എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ക്രമക്കേടുകൾ കണ്ടെത്തി തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനെ കെസിബിസി സ്വാഗതം ചെയ്യുന്നു. സർക്കാർ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സുതാര്യത നഷ്ടപ്പെടുത്തി, പിൻവാതിൽ നിയമനത്തിലൂടെയും സ്വാധീനമുള്ളവരും സ്ഥാനം ഉറപ്പിക്കുന്നു എന്ന പരാതി നിലനിൽക്കുമ്പോൾ എയ്ഡഡ് മേഖലയെ അടച്ചാക്ഷേപിക്കുന്നത് പ്രതിഷേധാർഹമാണ്. കോടതി മുഖേന ഇതുമായി ബന്ധപ്പെട്ട അനേകം തിരിച്ചടികൾ ലഭിച്ചിട്ടും സർക്കാർ ഇവ്വിധത്തിൽ ചിന്തിക്കുന്നത് കേരളത്തിലെ വിദ്യാഭ്യാസമേഖലയെ മുഴുവനും ദോഷകരമായി ബാധിക്കുന്നതാണ്. നിയമപരമായും ഭരണഘടനാപരമായും ലഭിച്ച അവകാശങ്ങളെ വെറുമൊരു ഔദാര്യമായി കണക്കാക്കി പ്രതികരിക്കുന്ന സമീപനം രാഷ്ട്രീയ പാർട്ടികൾ പൂർണ്ണമായും നിറുത്തണമെന്നും ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ് തൻറെ പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു. (26/05/2022)

## ലഹരിമുക്ത കേരളം വാഗ്ദാനം ചെയ്തവർ മദ്യപ്പുഴ ഒഴുക്കുന്നു: ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി

ഉളിക്കൽ: ലഹരിമുക്ത കേരളത്തിനായി സാധ്യമായതെല്ലാം ചെയ്യുമെന്നു പറഞ്ഞു അധികാരത്തിലെത്തിയ പിണറായി സർക്കാർ കേരളത്തിൽ ഇപ്പോൾ മദ്യപ്പുഴ ഒഴുക്കുകയാണെന്നു തലശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി. ഉളിക്കലിൽ മൂന്നു ദിവസമായി നടന്നുവന്ന കെസിബിസി മദ്യവിരുദ്ധസമിതി 23ാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം പൊതുനന്മയ്ക്കായി മദ്യത്തിനും മയക്കുമരുന്നിനുമെതിരേ കെസിബിസി മദ്യവിരുദ്ധസമിതി സൂര്യനുള്ളിടത്തോളംകാലം പ്രതികരിക്കും. (ദീപിക, 29/5/2022)

## വർഗീയതയും വിഭാഗീയതയും ആപത്ത്: മാർ ആൻഡ്രൂസ് താഴത്ത്

തൃശൂർ: വർഗീയതയും പ്രാദേശിക വിഭാഗീയതകളും ആപത്താണെന്ന് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. കത്തോലിക്ക കോൺഗ്രസ് നൂറ്റിനാലാം ജന്മദിനാഘോഷപരിപാടികൾ തൃശൂരിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർ ആൻഡ്രൂസ് താഴത്ത്. സമുദായസ്നേഹം വർഗീയതയല്ല. കത്തോലിക്കാ സമുദായം സമൂഹത്തിൻറെ സമഗ്ര വികസനത്തിനു വലിയ സംഭാവനകൾ നൽകിയിട്ടുണ്ടെങ്കിലും ഇപ്പോൾ അവഗണിക്കപ്പെടുകയാണെന്നും ആർച്ചുബിഷപ് പറഞ്ഞു. ഇതിനു മാറ്റമുണ്ടാകണം. സ്വന്തം സമുദായം വളരണമെന്നും മറ്റുള്ളവർ തളരണമെന്നും വിചാരിച്ചു പ്രവർത്തിക്കുന്നതാണ് വർഗീയത. കത്തോലിക്കാസമുദായം എക്കാലവും വർഗീയതയ്ക്ക് എതിരാണ്. സമുദായസൗഹാർദം നിലനിർത്തുന്നതിനും പോഷിപ്പിക്കുന്നതിനും എല്ലാ മതസമുദായങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. നമ്മുടെ നാടിൻറെ വികസനത്തിൻറെയും വളർച്ചയുടെയും അടിസ്ഥാനം വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യബോധമാണ്. (ദീപിക, 01/05/2022)

www.malankaralibrary.com



## സമൂഹത്തിൽ നടമാടുന്ന തീവ്രവാദ പ്രവർത്തനങ്ങൾ - സർക്കാർ നിലപാടുകൾ അപകടകരം: കെസിബിസി

കൊച്ചി: കേരളസമൂഹത്തിൽ ചില തീവ്രവാദ സംഘടനകളുടെ സാന്നിധ്യമുണ്ടെന്നും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ജാഗ്രത പുലർത്തണമെന്നും നിരവധി മുന്നറിയിപ്പുകൾ ലഭിച്ചിട്ടുള്ളതാണ്. സമീപകാലത്തെ ചില സംഭവങ്ങളിൽനിന്ന് ഇത്തരം ആശങ്കകൾക്ക് അടിസ്ഥാനമുണ്ടെന്നും വ്യക്തമായിട്ടുണ്ട്. കഴിഞ്ഞയിടെ കേരളഹൈക്കോടതി തന്നെ തീവ്രവാദ പ്രവർത്തനങ്ങൾ നടത്തുന്ന ചില സംഘടനകളെക്കുറിച്ച് പരാമർശിക്കുകയുണ്ടായിരുന്നു. ഇത്തരമൊരു സാഹചര്യത്തിലും ശരിയായ വിധത്തിൽ ഇടപെടലുകൾ നടത്താൻ സർക്കാർ തയ്യാറാകാത്തത് ദുരൂഹമാണ്. തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പലപ്പോഴും ആരോപണവിധേയമായിട്ടുള്ള ഒരു സംഘടനയുടെ പൊതുപരിപാടിക്കിടയിൽ ഒരു കൊച്ചുകുട്ടി വിളിച്ചുകൊടുക്കുന്ന മുദ്രാവാക്യങ്ങൾ കേരളം നടുക്കത്തോടെയാണ് കേട്ടത്. തങ്ങളെ എതിർക്കുന്നവരെ കൊന്നൊടുക്കാൻ മടിക്കുകയില്ല എന്ന ഭീഷണിയായിരുന്നു നൂറുകണക്കിന് പേർ ഏറ്റുവിളിച്ച മുദ്രാവാക്യങ്ങളുടെ ഉള്ളടക്കം. അതീവഗുരുതരമായ ആ വിഷയത്തിൽ പോലും യുക്തമായ നടപടി സ്വീകരിക്കാൻ മടിച്ചുനിൽക്കുന്ന സർക്കാർ, ഇത്തരം തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസംഗത്തിൽ പറഞ്ഞു എന്ന കുറ്റം ചുമത്തപ്പെട്ട വ്യക്തിയെ ജയിലിലാക്കാൻ കിണഞ്ഞ് പരിശ്രമിക്കുകയും ചെയ്യുന്നു. മത - വർഗീയ സംഘടനകളെ പ്രീണിപ്പിക്കുന്ന ഇത്തരം നിലപാടുകൾ രാജ്യസുരക്ഷയ്ക്കും, സംസ്ഥാനത്തിന്റെ ഭാവിക്കും അത്യന്തം ദോഷകരമാണ്. നിയമത്തിന് മുന്നിൽ എല്ലാവരെയും തുല്യരായി പരിഗണിക്കാനും കൂടുതൽ ഗൗരവമുള്ള കുറ്റങ്ങളെ അതർഹിക്കുന്ന പ്രാധാന്യത്തോടെ അന്വേഷണവിധേയമാക്കാനും നടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറാകണം. 23.05.2033

## വിശുദ്ധമായ വിവാഹത്തെ വിവാദമാക്കരുത്: പ്രോ ലൈഫ്

കൊച്ചി: വിശുദ്ധമായ വിവാഹത്തെ വിവാദമാകുന്നതിൽ ദുരൂഹതയുണ്ടെന്ന് പ്രോലൈഫ് അപ്പോസ്തലറ്റ്. കത്തോലിക്കർക്ക് വിശുദ്ധമായ കൂദാശകളിലൊന്നാണിത്. വിശ്വാസികൾ വിശുദ്ധമായി കരുതുന്ന വിവാഹം വിവാദമാക്കി കുടുംബങ്ങളിൽ അസ്വസ്ഥത സൃഷ്ടിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടാതണെന്ന് എക്സിക്യൂട്ടീവ് സെക്രട്ടറി സാബു ജോസ് പറഞ്ഞു. മക്കളുടെ വിവാഹത്തിൽ മാതാപിതാക്കൾക്ക് അവരുടെ അഭിപ്രായംപറയാൻപോലും അവകാശമില്ലെന്നമട്ടിലുള്ള പ്രസ്താവനകളും നിലപാടുകളും ഉചിതമല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. (ദീപിക, 15/4/2022)

## യുദ്ധം ജനങ്ങളെ ബുദ്ധികെട്ടവരാക്കുന്നു: ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻസിറ്റി: യുദ്ധം ജനങ്ങളുടെ വിവേകം കെടുത്തി ക്രൂരകൃത്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നതായി ഫ്രാൻസിസ് മാർപാപ്പ. വത്തിക്കാനിലെ സെൻറ് പീറ്റേഴ്സ് ചത്വരത്തിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്കിടെ സന്ദേശം നല്കുകയായിരുന്നു അദ്ദേഹം.

യുക്രയിനിൽ അധിനിവേശം നടത്തുന്ന റഷ്യയെ പേരെടുത്തു പറയാതെയായിരുന്നു മാർപാപ്പയുടെ വിമർശനം. അക്രമത്തെ ആശ്രയിക്കുമ്പോൾ വിവേകം നഷ്ടപ്പെടുന്നുമെന്നു മാർപാപ്പ പറഞ്ഞു. ബുദ്ധികെട്ട് ക്രൂരകതൃത്യങ്ങൾ ചെയ്യും. ഇത്തരം സമയത്താണു കർത്താവ് വീണ്ടും ക്രൂശിക്കപ്പെടുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. (ദീപിക, 11/4/2022)

## ഈസ്റ്റർ ദിന സ്ഫോടനപരമ്പര സത്യം പുറത്തുകൊണ്ടുവരണം: ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻ: ശ്രീലങ്കയിൽ 2010 ഈസ്റ്റർദിനത്തിലുണ്ടായ സ്ഫോടനപരമ്പരയിൽ ജീവൻ വെടിഞ്ഞവരുടെ ബന്ധുക്കൾ വത്തിക്കാനിൽ ഫ്രാൻസിസ് മാർപാപ്പയെ കണ്ട് ദു:ഖങ്ങൾ പങ്കുവച്ചു. ഇരകളുടെ കുടുംബങ്ങളുമായുള്ള ആത്മബന്ധം പങ്കുവച്ച മാർപാപ്പ ആക്രമണത്തിനു പിന്നിലെ സത്യം പുറത്തുകൊണ്ടുവരണമെന്നു ശ്രീലങ്കൻ അധികൃതരോട് ആവശ്യപ്പെട്ടു. സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് ശ്രീലങ്കൻ ജനത അഭിമുഖീകരിക്കുന്ന ദുരിതങ്ങൾ മറികടക്കുന്നതിനു പ്രാർത്ഥിക്കുന്നതായും ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.

ശ്രീലങ്കൻ ആർച്ചുബിഷപ്പ് കർദിനാൾ മാൽക്കം രഞ്ജിത്തിൻറെ നേതൃത്വത്തിലാണു ബോംബ് സ്ഫോടനത്തിലെ ഇരകളുടെ ബന്ധുക്കൾ ഫ്രാൻസിസ് മാർപാപ്പയെ കണ്ടത്. അറുപതംഗ സംഘത്തിനൊപ്പം ഇറ്റലിയിൽ ജോലിചെയ്യുന്ന 3,500ഓളം ശ്രീലങ്കൻ കത്തോലിക്കാ വിശ്വാസികളും ഫ്രാൻസിസ് മാർപാപ്പയെ കാണാനെത്തിയിരുന്നു. (ദീപിക, 26/4/2022)

www.malankaralibrary.com

## നൈജീരിയയിൽ 20 ക്രൈസ്തവരെ ഐഎസ് ഭീകരർ കൊലപ്പെടുത്തി നിഷ്ഠുരകൃത്യത്തിൻറെ വീഡിയോ ഐഎസ് വാർത്താ ചാനലിൽ

അബുജ: നൈജീരിയയിൽ 20 ക്രൈസ്തവരെ ഇസ്ലാമിക് സ്റ്റേറ്റ് ആഫ്രിക്ക (ഐഎസ്ഡബ്യൂഎപി) ഭീകരർ കൊലപ്പെടുത്തി. മെയ് 10നാണു നിഷ്ഠൂര കൃത്യം അരങ്ങേറിയത്. ഇതിൻറെ വീഡിയോ ഐഎസിൻറെ അമാഖ് വാർത്താ ചാനലിൽ സംപ്രേഷണം ചെയ്തിരുന്നു. ലോകത്തെ ക്രൈസ്തവർക്കെതിരേ നിരന്തരയുദ്ധം നടത്തുമെന്നുള്ള ഐഎസിൻറെ ഭീഷണിയും വീഡിയോയിൽ കാണാം. ബിബിസിയിൽ നിന്നുള്ള മാധ്യമപ്രവർത്തകർ ക്രൈസ്തവരെ കൊലപ്പെടുത്തിയ സംഭവം സ്ഥിരീകരിച്ചിട്ടുണ്ട്. വടക്കൻ നൈജീരിയയിലെ ബോർണാ സംസ്ഥാനത്താണ് ക്രൈസ്തവർ ഐഎസ് ഭീകരരുടെ കൂട്ടക്കുരുതിക്കിരയായത്.
നൈജീരിയയിൽ ക്രൈസ്തവർക്കെതിരേ ഇസ്ലാമിക ഭീകകരുടെ ആക്രമണം വർധിച്ചുവരികയാണ്. ബോർണോ സംസ്ഥാനത്താണു ക്രൈസ്തവർ ഏറ്റവുമധികം ആക്രമണം നേരിടുന്നത്. 2022ലെ വേൾഡ് പേർസിക്യൂഷൻ ഇൻഡക്സ് പ്രകാരം ലോകത്തു ക്രൈസ്തവർക്കെതിരേയുള്ള അതിക്രമങ്ങളിൽ നൈജീരിയ ഏഴാംസ്ഥാനത്താണ്. ഏപ്രിലിൽ കിഴക്കൻ നൈജീരിയയിലെ ഇവരെയിലെ മാർക്കറ്റിൽ ഐഎസ് ഭീകരരരുടെ ആക്രമണത്തിൽ 20 പേർക്കു ജീവഹാനി സംഭവിച്ചിരുന്നു. അവിശ്വാസികളായ ക്രൈസ്തവരുടെ സമ്മേളനത്തെ മധ്യനൈജീരിയ കാലിഫേറ്റിലെ പോരാളികൾ ആക്രമിച്ചു എന്നായിരുന്നു അന്ന് ടെലഗ്രാമിൽ ഐഎസിൻറെ പ്രതികരണം. ഐഎസിനെക്കൂടാതെ ബോക്കോ ഹറാമും, ഫുലാനി ഭീകരരും നൈജിരിയയിൽ ക്രൈസ്തവരെ കൊന്നൊടുക്കുന്നു. (ദീപിക, 23/5/2022)

## നൈജീരിയയിൽ തട്ടിക്കൊണ്ടുപോയ വൈദികൻ മരിച്ചു

ലാഗോസ്: നൈജീരിയയിൽ തട്ടിക്കൊണ്ടുപോകപ്പെട്ട വൈദികൻ അക്രമികളുടെ കസ്റ്റഡിയിൽ മരിച്ചു. കടുന അതിരൂപതാംഗമായ ഫാ. ജോസഫ് ബാക്കോ ആണു മരിച്ചത്. മാർച്ച് എട്ടിന് ആയുധധാരികൾ കടുനയ്ക്കു സമീപമുള്ള ഗ്രാമത്തിൽനിന്നാണ് വൈദികനെ തട്ടിക്കൊണ്ടുപോയത്. ഈ സമയത്ത് വൈദികനെ കാണാൻവന്ന സഹോദരനെ വധിച്ചു.
ഫാ. ജോസഫ് രോഗിയായിരുന്നുവെന്നും കൺമുന്നിൽ സഹോദരൻ കൊല്ലപ്പെടുന്നതു കണ്ട അദ്ദേഹത്തിൻറെ നില നിലവഷളായിരുന്നെന്നും കടുന അതിരൂപത അറിയിച്ചു. മരണംസ്ഥിരീകരിച്ചെങ്കിലും മൃതദേഹം വിട്ടുകിട്ടിയിട്ടില്ലെന്നും അതിരൂപത അധികൃതർ കൂട്ടിച്ചേർത്തു. (ദീപിക, 13/5/2022)

## നൈജീരിയയിൽ കത്തോലിക്കാ കത്തീഡ്രലിനു നേരെ ആക്രമണം

ലാഗോസ്: നൈജീരിയയിൽ മതനിന്ദ ആരോപിച്ച് ക്രൈസ്തവ വിദ്യാർഥിനിയെ കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ രണ്ടുപേരെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് ജനക്കൂട്ടം കത്തോലിക്കാ കത്തീഡ്രൽ ആക്രമിച്ചു. സോകോടോ രൂപതയിലെ ഹോളി ഫാമിലി കത്തീഡ്രലിനുനേർക്കാണ് ആക്രമണമുണ്ടായത്. കത്തീഡ്രലിനു സമീപമുള്ള സെൻറ് കെവിൻസ് പള്ളിക്കു നേരെയും ആക്രമണമുണ്ടായി. പള്ളിക്കു തീവയ്ക്കാനും അക്രമികൾ ശ്രമിച്ചു.
ഷെഹുഷാഗരി കോളജ് വിദ്യാർഥിനി ഡെബോറാ യാക്കൂബ് ആണ് കൊല്ലപ്പെട്ടത്. സമൂഹമാധ്യമത്തിലെ പോസ്റ്ററിൻറെ പേരിൽ സഹവിദ്യാർഥികൾ വ്യാഴാഴ്ചയാണ് പെൺകുട്ടിയെ മർദിച്ചും കല്ലെറിഞ്ഞു കൊലപ്പെടുത്തുകയായിരുന്നു.(ദീപിക, 17/5/2022)

## മതനിന്ദ ആരോപിച്ച് നൈജീരിയയിൽ ക്രൈസ്തവർക്കുനേരേ ആക്രമണം

ബൗച്ചി: വടക്കൻ നൈജീരിയയിലെ ബൗച്ചിയിൽ മതനിന്ദ ആരോപിച്ച് ക്രൈസ്തവർക്കുനേരേ ആക്രമണം. മുസ്ലിം ഭൂരിപക്ഷമേഖലയായ ബൗച്ചിയിൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ പലതവണയാണ് ക്രൈസ്തവ വിശ്വാസികൾ ആക്രമിക്കപ്പെടുന്നത്.
റോഡാ ജാട്ടു എന്നയാൾ സമൂഹമാധ്യമത്തിൽ പോസ്റ്റ് ചെയ്ത സന്ദേശം മതനിന്ദയാണെന്നാരോപിച്ചാണ് ബൗച്ചിയിൽനിന്നു നൂറുകിലോമീറ്റർ അകലെ വാർജിയിൽ ആക്രമണം നടന്നത്. വീടുകൾക്കും കടകൾക്കുംഅക്രമികൾ തീവയ്ക്കുകയായിരുന്നു. ആറ് വീടുകളും ഏഴ് കടകളുമാണ് കത്തിച്ചത്. നിരവധിപേർക്കു പരിക്കേറ്റു. സമൂഹമാധ്യമത്തിലെ പോസ്റ്റിൽ മതനിന്ദ ആരോപിച്ച് രണ്ടാഴ്ച മുമ്പാണ് സോകോടോയിലെ ഷെഹുഷാഗരിയിൽ കോളജ് വിദ്യാർഥിനി ഡെബോറ യാക്കൂബിനെ സഹപാഠികൾ കൊലപ്പെടുത്തിയത്. (ദീപിക, 23/5/2022)

www.malankaralibrary.com



## കെസിബിസി വിദ്യാഭ്യാസകമ്മീഷൻ കേന്ദ്രമന്ത്രി ജോൺ ബർളയ്ക്കു നിവേദനം നല്കി

കൊച്ചി: ദേശീയ വിദ്യാഭ്യാസനയവുമായി ബന്ധപ്പെട്ട് കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ കേന്ദ്ര ന്യൂനപക്ഷ സഹമന്ത്രി ജോൺ ബർളയ്ക്ക് നിവേദനം നൽകി. ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതിയുടെ ചരിത്രത്തിൽ ക്രൈസ്തവർ നൽകിയ സംഭാവനകൾക്കു ദേശീയ വിദ്യാഭ്യാസ നയം 2020ൽ വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ലെന്നും എയ്ഡഡ് മേഖലയെക്കുറിച്ച് മൗനം പാലിക്കുന്നുവെന്നും നിവേദനത്തിൽ പറയുന്നു. ന്യൂനപക്ഷപദവി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ പ്രത്യേക അദാലത്ത് സംഘടിപ്പിച്ച് ക്രമീകരണങ്ങൾ ചെയ്യണമെന്നും ആവശ്യപ്പെട്ടു. പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ നടപടിക്രമങ്ങൾ ഏറെ സങ്കീർണമാണെന്നും ഇതിൽ സത്വര പരിഹാരങ്ങൾ വേണമെന്നും നിവേദനത്തിൽ വ്യക്തമാക്കി. അധ്യാപക ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്ക് സി-ടെറ്റ് പരീക്ഷകൾ നടപ്പാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തെ സ്വാഗതം ചെയ്തു.

കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. ചാൾസ് ലെയോൺ, കെസിബിസി സെക്രട്ടറി ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി, ദളിത് കമ്മീഷൻ സെക്രട്ടറി ഫാ. ജോസഫ് എന്നിവർ ചേർന്നാണ് നിവേദനം കൈമാറിയത്. ( ദീപിക, 01/05/2022)

## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് വിദ്യാഭ്യാസമന്ത്രിക്കു നിവേദനം നൽകി

തിരുവനന്തപുരം: വിദ്യാഭ്യാസമേഖലയിലെ വിവിധ വിഷയങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിക്കു നിവേദനം നൽകി.

കേരളത്തിലെ എല്ലാ എംഎൽഎ മാർക്കും മന്ത്രിമാർക്കും ആനുകാലിക വിദ്യാഭ്യാസ വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള നിവേദനം നൽകുന്നതിൻറെ ഭാഗമായി സംസ്ഥാനതല ഉദ്ഘാടനം വിദ്യാഭ്യാസമന്ത്രിക്കു നിവേദനം നൽകി പ്രസിഡൻറ് ബിജു ഓളാട്ടുപുറം നിർവഹിച്ചു. അകാരണമായി ചില വിദ്യാഭ്യാസ ഓഫീസർമാർ അധ്യാപകനിയമന അംഗീകാരം താമസിപ്പിക്കുന്നു, ഭിന്നശേഷി സംവരണത്തിൻറെ പേരിൽ തടഞ്ഞുവച്ചിരിക്കുന്ന ഫയലുകളിൽ തീർപ്പു കൽപ്പിക്കുക, നിലവിൽ സർവീസിലുള്ളവരെ കെ-ടെറ്റിൽ നിന്ന് ഒഴിവാക്കുക, നോഷണൽ ആയി മാത്രം അംഗീകാരം ലഭിച്ചവർക്ക് മുഴുവൻ ശമ്പളവും നൽകുക, 2021 ഫെബ്രുവരി ആറു മുതൽ നിയമനാംഗീകാരം ലഭിച്ചവർക്ക് അവരുടെ ശമ്പള കുടിശിക പി.എഫിൽ ലയിപ്പിക്കണമെന്ന നിർദേശം പുന:പരിശോധിക്കുക തുടങ്ങിയ ആവശ്യങ്ങൾ മന്ത്രിയുമായി ചർച്ച ചെയ്തു. എല്ലാ എംഎൽഎ മാർക്കും മെയ് 10നകം നിവേദനം നൽകും. (ദീപിക, 23/4/2022)

## കർണാടക സർക്കാരിന് ആർച്ചുബിഷപ്പിൻറെ മറുപടി 'ക്രൈസ്തവ സ്കൂളുകളിലെ എത്രകുട്ടികൾ മതംമാറിയെന്ന് അന്വേഷിക്കാം'

ബംഗളൂരു: കഴിഞ്ഞ നൂറുവർഷത്തിനിടെ ക്രൈസ്തവ മാനേജ്മെൻറുകൾ നടത്തുന്ന സ്കൂളുകളിൽ പഠിച്ച എത്രകുട്ടികൾ ക്രൈസ്തവമതം സ്വീകരിച്ചുവെന്ന് സർക്കാരിന് അന്വേഷിക്കാമെന്ന് ബംഗളൂരു ആർച്ചുബിഷപ് പീറ്റർ മച്ചാഡോ. സ്കൂൾ പാഠ്യപദ്ധതിയിൽ ബൈബിൾ ഉൾപ്പെടുത്തിയതിൻറെ പേരിൽ ക്രൈസ്തവ മാനേജ്മെൻറ് സ്കൂളിന് വിദ്യാഭ്യാസവകുപ്പ് നോട്ടീസ് അയച്ച സാഹചര്യത്തിലാണു ആർച്ചുബിഷപ്പിൻറെ പ്രതികരണം. ക്ലാസ് തുടങ്ങുന്നതിനു മുമ്പോ ശേഷമോ മാത്രമാണ് സ്കൂളിൽ ക്രൈസ്തവ വിദ്യാർഥികൾക്കു മതപഠന ക്ലാസ് നൽകിയിരുന്നതെന്നും അദ്ദേഹം പറഞ്ഞു.

എല്ലാവർക്കും ഒരേ രീതിയിലുള്ള വിദ്യാഭ്യാസമാണു സ്കൂളിൽ നൽകുന്നത്. ആത്മീയതയെയും ധാർമികതയെയും വേർതിരിച്ചുകാണാൻ കഴിയില്ല. സ്കൂളിലെ എഴുപത്തിയഞ്ചുശതമാനത്തോളം വിദ്യാർഥികൾ ക്രൈസ്തവവിഭാഗത്തിൽപ്പെട്ടവരാണ്. ഈ സാഹചര്യത്തിലാണ് കുട്ടികളോടു ബൈബിൾ കൊണ്ടുവരാൻ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, കഴിഞ്ഞവർഷം മുതൽ ആവശ്യമുള്ളവർമാത്രം ബൈബിൾ കൊണ്ടുവന്നാൽമതിയെന്നു നിർദേശിക്കുകയായിരുന്നു. ബൈബിൾ പഠനക്ലാസിൻറെ പേരിൽ നഗരത്തിലെ ക്ലാരൻസ് ഹൈസ്കൂളിനാണ് കഴിഞ്ഞദിവസം പ്രൈമറി ആൻഡ് സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽനിന്ന് നോട്ടാസ് ലഭിച്ചത്. നിയമവിദഗ്ധരുമായി ആലോചിച്ചശേഷം മറുപടി നൽകുമെന്നാണ് സ്കൂൾ അധികൃതർ നൽകുന്ന വിശദീകരണം. (ദീപിക, 29/4/2022)

www.malankaralibrary.com



## ഗുണ്ടൂരിൽ തീർഥാടന കേന്ദ്രത്തിനു നേരേ ആക്രമണം; തിരുസ്വരൂപങ്ങൾ തകർത്തു

അമരാവതി: ആന്ധ്രപ്രദേശിലെ ഗുണ്ടൂരിൽ കത്തോലിക്കാ തീർഥാടനകേന്ദ്രത്തിനു നേരേ ആക്രമണം. എദ്‌ലാപാടിലെ കുന്നുമുകളിൽ പുതുക്കിപണിത തീർഥാടന സമുച്ചയത്തിലെ പരിശുദ്ധകന്യാമറിയത്തിൻറെയും ഉണ്ണീശോയുടെയും തിരുഹൃദയത്തിൻറെയും ആറു തിരുസ്വരൂപങ്ങൾ അക്രമികൾ തകർത്തു. ശനിയാഴ്ച രാത്രിയാണു സംഭവമെന്നു തീർഥാടനകേന്ദ്രത്തിൻറെ ചുമതലയുള്ള ഫാ. ബാല സുഭാഷ്ചന്ദ്രബോസ് പറഞ്ഞു. ബിജെപി പ്രവർത്തകരാണ് ആക്രമണത്തിനു പിന്നലെന്ന് പ്രദേശവാസികൾ പറഞ്ഞു. ആക്രമണം നടന്ന് അഞ്ചുദിവസം കഴിഞ്ഞിട്ടും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. പ്രതിഷേധ മാർച്ച് നടത്താൻ കത്തോലിക്കാ സംഘടകൾ തീരുമാനിച്ചിട്ടുണ്ട്.

പുതുക്കി നിർമിച്ച തീർഥാടനകേന്ദ്രത്തിൻറെ കൂദാശകർമം ഉടൻ നടത്താനിരിക്കേയാണ് ആക്രമണം. 35 വർഷം മുമ്പ് ക്രിസ്ത്യൻ വിഭാഗം വാങ്ങിയ സ്ഥലമാണ് ഹിന്ദു സംഘടനകൾ കൈവശപ്പെടുത്താൻ ശ്രമിക്കുന്നത്. എദ്‌ലാപാട് തീർഥാടനകേന്ദ്രത്തിൽ ഹിന്ദുസംഘടനകൾ അവകാശവാദം ഉന്നയിക്കുന്നത് 2021ലാണ്.

നരസിംഹത്തിൻറെ വിഗ്രഹമിരുന്ന സ്ഥലത്താണു തീർഥാടനകേന്ദ്രമെന്നും ഇവിടെ ശ്രീരാമൻറെ പത്നിയായ സീതാദേവിയുടെ കാൽപ്പാടുകൾ പതിഞ്ഞിട്ടുണ്ടെന്നും ഹിന്ദുത്വ സംഘടനകൾ വാദിക്കുന്നു. ആന്ധ്രയുടെ ചുമതലയുള്ള ബിജെപി സെക്രട്ടറി സുനിൽ ദേവ്ധറും ഇക്കാര്യം പറയുന്നു.

കത്തോലിക്കാ താർഥാടനകേന്ദ്രവും ഹിന്ദു ആരാധനാകേന്ദ്രവും രണ്ടു ചെറുകുന്നുകളിലാണു സ്ഥിതി ചെയ്യുന്നതെന്നും രണ്ടുസ്ഥലങ്ങളും തമ്മിൽ അര കിലോമീറ്റർ അകലമുണ്ടെന്നും പോലീസ് പുറത്തുവിട്ട വീഡിയോ ദൃശ്യം തെളിയിക്കുന്നു. ആറുമാസം മുമ്പ് ബിജെപി പ്രവർത്തകയെന്ന് അവകാശപ്പെട്ട് ഒരു സ്ത്രീ തീർഥാടനകേന്ദ്രത്തിൽ വന്നുവെന്നും ഇതു സീതാമാതാവിൻറെ സ്ഥലമാണെന്നു പറഞ്ഞുവെന്നും ഗുണ്ടൂർ ബിഷപ്പ് ഭാഗ്യയ്യ ചിന്നബതിനി പറഞ്ഞു. ഗുണ്ടൂർ ജില്ലയിൽ 86 ശതമാനം ഹിന്ദുക്കളാണ്. വെറും 1.84 ശതമാനം മാത്രമാണു ക്രൈസ്തവർ.

## ഫ്രാൻസിൽ മേയ്ദിന റാലിക്കിടെ പള്ളിക്കു നേരേ ആക്രമണം

പാരീസ്: വടക്കുപടിഞ്ഞാറൻ ഫ്രാൻസിലെ അൻജേഴ്സ് നഗരത്തിൽ നടന്ന മേയ്ദിന റാലിക്കിടെ കത്തോലിക്കാ ദേവാലയത്തിനു നേരേ അക്രമം. തീവ്രഇടതുപക്ഷക്കാർ നടത്തിയ റാലിയിൽ പങ്കെടുത്തവർ പള്ളി വളപ്പിലേക്ക് അതിക്രമിച്ചു കയറുകയും ദേവാലയഭിത്തിയിൽ ചായം ഒഴിക്കുകയും മുട്ടയെറിയുകയും ചെയ്തു. കുർബാനയിൽ പങ്കെടുത്തിരുന്ന വിശ്വാസികളുടെമേലും ചായം ചീറ്റിക്കുകയും അസഭ്യം പറയുകയും മുട്ടയെറിയുകയുമുണ്ടായി. വിശ്വാസികൾ പള്ളി അകത്തുനിന്നു പൂട്ടിയപ്പോൾ പിരിഞ്ഞുപോയ പ്രകടനക്കാർ ഭീഷണി മുഴക്കിക്കൊണ്ട് വീണ്ടുമെത്തി. പോലീസിൻറെ സഹായത്തോടെയാണ് വിശ്വാസികൾ പള്ളിയിൽനിന്നു സുരക്ഷിതരായി പുറത്തിറങ്ങിയത്. അക്രമസജ്ജരായ ഇടതുപക്ഷതീവ്രവാദികൾ കഴിഞ്ഞ വർഷം കത്തോലിക്കാ വിശ്വാസികളുടെ ഒരു പ്രദക്ഷിണത്തെ അക്രമിക്കുകയും നിരവധിപ്പേരെ പരിക്കേൽപ്പിക്കുകയും ചെയ്തിരുന്നു. (ദീപിക, 04/05/2022)

## ടെക്സസിലെ വെടിവെപ്പ്: ഹൃദയഭേദകം ഈ ശിശുഹത്യ, ഇനി ഉണ്ടാവരുത് ഇത്തരം അതിക്രമങ്ങൾ; വികാരഭരിതനായി പാപ്പ

വത്തിക്കാൻ സിറ്റി: ടെക്സസിൽ 19 കുട്ടികൾ ഉൾപ്പെടെ 21 പേരുടെ ജീവൻ അപഹരിച്ച വെടിവെപ്പ് ആക്രമണത്തിൽ നടുക്കം രേഖപ്പെടുത്തി ഫ്രാൻസിസ് പാപ്പ. 'ഹൃദയഭേദകം' എന്ന ഒരൊറ്റ വാക്കിൽ തന്റെ അഗാധദുഃഖം വ്യക്തമാക്കിയ പാപ്പ, ഇത്തരം ദുരന്തങ്ങൾ ഇനി ആവർത്തിക്കപ്പെടാതിരിക്കാൻ നാം പ്രതിജ്ഞാബദ്ധരാകണമെന്നും ഓർമിപ്പിച്ചു. കഴിഞ്ഞ ദിവസത്തെ പൊതുസന്ദർശനത്തിന്റെ സമാപനത്തിലായിരുന്നു പാപ്പയുടെ വാക്കുകൾ. കൊല്ലപ്പെട്ട കുട്ടികൾ ഉൾപ്പെടെയുള്ളവരെയും അവരുടെ വിയോഗത്തിൽ മനം തകർന്ന കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ സമർപ്പിക്കുകയും ചെയ്തു പാപ്പ.

'ടെക്സസിലെ എലമെന്ററി സ്കൂളിലുണ്ടായ കൂട്ടക്കൊല എന്റെ ഹൃദയം തകർക്കുന്നു. ആക്രമണത്തിൽ കൊല്ലപ്പെട്ട കുട്ടികൾക്കും മുതിർന്നവർക്കും അവരുടെയെല്ലാം കുടുംബങ്ങൾക്കുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. വിവേചനരഹിതമായ ആയുധക്കടത്തിനോട് 'വേണ്ട' എന്നു പറയേണ്ട സമയമാണിത്. ഇതുപോലെയുള്ള ദാരുണസംഭവങ്ങൾ ഇനിയും

www.malankaralibrary.com



അവര്‍ത്തിക്കപ്പെടാതിരിക്കാന്‍ നാം എല്ലാവരും പ്രതിജ്ഞാബദ്ധരാകണം,' പാപ്പ വികാരഭരിതനായി.

മേയ് 24 പ്രാദേശിക സമയം 11.32നായിരുന്നു, സാന്‍ അന്റോണിയോയില്‍നിന്ന് 70 മൈല്‍ അകലെ ഉവാള്‍ഡയിലെ റോബ് പ്രൈമറി സ്‌കൂളില്‍ വെടിവെപ്പ് ആക്രണണം ഉണ്ടായത്. രണ്ട്, മൂന്ന്, നാല് ക്ലാസുകളില്‍ പഠിക്കുന്നവരാണ് കൊല്ലപ്പെട്ട കുട്ടികള്‍. രണ്ട് പേര്‍ അധ്യാപകരാണ്. അക്രമി രണ്ട് തോക്കുമായി സ്‌കൂളിലേക്ക് പാഞ്ഞുകയറി കണ്ണില്‍ കണ്ടവര്‍ക്കുനേരെയെല്ലാം വെടിയുതിര്‍ക്കുകയായിരുന്നു. കൊലയാളിയായ 18 വയസുകാരന്‍ സാല്‍വദോര്‍ റാമോസിനെ പൊലീസ് സംഭവസ്ഥലത്തുവെച്ച് വെടിവെച്ചു കൊന്നു.

ന്യൂയോര്‍ക്ക് നഗരമായ ബഫലോയിലെ സൂപ്പര്‍മാര്‍ക്കറ്റിലുണ്ടായ വെടിവെപ്പില്‍ 10 പേര്‍ കൊല്ലപ്പെട്ടതിന്റെ നടുക്കം മാറുംമുമ്പേയായിരുന്നു ടെക്‌സസിലെ ആക്രമണം. അമേരിക്കയെയും ലോകരാജ്യങ്ങളെയും ഒരുപോലെ അലട്ടിയ ദുരന്തത്തില്‍ സങ്കടം അറിയിച്ച് ലോകമെമ്പാടുനിന്നും പ്രതികരണങ്ങള്‍ വന്നുകൊണ്ടിരിക്കുകയാണ്. സ്ലോവാക്യ, അയര്‍ലന്‍ഡ്, ഫിന്‍ലന്‍ഡ് പ്രധാനമന്ത്രിമാര്‍ ഉള്‍പ്പെടെയുള്ള യൂറോപ്യന്‍ നേതാക്കള്‍ സംഭവത്തില്‍ നടുക്കം രേഖപ്പെടുത്തുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

'ഭീകരവും ഞെട്ടിപ്പിക്കുന്നതുമായ ദുരന്തം' എന്ന വാക്കുകളോടെയാണ് ഐറിഷ് പ്രധാനമന്ത്രി മൈക്കല്‍ മാര്‍ട്ടിന്‍ വെടിവെപ്പ് ആക്രമണത്തെക്കുറിച്ച് അപലപിച്ചത്. നിഷ്‌കളങ്കരായ കുഞ്ഞുങ്ങളുടെ ജീവന്‍ അപഹരിക്കപ്പെട്ട സംഭവത്തില്‍ താന്‍ അതീവ ദുഃഖിതനാണെന്ന് സ്ലോവാക്യന്‍ പ്രധാനമന്ത്രി എഡ്വേര്‍ഡ് ഹെഗര്‍ പറഞ്ഞു. ഫിന്നിഷ് പ്രധാനമന്ത്രി സന്ന മാരിന്‍ ഇരകളുടെ കുടുംബങ്ങളെ അനുശോചനം അറിയിച്ചു: 'വെടിവെപ്പില്‍ മക്കളെ നഷ്ടപ്പെട്ട പ്രിയപ്പെട്ടവര്‍ക്കൊപ്പം എന്റെ ഹൃദയം ചെറുത്തുവെക്കുന്നു,' മാരിന്‍ വ്യക്തമാക്കി. (സണ്‍ഡേ ശാലോം)

## പാപ്പയുടെ നിര്‍ദേശം, റഷ്യയുമായുള്ള ചര്‍ച്ചയ്ക്ക് വഴിയൊരുക്കാന്‍ പേപ്പല്‍ വക്താവ് കീവിലേക്ക്

വത്തിക്കാന്‍ സിറ്റി: ഫ്രാന്‍സിസ് പാപ്പയുടെ നിര്‍ദേശ പ്രകാരം വത്തിക്കാന്‍ വിദേശകാര്യ മന്ത്രി ആര്‍ച്ച്ബിഷപ്പ് പോള്‍ ഗല്ലാഘര്‍ യുക്രൈനിലേക്ക്. റഷ്യന്‍ പ്രസിഡന്റ് വ്‌ളാഡിമിര്‍ പുടിനുമായുള്ള പേപ്പല്‍ ചര്‍ച്ചയ്ക്ക് വഴിയൊരുക്കാനുള്ള നീക്കമായാണ് ഇത് വിലയിരുത്തപ്പെടുന്നത്. യുക്രേനിയന്‍ തലസ്ഥാനമായ കീവിലെത്തി യുക്രൈന്‍ വിദേശകാര്യമന്ത്രി ദിമിത്രോ കുലേബയുമായി മേയ് 20നാണ് ഇദ്ദേഹം കൂടിക്കാഴ്ച നടത്തുന്നത്. ഈസ്റ്ററിനു മുമ്പേതന്നെ ഈ കൂടിക്കാഴ്ച നിശ്ചയിച്ചിരുന്നെങ്കിലും ആര്‍ച്ച്ബിഷപ്പ് ഗല്ലാഘര്‍ കോവിഡ് ബാധിതനായതിനെ തുടര്‍ന്ന് മാറ്റിവെക്കുകയായിരുന്നു.

മേയ് 18ന് ലിവിലെത്തുന്ന ആര്‍ച്ച്ബിഷപ്പ് അഭയാര്‍ത്ഥികളുമായും പ്രാദേശിക നേതാക്കളുമായും ചര്‍ച്ച നടത്തും. തുടര്‍ന്ന് കീവിലെത്തുന്ന അദ്ദേഹം, റഷ്യന്‍ ആക്രമണത്തിന് ഇരയായ സ്ഥലങ്ങളും സന്ദര്‍ശിക്കും. യുക്രൈനുമായി വത്തിക്കാന്‍ നയതന്ത്ര ബന്ധം ആരംഭിച്ചതിന്റെ 30-ാം വാര്‍ഷികത്തില്‍ നടത്തുന്ന ഈ സന്ദര്‍ശനം, മേഖലയില്‍ സമാധാനം പുനഃസ്ഥാപിക്കുന്നതില്‍ സംവാദത്തിന്റെ പ്രാധാന്യം ഊട്ടിയുറപ്പിക്കുമെന്നും വത്തിക്കാന്‍ സ്റ്റേറ്റ് സെക്രട്ടേറിയറ്റ് ട്വീറ്റ് ചെയ്തു.

രക്തസാക്ഷികളായ യുക്രേനിയന്‍ ജനതയ്ക്ക് പിന്തുണ വാഗ്ദാനം ചെയ്യുന്നതിന്റെ ഭാഗമായി, റഷ്യന്‍ ഓര്‍ത്തഡോക്‌സ് സഭയുമായുള്ള ബന്ധം സജീവമായി നിലനിര്‍ത്താന്‍ പരിശുദ്ധ സിംഹാസനം നടത്തുന്ന ശ്രദ്ധേയ നീക്കമാണ് ഈ യാത്ര. യുക്രേനിയന്‍ ദൗത്യവുമായി ബന്ധപ്പെട്ട് പാപ്പ നിയോഗിക്കുന്ന മൂന്നാമത്തെ പ്രതിനിധിയാണ് ആര്‍ച്ച്ബിഷപ്പ് ഗല്ലാഹര്‍. അഭയാര്‍ത്ഥികളോട് ഐക്യദാര്‍ഢ്യം പ്രകടിപ്പിക്കാന്‍ യുക്രൈനിലേക്കും അയല്‍ രാജ്യങ്ങളിലേക്കും മുമ്പ് രണ്ട് പ്രതിനിധികളെ പാപ്പ നിയോഗിച്ചിരുന്നു.

പ്രമുഖ ഇറ്റാലിയന്‍ ദിനപത്രമായ 'കൊറിയേറെ ദേല്ല സേര'യ്ക്ക് മേയ് ആദ്യം അനുവദിച്ച അഭിമുഖത്തിലാണ്, യുക്രൈനില്‍ സമാധാനം പുനസ്ഥാപിക്കാന്‍ റഷ്യന്‍ തലസ്ഥാനമായ മോസ്‌ക്കോയിലെത്തി പ്രസിഡന്റ് വ്‌ളാഡിമിര്‍ പുടിനുമായി കൂടിക്കാഴ്ച നടത്താനുള്ള സന്നദ്ധത പാപ്പ പരസ്യമാക്കിയത്. പുടിനുമായുള്ള ചര്‍ച്ചയ്ക്ക് നാളുകള്‍ക്കുമുമ്പേ, വിദേശകാര്യ സെക്രട്ടറി കര്‍ദിനാള്‍ പിയത്രോ പരോളിന്‍ മുഖേന അതിനുള്ള ശ്രമം ആരംഭിച്ച കാര്യവും അദ്ദേഹം വെളിപ്പെടുത്തിയിരുന്നു. (സണ്‍ഡേ ശാലോം)

www.malankaralibrary.com



## കണ്ണീർപ്പാടങ്ങളിൽ പൊലിയാനോ കർഷകജീവൻ?

കർഷകകുടുംബങ്ങളിൽ ജപ്തിനടപടികൾ തുടരുകയാണ് സബ്സിഡികൾ ഒന്നൊന്നായി ഇല്ലാതാകുന്നു. വീണുകിടക്കുന്ന നെല്ല് കൊയ്തെടുക്കാൻ അടിയന്തര നടപടിയുണ്ടാകണം. പ്രശ്നം ഗുരുതരമാണ്.

പത്തനംതിട്ട ജില്ലയിലെ നിരണത്ത് ജീവനൊടുക്കിയ കർഷകൻ, നമ്മുടെ ദ്രവിച്ചതും പൊള്ളയുമായ വികസനക്കൊമ്പുകളിലാണു തൂങ്ങിനിന്നാടുന്നത്. രാജീവൻ കയറിയിറങ്ങി നടന്ന, വിയർപ്പു ചിന്തിയ കൃഷിയിടം, അടിസ്ഥാനപരവും സുസ്ഥിരവുമായ വികസനത്തെക്കുറിച്ച് നിങ്ങൾക്കൊരു ചുക്കുമറിയില്ലെന്നു സർക്കാരിനെ ഓർമിപ്പിക്കുന്നു. അതേ, കർഷകനെ മരിക്കാൻ വിട്ടുകൊടുത്തുകൊണ്ട് നാമെന്തു കാർഷികവിപ്ലവമാണു നടത്തുന്നത്? ഓരോ ദിവസവും പാടത്തുനിന്നും തോട്ടങ്ങളിൽനിന്നുമൊക്കെ കർഷകർ എന്നെന്നേക്കുമായി  കൃഷിയുപേക്ഷിച്ചു പോകുന്നു. വർധിച്ചുവരുന്ന കൃഷിച്ചെലവും മുടക്കുമുതൽപോലും കിട്ടാനില്ലാത്ത അവസ്ഥയും പണിക്കാരുടെ അഭാവവും അപ്രതീക്ഷിതമായുണ്ടാകുന്ന പ്രകൃതിക്ഷോഭവുമൊക്കെച്ചേർന്നു ഞെരുക്കുമ്പോഴും കുറേ നിസഹായർ ഇപ്പോഴും രാപ്പകൽ വിയർപ്പൊഴുക്കുകയാണ്. എങ്ങനെയെങ്കിലും പിടിച്ചുനിൽക്കാൻ. എന്നിട്ടും രക്ഷയില്ലെന്നു വരുമ്പോഴാണ് പ്രാണനുപേക്ഷിച്ചു പോകുന്നത്.

നിരണത്തു ജീവനൊടുക്കിയ കർഷകനും സംഭവിച്ചത് അതാണ്. പാട്ടത്തിനെടുത്തതുൾപ്പെടെ പത്തേക്കറിലായിരുന്നു സംഘം ചേർന്നുള്ള കൃഷി. രാജീവനും ഭാര്യയുമുൾപ്പെടെ എല്ലുമുറിയെ പണിതെങ്കിലും കഴിഞ്ഞ കൊല്ലം വേനൽമഴയിൽ ലക്ഷങ്ങളുടെ കൃഷിനാശമാണുണ്ടായത്. നഷ്ടപരിഹാരമായി സർക്കാരിൽനിന്നു ലഭിച്ചത് ആളൊന്നുക്ക് വെറും 2000 രൂപ. എത്ര അപഹാസ്യമാണിത്! കടബാധ്യത തീർക്കാനാണ് ഇത്തവണ രാജീവൻ പുഞ്ചക്കൃഷിക്കിറങ്ങിയത്. ബാങ്കുകളിൽനിന്നും അയൽക്കൂട്ട, സ്വാശ്രയസംഘങ്ങളിൽനിന്നുമായി വായ്പയെടുത്തായിരുന്നു കൃഷി. ഇക്കഴിഞ്ഞ ദിവസങ്ങളിലെ വേനൽമഴയിൽ പാടം മുങ്ങി. താൻറെ പാഴായിപ്പോയ കഠിനാധ്വാനവും സ്വപ്നങ്ങളുമൊക്കെ കൊയ്യാറായ നെന്മണികളോടൊപ്പം മണ്ണോടു ചേർന്നുകിടക്കുന്നത് അദ്ദേഹം കണ്ടു. സഹായിക്കാനൊരു സർക്കാരുണ്ടെന്ന ആത്മവിശ്വാസമുണ്ടായിരുന്നെങ്കിൽ കഠിനാധ്വാനിയായ ആ കർഷകൻ ആത്മഹത്യയെക്കുറിച്ചു ചിന്തിക്കുമായിരുന്നോ?

ഇത് ഒരാളുടെ മാത്രം കഥയല്ല. കേരളത്തിലെ കർഷകരുടെ ദയനീയ സ്ഥിതിയാണ്. പച്ചക്കറിയും  വാഴയും കുരുമുളകും റബറുമൊക്കെ വച്ചവർ വിലപിക്കുകയാണ്. പത്തനംതിട്ടയിലും ആലപ്പുഴയിലും കോട്ടയത്തുമുൾപ്പെടെ വിളഞ്ഞു പാകമായ നെൽക്കതിരുകൾ വയലുകളിൽ കുമ്പിട്ടുകിടക്കുന്നു. കൊയ്തുവച്ചനെല്ല് ശേഖരിക്കാനാളില്ലാത്തതിനാൽ കിളിർത്തു തുടങ്ങി. കിടപ്പാടവും താലിമാലയും പോലും പണയംവച്ചും അതുപോലുമില്ലാത്തവർ കൂടിയ പലിശയ്ക്കെടുത്തുമൊക്കെയാണ് കൃഷിയിറക്കിയിരിക്കുന്നത്. നാശനഷ്ടങ്ങൾ വിലയിരുത്താനോ കർഷകരെ ആശ്വസിപ്പിക്കാനോ  ഉദ്യോഗസ്ഥരൊന്നും സ്ഥലത്തെത്തിയിട്ടില്ലെന്നാണ് കർഷകർ ആരോപിക്കുന്നത്. ഹാൻഡ്ലിംഗ് ചാർജ് നടപ്പാക്കിയിട്ടില്ല. കർഷകകുടുംബങ്ങളിൽ ജപ്തിനടപടികൾ തുടരുകയാണ്. സബ്സിഡികൾ ഒന്നൊന്നായി ഇല്ലാതാകുന്നു. വീണുകിടക്കുന്ന നെല്ല് കൊയ്തെടുക്കാൻ അടിയന്തരനടപടിയുണ്ടാകണം. പ്രശ്നം ഗുരുതരമാണ്. വേനൽമഴയിലും കാറ്റിലും കഴിഞ്ഞ 11 ദിവസത്തിനിടെ 261 കോടിയിലേറെ നഷ്ടമുണ്ടായെന്ന് കൃഷിവകുപ്പുതന്നെ പറയുന്നു.

കുട്ടനാട് പാക്കേജിൻറെ ആനുകൂല്യങ്ങളൊന്നുമില്ലാത്ത അപ്പർകുട്ടനാട്ടിലെ കൃഷിയിടങ്ങളിൽ കഴിഞ്ഞദിവസം കൃഷിമന്ത്രി പി. പ്രസാദ് എത്തിയിരുന്നു. മുടങ്ങിക്കിടക്കുന്ന വിള ഇൻഷ്വറൻസുകൾ ഉടനെ വിതരണം ചെയ്യുമെന്നാണ് മന്ത്രിയുടെ ഉറപ്പ്. അതുമാത്രം പോരാ, കർഷകരുടെ കണ്ണീരൊപ്പാൻ സ്ഥിരം സംവിധാനമുണ്ടായേ തീരൂ. വില കുതിച്ചുകയറുന്ന വളത്തിനും കാലിത്തീറ്റയ്ക്കുമൊക്കെ പണം കൊടുത്തുതന്നെ സഹായിക്കണം. അപ്രതീക്ഷിത മഴയിലോ പ്രളയത്തിലോ വേനലിലോ കൃഷിനശിച്ചാൽ ഉചിതമായ നഷ്ടപരിഹാരം കൊടുക്കണം. നെൽക്കൃഷിയല്ലാതെ മറ്റൊന്നും സാധ്യമല്ലാത്ത അപ്പർകുട്ടനാട്ടുകാർക്ക് പ്രത്യേക പദ്ധതിയുണ്ടാകണം. കൃഷിചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് സർക്കാർ മുൻകൂറായി പണം നല്കിയാൽ പാഴായിക്കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിയിറക്കാൻ ആളുണ്ടാകും. പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനശിച്ചാൽ പണം തിരിച്ചു

www.malankaralibrary.com



തരേണ്ടെന്നു പറഞ്ഞാൽ അവർക്കു കൃഷിചെയ്യാൻ ധൈര്യമുണ്ടാകും. ആത്മഹത്യകൾ ഒഴിവാകും. കൃഷിക്കാർക്കുവേണ്ടി കടംവാങ്ങി മുടിഞ്ഞവൻറെ വീട് ജപ്തി ചെയ്യാൻ ഒരു ബാങ്കിനെയും അനുവദിക്കരുത്. വിലയിടിവുണ്ടായാൽ മെച്ചപ്പെട്ട താങ്ങുവിലയിൽ കാർഷികവിളകൾ ശേഖരിക്കാൻ സർക്കാർ തയാറാകണം. സർക്കാർ നേരിട്ടോ ഇൻഷറൻസ് വ്യവസ്ഥകൾ പുതുക്കിയോ ഏതു വിധത്തിലുമാകാം. എന്തായാലും, ഇനിയൊരു കർഷകനും കൃഷിചെയ്തതിൻറെ പേരിൽ കടംകയറി ജീവനൊടുക്കാനിടയാകരുത്. അതേ, ഡൽഹിയിൽ സമരം ചെയ്ത, പഞ്ചാബിലെയും ഹരിയാനയിലെയും യുപിയിലെയുമൊക്കെ കർഷകർക്കുവേണ്ടി നിങ്ങളൊഴുക്കിയ കണ്ണീർ മുതലക്കണ്ണീരല്ലെങ്കിൽ അതു കേരളത്തിൽ തെളിയിക്കണം. ലക്ഷക്കണക്കിനു കോടിയുടെ പദ്ധതികളുമായി അതിവേഗം കുതിക്കാൻ കൂകിപ്പായുന്നവർ ഉണ്ടചോറിനു നന്ദിയുള്ളവരാണെങ്കിൽ കർഷകപക്ഷം ചേരാൻ ഇതാണവസരം. വായ്പയെടുത്തായിരുന്നു കൃഷി. ഇക്കഴിഞ്ഞ ദിവസങ്ങളിലെ വേനൽമഴയിൽ പാടം മുങ്ങി. താൻറെ പാഴായിപ്പോയ കഠിനാധ്വാനവും സ്വപ്നങ്ങളുമൊക്കെ കൊയ്യാറായ നെന്മണികളോടൊപ്പം മണ്ണോടു ചേർന്നുകിടക്കുന്നത് അദ്ദേഹം കണ്ടു. സഹായിക്കാനൊരു സർക്കാരുണ്ടെന്ന ആത്മവിശ്വാസമുണ്ടായിരുന്നെങ്കിൽ കഠിനാധ്വാനിയായ ആ കർഷകൻ ആത്മഹത്യയെക്കുറിച്ചു ചിന്തിക്കുമായിരുന്നോ?

ഇത് ഒരാളുടെ മാത്രം കഥയല്ല. കേരളത്തിലെ കർഷകരുടെ ദയനീയ സ്ഥിതിയാണ്. പച്ചക്കറിയും വാഴയും കുരുമുളകും റബറുമൊക്കെ വച്ചവർ വിലപിക്കുകയാണ്. പത്തനംതിട്ടയിലും ആലപ്പുഴയിലും കോട്ടയത്തുമുൾപ്പെടെ വിളഞ്ഞു പാകമായ നെൽക്കതിരുകൾ വയലുകളിൽ കുമ്പിട്ടുകിടക്കുന്നു. കൊയ്തുവച്ചനെല്ല് ശേഖരിക്കാനാളില്ലാത്തതിനാൽ കിളിർത്തു തുടങ്ങി. കിടപ്പാടവും താലിമാലയും പോലും പണയംവച്ചും അതുപോലുമില്ലാത്തവർ കൂടിയ പലിശയ്ക്കെടുത്തുമൊക്കെയാണ് കൃഷിയിറക്കിയിരിക്കുന്നത്. നാശനഷ്ടങ്ങൾ വിലയിരുത്താനോ കർഷകരെ ആശ്വസിപ്പിക്കാനോ ഉദ്യോഗസ്ഥരൊന്നും സ്ഥലത്തെത്തിയിട്ടില്ലെന്നാണ് കർഷകർ ആരോപിക്കുന്നത്. ഹാൻഡ്ലിംഗ് ചാർജ് നടപ്പാക്കിയിട്ടില്ല. കർഷകകുടുംബങ്ങളിൽ ജപ്തിനടപടികൾ തുടരുകയാണ്. സബ്സിഡികൾ ഒന്നൊന്നായി ഇല്ലാതാകുന്നു. വീണുകിടക്കുന്ന നെല്ല് കൊയ്തെടുക്കാൻ അടിയന്തരനടപടിയുണ്ടാകണം. പ്രശ്നം ഗുരുതരമാണ്. വേനൽമഴയിലും കാറ്റിലും കഴിഞ്ഞ 11 ദിവസത്തിനിടെ 261 കോടിയിലേറെ നഷ്ടമുണ്ടായെന്ന് കൃഷിവകുപ്പുതന്നെ പറയുന്നു.

കുട്ടനാട് പാക്കേജിൻറെ ആനുകൂല്യങ്ങളൊന്നുമില്ലാത്ത അപ്പർകുട്ടനാട്ടിലെ കൃഷിയിടങ്ങളിൽ കഴിഞ്ഞദിവസം കൃഷിമന്ത്രി പി. പ്രസാദ് എത്തിയിരുന്നു. മുടങ്ങിക്കിടക്കുന്ന വിള ഇൻഷ്വറൻസുകൾ ഉടനെ വിതരണം ചെയ്യുമെന്നാണ് മന്ത്രിയുടെ ഉറപ്പ്. അതുമാത്രം പോരാ, കർഷകരുടെ കണ്ണീരൊപ്പാൻ സ്ഥിരം സംവിധാനമുണ്ടായേ തീരൂ. വില കുതിച്ചുകയറുന്ന വളത്തിനും കാലിത്തീറ്റയ്ക്കുമൊക്കെ പണം കൊടുത്തുതന്നെ സഹായിക്കണം. അപ്രതീക്ഷിത മഴയിലോ പ്രളയത്തിലോ വേനലിലോ കൃഷിനശിച്ചാൽ ഉചിതമായ നഷ്ടപരിഹാരം കൊടുക്കണം. നെൽക്കൃഷിയല്ലാതെ മറ്റൊന്നും സാധ്യമല്ലാത്ത അപ്പർകുട്ടനാട്ടുകാർക്ക് പ്രത്യേക പദ്ധതിയുണ്ടാകണം. കൃഷിചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് സർക്കാർ മുൻകൂറായി പണം നല്കിയാൽ പാഴായിക്കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിയിറക്കാൻ ആളുണ്ടാകും. പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനശിച്ചാൽ പണം തിരിച്ചു തരേണ്ടെന്നു പറഞ്ഞാൽ അവർക്കു കൃഷിചെയ്യാൻ ധൈര്യമുണ്ടാകും. ആത്മഹത്യകൾ ഒഴിവാകും. കൃഷിക്കാർക്കുവേണ്ടി കടംവാങ്ങി മുടിഞ്ഞവൻറെ വീട് ജപ്തി ചെയ്യാൻ ഒരു ബാങ്കിനെയും അനുവദിക്കരുത്. വിലയിടിവുണ്ടായാൽ മെച്ചപ്പെട്ട താങ്ങുവിലയിൽ കാർഷികവിളകൾ ശേഖരിക്കാൻ സർക്കാർ തയാറാകണം. സർക്കാർ നേരിട്ടോ ഇൻഷറൻസ് വ്യവസ്ഥകൾ പുതുക്കിയോ ഏതു വിധത്തിലുമാകാം. എന്തായാലും, ഇനിയൊരു കർഷകനും കൃഷിചെയ്തതിൻറെ പേരിൽ കടംകയറി ജീവനൊടുക്കാനിടയാകരുത്. അതേ, ഡൽഹിയിൽ സമരം ചെയ്ത, പഞ്ചാബിലെയും ഹരിയാനയിലെയും യുപിയിലെയുമൊക്കെ കർഷകർക്കുവേണ്ടി നിങ്ങളൊഴുക്കിയ കണ്ണീർ മുതലക്കണ്ണീരല്ലെങ്കിൽ അതു കേരളത്തിൽ തെളിയിക്കണം. ലക്ഷക്കണക്കിനു കോടിയുടെ പദ്ധതികളുമായി അതിവേഗം കുതിക്കാൻ കൂകിപ്പായുന്നവർ ഉണ്ടചോറിനു നന്ദിയുള്ളവരാണെങ്കിൽ കർഷകപക്ഷം ചേരാൻ ഇതാണവസരം. (ദീപിക 13/4/2022)

www.malankaralibrary.com

# കേരള കത്തോലിക്കാ മെത്രാൻ സമിതി

## കേരള സഭാനവീകരണം 2022 – 2025

"സഭ : ക്രിസ്തുവിൽ
പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം"

**2022 ജൂൺ 5 പന്തക്കുസ്താ മുതൽ**
**2025 ജൂൺ 8 പന്തക്കുസ്താ വരെ**

**പിഒസി, പാലാരിവട്ടം**

### സാമൂഹിക മാധ്യമങ്ങളിൽ കാലാനുസൃത ഇടപെടലുകളുമായി കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ

സാമൂഹ്യജാഗ്രത സംബന്ധമായി സഭയുടെ നിലപാടുകൾ, കെസിബിസി പ്രസ്താവനകൾ, ആനുകാലിക സംഭവവികാസങ്ങളുമായി ബന്ധപ്പെട്ട പ്രതികരണങ്ങൾ, വാർത്തകൾ തുടങ്ങിയവ യഥാസമയം അറിയുവാനും പ്രതികരണങ്ങൾ അറിയിക്കുവാനും കെസിബിസി ഐക്യജാഗ്രതാ കമ്മീഷന്റെ ഫേസ്ബുക്ക് പേജ് സന്ദർശിക്കുക:

**https://www.facebook.com/kcbcvigilance**

ഔദ്യോഗിക വാട്ട്സാപ്പ് നമ്പർ: +917594900555
വാർത്തകളും പ്രതികരണങ്ങളും തത്സമയം ലഭിക്കാൻ
കമ്മീഷന്റെ വാട്ട്സാപ്പ് ഗ്രൂപ്പിൽ അംഗമാകാവുന്നതാണ്.

### KCBC SOCIAL HARMONY AND VIGILANCE COMMISSION

**Chairman:** Rt. Rev. Dr. Joseph Kariyil
**Vice Chairmen:** Abp. Mar Andrews Thazhath, Bp. Mar Pauly Kannookkadan
**Secretary:** Rev. Dr. Michael Pulickal CMI

**Pastoral Orientation Centre (POC), Palarivattom**
**Vennala PO, Kochi - 28**
**Email: kcbcshvc@gmail.com, Website: www.kcbcjagratha.com**

www.malankaralibrary.com

Lord, make me an instrument of your peace:
where there is hatred, let me sow love;
where there is injury, pardon;
where there is doubt, faith;
where there is despair, hope;
where there is darkness, light;
where there is sadness, joy.

O divine Master, grant that I may not so much seek
to be consoled as to console,
to be understood as to understand,
to be loved as to love.
For it is in giving that we receive,
it is in pardoning that we are pardoned,
and it is in dying that we are born to eternal life.
Amen.

*Peace Prayer of Saint Francis*



Published by: Fr Michael Pulickal CMI, Secretary,
KCBC Commission for Social Harmony and Vigilance


www.malankaralibrary.com

# ഈ അധ്യാപകരുടെ കണ്ണീരു കാണുന്നില്ലേ?

**ജോസഫ് പെരുന്തോട്ടം**
*ചങ്ങനാശേരി ആർച്ച്ബിഷപ്*

**ആ**യിരക്കണക്കിന് എയ്ഡഡ് സ്കൂൾ അധ്യാപകരിന്നു കണ്ണീരിലാണ്. നിയമനം അംഗീകരിക്കാതെയും ശമ്പളം ലഭിക്കാതെയും കഷ്ടപ്പെടുന്ന ഹതഭാഗ്യരാണവർ. നിയമനം കഴിഞ്ഞ് ആറുവർഷമായിട്ടും ശമ്പളം ലഭിക്കാത്ത അധ്യാപകരുണ്ടെന്നു കേൾക്കുന്നു. അതു ശരിയാണെങ്കിൽ 100% സാക്ഷരത നേടിയെന്നഭിമാനിക്കുന്ന നമ്മുടെ നാടിന് ലജ്ജാകരമാണ്. ആദരണീയരായ അധ്യാപകരെ അപമാനിക്കുകയാണ്. ശ്രേഷ്ഠമായ അധ്യാപനശുശ്രൂഷയെ തരംതാഴ്ത്തുകയും നിന്ദിക്കുകയുമാണ്.

ഒരു രാജ്യത്തിൻറെ വികസനത്തിനും പുരോഗതിക്കും ഏറ്റവുമധികം സഹായിക്കുന്ന ഘടകം നല്ല വിദ്യാഭ്യാസമാണ്. ശരിയായ അറിവും പക്വതയും സദ്സ്വഭാവവും ദൗത്യബോധവും ദേശസ്നേഹവുമുള്ളവരായി വ്യക്തികളെ രൂപപ്പെടുത്തുന്ന പ്രക്രിയയാണ് ഉത്തമവിദ്യാഭ്യാസം. അതാണ് അധ്യാപകർ നാടിനു ചെയ്യുന്ന വിലപ്പെട്ട സേവനം. അതു ഭംഗിയായി നിർവഹിക്കുന്നതിന് അനുകൂലമായ സാഹചര്യം അനിവാര്യമാണ്. മനസിനു സ്വസ്ഥതയും സന്തോഷവും വേണം. നിയമനം അംഗീകരിക്കപ്പെടാതെയും ശമ്പളം ലഭിക്കാതയും കഴിയേണ്ടിവരുന്ന അധ്യാപകർക്ക് എങ്ങനെ സമാധാനത്തോടെ ജോലി ചെയ്യാനാവും! തന്നെ ആശ്രയിച്ചുകഴിയുന്ന കുടുംബത്തെക്കുറിച്ചുള്ള ആകുലതകളായിരിക്കും മനസുനിറയെ. നീതി നിഷേധിക്കപ്പെടുന്ന ഈ അധ്യാപകർക്കു ശ്രേഷ്ഠമായ അധ്യാപനവൃത്തിയോടും ശിഷ്യഗണങ്ങളോടും നീതി പുലർത്താൻ കഴിഞ്ഞെന്നുവരില്ല. രാജ്യത്തിൻറെ നല്ല ഭാവിക്ക് അതു ദോഷം വരുത്തുക തന്നെ ചെയ്യും.



### എയ്ഡഡ് സ്കൂളുകളുടെ വേദനകൾ

കേരളത്തിലെ വിദ്യാലയങ്ങളിൽ 70 ശതമാനവും എയ്ഡഡ് വിദ്യാലയങ്ങളാണ്. കേരളത്തിൻറെ വിദ്യാഭ്യാസപുരോഗതിക്ക് എയ്ഡഡ് മേഖല വഹിക്കുന്ന പങ്ക് എത്ര വലുതാണെന്ന് ഇത് വ്യക്തമാക്കുന്നു. എന്നാൽ, എയ്ഡഡ് സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തെ തളർത്തുന്ന നടപടികളും നിയമങ്ങളുമൊക്കെ സർക്കാരിൻറെ ഭാഗത്തുനിന്നു പലപ്പോഴും ഉണ്ടാകുന്നതു വലിയ തിരിച്ചടിക്കു കാരണമാകുന്നു. ആറുവർഷം കഴിഞ്ഞിട്ടും ശമ്പളം കിട്ടാത്ത അധ്യാപകരുടെ കണ്ണീരു കാണാൻ കഴിയാത്തത്, അതിനു പരിഹാരം കണ്ടെത്താത്തത് ക്രൂരവിനോദം തന്നെയാണ്, 2016 മുതലുള്ള നിയമനങ്ങൾക്കുപോലും അംഗീകാരം ലഭിക്കാത്ത അവസ്ഥയാണുള്ളത്.

പ്രൊട്ടക്ടഡ് അധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ നിന്ന് എയ്ഡഡ് സ്കൂളിൽ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടായിരുന്നു 2016ലെ നിയമനങ്ങൾ തടഞ്ഞുവച്ചിരുന്നത്. സർക്കാരും എയ്ഡഡ് സ്കൂൾ മാനേജർമാരുമായി നടത്തിയ ചർച്ചയിൽ ഒരു പ്രൊട്ടക്ടഡ് അധ്യാപകനെ നിയമിച്ച് ഇക്കാര്യം പരിഹരിക്കണമെന്ന് ഇരുകൂട്ടരും സമ്മതിക്കുകയും, അതനുസരിച്ച് പല സ്കൂളുകളിലും പ്രോട്ടക്ടഡ് അധ്യാപകർ ഇപ്പോൾ നിലവിലില്ലാതിരുന്നിട്ടും നിയമനാധികാരം നൽകാതെ എഇഒ ഓഫീസികുളിൽ ഫയലുകൾ തടഞ്ഞുവച്ചിരിക്കുകയാണ്. സർക്കാർ നൽകിയിരുന്ന ഉറപ്പു പാലിക്കാതെ അധ്യാപകർക്ക് നീതി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ അടിയന്തരമായ പരിഹാരം ഉണ്ടാക്കണം. 1979നു ശേഷം അപ്ഗ്രേഡ് ചെയ്തതോ പുതുതായി തുടങ്ങുകയോ ചെയ്ത സ്കൂളുകൾക്കായി സത്യപ്രസ്താവന നടത്തുകയും സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിന് പോസ്റ്റുകൾ

www.malankaralibrary.com

ഒഴിച്ചിടുകയും ചെയ്തിട്ടും, ഭിന്നശേഷിസംവരണത്തിൻറെ പേരിൽ നിയമനങ്ങൾ അംഗീകരിക്കാതിരിക്കുയാണ്.

**ഭിന്നശേഷിസംവരണത്തിൻറെ പേരിൽ നീതിനിഷേധം**

നാലു ശതമാനം ഒഴിവുകൾ ഭിന്നശേഷിക്കാർക്കായി മാറ്റിവയ്ക്കണമെന്നുള്ള ഹൈക്കോടതി വിധിയുടെ പേരിൽ അധ്യാപകനമിയമനങ്ങളൊന്നും അംഗീകരിക്കപ്പെടാത്ത അവസ്ഥയാണിപ്പോൾ. ഭിന്നശേഷിക്കാർക്കായി നാലു ശതമാനം മാറ്റിവച്ച് മറ്റുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകണമെന്നുള്ള ആവശ്യവും പരിഗണിക്കപ്പെട്ടിട്ടില്ല.

2021 സെപ്റ്റംബർ 14നുള്ളിൽ അതിനുമുമ്പു നടന്ന എല്ലാ നിയമനങ്ങൾക്കും തീർപ്പുകല്പിക്കണമെന്നുള്ള സെപ്റ്റംബർ 9ലെ സർക്കാർ ഉത്തരവ് നിയമനാംഗീകാരം കാത്തിരുന്ന അധ്യാപകർക്ക് ഏറെ പ്രതീക്ഷ നൽകിയിരുന്നു. എന്നാൽ ഈ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ടുള്ള ഹൈക്കോടതിയുടെ സെപ്റ്റംബർ 23ലെ വിധി അധ്യാപകരെ വീണ്ടും നിരാശയിലാഴ്ത്തി. ഹൈക്കോടതിയുടെ വിലക്ക് നീങ്ങുന്ന മുറയ്ക്ക് ബന്ധപ്പെട്ട നിയമനാംഗീകാര പ്രൊപ്പോസലുകൾ തീർപ്പാക്കുന്നതാണ് എന്നാണ് പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞതും.

സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ 202122 വർഷത്തെ 21,969 നിയമനങ്ങളാണ് അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടത്. അവയിൽ 10,641 എണ്ണം ഭിന്നശേഷിസംവരണവുമായി ബന്ധപ്പെട്ട് അംഗീകരിക്കപ്പെടാതെ അവശേഷിക്കുന്നതായി മന്ത്രി അറിയിക്കുകയുണ്ടായി. ഹയർസെക്കൻഡറി സ്കൂളുകളിൽ 979 നിയനാംഗീകാര അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുകയാണ്.

വർഷങ്ങളായി നിയമനാംഗീകാരം ലഭിക്കാതെയും ശമ്പളം ലഭിക്കാതെയും കഴിയുന്ന ഈ അധ്യാപകരെ ആശ്രയിച്ചു ജീവിക്കുന്ന പതിനായിരത്തിലേറെ കുടുംബങ്ങളുടെ ദയനീയാവസ്ഥയ്ക്കും പരിഹാരം ഉണ്ടാകണം. കഴിഞ്ഞ ഡിസംബർ 23ന് ഹൈക്കോടതി നൽകിയ ഇടക്കാലവിധിയുടെ അടിസ്ഥാനത്തിൽ സർക്കാരിന് ഒരു ഉത്തരവിറക്കി പ്രശ്നത്തിന് പരിഹാരം കണ്ടെത്താമായിരുന്നു. അധ്യാപകരെയും അവരുടെ കുടുംബങ്ങളെയും ദുരിതത്തിലാഴ്ത്തുന്ന ഈ അവഗണന അനീതിപരവും അധാർമികവും മനുഷ്യാവകാശലംഘനവുമാണ്.

കോവിഡ് മഹാമാരിയിൽ വലഞ്ഞ ഈ കുടുംബങ്ങളെ കൂടുതൽ കഷ്ടപ്പെടുത്തുന്ന നീതിനിഷേധത്തിനു കാലതാമസം വരുത്താതെ പരിഹാരമുണ്ടാകണം. കോവിഡ്കാലത്ത് ഒരു വർഷം നിയമനങ്ങളൊന്നും നടത്താതിരുന്നതുവഴി ഒരു വർഷത്തെ സർവീസ് ഉദ്യോഗാർഥികൾക്കു നഷ്ടകാകുകയും ചെയ്തു. എയ്ഡഡ് മേഖലയിൽ നിന്നുള്ള അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാൻ കാലതാമസം വരുത്തുകയും, സർക്കാർ സ്കൂളുകളിലെ നിയമനങ്ങളിൽ അപ്പോൾത്തന്നെ ശമ്പളം നൽകുകയും ചെയ്യുന്നത് കടുത്ത വിവേചനമാണ്.

എയ്ഡഡ് സ്കൂൾ മാനേജ്മെൻറുകൾ വലിയ സാമ്പത്തികഭാരം ഏറ്റെടുത്തുകൊണ്ടാണ് സ്കൂളുകൾ നടത്തുന്നത്. അതുമൂലം സർക്കാരിന് ഉണ്ടാകുമായിരുന്ന സാമ്പത്തികഭാരം കുറയുകയാണ്. അങ്ങനെ സർക്കാരിനെ ത്യാഗബുദ്ധിയോടെ സാഹായിക്കുകയും സംസ്ഥാനത്തിൻറെ വിദ്യാഭ്യാസ പുരോഗതിയിൽ അതുല്യസംഭാവനകൾ നൽകുകയും ചെയ്യുന്ന എയ്ഡഡ് സ്കൂളുകളോട് എന്തിനീ വിവേചനം?

കത്തോലിക്കാസഭ ഭിന്നശേഷിക്കാർക്കു സംവരണം നൽകുന്നതിൽ പ്രത്യേക ശ്രദ്ധ കാണിക്കുകയും ഇക്കാര്യത്തിൽ സർക്കാരിൻറെ നയത്തെ സ്വാഗതം ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഭിന്നശേഷിക്കാർക്കു നയമനം നൽകിയിട്ടും പല എഇഒ/ഡിഇഒ ഓഫീസുകളിലും ഫയലുകൾ തടഞ്ഞുവച്ചിരിക്കുകയാണ്. അതിനു അടിയന്തിരമായ പരിഹാരമുണ്ടാകണം. ഭിന്നശേഷിക്കാരുടെ പേരിൽ മറ്റു ചില താത്പര്യങ്ങളാണോ സ്വാധീനം ചെലുത്തുന്നത് എന്ന സംശയം അസ്ഥാനത്തല്ല.

ഒരു രാജ്യത്തിൻറെ സാംസ്കാരികാഭിവൃദ്ധിക്കും പുരോഗതിക്കും അടിത്തറയായ വിദ്യാഭ്യാസമേഖലയെ തരംതാഴ്ത്തുന്ന സാഹചര്യം സർക്കാർ സൃഷ്ടിക്കരുത്, അധ്യാപകരെ ആദരിക്കുകയും അവരുടെ ന്യായമായ അവകാശങ്ങൾ അഭംഗുരം സംരക്ഷിക്കപ്പെടുകയും വേണം. അധ്യാപനം ശ്രേഷ്ഠമായ ശുശ്രൂഷയായി എല്ലാവരാലും അംഗീകരിക്കപ്പെടണം. നീതിനിഷേധങ്ങളും അവകാശലംഘനങ്ങളും മൂലം വിദ്യാഭ്യാസമേഖല പ്രതിഷേധപ്രകടനങ്ങൾക്കും അവകാശസമരങ്ങൾക്കും വേദിയാകുന്ന സാഹചര്യത്തിലേക്കു നയിക്കപ്പെടരുത്. അധ്യാപകർക്കു സ്വസ്ഥതയോടെയും ആത്മവിശ്വാസത്തോടെയും തങ്ങളുടെ ശ്രേഷ്ഠമായ നിയോഗം ഫലപ്രദമായും ഏകാഗ്രതയോടെയും നിറവേറ്റാനുള്ള അന്തരീക്ഷം ഉറപ്പാക്കണം. സാമൂഹിക രാഷ്ട്രീയമേഖലകളിൽ പലപ്പോഴും സംഭവിക്കുന്നതുപോലുള്ള കലുഷിതാന്തരീക്ഷം ശ്രേഷ്ഠപൗരന്മാരെ രൂപപ്പെടുത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉണ്ടാകാൻ ഇടയാവരുത്. വിദ്യാഭ്യാസരംഗം രാഷ്ട്രീയവത്കരിക്കപ്പെടുന്നത് രാഷ്ട്രത്തിൻറെ ഉത്തമതാല്പര്യത്തിനു ഗുണകരമാവില്ല.

www.malankaralibrary.com

www.malankaralibrary.com

www.malankaralibrary.com

www.malankaralibrary.com